ഹയർസെക്കന്ററി

# മലയാളം

ടീച്ചർ ടെക്സ്റ്റ്

(ഐച്ഛികം)

സ്റ്റാൻഡേർഡ്

XII

കേരളസർക്കാർ

വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2015

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

***Prepared by :***

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram - 695012, Kerala.

*Website* : www.scertkerala.gov.in *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
© Department of Education, Government of Kerala.

പ്രിയ അധ്യാപകരേ,

പന്ത്രണ്ടാം ക്ലാസിലെ ഐച്ഛികം മലയാളം പാഠപുസ്തകത്തിൽ കാവ്യപർവം, രംഗ പർവം, ആഖ്യാനപർവം, സിദ്ധാന്തപർവം, മാധ്യമപർവം എന്നിങ്ങനെ അഞ്ച് യൂണി റ്റുകളാണുള്ളത്. എല്ലാ യൂണിറ്റിലെയും നിശ്ചിത പഠനനേട്ടങ്ങൾ ആർജിക്കാൻ പര്യാപ്തമാവുന്ന പഠനപ്രവർത്തനങ്ങൾ നിർദേശിച്ചിട്ടുണ്ട്. ഓരോ യൂണിറ്റിന്റെയും സമഗ്രലക്ഷ്യം സാക്ഷാൽക്കരിക്കുംവിധമാണ് ഇവയുടെ ക്രമീകരണം. പുസ്തക ത്തിലുള്ള പഠനപ്രവർത്തനങ്ങൾ പ്രക്രിയാബന്ധിതമായി അവതരിപ്പിക്കാൻ ഉതകുന്ന സൂചനകൾ ടീച്ചർ ടെക്സ്റ്റിൽ ഒരുക്കിയിരിക്കുന്നു. ഇതോടൊപ്പം പാഠാപഗ്രഥനവും അധികവിവരങ്ങളും വിശദീകരണങ്ങളുമുണ്ട്. പാഠപുസ്തകത്തിലെ ചിത്രങ്ങളും പഠനപ്രവർത്തന സന്ദർഭങ്ങളിൽ പ്രയോജനപ്പെടുത്തേണ്ടതാണ്.

പഠനാന്തരീക്ഷം, പഠിതാക്കളുടെ പ്രകൃതം, പ്രാദേശികവും സാമൂഹികവുമായ സാഹ ചര്യം, ഭൗതികസൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങളിൽ ആവശ്യമായ സ്വാതന്ത്ര്യവും വഴക്കവും സ്വീകരിക്കാവുന്നതാണ്. അപ്പോഴും നിശ്ചിതപഠനനേട്ടങ്ങൾ എല്ലാ പഠിതാക്കളിലും എത്തിക്കുന്നതിനാവണം ഊന്നൽ. ടീച്ചർപ്ലാനർ കേവലം യാന്ത്രികനിർമ്മിതിയാവരുത്. പ്രവർത്തനങ്ങളുടെ കൃത്യത യ്ക്കുവേണ്ടിയാവണമത്. നിരന്തരവും സമഗ്രവുമായ മൂല്യനിർണയത്തിനും പ്രവർത്ത നാസൂത്രണത്തിനുമുള്ള അടിസ്ഥാനരേഖയായി ടീച്ചർപ്ലാനറിനെ നോക്കിക്കാണണം.

ഓരോ പ്രവർത്തനവും സൂക്ഷ്മമായ വിലയിരുത്തലിന് വിധേയമാവേണ്ടതുണ്ട്. ഇതി നായി രചനാപ്രവർത്തനങ്ങൾ ആക്റ്റിവിറ്റിലോഗിൽ കുട്ടികൾ രേഖപ്പെടുത്തുന്നുണ്ടോ യെന്ന് അധ്യാപിക ഉറപ്പുവരുത്തണം. പോർട്ട്ഫോളിയോയിലേക്ക് പോകേണ്ടവ കുട്ടി കളുടെ ശ്രദ്ധയിൽ കൊണ്ടുവരണം. സ്വയംവിലയിരുത്തൽ, സമസംഘവിലയിരുത്തൽ, അധ്യാപികയുടെ വിലയിരുത്തൽ എന്നിവ അനുയോജ്യഘട്ടങ്ങളിൽ പ്രയോജനപ്പെ ടുത്തണം. കുട്ടികളുടെ ഭിന്നനിലവാരം കണക്കിലെടുത്തുവേണം വിലയിരുത്തൽ പ്രക്രിയ ചിട്ടപ്പെടുത്തേണ്ടത്. ക്ലാസ്മുറിയിൽ എളുപ്പത്തിൽ ഉപയോഗിക്കാവുന്ന ഓഡി യോസാമഗ്രികൾ സുലഭമാണ്. ശബ്ദാവതരണസാധ്യതയുള്ള പ്രവർത്തനങ്ങൾക്ക് ഇവ പരമാവധി പ്രയോജനപ്പെടുത്താം. ദൃശ്യാനുഭവങ്ങൾക്കു പ്രാധാന്യമുള്ള പ്രവർത്തനങ്ങൾക്ക് അവ പരമാവധി പ്രയോജനപ്പെടുത്താം. ദൃശ്യാനുഭവങ്ങൾക്കു പ്രാധാന്യമുള്ള പ്രവർത്തനഘട്ടങ്ങളിൽ മൾട്ടിമീഡിയ തിയേറ്ററിന്റെയും സ്മാർട്ട് ക്ലാ സിന്റെയും സൗകര്യം അധ്യാപകർ ഉറപ്പുവരുത്തണം.

ടീച്ചർ ടെക്സ്റ്റ് അവസാനവാക്കല്ല, ആരംഭിക്കാനുള്ള ഊർജം മാത്രമാണ്. അധ്യാപ കരുടെ വായനയുടെയും ചിന്തയുടെയും വെളിച്ചത്തിൽ നിരവധി പുതുമകൾ ക്ലാസ്മു റിയിൽ ഉണ്ടാകട്ടെ. പഠനത്തെ കൂടുതൽ ആകർഷകവും ആസ്വാദ്യവുമാക്കുന്നതിന് ക്ലാസ്മുറിക്ക് പുറത്തുള്ള ഇടങ്ങളും തിരഞ്ഞെടുക്കാമല്ലോ. പന്ത്രണ്ടാംക്ലാസ് ഐച്ഛികം മലയാള പാഠപുസ്തകത്തിന്റെ ടീച്ചർടെക്സ്റ്റിലേക്ക് താങ്കളുടെ ശ്രദ്ധ യും വിശകലനചിന്തയും ക്ഷണിക്കുന്നു.

സ്നേഹത്തോടെ,

**ഡോ. എസ്. രവീന്ദ്രൻനായർ**
ഡയറക്ടർ

## ടീച്ചർ ടെക്സ്റ്റ് നിർമാണ ശില്പശാലയിൽ പങ്കെടുത്തവർ

കെ.വി. ആനന്ദൻ, ഗവ.എച്ച്.എസ്.എസ്. പുതുപ്പാടി, കോഴിക്കോട്
ജയശ്രീ.എ.സി, സി.ജെ.എച്ച്.എസ്.എസ്., ചെമ്മനാട്, കാസറഗോഡ്
പ്രകാശ് തുണ്ടത്തിൽ,പി.പി.ടി.എം.വൈ.എച്ച്.എസ്.എസ്., ചേറൂർ, വേങ്ങര, മലപ്പുറം
പ്രദീപ്കുമാർ. എ, ജി. വി. എച്ച്. എസ്. എസ്, മടപ്പള്ളി കോഴിക്കോട്
മണികണ്ഠദാസ്. കെ. വി, ചട്ടഞ്ചാൽ ഗേൾസ് എച്ച്. എസ്. എസ്, കാസറഗോട്
ശ്യാംകുമാർ. എസ്, ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ ഫോർ ഗേൾസ്, കാസറഗോഡ്
പി.കെ. സഭിത്ത്, കെ.എൻ. എച്ച്. എസ്.എസ്. കരിയാട്, തലശ്ശേരി, കണ്ണൂർ
വിൻസെന്റ്.സി.പി, നിർമ്മല എച്ച്.എസ്.എസ്. എരുമമുണ്ട, മലപ്പുറം

## വിദഗ്ധപരിശോധന

ഡോ. ജോർജ് ഓണക്കൂർ, മുൻ ഡയറക്ടർ, സംസ്ഥാന സർവവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട്
പ്രൊഫ. ജി. രഘുനാഥൻപിള്ള, അസി. പ്രൊഫസർ, ഗവ. വിമൻസ് കോളേജ്, തിരുവനന്തപുരം
ഡോ. വിജയൻ ചാലോട്, ജില്ല പ്രോജക്ട് ഓഫീസർ, എസ്. എസ്. എ. കണ്ണൂർ
ഡോ. സി. നാരായണപിള്ള, റിട്ട.പ്രൊഫസർ, ഗവ. ട്രെയിനിംഗ് കോളേജ്, തിരുവനന്തപുരം

## പ്രൂഫ് റീഡിംഗ്

പ്രൊഫസർ രാമചന്ദ്രൻ പിള്ള (റിട്ട. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം)

## അക്കാദമിക് കോഡിനേറ്റർ

ഡോ.സി. ഭാമിനി, റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി

# DÅS ¡ W


1. **കാവ്യപർവം**
   - വിഭീഷണഹിതോപദേശം
   - മുത്തുമണികൾ
   - ശാന്തം കരുണം
   - മലയാളഗദ്യപരിണാമം

2. **രംഗപർവം**
   - മധുരിക്കും ഓർമ്മകൾ
   - ഒരു കൂട്ടം ഉറുമ്പുകൾ
   - ഊരുഭംഗം
   - തനതുനാടകവേദി

3. **ആഖ്യാനപർവം**
   - കാലം മാറുന്നു
   - കാട് വിളിക്കുന്നു
   - പ്രഥമസായാഹ്നം
   - പഞ്ചവർണ്ണക്കിളി

4. **സിദ്ധാന്തപർവം**
   - ധ്വനി ധ്വനി
   - വിഭാത വിഭൂതി
   - വേഡ്സ്വർത്ത് – കോള്റിഡ്ജ് സംവാദം

5. **മാധ്യമപർവം**
   - പരസ്യവും ഉപഭോഗത്വരയും
   - വെബ്സൈറ്റ്

# കേരള സ്കൂൾ പാഠ്യപദ്ധതി 2013
# പൊതുസമീപനം

### ആമുഖം

നവോത്ഥാന പാരമ്പര്യവും സൗജന്യവും സാർവത്രികവുമായ പൊതുവിദ്യാഭ്യാസവും വഴി കേരളം ഒരു വൈജ്ഞാനിക സമൂഹമായി മാറി. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് പാഠ്യപദ്ധതി പരിഷ്കരണങ്ങളിലൂടെ ക്രിയാത്മകമായ ഇടപെടലുകളിലൂടെ നമുക്ക് സാധിച്ചിട്ടുണ്ട്. ഇത്തരം ഇടപെടലുകൾ കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ ദേശാന്തരപ്രസക്തിയുള്ളതാക്കി.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ തന്നെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലുംപെട്ട കുട്ടികളെ വിദ്യാലയങ്ങളിലെത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സാർവ്വത്രിക സൗജന്യ വിദ്യാഭ്യാസത്തിനാവശ്യമായ പരിശ്രമങ്ങൾ എല്ലാ തലങ്ങളിലും നടന്നിട്ടുണ്ട്. ഗവൺമെന്റുകളുടെ ഇടപെടൽ, മിഷനറിമാരുടെ പ്രവർത്തനം, സാമൂഹികപരിഷ്ക്കരണ പ്രസ്ഥാനങ്ങൾ തുടങ്ങിയവയെല്ലാം പൊതുവിദ്യാഭ്യാസത്തിന്റെ പുരോഗതിക്കുകാരണമായിട്ടുണ്ട്. സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം നിലവിൽ വന്ന ഡോ. രാധാകൃഷ്ണൻ കമ്മീഷൻ റിപ്പോർട്ടു മുതൽ 2005 ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് വരെയുള്ള ദേശീയ പഠനറിപ്പോർട്ടുകളും സമീപനങ്ങളും കേരളത്തിലെ പാഠ്യപദ്ധതി പരിഷ്ക്കരണശ്രമങ്ങളെ സ്വാധീനിച്ചിട്ടുണ്ട്.

ഡോ. ലക്ഷ്മണസ്വാമി മുതലിയാർ അധ്യക്ഷനായ സെക്കണ്ടറി വിദ്യാഭ്യാസ കമ്മിഷൻ സെക്കണ്ടറി മേഖലയുടെ പ്രാധാന്യം സവിസ്തരം പ്രതിപാദിച്ചു. ഡോ. ഡി.എസ്. കോത്താരി അധ്യക്ഷനായ കമ്മീഷൻ സമർപ്പിച്ച 'വിദ്യാഭ്യാസവും ദേശീയ വികസനവും' എന്ന റിപ്പോർട്ട് പ്രാഥമിക വിദ്യാഭ്യാസതലം തൊട്ട് ഉന്നത വിദ്യാഭ്യാസ തലംവരെയുള്ള ഘട്ടങ്ങൾ പഠനവിധേയമാക്കി. ഈ കമ്മീഷനാണ് 10+2+3 എന്ന പാറ്റേൺ ആദ്യമായി മുന്നോട്ടുവെച്ചത്. 1986 ലെ ദേശീയ വിദ്യാഭ്യാസ നയം ഇത് അംഗീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം നിലവിൽ വന്നത്. അധ്യാപക കേന്ദ്രീകൃതമായ രീതിയിൽ നിന്നും വ്യത്യസ്തമായി വിദ്യാർത്ഥി കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠതവുമായ പാഠ്യപദ്ധതി പരിഷ്കരണത്തിന് തുടക്കമിട്ടത് 1990 കളിലാണ്.

2005 ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (ചമശേീമഹ ഈൃൃശരൗഹൗാ എൃമാലംീൃസ 2005) ഇന്ത്യൻ വിദ്യാഭ്യാസത്തിൽ നിരവധി പരിവർത്തനങ്ങൾക്കു നാന്ദികുറിച്ചു. തുടർന്ന് ചഇഎ 2005 ന്റെ അടിസ്ഥാനത്തിൽ വിവിധവിഷയങ്ങളിൽ എൻ.സി.ഇ.ആർ.ടി പാഠപുസ്തകങ്ങൾ തയ്യാറാക്കി. കേരളത്തിൽ ഗഇഎ 2007 രൂപീകരിക്കുകയും പാഠ്യ

പദ്ധതി പരിഷ്ക്കരണം ഹൈസ്കൂൾ തലം വരെ നടത്തുകയും ചെയ്തു. 2009 ലെ വിദ്യാഭ്യാസാവകാശനിയമവും ഹയർസെക്കണ്ടറിയുമായി ബന്ധപ്പെട്ട പ്രൊഫ. പി.ഒ. ജെ. ലബ്ബ കമ്മിറ്റി റിപ്പോർട്ടും പാഠ്യപദ്ധതിപരിഷ്കരണത്തിനായി ഗവൺമെന്റ് നിയോഗിച്ച ഡോ. പി.കെ. അബ്ദുൾ അസീസ് കമ്മിറ്റി റിപ്പോർട്ടും പാഠ്യപദ്ധതി പരിഷ്കരണം അനിവാര്യമാണെന്ന് സൂചിപ്പിക്കുന്നു.

കേരളത്തിലെ വിദ്യാഭ്യാസ ചരിത്രത്തിലെ സവിശേഷഘട്ടമായിരുന്നു ഹയർ സെക്കണ്ടറിയുടെ സമാരംഭം. പ്രീഡിഗ്രി കോഴ്സ് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നു വേർപെടുത്തി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമാക്കിയതോടെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം വ്യാപകമായി.

കേരളത്തിൽ 1990 ൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് രൂപീകരിക്കുകയും 31 സർക്കാർ ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് ഹയർസെക്കണ്ടറി കോഴ്സ് ആരംഭിക്കുകയും ചെയ്തു. കാലിക്കറ്റ് സർവകലാശാലയുടെ പ്രീ-ഡിഗ്രി സിലബസ് അനുസരിച്ചുള്ള ഭാഷാപാഠപുസ്തകങ്ങളും എൻ.സി.ഇ.ആർ.ടി. യുടെ സബ്ജക്ട് പാഠപുസ്തകങ്ങളും ഉപയോഗിച്ചാണ് കേരളത്തിൽ ഹയർ സെക്കണ്ടറി പഠനം ആരംഭിച്ചത്.

1990 കളിൽ അധ്യയനത്തിലും അധ്യാപനത്തിലും സമഗ്രമായ മാറ്റം വരുത്തിക്കൊണ്ട് പുതിയ പാഠ്യപദ്ധതി പ്രൈമറി തലത്തിൽ നിലവിൽ വന്നു. പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവും വിദ്യാർത്ഥികേന്ദ്രീകൃതവുമായ ഈ ആശയത്തിനനുസൃതമായി നിരന്തരമൂല്യനിർണയ രീതിയും ഗ്രേഡിംഗ് സമ്പ്രദായവും നടപ്പിലാക്കി. തുടർന്ന് ഹയർ സെക്കന്ററിയിലും ഈ രീതി നിലവിൽവന്നു. എന്നാൽ സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണം ഹയർ സെക്കന്ററിയിൽ നടപ്പിലായിരുന്നില്ല. എസ്.സി.ഇ.ആർ.ടി. യുടെ നേതൃത്വത്തിൽ ചില വിഷയങ്ങൾക്ക് പാഠപുസ്തകങ്ങളും മുഴുവൻ വിഷയങ്ങൾക്കും സോഴ്സ്ബുക്കുകളും എജ്യൂമേറ്റും പുറത്തിറക്കി.

2007 ൽ നടപ്പിലാക്കിയ ഏകജാലകസംവിധാനം ഹയർ സെക്കണ്ടറി പ്രവേശനം കാര്യക്ഷമമാക്കി. ഇ-ഗവേണൻസിന്റെ ഭാഗമായി പരീക്ഷാ നടത്തിപ്പ്, ടെക്സ്റ്റ്ബുക്ക് ഇൻഡന്റ്, സ്കോളർഷിപ്പുകൾ, ഓൺലൈൻ ട്രാൻസ്ഫർ തുടങ്ങിയ പരിപാടിയിലൂടെ ഹയർ സെക്കണ്ടറി സംവിധാനം സുതാര്യമായി.

വൈവിധ്യമാർന്നതും നൂതനവുമായ വിഷയങ്ങൾ തിരഞ്ഞെടുക്കുവാനുള്ള അവസരം കേരളത്തിലെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം നൽകുന്നു. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005 മുന്നോട്ടു വയ്ക്കുന്നതിനേക്കാൾ കൂടുതൽ വിഷയവൈവിധ്യങ്ങൾ നൽകുന്നതാണ് കേരളപാഠ്യപദ്ധതി എന്നത് അഭിമാനാർഹമാണ്. ഒന്നാം ഭാഷയായി ഇംഗ്ലീഷും രണ്ടാം ഭാഷയായി 12 ഐച്ഛിക ഭാഷകളിൽ ഒന്നും തിരഞ്ഞെടുക്കാനുള്ള അവസരം പഠിതാവിന് ലഭിക്കുന്നുണ്ട്. ശാസ്ത്രത്തിൽ 10 ഉം കോമേഴ്സിൽ 4 ഉം മാനവിക വിഷയങ്ങളിൽ 32 ഉം ഉൾപ്പെടെ 46 കോമ്പിനേഷനുകൾ നിലവിലുണ്ട്. കലാപഠനത്തിന് പ്രത്യേകവിദ്യാലയം പ്രവർത്തിച്ചുവരുന്നുണ്ട്.

ഹയർ സെക്കണ്ടറി മേഖലയിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് സമഗ്ര അധ്യാപക പരിവർത്തനോന്മുഖ പരിപാടികൾ സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്. പഠന ബോധന പ്രക്രിയയിൽ നിലവിൽ അനുഭവിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും വിഷയാധിഷ്ഠിത അധ്യാപക കൂട്ടായ്മകൾ സഹായിക്കുന്നു.

## പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ പ്രസക്തി

അനുസ്യൂതം മാറ്റത്തിന് വിധേയമാവുന്ന മേഖലയാണ് അറിവിന്റേത്. അറിവിന്റെ മണ്ഡലത്തിൽ സംഭവിക്കുന്ന മാറ്റങ്ങളെ ഉൾക്കൊണ്ടും പ്രസക്തമായ അംശങ്ങളെ സ്വാംശീകരിച്ചും മാത്രമേ കാലികമായി വിപുലപ്പെടുന്ന പാഠ്യപദ്ധതിക്ക് മുന്നേറാനാവൂ. ഈ മാറ്റമാണ് കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതിയെ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നത്.

> അഞ്ച് വർഷത്തിലധികമായി നിലനിൽക്കുന്ന പാഠ്യപദ്ധതിയും സിലബസും പാഠപുസ്തകങ്ങളും അടിയന്തരമായി എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ പരിഷ്കരിക്കേണ്ടതാണ്.
>
> **പ്രൊഫ. പി.ഒ.ജെ ലബ്ബ കമ്മിറ്റി**

> ഒരു വൈജ്ഞാനികസമൂഹം എന്ന നിലയിൽ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ പാഠ്യപദ്ധതി അടിസ്ഥാനപരമായി പുനസ്സംഘടിപ്പിക്കേണ്ടതും നവീകരിക്കേണ്ടതും അനിവാര്യമാണ്.
>
> **ഡോ. പി. കെ. അബ്ദുൽ അസീസ് കമ്മിറ്റി**

ഹയർ സെക്കന്ററിയിൽ പ്രവർത്തനാധിഷ്ഠിത പഠനരീതി നിലവിൽ വന്നെങ്കിലും സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണം നടന്നിട്ടില്ല. ആനുകാലികസംഭവവികാസങ്ങളോട് സംവദിക്കുന്നതും ഹയർ സെക്കണ്ടറി പഠിതാക്കളുടെ പ്രകൃതം പരിഗണിക്കുന്നതുമായ പാഠ്യപദ്ധതി പരിഷ്കരണമാണ് ഇപ്പോൾ നടന്നുവരുന്നത്. ഉന്നതവിദ്യാഭ്യാസ മേഖലയിലേക്കുള്ള ചവിട്ടുപടി എന്ന നിലയിൽ ഹയർസെക്കണ്ടറി രംഗത്തെ രാജ്യാന്തര നിലവാരത്തിൽ എത്തിക്കലാണ് ലക്ഷ്യം. രാജ്യാന്തര നിലവാരം എന്നത് ഏതെങ്കിലും ഒരു രാജ്യത്തിന്റെ വിദ്യാഭ്യാസ നിലവാരമല്ല. ഹയർ സെക്കണ്ടറി പഠനം പൂർത്തിയാക്കുന്ന പഠിതാവിന് ലോകത്ത് എവിടെയാണെങ്കിലും ജീവിതം മുന്നോട്ട് നയിക്കാനുള്ള ശേഷി നൽകലാണത്. ജീവസന്ധാരണത്തിനും അതിജീവനത്തിനുമുള്ള ശേഷി കൈവരിക്കാൻ ആർജിക്കേണ്ട അറിവുകളുടെയും അനുഭവങ്ങളുടെയും ആകെത്തുകയാണത്. ആഗോളതലത്തിൽ അവതരിപ്പിക്കപ്പെട്ട മികച്ച പഠന ബോധന മാതൃകകളാണ് നമ്മുടെ പഠിതാക്കൾക്ക് ലഭ്യമാക്കേണ്ടത്. അതിനുള്ള ശ്രമമെന്ന നിലയിലാണ് സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുന്നത്. പാഠ്യപദ്ധതി കാലാനുസൃതമായി നവീകരിക്കേണ്ടത് അനിവാര്യമാണെന്ന് പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഗവണ്മെന്റ് നിയോഗിച്ച വിദഗ്ധ സമിതി നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ വിദ്യാഭ്യാസ അവകാശനിയമത്തിലെ പാഠ്യപദ്ധതി, വിലയിരുത്തൽ എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങൾ പാഠ്യപദ്ധതി പരിഷ്കരണത്തിൽ പരിഗണിക്കേണ്ടത് ആവശ്യമാണ്.

**വിദ്യാഭ്യാസ അവകാശനിയമം – 2009**
**സെക്ഷൻ – 29 (അധ്യായം 5)**
**പാഠ്യപദ്ധതിയും വിലയിരുത്തൽ നടപടിക്രമവും**

(1) *പ്രാഥമിക വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള പാഠ്യപദ്ധതിയും വിലയിരുത്തൽ നടപടിക്രമവും സമുചിതസർക്കാരിനാൽ വിജ്ഞാപനം വഴി നിർദേശിക്കപ്പെടുന്ന ഒരു അക്കാദമിക അധികാരസ്ഥാനത്താൽ പ്രതിപാദിക്കപ്പെടേണ്ടതാണ്.*

(2) അക്കാദമിക അധികാരസ്ഥാനം 1–ാം ഉപവകുപ്പ് പ്രകാരമുള്ള പാഠ്യപദ്ധതിയും വിലയിരുത്തൽ നടപടിക്രമവും പ്രതിപാദിക്കുമ്പോൾ താഴെ പറയുന്നവ പരിഗണിക്കേണ്ടതാണ്. അതായത് :-

(a) *ഭരണഘടനയിൽ പ്രതിഷ്ഠാപിതമായ മൂല്യങ്ങളോടുള്ള അനുയോജ്യത.*

(b) *കുട്ടിയുടെ സർവതോമുഖമായ വളർച്ച.*

(c) *കുട്ടിയുടെ അറിവും കഴിവും വൈദഗ്ധ്യവും ക്രമേണ വർധിപ്പിക്കൽ.*

(e) *ശാരീരികവും മാനസികവുമായ കഴിവുകളുടെ സമ്പൂർണ വികസനം.*

(f) *കുട്ടിക്ക് സൗഹൃദപരമായതും കുട്ടിയെ കേന്ദ്രീകരിച്ചിട്ടുള്ളതുമായ ഒരു രീതിയിൽ പ്രവർത്തനവും കണ്ടുപിടിത്തവും പര്യവേക്ഷണവും മുഖേനയുള്ള പഠനം.*

(g) *ബോധനമാധ്യമം പ്രായോഗികമായിട്ടുള്ളിടത്തോളം കുട്ടിയുടെ മാതൃഭാഷയിലായിരിക്കേണ്ടതാണെന്നത്.*

(h) *ഭയം, മാനസിക പിരിമുറുക്കമുണ്ടാക്കുന്ന സാഹചര്യം, ഉത്കണ്ഠ എന്നിവയിൽനിന്ന് കുട്ടിയെ വിമുക്തമാക്കലും സ്വതന്ത്രമായി അഭിപ്രായം പ്രകടിപ്പിക്കുന്നതിന് കുട്ടിയെ സഹായിക്കലും.*

(i) *അറിവ് ഗ്രഹിക്കുന്നതിനും അത് പ്രയോഗിക്കുന്നതിനുമുള്ള കുട്ടിയുടെ കഴിവിന്റെ സമഗ്രവും നിരന്തരവുമായ വിലയിരുത്തൽ.*

മേൽപ്പറഞ്ഞ ഘടകങ്ങൾ ഉറപ്പുവരുത്തുന്ന തരത്തിൽ പാഠ്യപദ്ധതി പരിഷ്കരിക്കേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിലാണ് പാഠ്യപദ്ധതി പരിഷ്കരണത്തെ വീക്ഷിക്കേണ്ടത്.

## കേരള സ്കൂൾ പാഠ്യപദ്ധതി (2013) – സവിശേഷതകൾ

- വിദ്യാർഥി കേന്ദ്രീകൃതമായ ഈ പാഠ്യപദ്ധതി പ്രക്രിയാബന്ധിതവും പ്രവർത്തനോന്മുഖവും മൂല്യാധിഷ്ഠിതവുമാണ്.
- ബൗദ്ധികതലത്തിലും പ്രക്രിയാതലത്തിലും സാമൂഹിക-വൈകാരികതലത്തിലും പഠിതാവ് എത്തിച്ചേരേണ്ട പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകുന്നു.
- മൂല്യങ്ങളിലും മനോഭാവങ്ങളിലും പഠിതാവ് ആർജിക്കേണ്ട ശേഷികൾക്ക് ഊന്നൽ നൽകുന്നു.

- ജ്ഞാനനിർമ്മിതി എന്ന താത്ത്വികമായ അടിത്തറയിൽനിന്നുകൊണ്ടുള്ള പാഠ്യപദ്ധതി.
- വിനിമയപ്രക്രിയയിൽ വൈവിധ്യമാർന്നതും യുക്തവുമായ പഠനതന്ത്രങ്ങൾ സ്വീകരിക്കാനും ഉപയോഗിക്കാനുമുള്ള സ്വാതന്ത്ര്യം അധ്യാപകർക്ക് നൽകുന്നു.
- പഠനനേട്ടം, ഉള്ളടക്കസ്വഭാവം, പഠിതാക്കളുടെ വ്യത്യസ്ത നിലവാരം എന്നിവ തിരിച്ചറിഞ്ഞ് വിവിധ പഠന-ബോധന രീതികൾ നടപ്പിലാക്കുന്നതിനുള്ള വഴക്കം. കണ്ടെത്തൽ പഠനം, ആശയസമ്പാദനരീതി (Concept attainment model), ആഗമനചിന്താരീതി (Inductive method), ചിന്തയെക്കുറിച്ച് ചിന്തിക്കാനുള്ള കഴിവുകൾ വളർത്തൽ (Metacognition), സഹകരണപഠനം (Co-operative learning), സഹവർത്തിതപഠനം (Collaborative learning), പ്രതിഫലനചിന്ത വളർത്തൽ (Reflective learning), വ്യക്തിപരമായും സംഘപരമായും അവസരങ്ങൾ നൽകൽ മുതലായവ പരിഗണിക്കുന്നു.
- സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസം ഉറപ്പാക്കുന്നതുപോലെ എല്ലാ കുട്ടികളുടെയും പഠനനേട്ടം ഉറപ്പ് വരുത്തുന്നു.
- പ്രീ-പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെ പരിഗണിച്ചുകൊണ്ടുള്ള സമഗ്രമായി പാഠ്യപദ്ധതി.
- വിവരവിനിമയ സാങ്കേതികവിദ്യ (ഐ.സി.ടി.) ഒരു പ്രത്യേക പാഠ്യവിഷയം എന്നതിലുപരി പാഠ്യവിഷയങ്ങളുടെ വിനിമയം ഫലപ്രദമാക്കുന്നതിനുള്ള ഒരു ഉപാധിയായി ഉപയോഗിക്കുന്നു.
- പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തവും നൂതനവുമായ പഠനതന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനൊപ്പം അനുയോജ്യമായ വിലയിരുത്തൽ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു.
- പഠനനേട്ടങ്ങളിൽ ഊന്നിയ സമഗ്രവും നിരന്തരവുമായ വിലയിരുത്തൽ (CCE) ഉറപ്പുവരുത്തുന്നു.
- ആരോഗ്യ-കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപരിചയം എന്നിവ പരിഗണിക്കുന്നു.
- ഹയർസെക്കണ്ടറിതലത്തിൽ കാലാനുസൃതമായ പാഠപുസ്തകങ്ങൾ തയാറാക്കുന്നു.
- വിദ്യാഭ്യാസ അവകാശനിയമത്തിന്റെ വെളിച്ചത്തിൽ അവകാശാധിഷ്ഠിതവിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നു.
- അധ്യാപകനെ ഒരു സഹരക്ഷാകർത്താവിന്റെ (Mentor) തലത്തിലേക്ക് ഉയർത്തി കുട്ടിക്ക് സ്കൂളിലും ക്ലാസ്മുറിയിലും വേണ്ടുന്ന കരുതലും തണലും അനുഭവിക്കാൻ അവസരമൊരുക്കുന്നു.
- അധ്യാപകർ പാലിക്കേണ്ട ധാർമികനിയമസംഹിതയ്ക്ക് (Code of Professional Ethics for School Teachers) ഊന്നൽ നൽകുന്നു.

- പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികൾ അഭിമുഖീകരിക്കാൻ സഹായകമാവുന്ന പഠനനൈപുണികൾ ആർജിക്കുന്നു.
- മാനുഷികമൂല്യങ്ങൾ ഉൾക്കൊള്ളുന്ന തലമുറയെ സൃഷ്ടിക്കാൻ പര്യാപ്തമായത്.
- അവസരതുല്യതയും സമത്വവും (Equity and Equality) ഉറപ്പുവരുത്തുന്നത്.

പഠനത്തെ സ്വാഭാവികമാക്കി, പഠിതാക്കളുടെ ബൗദ്ധികവും മാനസികവും പ്രവർത്തനപരവുമായുള്ള സമഗ്ര വികാസം ലക്ഷ്യമാക്കുന്ന മസ്തിഷ്ക-ഹൃദയ-ഹസ്തസമന്വിതമായ പാഠ്യപദ്ധതി (Curriculum for the harmony of Head, Heart and Hand).

പാഠ്യപദ്ധതി സമീപനം

വിദ്യാഭ്യാസ മനശ്ശാസ്ത്രത്തിലെയും തത്വചിന്തയിലെയും പുതുചിന്തകൾ സ്വാംശീകരിച്ചാണ് നമ്മുടെ പാഠ്യപദ്ധതി വികസിപ്പിച്ചത്. എൻ.സി.എഫ് 2005 മുന്നോട്ടുവച്ച ജ്ഞാനനിർമിതി വാദമാണ് കേരള സ്കൂൾ പാഠ്യപദ്ധതി 2013നും അടിസ്ഥാനമായി നിലനിൽക്കുന്നത്. ജ്ഞാനനിർമിതിവാദത്തിൽ പഠനം അറിവിന്റെ നിർമ്മാണമാണ്.

ജ്ഞാനേന്ദ്രിയങ്ങളിലൂടെ ചുറ്റുപാടിൽനിന്നു പഠിക്കാനുള്ള നൈസർഗികമായ കഴിവുകളോടെയാണ് കുട്ടി ജനിക്കുന്നത്. ലോകത്തെ പുതിയ രീതിയിൽ നോക്കിക്കാണാനും മനസ്സിലാക്കാനും ഇടപഴകാനും വിലയിരുത്താനുമുള്ള സാധ്യതകളാണ് വിദ്യാലയത്തിലെ ഔപചാരികപഠനം വഴി കുട്ടിക്ക് ലഭിക്കുന്നത്. പാഠ്യപദ്ധതി വിനിമയസമീപനത്തിന്റെ സവിശേഷതകൾ എന്തൊക്കെയായിരിക്കണം?

- പ്രവർത്തനാധിഷ്ഠിതം
- പ്രക്രിയാബന്ധിതം
- പഠനം ഉറപ്പാക്കുന്നത്.
- പഠനനേട്ടങ്ങൾ കൈവരിക്കുന്നതിന് പര്യാപ്തമായത്.
- പരിസ്ഥിതി സൗഹൃദപരമായത്.
- വികാസമേഖലകളെ പരിഗണിക്കുന്നത്.
- പഠിതാവിന്റെ പ്രകൃതത്തിനു യോജിച്ചത്.
- പഠനത്തോടൊപ്പം വിലയിരുത്തലും ഒത്തുചേർന്നു പോകുന്നത്.

ജ്ഞാനനിർമിതിവാദത്തിലധിഷ്ഠിതമായ പഠനരീതിയാണ് പാഠ്യപദ്ധതിയുടെ ആധാരം. പഠിതാവിന്റെ ആർജിതമായ അറിവിനെയും ആശയപരിസരത്തെയും പരിഗണിച്ചുകൊണ്ട് ഫലപ്രദമായ പഠനപ്രവർത്തനങ്ങൾ ഒരുക്കുന്നതിലൂടെ സ്വാഭാവികമായി അറിവ് നിർമിച്ചെടുക്കാൻ സാധിക്കും എന്നതാണ് ഈ കാഴ്ചപ്പാടിന്റെ പ്രത്യേകത.

**പഠനാനുഭവങ്ങൾ**

വ്യത്യസ്ത ജീവിതസാഹചര്യങ്ങളിൽ നിന്ന് വരുന്ന പഠിതാക്കളുടെ ആർജിതമായ അറിവ്, കഴിവ്, താൽപ്പര്യം എന്നിവ വ്യത്യസ്തമാണല്ലോ. ഈ വൈവിധ്യത്തെ ഉൾക്കൊണ്ട്, വ്യക്തിവ്യത്യാസങ്ങളെയും ബഹുമുഖബുദ്ധിയെയും പരിഗണിച്ചുകൊണ്ട് പഠനാനുഭവങ്ങൾ ഒരുക്കുക എന്നതാണ് പ്രധാനം.

പഠനാന്തരീക്ഷം

പഠിതാവിന്റെ താല്പര്യവും വികാസവും പരിഗണിച്ചുകൊണ്ട് വൈവിധ്യമുള്ള പഠന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ കഴിയുംവിധം ക്ലാസ്മുറി ക്രമീകരിക്കണം. പഠനപ്രവർത്തനങ്ങൾ വിദ്യാർഥികേന്ദ്രീകൃതമാവണം. അതിനു സഹായകമാകുംവിധമുള്ള പഠനാന്തരീക്ഷമാണ് സജ്ജമാക്കേണ്ടത്. പഠനപരിസരത്തിലുണ്ടായിട്ടുള്ള വികസനവും വളർച്ചയും കണക്കിലെടുത്ത് വിദ്യാർഥി കേന്ദ്രീകൃതമായും പ്രവർത്തനാധിഷ്ഠതവുമായി നിന്നുകൊണ്ട് അനുയോജ്യമായ പഠനതന്ത്രങ്ങൾ സ്വീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം അധ്യാപകനിൽ അധിഷ്ഠിതമാണ്.

പഠനപ്രക്രിയ

- ഓരോ പഠിതാവും അവരുടെ മുൻ അനുഭവങ്ങളുമായി ബന്ധപ്പെടുത്തിയാണ് ജ്ഞാനനിർമാണം (Knowledge construction) നടത്തുന്നത്.
- വ്യക്തിതലത്തിലും അർഥപൂർണമായ സാമൂഹിക ഇടപെടലുകളിലൂടെയും ജ്ഞാനനിർമാണം നടക്കുന്നുണ്ട്.
- വ്യത്യസ്ത പഠനശൈലികൾ (Learning styles), പഠനവേഗം (Learning pace) എന്നിവ പരിഗണിച്ചുകൊണ്ട് ഇന്ദ്രിയാനുഭവങ്ങ (Multi sensory experiences) ളിലൂടെ പഠനം ഫലപ്രദമാകുന്നു.
- സഹവർത്തിത പഠനത്തിലൂടെയും സഹകരണാത്മകവുമായ അന്തരീക്ഷത്തിലൂടെയും പഠനം കൂടുതൽ ഫലപ്രദമാകുന്നു.
- പഠനസാമഗ്രികൾ (Learning material) താൽപ്പര്യജനകവും അർഥപൂർണവുമാക്കണം.
- പഠനാനുഭവങ്ങൾ ചാക്രികമായി (Spiralling) അവതരിപ്പിക്കുന്നതുവഴി പഠനം കൂടുതൽ ഫലപ്രദമാകുന്നു.
- പഠനപ്രവർത്തനങ്ങൾക്ക് അനുയോജ്യമായ വഴക്കം (Flexibility), അനുരൂപീകരണ (Adaptations) സാധ്യത എന്നിവ ഉറപ്പാക്കുന്നതിലൂടെ വ്യത്യസ്ത പഠനാവശ്യമുള്ളവരെയും അഭിരുചിയുള്ളവരെയും പരിഗണിക്കാം.
- പഠനനേട്ടം (Learning outcome) ഉറപ്പാക്കാനാകുന്ന പഠനാനുഭവങ്ങൾ ഓരോ പഠിതാവിനും ലഭിക്കേണ്ടതുണ്ട്.
- പഠനവും വിലയിരുത്തലും പരസ്പരപൂരകമായി നടക്കേണ്ടതാണ്.
- ഉള്ളടക്കം (Content), പഠിതാവിന്റെ പഠനാവശ്യങ്ങൾ എന്നിവ പരിഗണിച്ചു

കൊണ്ട് യോജ്യമായ അധ്യയന പഠനരീതികളും തന്ത്രങ്ങളും പ്രയോജനപ്പെടുത്തുമ്പോൾ എല്ലാവർക്കും പഠനനേട്ടം (Learning outcome) കൈവരിക്കാൻ സാധിക്കും.

- ഓരോ പഠിതാവിന്റെയും സമഗ്രവികസനം ലക്ഷ്യം വച്ചായിരിക്കണം പഠനപ്രക്രിയ നിശ്ചയിക്കേണ്ടത്.

**പഠനനേട്ടങ്ങൾ**

കേരള സ്കൂൾ പാഠ്യപദ്ധതി 2013 ന്റെ ഭാഗമായി ആർ.ടി.ഇ. വ്യവസ്ഥപ്രകാരം പഠനനേട്ടങ്ങൾ എന്ന ആശയം അവതരിപ്പിച്ചിരിക്കുന്നു. ബോധനം, പഠനം, മൂല്യനിർണയം എന്നിവ കൃത്യമായും പ്രായോഗികമായും ആസൂത്രണം ചെയ്യാൻ പഠനനേട്ടങ്ങളെ സംബന്ധിക്കുന്ന അറിവ് അനിവാര്യമാണ്. പാഠ്യപദ്ധതി രൂപീകരിക്കുമ്പോൾ സ്കൂൾ വിദ്യാഭ്യാസത്തിന്റെ വിവിധ ഘട്ടങ്ങളിൽ കുട്ടി കൈവരിക്കേണ്ട ലക്ഷ്യങ്ങളായി നാം കണക്കാക്കുന്നവയാണ് പഠനനേട്ടങ്ങൾ. ഒരു പ്രത്യേക വിഷയമേഖലയിൽ വിദ്യാർഥി നേടേണ്ട ജ്ഞാനം, കഴിവ്, അഭിരുചി, മനോഭാവം, താല്പര്യം എന്നിവയെ ആസ്പദമാക്കിയുള്ള സൂക്ഷ്മമായ പ്രസ്താവനകളാണ് പഠനനേട്ടങ്ങൾ. ഇവയിൽ ചിലത് ഹ്രസ്വകാലയളവിൽ തന്നെ ആർജിക്കുന്നതും മറ്റു ചിലത് ദീർഘകാലം കൊണ്ട് ആർജിക്കുന്നതുമായിരിക്കും. ഇങ്ങനെ കുട്ടിയിലുണ്ടാവേണ്ട മാറ്റങ്ങളെ മുൻകൂട്ടി നിശ്ചയിക്കാൻ നമുക്കു സാധിക്കും. സ്കൂൾ വിദ്യാഭ്യാസത്തിന്റെ വിവിധ ഘട്ടങ്ങളിൽ പഠിതാവ് ആർജിക്കേണ്ട അറിവുകളും ധാരണകളും ശേഷികളുമാണ് പഠനനേട്ടങ്ങൾ. യൂണിറ്റ്തല പഠനനേട്ടങ്ങളിലൂടെ വർഷാന്ത്യത്തിലും സ്കൂൾ ഘട്ടത്തിന്റെ അവസാനത്തിലും കൈവരിക്കുന്ന പഠനനേട്ടങ്ങളായി ഇവ വികസിക്കേണ്ടതുണ്ട്.

നിരീക്ഷണസാധ്യവും അളക്കാവുന്നതുമായ പ്രകടനത്തിന്റെ അടിസ്ഥാനത്തിലാണ് പഠനനേട്ടങ്ങൾ പ്രസ്താവിക്കേണ്ടത്. ഓരോ യൂണിറ്റിനും ക്ലാസിനും ഘട്ടത്തിനുമൊടുവിൽ കുട്ടി നേടേണ്ട അറിവ്, ശേഷികൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ ഇവ നേടിയിട്ടുണ്ടോ എന്നു വിലയിരുത്താൻ പഠനനേട്ടങ്ങളുടെ വിശകലനത്തിലൂടെ കഴിയും. അതായത് പഠനനേട്ടങ്ങളെ അടിസ്ഥാനമാക്കി കൃത്യമായും വ്യക്തമായും വിലയിരുത്തൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയും.

പഠനനേട്ടങ്ങളുടെ പ്രസ്താവന ലളിതവും വ്യക്തവും, കൃത്യവും യുക്തിസഹവുമായിരിക്കേണ്ടതുണ്ട്. അധ്യാപകർക്കും, പഠിതാവിനും രക്ഷിതാക്കൾക്കും ആശയക്കുഴപ്പമുണ്ടാക്കാത്തവിധമായിരിക്കണം പഠനനേട്ടങ്ങളുടെ അവതരണരീതി. പഠിതാവിന് എന്തുചെയ്യാൻ കഴിയും എന്ന പ്രസ്താവനയായതിനാൽ കുട്ടിയുടെ വീക്ഷണത്തിലൂടെയാണ് ഇവ പ്രസ്താവിക്കുന്നത്. ഈ പ്രസ്താവനകൾ വിദ്യാർഥി കേന്ദ്രീകൃതമാണെന്നർഥം.

പഠനനേട്ടങ്ങൾ ഉള്ളടക്കം, പ്രക്രിയകൾ, ശേഷികൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ എന്നിവ ഉൾക്കൊള്ളുന്നവയാവണം. പഠിതാവിന്റെ പ്രകടനപരമായ കഴിവുകളെന്ന നിലയിൽ ഇത് അധ്യാപകരുടെ സാമൂഹ്യ ഉത്തരവാദിത്വവും പ്രതിബദ്ധതയും ഉറപ്പാക്കുന്നു. കുട്ടിയുടെ പഠനനിലയെ സംബന്ധിച്ച് രക്ഷിതാക്കൾക്ക് താല്പര്യവും അറിവും ഉണ്ടാക്കണം. പഠനനേട്ടം ഉറപ്പാക്കുന്നതിനാവശ്യമായ പരിഹാരബോധനവും നിര

ന്തരമൂല്യനിർണയപ്രക്രിയയുടെ ഭാഗമായി നടപ്പാക്കേണ്ടതുണ്ട്. ചുരുക്കത്തിൽ പഠനനേട്ടങ്ങളെ ക്ലാസ്‌റൂം പ്രവർത്തനങ്ങളുമായും വിലയിരുത്തൽ സമീപനവുമായും ബന്ധിപ്പിക്കണം. പാഠ്യപദ്ധതിയുടെ ഫലപ്രദമായ വിനിമയത്തിലൂടെ എല്ലാ പഠിതാക്കളുടെയും പഠനനേട്ടം ഉറപ്പുവരുത്താൻ സാധിക്കണം. ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന് ഇതനിവാര്യമാണ്.

### വിവരവിനിമയ സാങ്കേതികവിദ്യ

അറിവിന്റെ നിർമാണത്തിലും വിതരണത്തിലും വിവരവിനിമയസാങ്കേതികവിദ്യയ്ക്ക് മുഖ്യപങ്ക് വഹിക്കാനുണ്ട്. വിവരശേഖരണത്തിലൂടെയും വിശകലനത്തിലൂടെയും വൈവിധ്യമായ അവതരണങ്ങളിലൂടെയുമാണ് ഇത് സാധ്യമാകുന്നത്. ഹയർസെക്കൻഡറിയിലെ ഏതൊരു വിഷയവും വിനിമയം ചെയ്യുന്നതിന് വിവരവിനിമയ സാങ്കേതിക വിദ്യ (കഇഠ) യുടെ സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിലൂടെ പഠിതാക്കൾക്ക് ഐ.സി.ടി. ശേഷികൾ നേടുന്നു എന്ന് ഉറപ്പാക്കാനും സാധിക്കും.

### ആവശ്യകത

പാഠപുസ്തകത്തിന്റെയും ഉള്ളടക്ക വിനിമയത്തിന്റെയും പരിമിതികൾ മറികടക്കാൻ ഐ.സി.ടി. ക്ക് സാധിക്കും. പഠനപ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുന്നതിനും പ്രസക്തവും അനുയോജ്യമായ വിവരശേഖരണത്തിനും ഉന്നതനിലവാരത്തിലുള്ള അവതരണത്തിനും ഗുണമേന്മയുള്ള ഉല്പ്പന്നങ്ങൾ തയാറാക്കുന്നതിനും പഠിതാക്കൾക്ക് ഐ.സി.ടി. യിലൂടെ സാധിക്കും. യഥാർഥ്യത്തിലുന്നിയുള്ളതും സങ്കീർണവുമായ പ്രായോഗികപ്രവർത്തനങ്ങൾ പലപ്പോഴും അപ്രായോഗികമാകുന്ന സാഹചര്യത്തിൽ വെർച്ച്വൽ ലാബിന്റെ പ്രയോജനം നൽകാനാകും. അങ്ങനെ ക്ലാസ്മുറികൾ സ്മാർട്ട് മുറികൾ എന്നതിലുപരി ലാബോറട്ടറികളായി ഉയരുകയും ചെയ്യും. ഓരോ വിഷയവുമായി ബന്ധപ്പെട്ട പ്രഗത്ഭരുമായി സംവദിക്കാനും അതാത് വിഷയത്തിന്റെ അനന്തസാധ്യതകൾ മനസ്സിലാക്കാനും വീഡിയോ കോൺഫറൻസിങ്, സോഷ്യൽ മീഡിയ എന്നി സംവിധാനങ്ങൾ പഠിതാക്കൾക്ക് പ്രയോജനപ്പെടുത്താനാവും. കൂടാതെ ജീവിതസാഹചര്യത്തിലെ വിവിധ ആവശ്യങ്ങൾ (ഓൺലൈൻ അപേക്ഷകൾ, പരീക്ഷകൾ, അഭിമുഖങ്ങൾ, വിവിധ സേവനങ്ങൾ തുടങ്ങിയവ) നേടുന്നതിനും ഐ.സി.റ്റി. സഹായകരമാവും.

### അനുയോജ്യത

ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ ഫലപ്രദമായ പഠനോപകരണമാണ്. കുട്ടിയുടെ സർഗശേഷിയേയും ബുദ്ധിയുടെ ബഹുതലങ്ങളേയും ഉദ്ദീപിപ്പിക്കാൻ ഐ.സി.ടി. ക്ക് കഴിയും. ജിജ്ഞാസയും ഉദ്വേഗവും വഴി പഠനവിഷയത്തിൽ താല്പര്യം നിലനിർത്താനാവും. ഇന്ദ്രീയപരിമിതി അനുഭവിക്കുന്നവർക്ക് ഈ സാധ്യത ഏറെ പ്രയോജനം ചെയ്യും. ശബ്ദംകൊണ്ടും കാഴ്ചകൊണ്ടും കാര്യങ്ങൾ കൂടുതൽ അനുഭവവേദ്യമാക്കാൻ ഐ.സി.റ്റി. പ്രയോജനപ്പെടും. വ്യത്യസ്ത പഠനാനുഭവങ്ങൾ നൽകുന്നതിന് ഇത് എറെ സഹായകമാണ്.

### സാധ്യതകൾ

- ഡിജിറ്റിൽ രൂപത്തിലും ചലനാത്മകവുമായ പാഠപുസ്തകങ്ങൾ.
- പഠനപ്രവർത്തനങ്ങൾക്ക് ആവശ്യമായ അധികവിവരങ്ങളും പ്രസന്റേഷനുകളും അനിമേഷനുകളും.
- ഓരോ വിഷയവുമായി ബന്ധപ്പെട്ട് ലോകത്തിന്റെ ഏത് ഭാഗത്തും ലഭ്യമാവുന്ന ഏറ്റവും പുതിയതും പ്രസക്തവുമായ വിവരങ്ങളുടെ ലഭ്യത.
- ഓൺലൈൻ ടെസ്റ്റുകളും സ്വയംവിലയിരുത്തലിനും മെച്ചപ്പെടുത്തലിനും ആവശ്യമായ സംവിധാനങ്ങൾ
- ചോദ്യപേപ്പർ മാതൃകകളും ഉത്തര സൂചകങ്ങളും.
- വിക്ടേഴ്സ് പോലെയുള്ള ടെലിവിഷൻ ചാനലുകളുടെ ഫലപ്രദമായ ഉപയോഗം.
- ജീവിതനൈപുണികളും മൂല്യങ്ങളും മനോഭാവങ്ങളും പരിപോഷിപ്പിക്കുന്നതിനും മാനസിക പിരിമുറുക്കം ഒഴിവാക്കുന്നതിനുമുള്ള ഇന്ററാക്ടീവ് പരിപാടികൾ.
- നിയന്ത്രിതവും നിയമവിധേയവുമായ ണശഎശ കാമ്പസുകൾ.

സമഗ്രമായ ഒരു വിദ്യാഭ്യാസ പോർട്ടൽ സജ്ജമാക്കിക്കൊണ്ടും സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിച്ചുകൊണ്ടും അധ്യാപകരെ ശാക്തീകരിച്ചുകൊണ്ടും വിവരസാങ്കേതിക വിദ്യയുടെ പ്രയോജനം അതിന്റെ ഉയർന്ന തലത്തിലെത്തിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

## വിശ്വാസ്യത

സാമഗ്രികളുടെ വിശ്വാസ്യത ഉറപ്പ് വരുത്തേണ്ടതുണ്ട്. ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് സൈറ്റുകൾ, വിദ്യാഭ്യാസ വെബ്സൈറ്റുകൾ, പോർട്ടലുകൾ, ബ്ലോഗുകൾ, സോഷ്യൽ നെറ്റ് വർക്കുകൾ എന്നിവയിൽ നിന്നുള്ള വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കി ഉപയോഗിക്കണം.

ക്ലാസ്റൂം വിനിമയത്തിന് ഉപയോഗിക്കുന്ന സാമഗ്രികളുടെ പ്രായോഗികത ഉറപ്പ് വരുത്തേണ്ടതുണ്ട്. ഇത്തരം സാമഗ്രികൾ, അവ പ്രവർത്തിക്കുന്നതിനുയോജ്യമായ സോഫ്റ്റ്വെയറുകൾ എന്നിവ എളുപ്പത്തിൽ ലഭ്യമാകുന്നതും ഉപയോഗിക്കുവാൻ കഴിയുന്നതും ഐ.ടി നിയമങ്ങൾ പാലിക്കുന്നതുമായിരിക്കണം. ഐ.സി.ടി യുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുമ്പോൾ കുട്ടിയുടെ പ്രായം, മാനസികനില, തെറ്റായ മാർഗത്തിലേക്ക് പോകുവാനുള്ള പ്രവണത എന്നിവ കണക്കിലെടുക്കണം.

### കലാപഠനം

സമൂഹജീവിയെന്ന നിലയിൽ മനുഷ്യജീവിതത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് ആസ്വാദനീയമായ അനുഭവങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായിട്ടാണ് കലകൾ രൂപപ്പെട്ടുവന്നത്.

ജീവിതഘട്ടങ്ങളിൽ കരഗതമാകുന്ന അനുഭവങ്ങൾ മനുഷ്യമനസ്സിൽ വൈകാരികതയുടെ ഓളങ്ങളുണ്ടാക്കുകയും ഇതിൽനിന്നും ആസ്വാദ്യകരമായ അനുഭൂതിവിശേഷ

ങ്ങൾ ഉടലെടുക്കുകയും ചെയ്യുന്നു. ആദികാലം മുതൽ രൂപപ്പെട്ടുവന്ന കലാരൂപങ്ങളെല്ലാതന്നെ ദൃശ്യ-ശ്രവ്യപരവും മനുഷ്യമനസ്സിനെ ഇത്തരത്തിൽ നവീകരിച്ച് ജീവിതത്തിൽ പുത്തൻ ഊർജം പ്രദാനം ചെയ്യുന്നവയുമാണെന്നും നമുക്കുകാണാം. ഇത് കലയുടെ പ്രത്യേക ശക്തിവിശേഷമാണ്. "Literature, Music and the arts all are necessary for the development and following of a student to form an integrated total personality" എന്നത് കലകളെപ്പറ്റിയുള്ള ടാഗോറിന്റെ കാഴ്ചപ്പാടാണ്. സമൂഹപുരോഗതിക്കുവേണ്ടി വർത്തിച്ച മഹാത്മാക്കളെല്ലാവരും ഇത്തരത്തിൽ കലകളെപ്പറ്റി സൂചിപ്പിച്ചിട്ടുണ്ട്.

- സർഗാത്മകത, നിരീക്ഷണപാടവം, അനുകരണവാസന, കൽപ്പനാശേഷി, വ്യതിരിക്തബുദ്ധി എന്നിവ കുട്ടി കളിൽ വളർത്താൻ കലാപഠനം അത്യന്താപേക്ഷിതമാണ്.
- എല്ലാത്തരത്തിലുമുള്ള ബുദ്ധിവളർച്ചയ്ക്ക് അഭിപ്രേരണ നൽകുന്ന പഠനാവസരങ്ങൾ ഇതിലൂടെ കുട്ടികൾക്ക് ലഭിക്കുകയും ചെയ്യും.

പഠിതാവ് ആർജിച്ച സർഗശേഷികളെ വികസിപ്പിക്കുക, കലയേയും സാഹിത്യത്തെയും സംബന്ധിച്ച് വിശാലമായ വീക്ഷണം രൂപപ്പെടുത്തുക എന്നിവയാണ് ഹയർസെക്കന്ററി തലത്തിൽ കലാപഠനത്തിലൂടെ ലക്ഷ്യമിടുന്നത്. ഒപ്പം കലാസാഹിത്യ മേഖലകളിൽ ഉന്നത പഠനത്തിനും ഗവേഷണത്തിനുമുള്ള അഭിരുചി വളർത്തിയെടുക്കേണ്ടതുണ്ട്. നിരീക്ഷണപാടവം, ആസ്വാദനശേഷി, അനുകരണ വാസന തുടങ്ങിയവ പഠിതാക്കളിൽ വളർത്താൻ കലാപഠനം അനിവാര്യമാണ്. വേറിട്ട ചിന്തകൾ, വേറിച്ച പ്രതീകകരണശേഷി എന്നിവ രൂപപ്പെടുത്താനും സാമൂഹിക ഇടപെടലുകൾ ഉറപ്പാക്കാനും പഠനം കൂടുതൽ ഫലപ്രദമാക്കാനും കലാപഠനം സഹായകമാകുന്നു. കുട്ടികളെ കർമനിരതരും അത്യുത്സാഹികളുമാക്കി ഊർജസ്വലത ശരിയായ ദിശയിലേക്ക് വഴിതിരിച്ചു വിടാൻ കലാപ്രവർത്തനങ്ങൾ സഹായിക്കുന്നു.

ആരോഗ്യ-കായിക വിദ്യാഭ്യാസം

2001 ലെ ഡബ്ല്യു.എച്ച്.ഒ. റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയിലെ യുവാക്കളിൽ ഭൂരിഭാഗവും ജീവിതശൈലീ രോഗങ്ങൾക്കിരയായവരാണ്. കേരളസർക്കാറിന്റെ കണക്കനുസരിച്ച്, 2008-09 അധ്യയന വർഷത്തിൽ 16,28943 വിദ്യാർത്ഥികളിൽ നടത്തിയ കായികക്ഷമതാ പരിശോധനയിൽ 20% ത്തിൽ താഴെ മാത്രമാണ് ശരിയായ യോഗ്യത ഉള്ളവരായി കണ്ടെത്തിയത്. ഈ രണ്ടു വസ്തുതകളും അനാരോഗ്യകരമായ സാമൂഹാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. ശാരീരികവും മാനസികവും വൈകാരികവും ആത്മീയവുമായ സുസ്ഥിതിയുടെ സാകല്യത്തെയാണ് ആരോഗ്യം എന്ന പദം അർത്ഥമാക്കുന്നത്. അതുകൊണ്ടു തന്നെ ആരോഗ്യം വ്യക്തിയുടെ നിലനിൽപിന് അനിവാര്യമാണ്. ശരിയായ രീതിയിലുള്ള ആരോഗ്യ-കായികവിദ്യാഭ്യാസത്തിന്റെ നിർവഹണത്തിലൂടെ ഇത്തരം പ്രതിസന്ധികളെ മറികടക്കാൻ സാധിക്കും. കായികമികവുകൾ പ്രകടിപ്പിക്കുന്ന കുട്ടികളെ ശാസ്ത്രീയ പരിശീലനത്തിലൂടെ പ്രതിഭകളാക്കി മാറ്റുന്ന പ്രക്രിയ വളരെ കുറച്ച് കുട്ടികൾക്ക് മാത്രം നൽകേണ്ട പ്രവർത്തനമാണ്. എന്നാൽ പൊതുസമൂഹത്തിലെ മുഴുവൻ വ്യക്തികൾക്കും അവരുടെ നിലനിൽപ്പിന് ആവശ്യമായ കേവല

ആരോഗ്യകായിക ക്ഷമത ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആരോഗ്യ-കായിക വിദ്യാഭ്യാസം പ്രൈമറി തലം മുതൽ ശാസ്ത്രീയവും സമഗ്രവുമായി നൽകണം. അതിന് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് - 2005 ആരോഗ്യ- കായിക വിദ്യാഭ്യാസത്തെ സംബന്ധിച്ച് മുന്നോട്ട് വച്ച ആവശ്യാധിഷ്ഠിത സമീപനം, ഉദ്ഗ്രഥിത സമീപനം എന്നിവയ്ക്ക് സവിശേഷശ്രദ്ധയും പ്രാധാന്യവും നല്കേണ്ടതാണ്.

ഉള്ളടക്ക മേഖലയുടെ അറിവിനോടൊപ്പം പ്രകടനമികവും ശാരീരികക്ഷമതയും വിലയിരുത്തപ്പെടേണ്ടതാണ്. കേരള സ്കൂൾ പാഠ്യപദ്ധതി 2013 വിഭാവനം ചെയ്യുന്നതും പ്രൈമറിയിൽ ആരംഭിച്ച് ആരോഗ്യകായിക വിദ്യാഭ്യാസം ഹയർസെക്കൻഡറി തലത്തിൽ എത്തുമ്പോഴാണ് പൂർണമാകുന്നത്. ആരോഗ്യ-കായിക വിദ്യാഭ്യാസ രംഗത്ത് മികവ് പുലർത്തുന്ന പഠിതാക്കൾക്ക് രാജ്യാന്തര സാധ്യതകൾ ഉപയോഗപ്പെടുത്താനാവുംവിധം പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. ഇതുവരെ ആർജ്ജിച്ച കായികക്ഷമതയും പരിശീലനമികവും ഉള്ളടക്കസംബന്ധിയായ അറിവും ശാരീരിക വളർച്ചയോട് ചുവടുവയ്ക്കുന്നു. ശാരീരികമായ മാറ്റങ്ങൾ ശാസ്ത്രീയമായി മനസ്സിലാക്കുന്നതിന് ആരോഗ്യകായിക വിദ്യാഭ്യാസം ഊന്നൽ നൽകുന്നു.

### ആരോഗ്യ-കായിക വിദ്യാഭ്യാസത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ

- ജീവൻ രക്ഷാ പ്രവർത്തനങ്ങളിൽ അവസരോചിതമായി ഇടപെടുന്നതിനുള്ള ശാസ്ത്രീയമായ പ്രായോഗിക ശേഷി കൈവരിക്കുന്നതിന്.
- ലഹരി ഉപഭോഗത്തിന്റെ അനന്തര ഫലങ്ങൾ തിരിച്ചറിയുന്നതിന്.
- ലൈംഗികാരോഗ്യത്തെപ്പറ്റി ശരിയായ അവബോധം സൃഷ്ടിക്കുന്നതിന്.
- അത്‌ലറ്റിക്സിൽ നേടിയ നൈപുണികളിൽ വൈദഗ്ധ്യം നേടുന്നതിനും ശാസ്ത്രീയ വിശകലനം നടത്തുന്നതിനും.
- മേജർ ഗെയിമിൽ വൈദഗ്ധ്യം നേടുന്നതിന്.
- ആത്മരക്ഷതന്ത്രത്തിൽ പ്രായോഗിക പരിശീലനം നേടുന്നതിന്.
- വ്യായാമ മുറകളിലൂടെ ശ്വസന വ്യവസ്ഥയിലും ഹൃദയ-ധമനി വ്യവസ്ഥയിലും സംഭവിക്കുന്ന വ്യതിയാനങ്ങളെക്കുറിച്ച് ധാരണ നേടുന്നതിന്.
- ആക്രമണോത്സുകത (Aggression), സംതുലിത ആക്രമണോത്സുകത (Balanced or controlled aggression) എന്നിവ മനസ്സിലാക്കുന്നതിന്.
- സുരക്ഷിതവും ഫലപ്രദവുമായ വ്യായാമ മുറകൾ പരിശീലിപ്പിക്കുന്നതിന്.
- കായികമൂല്യങ്ങളെക്കുറിച്ച് ധാരണ നേടുന്നതിന്.

### പ്രവൃത്തിപഠനം

കണ്ടറിവ്, കേട്ടറിവ്, ചെയ്തറിവ് എന്നിവകളുടെ സമന്വയമാണ് കുട്ടിയിൽ അറിവിന്റെ നിർമാണം സാധ്യമാക്കുന്നത്. അനുഭവാധിഷ്ഠിതവും അന്വേഷണാത്മകവുമായ പഠനരീതിയാണ് ഇന്ന് നിലവിലുള്ളത്. വൈകാരിക-വൈജ്ഞാനിക മേഖലകളുടെ സമന്വയവും വികാസവും സാധ്യമാക്കുന്നതിന് പ്രവൃത്തിപരിചയ വിദ്യാഭ്യാസം അനിവാര്യമാണ്.

പഠിതാവ് സ്കൂളിനുള്ളിലും പുറത്തും സജീവമായി ഇടപെടുകയും സ്വന്തം ചിന്താശേഷി പ്രയോജനപ്പെടുത്തി അന്വേഷിക്കുകയും അപഗ്രഥിക്കുകയും ചെയ്യുന്ന സാഹചര്യം സംജാതമാകേണ്ടതുണ്ട്. അതുകൊണ്ടുതന്നെ പഠിതാവിന് ആത്മവിശ്വാസവും പ്രവൃത്തി പരിചയവും സ്വയം പര്യാപ്തതയും നേടിയെടുക്കാനുതകുന്ന വിധത്തിൽ പ്രവർത്തനാധിഷ്ഠിത പാഠ്യപദ്ധതിയും അത് വിനിമയം ചെയ്യുവാൻ കഴിയുന്ന പഠന പ്രവർത്തനങ്ങളും നടപ്പാക്കേണ്ടതുണ്ട്.

ഹയർസെക്കന്ററി തലത്തിൽ നിലവിലുള്ള പാഠ്യവിഷയങ്ങളുമായി സംയോജിപ്പിച്ചു കൊണ്ടുള്ള പ്രവൃത്തിപഠനമായിരിക്കും കൂടുതൽ അഭികാമ്യം.

പ്രവൃത്തിപഠനത്തിന്റെ സുപ്രധാന ലക്ഷ്യങ്ങൾ

- മാനവശേഷി വികസനം
- ദേശീയപുരോഗതി
- തൊഴിൽ സന്നദ്ധത
- ഉൽപ്പാദനരംഗത്തെ സ്വാശ്രയത്വം
- സന്തുലിതവ്യക്തിത്വ വികസനം
- മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ

എന്നിങ്ങനെ ഈ ലക്ഷ്യങ്ങൾ സംഗ്രഹിച്ച് പറയാം.

ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം (Inclusive Education)

ക്ലാസ്മുറിയിൽ എല്ലാ കുട്ടികളെയും ഉൾക്കൊള്ളുന്ന, ആരെയും പുറന്തള്ളാത്ത ഒരു പഠനാന്തരീക്ഷം സ്വീകരിക്കേണ്ടതുണ്ട്. നമ്മുടെ വിദ്യാലയങ്ങളിൽ പ്രധാനമായും രണ്ടു വിഭാഗക്കാർക്ക് കൂടുതൽ പരിഗണനയും സഹായവും ശ്രദ്ധയും നൽകി നീതിപൂർവമായ ഗുണമേന്മാ വിദ്യാഭ്യാസം (Equitable Quality Education) ഉറപ്പുവരുത്തേണ്ടതുണ്ട്.

ആരെല്ലാമാണ് സവിശേഷശ്രദ്ധയും പഠനസഹായവും പരിരക്ഷയും ആവശ്യമുള്ളവർ?

(എ) സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങളാൽ പുറന്തള്ളപ്പെട്ടവരുടെ കുട്ടികൾ.

- കടുത്ത ദാരിദ്ര്യം നേരിടുന്നവർ, ആദിവാസികൾ, പെൺകുട്ടികൾ, പട്ടികജാതി പട്ടികവർഗത്തിൽ പെട്ടവർ, അന്യദേശത്തുനിന്ന് കുടിയേറിയവർ, സ്ഥിരമായി താമസസൗകര്യം ഇല്ലാത്ത വിഭാഗക്കാർ, പലതരത്തിലുള്ള വിവേചനം അനുഭവിക്കുന്നവർ എന്നിങ്ങനെ ഒട്ടനവധി പേർ ഇക്കൂട്ടത്തിൽ പെടുന്നു.

പരിമിതികളെയും വ്യത്യസ്തതകളെയും തിരിച്ചറിയുകയും അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക എന്നതായിരിക്കണം ഇത്തരം കുട്ടികളോടുള്ള നമ്മുടെ സമീപനം. വിദ്യാലയത്തിലെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഇത്തരക്കാരുടെ പ്രയാസങ്ങൾ നമുക്ക് പരിഹരിക്കാനാകും.

(ബി) ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ.

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കും പഠനപ്രയാസം അനുഭവപ്പെടുന്ന കുട്ടികൾക്കും പ്രത്യേക പഠനാവശ്യങ്ങളുണ്ട് (Special Educational Needs). കേൾവിക്കുറവ്, കാഴ്ചാ പരിമിതി, ബുദ്ധിപരമായ പരിമിതി, ചലനപരമായ പരിമിതി, പഠനവൈകല്യം, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹുമുഖവൈകല്യങ്ങൾ, വൈകാരിക അസന്തുലിതാവസ്ഥയിലുള്ള കുട്ടികൾ, ശ്രദ്ധാപരമായ പരിമിതി ഉള്ള വർ എന്നിവരെല്ലാം ഇതിൽപ്പെടുന്നു.

ഇവർക്കുവേണ്ടി പാഠ്യപദ്ധതിയുടെ വിനിമയത്തിൽ നാം എന്തെല്ലാം അനുവർത്തിക്കേണ്ടതുണ്ട്?

- പഠനാവശ്യങ്ങൾ, അഭിരുചി എന്നിവ പരിഗണിച്ച് പഠനപ്രവർത്തനങ്ങളുടെ ആസൂത്രണം.
- പഠനപ്രവർത്തനങ്ങളിൽ പങ്കാളിത്തം ലഭ്യമാകുന്ന രീതിയിൽ പാഠാസൂത്രണത്തിൽ അനുരൂപീകരണം.
- വ്യത്യസ്ത പഠനവേഗം, പഠനശൈലി എന്നിവ പരിഗണിച്ചുകൊണ്ട് ബഹു ഇന്ദ്രിയാധിഷ്ഠിത സമീപനം (Multisensory Approach) നടപ്പിലാക്കൽ.
- പരിഹാരപ്രവർത്തനങ്ങൾ (Remedial Practices), പോഷണപ്രവർത്തനങ്ങൾ (Enrichment Practices) എന്നിവ ഓരോ കുട്ടിക്കും ആവശ്യാധിഷ്ഠിതമായി ആസൂത്രണം ചെയ്തു നടപ്പിലാക്കൽ.
- വിവിധ വിലയിരുത്തൽ സാധ്യതകൾ അയവോടെ (Flexibility) പ്രാവർത്തികമാക്കൽ.
- റിസോഴ്സ് അധ്യാപകരുടെയും മറ്റു വിദഗ്ധരുടെയും സഹായം ഉറപ്പാക്കൽ.
- കുട്ടിയുടെ പഠനം, പരിരക്ഷ എന്നീ കാര്യങ്ങളിൽ രക്ഷിതാക്കളുടെ നിരന്തരപിന്തുണ ഉറപ്പാക്കൽ.

ഈ രണ്ടു മേഖലയിലെ കുട്ടികളെ കൂടാതെ സവിശേഷ ശ്രദ്ധയും പരിഗണനയും വേണ്ടവരാണ് വർധിച്ച അഭിരുചിയും കഴിവുമുള്ള കുട്ടികൾ (Gifted Children). ഇങ്ങനെ എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളാൻ കഴിയുംവിധം സ്കൂൾ പ്രവർത്തനങ്ങളെയും ഭൗതികസാഹചര്യങ്ങളെയും ശാസ്ത്രീയമായി ക്രമീകരിക്കേണ്ടതുണ്ട്.

മൂല്യങ്ങൾ, മനോഭാവങ്ങൾ, പ്രതിബദ്ധത എന്നിവ വളർത്തുന്നതിനുതകുന്ന മേഖലകൾ

പഠിതാവിൽ മാനവികമൂല്യങ്ങളെക്കുറിച്ചും ഭരണഘടനാമൂല്യങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുക, സാമൂഹികജീവിതം ശക്തിപ്പെടുത്തുന്ന മനോഭാവം സൃഷ്ടിക്കുക, സാമൂഹികപ്രതിബദ്ധത വളർത്തുക തുടങ്ങിയവ പാഠ്യപദ്ധതിയുടെ പ്രഥമ പരിഗണനാ വിഷയങ്ങളാണ്. ഇവ വളർത്താൻ നിർദേശിക്കപ്പെട്ട ആശയമേഖലകളുടെ വിശദാംശങ്ങൾ നൽകുന്നു

**ജനാധിപത്യബോധം**

വിവിധ വിഷയങ്ങളുടെ ഉള്ളടക്കം തിരഞ്ഞെടുക്കുമ്പോൾ ജനാധിപത്യത്തെ സംബന്ധിക്കുന്ന കാഴ്ചപ്പാടുകൾ പരിഗണിക്കണം. പഠനപ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും വിനിമയപ്രക്രിയയിലും ജനാധിപത്യസമീപനമുണ്ടാവണം. ജനാധിപത്യപരമായ ക്ലാസ്, സ്കൂൾ (ജനാധിപത്യവേദികൾ) എന്നിവയിലൂടെ ജനാധിപത്യപരമായ ജീവിതസമീപനം രൂപപ്പെടുത്തുകയെന്നത് പാഠ്യപദ്ധതിയുടെ ലക്ഷ്യമാണ്.

**ഭരണഘടനാമൂല്യങ്ങൾ**

നമ്മുടെ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളും ലക്ഷ്യങ്ങളും പാഠ്യപദ്ധതിയിൽ പ്രതിഫലിക്കേണ്ടതുണ്ട്. ഭരണഘടനാമൂല്യങ്ങൾ നേടിയെടുക്കാൻ വിദ്യാർഥികളെ പ്രാപ്തരാക്കുന്ന ഉള്ളടക്കവും വിനിമയപ്രക്രിയയും തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കണം.

**മതേതര മനോഭാവം**

മതേതര മനോഭാവം വളർത്താനുതകുന്ന വിഷയമേഖലകൾ ഉള്ളടക്കത്തിൽ ചേർക്കുകയും അതിനുതകുന്ന വിനിമയരീതി സ്വീകരിക്കുകയും ചെയ്യണം.

സഹിഷ്ണുത

വിയോജിക്കുന്നവരെപ്പോലും സഹിഷ്ണുതയോടെ കാണുക എന്ന തത്ത്വം പാഠ്യപദ്ധതി ലക്ഷ്യമാക്കേണ്ടതാണ്.

**ക്രിയാത്മക – സർഗാത്മക ചിന്ത**

വിദ്യാർഥികളിൽ സർഗാത്മകവും ക്രിയാത്മകവുമായ ചിന്തയും അന്വേഷണവും വളർത്തേണ്ടതുണ്ട്. പാഠ്യപദ്ധതിയുടെ ഉള്ളടക്കമേഖലകളിലും പഠനതന്ത്രങ്ങളിലും സർഗാത്മകമായ അന്വേഷണങ്ങൾക്കുള്ള സാധ്യതയുണ്ടാവണം; ബഹുമുഖബുദ്ധിയുടെ (ഌൗഹശേുഹല കിലേഹഹശഴലിരല) തലങ്ങൾ പരിഗണിക്കണം.

**സംസ്കൃതിയോടും പൈതൃകത്തോടുമുള്ള ആദരവ്**

നമ്മുടെ സാംസ്കാരിക പൈതൃകത്തോടും ചരിത്രത്തോടും ആദരപൂർവമായ മനോഭാവം സൃഷ്ടിക്കുകയെന്നത് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങളിലൊന്നാണ്.

**സമത്വം എന്ന ആശയം**

വിവിധ അവസരങ്ങളിലും പഠനപ്രവർത്തനങ്ങളിലും തുല്യത, സമഭാവന എന്നിവ ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്.

**നേതൃപാടവം**

പുതിയ സഹസ്രാബ്ദത്തിന്റെ വെല്ലുവിളികൾ നേരിടാനും സാധ്യതകൾ ഉപയോഗപ്പെടുത്താനുമുതകുന്ന നേതാക്കളെ സൃഷ്ടിക്കുന്നതിനു പര്യാപ്തമായ പഠനതന്ത്രങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. ക്ലാസ്റൂം പ്രവർത്തനങ്ങളിൽ എല്ലാ പഠിതാക്കളുടെയും പങ്കാളിത്തം ഉറപ്പാക്കുകയും നേതൃശേഷികൾ വികസിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യേണ്ടതുണ്ട്.

## ജീവിതനൈപുണി വിദ്യാഭ്യാസം (Life Skill Education)

ദൈനംദിന ജീവിതത്തിൽ വ്യക്തികൾക്കനുഭവപ്പെടുന്ന പ്രശ്നങ്ങളും പ്രതിബന്ധങ്ങളും ഫലപ്രദമായി നേരിടുന്നതിന് സഹായകമായ അനുകൂലവും അനുഗുണവുമായ പെരുമാറ്റത്തിലേക്കു നയിക്കുന്ന കഴിവുകളാണ് ജീവിതനൈപുണികൾ. സ്വയം അറിയൽ (Self awareness), സഹഭാവം (Empathy), ആശയവിനിമയശേഷി (Communication skill), വ്യക്ത്യന്തരബന്ധം (Inter personal relationship), സർഗാത്മകചിന്ത (Creative thinkings), വിമർശനാത്മകചിന്ത (Critical thinking), തീരുമാനങ്ങളെടുക്കൽ (Decision making), പ്രശ്നപരിഹരണം (Problem solving), വികാരങ്ങളെ അതിജീവിക്കൽ (Coping with emotions), മാനസിക സമ്മർദ്ദങ്ങളെ അതിജീവിക്കൽ (Coping with stress) എന്നിവയാണ് പ്രധാന ജീവിതനൈപുണികൾ. കുട്ടികളുടെ സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി ഈ മേഖലകളിലെ ഘടകങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ജീവിതത്തെ ആത്മവിശ്വാസത്തോടെ സമീപിക്കാനും മുന്നേറാനും ഇത്തരം നൈപുണികൾ പഠിതാവിനെ സഹായിക്കുന്നു.

### പൗരധർമം

രാഷ്ട്രത്തിന് ജനങ്ങളോടെന്നപോലെ പൗരൻമാർക്ക് രാഷ്ട്രത്തോടും ചില ധർമങ്ങളും കർത്തവ്യങ്ങളും നിർവഹിക്കാനുണ്ട്. രാഷ്ട്രവികസനം മനുഷ്യശേഷിവികസനമായി കാണുന്ന ഇന്നത്തെ കാലഘട്ടത്തിൽ പൗരബോധമുള്ള ജനതയെ സൃഷ്ടിക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ പ്രധാന ധർമം. ഒരു സ്വതന്ത്ര സമൂഹസൃഷ്ടിയോടൊപ്പം അച്ചടക്കബോധവും ഉത്തരവാദിത്വബോധവുമുള്ള ഒരു സമൂഹത്തിന്റെ സൃഷ്ടിക്കായി പൗരൻമാരെ തയാറാക്കേണ്ടത് വിദ്യാഭ്യാസ വ്യവസ്ഥയുടെ ലക്ഷ്യമാണ്.

### മുതിർന്നവരോടുള്ള ആദരം

മുതിർന്നവരോടുള്ള ആദരം സാംസ്കാരിക വിനിമയത്തിന്റെ ആണിക്കല്ലാണ്. എല്ലാ സംസ്കാരങ്ങളും മുതിർന്നവർക്ക് അർഹമായ പരിഗണനയും ആദരവും നൽകാറുണ്ട്. ജീവിതാനുഭവങ്ങളുടെ സഞ്ചിത ശേഖരമാണ് പ്രായമായവരുടെ പ്രധാന സവിശേഷത. അനുഭവങ്ങളുടെ മൂശയിൽ ഉരുവപ്പെട്ട അറിവുകൾ പുതുതലമുറയ്ക്ക് കൈമാറുന്നതിലൂടെ സാംസ്കാരിക ജീവിതം തുടർച്ചയുള്ളതും പൈതൃകത്തെ പരിഗണിക്കുന്നതുമാവും. കേരളീയ പശ്ചാത്തലത്തിൽ മുതിർന്നവരോടുള്ള പരിഗണന അവഗണനയുടെ തലത്തിലേക്ക് വഴിമാറിപ്പോകുന്നുവോയെന്ന ഭയാശങ്ക പ്രബലമാണ്. സ്നേഹാർദ്രവും സഹഭാവത്തോടെയുമുള്ള ഇടപെടലുകളിലൂടെ മുതിർന്നവരോടുള്ള ആദരം പ്രകടിപ്പിക്കാൻ പഠിതാക്കളെ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ ഉള്ളടക്കവിനിമയത്തിന്റെ ഭാഗമാവേണ്ടതുണ്ട്.

### മനുഷ്യാവകാശങ്ങൾ

മനുഷ്യരെന്ന നിലയിൽ അന്തസ്സോടെ ജീവിക്കാനുള്ള വ്യക്തികളുടെ അവകാശങ്ങളാണ് മനുഷ്യാവകാശങ്ങൾ. ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ പ്രഖ്യാപനത്തി

ലൂടെ സാർവത്രിക അംഗീകാരം ലഭിച്ച മനുഷ്യാവകാശങ്ങൾക്ക് പാഠ്യപദ്ധതി രൂപീകരണത്തിലും വിനിമയപ്രക്രിയയിലും പ്രാധാന്യം നൽകേണ്ടതുണ്ട്.

### കുട്ടികളുടെ അവകാശങ്ങൾ

കുട്ടികളുടെ എല്ലാവിധ അവകാശങ്ങളും സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം നമ്മുടെ കടമയായി മാറുന്നു.

### പാരിസ്ഥിതിക അവബോധം

പ്രകൃതിയെയും പ്രകൃതിവിഭവ സംരക്ഷണത്തെയും സംബന്ധിക്കുന്ന അടിസ്ഥാന കാഴ്ചപ്പാടുകൾ പ്രൈമറി ക്ലാസുകൾ മുതൽ ഉൾപ്പെടുത്തണം. വ്യക്തിശുചിത്വംപോലെ പ്രധാനമാണ് പരിസരശുചിത്വമെന്നും ശുചിത്വബോധം പൗരധർമത്തിന്റെ അടിസ്ഥാന ഘടകങ്ങളിലൊന്നാണെന്നും വിദ്യാർഥികളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. പ്രകൃതിയും പ്രകൃതിവിഭവങ്ങളും മനുഷ്യന്റെ ആവശ്യങ്ങൾക്കു മാത്രമുള്ളതല്ലെന്നും പ്രകൃതിയുടെ സന്തുലിതാവസ്ഥയിലുള്ള മാറ്റം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്കു കാരണമാവുമെന്നുമുള്ള മനോഭാവം വിദ്യാർഥികളിൽ വളർത്തണം. പ്രകൃതിവിഭവസംരക്ഷണവും പരിസരശുചിത്വവും ഒരു മൂല്യവ്യവസ്ഥയും മനോഭാവവുമാക്കിമാറ്റുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കണം.

### ജലസാക്ഷരത

ജലലഭ്യതയേയും ജലസംരക്ഷണത്തേയും അത് മാലിന്യമുക്തമായിരിക്കേണ്ട ആവശ്യകതേയും മനസ്സിലാക്കി ജലം അമൂല്യമാണ് എന്ന അവബോധം സൃഷ്ടിക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ ജലവിനിയോഗത്തിൽ കരുതേണ്ട സൂക്ഷ്മതകളേയും തിരിച്ചറിയാനുള്ള അവസരം പാഠ്യപദ്ധതി നൽകേണ്ടതാണ്.

### സമാധാനവിദ്യാഭ്യാസം

വ്യക്തിതലത്തിലും മറ്റുള്ളവരോടും പരിതസ്ഥിതികളോടും സമാധാനപരമായും സൗഹാർദപരമായും ഇടപെടാനുള്ള കഴിവും മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുകയാണ് സമാധാനവിദ്യാഭ്യാസത്തിന്റെ അടിസ്ഥാനം. സംഘർഷങ്ങളും സംഘർഷങ്ങൾക്ക് വഴിതെളിക്കുന്ന സാഹചര്യങ്ങളും ഒഴിവാക്കുകയും ശാന്തിയുടെയും സൗഹൃദത്തിന്റെയും സമാധാനത്തിന്റെയും സാധ്യതകൾ പാഠ്യപദ്ധതിയിലെ വിവിധ വിഷയമേഖലകളിലൂടെ അവതരിപ്പിക്കുകയും ചെയ്യേണ്ടത് സമാധാനവിദ്യാഭ്യാസത്തിന് അനിവാര്യമാണ്.

### നിയമസാക്ഷരത

നിയമങ്ങളെ സംബന്ധിക്കുന്ന അറിവും അവബോധവും ഒരു ജനാധിപത്യരാജ്യത്തിലെ പൗരന്മാർക്ക് അനിവാര്യമാണ്. നിയമസാക്ഷരത ഉറപ്പാക്കുന്നതിനാവശ്യമായ പാഠഭാഗങ്ങൾ വിഷയബന്ധിതമായി ഉൾപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. നിയമസഹായവേദി, നിയമക്ലബ്ബുകൾ, നിയമ ക്ലിനിക്കുകൾ, നിയമബോധവൽക്കരണം എന്നിങ്ങനെ വ്യത്യസ്ത പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്.

## സൈബർ സാക്ഷരത

വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളും ക്രിമിനൽ പ്രവർത്തനങ്ങളും ദിനംപ്രതിയെന്നോണം വർധിക്കുന്നുണ്ട്. കുട്ടികളെ ഇത്തരം പ്രവർത്തനങ്ങളിൽ നിന്ന് അകറ്റിനിർത്താനുതകുന്ന ബോധവൽക്കരണം പാഠ്യപദ്ധതിയിൽ ഭാഗമായി ഉൾപ്പെടുത്തണം. ഇന്റർനെറ്റ്, സോഷ്യൽ നെറ്റ്‌വർക്കിങ് സൈറ്റുകൾ, ഇ-മെയിൽ തുടങ്ങിയവയുടെയൊക്കെ ഉപയോഗത്തെ സംബന്ധിക്കുന്ന വ്യക്തവും കൃത്യവുമായ ധാരണയും അറിവും പകർന്നു നൽകണം. സൈബർ കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷയെ സംബന്ധിച്ചും ഇന്റർനെറ്റ് ഉപയോഗത്തിലെ ധാർമ്മികതയെക്കുറിച്ചും ബോധവൽക്കരിക്കുന്നതിന് പാഠ്യപദ്ധതി അവസരമൊരുക്കണം.

## മാധ്യമ അവബോധം

മാധ്യമങ്ങളാൽ നയിക്കപ്പെടുന്ന സമൂഹമാണ് നമ്മുടേത്. ദൃശ്യമാധ്യമങ്ങളെ ഒഴിച്ചുനിർത്തിയുള്ള ജീവിതം സ്വപ്നം കാണാൻപോലും സാധ്യമല്ലാത്തവിധം മാധ്യമങ്ങൾ നിത്യജീവിതത്തിന്റെ ഭാഗമായി കഴിഞ്ഞു. ദൃശ്യമാധ്യമങ്ങൾ പഠിതാക്കളെ വിപുലമായി സ്വാധീനിക്കുന്നുണ്ട്. വിമർശാനാത്മക മാധ്യമ അവബോധത്തിന് സഹായിക്കുന്ന വിവിധ ഘടകങ്ങൾ പാഠ്യപദ്ധതി ഉള്ളടക്കമേഖലകളിൽ ആവശ്യമാണ്.

## സുസ്ഥിര വികസന കാഴ്ചപ്പാട്

ഭൂമി മനുഷ്യനു മാത്രം അവകാശപ്പെട്ടതല്ലെന്നുള്ള പാരിസ്ഥിതികാവബോധം പാഠ്യപദ്ധതി പകർന്നു നൽകേണ്ടതുണ്ട്. പാരിസ്ഥിതികമായ വെല്ലുവിളികളെ സംബന്ധിച്ചും പരിസ്ഥിതിത്തകർച്ചയ്ക്കു കാരണമാവുന്ന മനുഷ്യന്റെ ഇടപെടലുകളെ സംബന്ധിച്ചും പരിസ്ഥിതിയെ ഗുരുതരമായ അപകടങ്ങളിൽനിന്ന് എങ്ങനെ രക്ഷപ്പെടുത്തുമെന്നതിനെക്കുറിച്ചുമുള്ള തിരിച്ചറിവ് ഇക്കാലത്ത് പ്രധാനമാണ്. പരിസ്ഥിതിയും വികസനവും എങ്ങനെ യോജിപ്പിച്ചുപോകാം എന്ന അന്വേഷണവും സുസ്ഥിരവികസനത്തെ സംബന്ധിക്കുന്ന കാഴ്ചപ്പാടുകളും അന്വേഷണങ്ങളും പാഠ്യപദ്ധതി ഉയർത്തിപ്പിടിക്കേണ്ടതാണ്. സമഗ്രമായ പാരിസ്ഥിതികാവബോധം സൃഷ്ടിക്കുകയെന്നത് പാഠ്യപദ്ധതി ലക്ഷ്യങ്ങളിലൊന്നാണ്.

## കൗമാരവിദ്യാഭ്യാസം

ശിശുമനഃശാസ്ത്രജ്ഞരുടെയും ആരോഗ്യപ്രവർത്തകരുടെയും ഡോക്ടർമാരുടെയും അധ്യാപകരുടെയും സംയുക്ത പരിശ്രമങ്ങളിലൂടെ കൗമാരവിദ്യാഭ്യാസത്തിനാവശ്യമായ ഉള്ളടക്കമേഖലകൾ വിവിധ വിഷയങ്ങളിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യത പരിഗണിക്കേണ്ടതുണ്ട്. പഠിതാക്കളുടെ ആരോഗ്യം, ശുചിത്വം എന്നിവ സംബന്ധമായ സംശയങ്ങളെയും അവ്യക്തതകളെയും ശാസ്ത്രീയമായി പരിഗണിക്കേണ്ടത് അനിവാര്യമാണ

## ഉപഭോഗസംസ്കാരം

ഉപഭോഗസംസ്കാരത്തിന്റെ ദൂഷ്യഫലങ്ങളെ സംബന്ധിക്കുന്ന വസ്തുതകൾ പ്രൈമറി ക്ലാസുകൾ മുതൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഉപഭോക്താവ് എന്ന നിലയിലുള്ള നമ്മുടെ അവകാശങ്ങളും ഉപഭോക്തൃനിയമങ്ങളും വിഷയബന്ധിത

മായി കടന്നുവരണം.

**ലഹരിവിരുദ്ധ മനോഭാവം**

മദ്യം, മയക്കുമരുന്നുകൾ, പുകയില, മറ്റു ലഹരിപദാർഥങ്ങൾ എന്നിവയുടെ ഉപയോഗം പുതുതലമുറയുടെ ആരോഗ്യം തകർക്കുന്നുവെന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. ഭാവി തലമുറയെ ഇവയുടെ ദൂഷിതവലയത്തിൽ നിന്നു സംരക്ഷിക്കേണ്ടതാണ്. ഇതിനായി ലഹരി ഉപയോഗത്തിന്റെ ശാരീരിക - മാനസികാഘാതങ്ങളും അപകടങ്ങളും വ്യക്തമാക്കുന്ന ചിത്രങ്ങൾ, ലഘുകുറിപ്പുകൾ, ദൃശ്യങ്ങൾ എന്നിവ ഉള്ളടക്കമേഖലയുടെ പരിഗണനയിൽ വരേണ്ടതാണ്. ലഹരിവിരുദ്ധ മനോഭാവം സൃഷ്ടിക്കുകയാവണം ഇവയുടെയെല്ലാം അടിസ്ഥാനലക്ഷ്യം.

**ലിംഗനീതി**

പാഠ്യപദ്ധതി ലിംഗസമത്വവും ലിംഗനീതിയും ഉറപ്പാക്കുന്നതാവണം. ആൺ-പെൺ വിവേചനം പാഠ്യപദ്ധതിയിൽ കടന്നുവരാൻ പാടില്ല. പാഠപുസ്തകങ്ങളിലെ ചിത്രങ്ങളിൽപ്പോലും ലിംഗനീതിയുടെ കാഴ്ചപ്പാടുകളുണ്ടാവേണ്ടതുണ്ട്. പഠനപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പാക്കുമ്പോൾ ലിംഗനീതി ഉറപ്പാക്കേണ്ടത് അധ്യാപകരുടെ ഉത്തരവാദിത്വമാണ്.

**മിതവ്യയശീലം**

പ്രൈമറിതലം മുതൽ തന്നെ മിതവ്യയശീലത്തിന്റെ ബാലപാഠങ്ങൾ കുട്ടികളിൽ സന്നിവേശിപ്പിക്കണം. മിതവ്യയശീലത്തിന്റെ പ്രസക്തിയും പ്രാധാന്യവും വ്യക്തമാക്കാം. മിതവ്യയശീലം പ്രായോഗികമാക്കാനുള്ള പ്രവർത്തനങ്ങളും സംഘടിപ്പിക്കാവുന്നതാണ്.

**റോഡ് സുരക്ഷ**

റോഡിൽ പാലിക്കേണ്ട നിയമങ്ങൾ, റോഡപകടങ്ങൾ ഒഴിവാക്കാനുള്ള പ്രായോഗിക നിർദേശങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയെല്ലാം റോഡ് സുരക്ഷയുടെ ഘടകങ്ങളാണ്. റോഡ് എന്നത് ഒരു പൊതുഇടമാണെന്നും നമുക്കുള്ളതുപോലെ മറ്റുള്ളവർക്കും റോഡ് ഉപയോഗിക്കാൻ സ്വാതന്ത്ര്യമുണ്ടെന്നുമുള്ള പൗരബോധം പകർന്നു നൽകേണ്ടതാണ്. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകണം.

പാഠ്യപദ്ധതിയുടെ സ്വാഭാവികമായ വിനിമയത്തിൽ ഈ മേഖലകളെ അടിസ്ഥാനമാക്കിയുള്ള പഠനാനുഭവങ്ങൾ ഉറപ്പുവരുത്തണം. വിവിധ വിഷയങ്ങളുടെ ഉള്ളടക്കപരമായ ആശയങ്ങൾ തിരഞ്ഞെടുക്കുമ്പോഴും പഠനപ്രവർത്തനങ്ങൾ ക്രമീകരിക്കുമ്പോഴും മതിയായ പരിഗണന ലഭിക്കേണ്ടതുണ്ട്. പഠന-ബോധന പ്രക്രിയയിലൂടെ കടന്നുപോകുമ്പോൾ ഇത്തരം ആശയങ്ങളുമായി ബന്ധപ്പെട്ട അറിവ്, നൈപുണി, മനോഭാവം എന്നിവയ്ക്ക് ഊന്നൽ വേണം. ഈ ലക്ഷ്യങ്ങൾ നേടാൻ സാധിച്ചിട്ടുണ്ടോ എന്ന് നിരന്തരവിലയിരുത്തൽ പ്രക്രിയയിലൂടെ പരിശോധിക്കാനും കഴിയണം. വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ, ടജഇ, ചഇഇ, ടരീൗ & ഏൗശറലെ, ഖഞഇ, വിദ്യാരംഗം കലാസാഹിത്യവേദി തുടങ്ങിയ സംവിധാനങ്ങൾ മൂല്യങ്ങൾ, മനോഭാവങ്ങൾ, പ്രതി

ബദ്ധത എന്നിവ വളർത്താനുള്ള വേദികളാകണം.

**അവകാശാധിഷ്ഠിത വിദ്യാഭ്യാസം (Right based Education)**

കുട്ടികളുടെ അവകാശങ്ങൾ നിർണയിക്കുകയും ലോകവ്യാപകമായി നടപ്പാക്കുകയും ചെയ്യുന്നതിന് യുനസ്കോ മുൻകൈയെടുക്കുകയുണ്ടായി. ഇതേ തുടർന്ന് വിവിധ രാജ്യങ്ങളിൽ കുട്ടികളുടെ അവകാശസംരക്ഷണവുമായി ബന്ധപ്പെട്ട് ഒട്ടേറെ നിയമ നിർമാണങ്ങൾ നടന്നിട്ടുണ്ട്. ഇന്ത്യയിൽ ദേശീയവിദ്യാഭ്യാസാവകാശനിയമം - 2009 നടപ്പാക്കിയത് ഒരു സുപ്രധാന നാഴികക്കല്ലായി കണക്കാക്കാം. കുട്ടികളുടെ എല്ലാ വിധ അവകാശങ്ങളും സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം മുതിർന്നവരായ നമ്മുടെ കടമയായി മാറുന്നു. വിദ്യാഭ്യാസ അവകാശങ്ങളെക്കുറിച്ചു പറയുമ്പോൾ അവ പ്രധാനമായും മൂന്നു മേഖലകളിലായിതിരിക്കാനാവും.

- പങ്കാളിത്തം (Participation)
- ലഭ്യത (Provision)
- സംരക്ഷണം (Protection)

തനിക്ക് ലഭ്യമായ അവകാശങ്ങളെക്കുറിച്ച് കുട്ടി ചിന്തിക്കുന്നത് എങ്ങനെയായിരിക്കും?

**പങ്കാളിത്തം**

- കുട്ടികളുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളിലും എന്റെ അഭിപ്രായം ആരായുന്നുണ്ട്.
- തീരുമാനങ്ങളിൽ എന്റെ താൽപ്പര്യത്തിന് മുഖ്യപരിഗണന ലഭിക്കുന്നുണ്ട്.
- എന്റെ കഴിവുകളും പരിമിതികളും തിരിച്ചറിഞ്ഞ് നൽകുന്ന പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ എനിക്ക് അവസരം ലഭിക്കുന്നുണ്ട്.
- എന്റെ കഴിവുകൾ പരിപോഷിപ്പിക്കാനും പരിമിതികൾ മറികടക്കാനും കഴിയുന്ന വഴക്കമുള്ള പഠനപ്രക്രിയയിലൂടെ കടന്നുപോകാൻ കഴിയുന്നുണ്ട്.
- എന്റെ അഭിപ്രായങ്ങൾക്ക് മാന്യമായ സ്ഥാനം ലഭിക്കുന്നുണ്ട്.
- എനിക്കും കൂട്ടുകാർക്കും ക്ലാസിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ സജീവമായ പങ്കാളിത്തം ലഭിക്കുന്നുണ്ട്.
- എന്റെ കഴിവുകൾ പ്രകടിപ്പിക്കാൻ എനിക്കവസരം ലഭിക്കുന്നുണ്ട്.

**ലഭ്യത**

- മതിയായ വിദ്യാഭ്യാസയോഗ്യതയുള്ളവരും അറിവുകൾ കാലോചിതമായി പുതുക്കുന്നവരുമായ അധ്യാപകരുടെ സേവനം എനിക്ക് ലഭിക്കുന്നുണ്ട്.
- അനുവദിച്ചിട്ടുള്ള മുഴുവൻ സമയവും പഠനാനുഭവങ്ങൾ ലഭിക്കുന്നുണ്ട്.
- ശാരീരിക-മാനസിക വളർച്ചയെ പരിപോഷിപ്പിക്കുന്നതിന് യോജിച്ച ക്ലാസ്റൂം അന്തരീക്ഷം എനിക്ക് ലഭിക്കുന്നുണ്ട്.
- പഠനപ്രവർത്തനങ്ങൾക്കാവശ്യമായ പഠനോപകരണങ്ങൾ യഥാസമയം ഒരുക്കി

ത്തരാൻ എന്റെ അധ്യാപകർക്ക് കഴിയുന്നുണ്ട്.

- കലാ-കായിക പരിപോഷണത്തിന് ആവശ്യമായ ഉപകരണങ്ങളും അവസരങ്ങളും എനിക്ക് കിട്ടുന്നുണ്ട്.
- ഭാവിയിൽ തൊഴിൽ നേടുന്നതിനാവശ്യമായ മാർഗ നിർദ്ദേശങ്ങൾക്കും, ലഭ്യമാകുന്നത്.

**സംരക്ഷണം**

- വിദ്യാലയത്തിലോ പുറത്തോ യാതൊരുവിധ വിവേചനവും ഞാൻ അനുഭവിക്കുന്നില്ല.
- എന്നെ ഒരു തരത്തിലും ആരും അവഗണിക്കുന്നില്ല.
- ശാരീരികമായോ മാനസികമായോ ആയി ആരും എന്നെ പീഡിപ്പിക്കുന്നില്ല.
- നിർഭയമായി അധ്യാപകരോട് ഇടപെടാൻ എനിക്ക് കഴിയുന്നുണ്ട്.
- കുട്ടിയാണെങ്കിലും എനിക്ക് സ്വകാര്യതയുണ്ട് എന്ന് എല്ലാവരും അംഗീകരിക്കുന്നുണ്ട്.
- വിദ്യാലയത്തിലും വീട്ടിലും ഞാൻ ഏറ്റവും സുരക്ഷിതമായിരിക്കും എന്ന് എനിക്ക് ഉറപ്പുണ്ട്.
- മാനസികവും ശാരീരികവുമായി ഞാനനുഭവിക്കുന്ന പ്രയാസങ്ങളിൽ കൈത്താങ്ങ് നൽകി എന്നെ ശാക്തീകരിക്കാനുള്ള സൗകര്യം വിദ്യാലയം പ്രദാനം ചെയ്യുന്നുണ്ട്.

കുട്ടികളുടെ അവകാശങ്ങൾ ഇതൊക്കെയാണെങ്കിൽ അത് ഉറപ്പുവരുത്തുന്നതിന് തനിക്ക് എന്തൊക്കെ ചെയ്യാൻ സാധിച്ചിട്ടുണ്ട്? ഇനിയും താൻ എന്തൊക്കെ ചെയ്യേണ്ടതുണ്ട് എന്ന് ഓരോ അധ്യാപകനും അധ്യാപികയും ചിന്തിക്കേണ്ടതുണ്ട്.

സഹരക്ഷാകർതൃത്വം (മെന്ററിങ്)

ദേശീയവിദ്യാഭ്യാസാവകാശനിയമം അധ്യാപകനെ/അധ്യാപികയെ സഹരക്ഷിതാവ് (mentor) ആയി കണക്കാക്കുന്നു. സമഗ്ര സ്കൂൾ വികസനപരിപ്രേക്ഷ്യത്തിൽ സഹരക്ഷകർത്വത്തിന് വലിയ പ്രസക്തിയും പ്രാധാന്യവുമുണ്ട്.

വിദ്യാഭ്യാസപ്രക്രിയയിലെ മുഖ്യഘടകമായ അധ്യാപക-വിദ്യാർത്ഥി ബന്ധത്തിൽ കാതലായ മാറ്റം ഉണ്ടായിട്ടുണ്ട്. വിജ്ഞാനം വിതരണം ചെയ്യുന്ന ആളായല്ല; കുട്ടികൾക്ക് വിജ്ഞാനം നേടാനുള്ള വിവിധങ്ങളായ അവസരങ്ങൾ ഏകോപിപ്പിക്കുന്ന വ്യക്തിയായാണ് അധ്യാപിക പ്രവർത്തിക്കേണ്ടത്.

യഥാർഥത്തിൽ മറ്റൊരു വീടുതന്നെയാണ് വിദ്യാലയം. അധ്യാപകരാകട്ടെ, വീട്ടുകാരും. പഠിതാക്കൾക്ക് വീട്ടിൽനിന്ന് ലഭിക്കേണ്ട സ്നേഹം, പരിഗണന, സുരക്ഷിതത്വബോധം, അംഗീകാരം എന്നിവ ഏറിയും കുറഞ്ഞുമാണ് ലഭിക്കുന്നത് എന്ന തിരിച്ചറിവ് ഓരോ അധ്യാപകനും അധ്യാപികയ്ക്കും ഉണ്ടാവണം. ഇത് തിരിച്ചറിയുകയും ഓരോ കുട്ടിക്കും വേണ്ട രീതിയിൽ ഇവ കൊടുക്കുകയും ചെയ്യാൻ കഴിയുമ്പോഴാണ് അവ

രുടെ ഉത്തരവാദിത്വം പൂർണമാകുന്നത്. അപ്പോഴാണ് സ്കൂൾ വീടാകുന്നത്.

സ്നേഹം, പരിഗണന, സുരക്ഷിതത്വബോധം, അംഗീകാരം തുടങ്ങിയവ നൽകി ഒരു സഹരക്ഷിതാവായും പഠനനേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള സഹായിയായും മാറുമ്പോഴാണ് പുതിയ കാലഘട്ടത്തിന്റെ അധ്യാപിക/അധ്യാപകനായി മാറുന്നത്.

സഹരക്ഷാകർതൃത്വത്തിലൂടെ വഴികാട്ടൽ, ഉപദേശം, പിന്തുണ, മെച്ചപ്പെടുത്തലിനുള്ള അവസരം തുടങ്ങിയവ കുട്ടികൾക്ക് ലഭിക്കുന്നു. അനുഭവസ്ഥനായ മുൻഗാമി എന്ന നിലയിലാക്കാൻ സഹരക്ഷാകർത്താവ് ഇടപെടലുകൾ നടത്തേണ്ടത്. ബോധനത്തിന് ആവശ്യമായ സഹായങ്ങളും കൗൺസലിങ്ങുമെല്ലാം ഇതിന്റെ ഭാഗമാണ്. പഠിതാവിൽ ഒളിഞ്ഞുകിടക്കുന്ന കഴിവുകൾ പുറത്തുകൊണ്ടുവരാൻ ഒരു നല്ല മെന്റർക്ക് കഴിയും.

മെന്ററിങ്ങിലൂടെ;

- അധ്യാപകനും വിദ്യാർഥിക്കും മികച്ച വിദ്യാഭ്യാസ അനുഭവങ്ങൾ ലഭിക്കുന്നു.
- അധ്യാപകന്റെയും വിദ്യാർഥിയുടെയും അറിവിന്റെ മേഖല വികസിക്കുന്നു.
- വിദ്യാർഥിയും സ്കൂളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുന്നു.
- വിദ്യാർഥിയുടെ പഠനപുരോഗതിയും വ്യക്തിത്വവികാസവും ഉറപ്പുവരുത്തുന്നു.
- കൂട്ടായ ചിന്തയും തീരുമാനമെടുക്കലും പ്രവർത്തനങ്ങളും സാധ്യമാകുന്നു.
- രക്ഷിതാക്കളും സ്കൂളും തമ്മിലുള്ള ബന്ധം ശക്തമാവുകയും കുട്ടിയുടെ പഠനനിലയെ സംബന്ധിച്ച് ധാരണയുണ്ടാവുകയും ചെയ്യുന്നു.
- കല-ആരോഗ്യ-കായിക-പ്രവൃത്തിപഠന മേഖലകളിലെ കുട്ടികളുടെ പങ്കാളിത്തവും വിലയിരുത്തലും ശക്തിപ്പെടുത്തുന്നു.

കുട്ടിയുടെ പഠനതാൽപ്പര്യത്തെയും വ്യക്തിത്വവികാസത്തെയും ത്വരിതപ്പെടുത്തുന്നതിനുള്ള പരിഹാരബോധനപ്രക്രിയയെയും നിരന്തര മൂല്യനിർണയപ്രക്രിയയെയും സഹായിക്കുന്ന പ്രക്രിയയായി മെന്ററിങ് വികസിക്കേണ്ടതുണ്ട്. മെന്ററിങ് അനുഭവങ്ങളുമായി ബന്ധപ്പെട്ട കുറിപ്പുകൾ സഞ്ചിതരേഖയിൽ ചേർക്കണം.

സ്കൂളിലെ മുഴുവൻ അധ്യാപകരും സഹരക്ഷിതാവായി പ്രവർത്തിക്കണം. എല്ലാ പഠിതാക്കൾക്കും സഹരക്ഷാകർത്വത്തിന്റെ അനുഭവങ്ങൾ ലഭ്യമാക്കണം. ക്ലാസിലെ എല്ലാ കുട്ടികളെയും ചെറിയ ഗ്രൂപ്പുകളായി കണക്കാക്കുകയും ഓരോ ഗ്രൂപ്പിന്റെയും പുരോഗതി ഉറപ്പാക്കാൻ ഓരോ അധ്യാപകനും ചുമതല നൽകാവുന്നതാണ്.

## അധ്യാപകർ തൊഴിൽപരമായി പാലിക്കേണ്ട ധാർമിക നിയമസംഹിത
## (Code of Professional Ethics for School Teachers)

1. വിദ്യാർഥികളോടുള്ള ഉത്തരവാദിത്വങ്ങൾ

1.1 എല്ലാ വിദ്യാർഥികളോടും സ്നേഹവാത്സല്യങ്ങളോടെ പെരുമാറുന്നു.

- എല്ലാ വിദ്യാർഥികളോടും സമഭാവനയോടെ പെരുമാറുക.
- പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് പ്രത്യേക പരിഗണന നൽകുക.
- വിദ്യാർഥികളിൽ ആത്മവിശ്വാസം, താൽപ്പര്യം, പ്രത്യാശ എന്നിവ ജനിപ്പിക്കുന്ന തരത്തിലാവണം പെരുമാറ്റം.

1.2 ജാതി, മതം, വർഗം, വർണം, സാമ്പത്തികനില, ഭാഷ, ലിംഗം, ജന്മസ്ഥലം എന്നീ പരിഗണനകളില്ലാതെ, നീതി, പക്ഷപാതരാഹിത്യം എന്നീ മൂല്യങ്ങളെ ബഹുമാനിക്കുന്നു.

- അധ്യാപകർക്ക് ജനാധിപത്യതത്ത്വങ്ങളിലും സഹിഷ്ണുതയിലും സാമൂഹികനീതിയിലുമുള്ള വിശ്വാസം വിദ്യാർഥികളിലേക്കും പകരുന്നു.
- അധ്യാപകരുടെ വ്യക്തിപരമായ വിശ്വാസങ്ങൾ, ഭരണഘടനാതത്ത്വങ്ങൾക്ക് എതിരായിരുന്നാൽ അത് സ്കൂൾ സംവിധാനത്തെ ഗുരുതരമായി ബാധിക്കും.

1.3 വിദ്യാർഥിയുടെ ശാരീരികവും ബൗദ്ധികവും വൈകാരികവും സദാചാരപരവും സാമൂഹികവും ആത്മീയവുമായ വികാസത്തിന് അന്തരീക്ഷമൊരുക്കുന്നു.

- ശാരീരികവും മാനസികവുമായ ശേഷികൾ അതിന്റെ പൂർണതയിലേക്കു വികസിക്കുന്ന കാലമാണ് സ്കൂൾ വിദ്യാഭ്യാസകാലം.
- ബൗദ്ധിക മണ്ഡലത്തിനുമാത്രം വികാസം നൽകലാവരുത് വിദ്യാഭ്യാസം.
- സർവതോമുഖമായ വ്യക്തിത്വവികാസമായിരിക്കണം വിദ്യാഭ്യാസലക്ഷ്യം.

1.4 സ്കൂൾ ജീവിതത്തിന്റെ എല്ലാ തലത്തിലും വിദ്യാർഥിയുടെ വ്യക്തിത്വം മാനിക്കപ്പെടുന്നു.

- മനുഷ്യൻ എന്ന നിലയിൽ ഒരു വിദ്യാർഥിക്കുള്ള ജനാധിപത്യ അവകാശങ്ങളും അന്തസ്സും പരിഗണിക്കപ്പെടേണ്ടതുണ്ട്.
- അധ്യാപകരുടെ ഭാഗത്തുനിന്നുള്ള പ്രതികൂലമായ അഭിപ്രായപ്രകടനം വിദ്യാർഥിയുടെ ആത്മാഭിമാനത്തെ മുറിപ്പെടുത്തുകയും പഠനത്തെ ബാധിക്കുകയും ചെയ്യും.
- സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും എല്ലാ കുട്ടികളുടെയും സജീവമായ പങ്കാളിത്തം പ്രോത്സാഹിപ്പിക്കണം.
- ഐക്യരാഷ്ട്രസഭ അംഗീകരിച്ചതും ഇന്ത്യകൂടി ഒപ്പുവച്ചതുമായ കുട്ടികളുടെ അവകാശപ്രഖ്യാപനവും കുട്ടികളുടെ അവകാശസംരക്ഷണ കമ്മീഷൻ റിപ്പോർട്ടും അധ്യാപകർ മനസ്സിലാക്കി പ്രവർത്തിക്കേണ്ടതുണ്ട്.

- സ്കൂളുകളിൽ അച്ചടക്കം പാലിക്കുന്നതിനുവേണ്ടി രൂപപ്പെടുത്തുന്ന നിയമാവലി കുട്ടികളുടെ മനുഷ്യത്വപരമായ അവകാശങ്ങൾ നിഷേധിക്കുന്നതാവരുത്.

1.5 കുട്ടികളുടെ ആന്തരികശേഷികളും പ്രതിഭയും പ്രാവർത്തികമാക്കാനുള്ള ആസൂത്രിതവും ചിട്ടപ്പെടുത്തിയതുമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകണം.

- കേവലമായ അക്കാദമികനേട്ടങ്ങൾക്ക് ഉപരിയായി ഓരോ കുട്ടിയുടെയും ശേഷിയും പ്രതിഭയും തിരിച്ചറിയുക എന്നത് അധ്യാപകരുടെ പ്രധാന കടമയാണ്.
- വിദ്യാർഥികളുടെ എല്ലാവിധ കഴിവുകളും വികസിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ഉണ്ടാകണം.

1.6 ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഉൾക്കൊള്ളുന്ന വിധത്തിലാവണം പാഠ്യപദ്ധതി വിനിമയം.

- ജനാധിപത്യം, മതനിരപേക്ഷത, സമത്വം, നീതി, സ്വാതന്ത്ര്യം എന്നീ ഭരണഘടനാ മൂല്യങ്ങൾ പാഠ്യപദ്ധതി വിനിമയത്തിന്റെ പ്രധാനപ്പെട്ട ആന്തരികധാരയാവണം.
- ഭരണഘടനയിൽ പൗരന്മാരുടെ കടമകളെക്കുറിച്ച് പറയുന്ന ആർട്ടിക്കിൾ 51 എ മനസ്സിലാക്കുകയും അതിലെ എ മുതൽ കെ വരെയുള്ള ഖണ്ഡങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുകയും ചെയ്യണം.

1.7 വിദ്യാർഥികളുടെ ആവശ്യങ്ങൾ അനുസരിച്ച് അധ്യാപികയുടെ/ അധ്യാപകന്റെ അധ്യാപനരീതി പരിഷ്കരിക്കുന്നു.

- നിരന്തരവിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കുട്ടിയുടെ പ്രകൃതം, ആർജിതമായ അറിവ്, അഭിരുചി, പഠനരീതി തുടങ്ങിയവ പരിഗണിച്ച് ബോധനതന്ത്രങ്ങളിൽ ആവശ്യമായ പരിഷ്കരണം നിരന്തരം നടത്തേണ്ടതുണ്ട്.

1.8 കുട്ടികൾ നൽകുന്ന അവരുടെ വ്യക്തിപരമായ വിവരങ്ങളുടെ രഹസ്യസ്വഭാവം സൂക്ഷിക്കുകയും ആ വിവരങ്ങൾ നിയമപരമായി കൈമാറാവുന്നവർക്കുമാത്രം കൈമാറുകയും ചെയ്യുന്നു.

- ഒരു കൗൺസലർ കൂടിയായ അധ്യാപിക/അധ്യാപകന് കുട്ടിയുടെ വ്യക്തിപരമായ വിവരങ്ങളെല്ലാം അറിയാം.
- ഈ വിവരങ്ങൾ കുട്ടിയുടെ നന്മയ്ക്കുവേണ്ടി വിവേകപൂർവം മാത്രമേ ഉപയോഗപ്പെടുത്താൻ പാടുള്ളൂ.

1.9 കുട്ടികളെ ഭയപ്പെടുത്തുക, ഉൽക്കണ്ഠാകുലരാക്കുക, ശാരീരികമായി ശിക്ഷിക്കുക, മാനസികവും വൈകാരികവുമായി പീഡിപ്പിക്കുക എന്നിവയിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നു.

- കുട്ടിയെ ലൈംഗികപീഡനങ്ങളുൾപ്പെടെയുള്ള പീഡനങ്ങളിൽനിന്നും അവഗണനയിൽനിന്നും ചൂഷണത്തിൽനിന്നും സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം അധ്യാപകർക്കുണ്ട്.

- ശിക്ഷ മെച്ചപ്പെട്ട പഠനത്തിലേക്കു നയിക്കും എന്ന തെറ്റിദ്ധാരണ തിരുത്തപ്പെടേണ്ടതുണ്ട്.
- ഇത്തരം കാര്യങ്ങളിൽ കുട്ടിക്കു ലഭിക്കുന്ന നിയമപരിരക്ഷയെക്കുറിച്ചും അധ്യാപകർ അറിഞ്ഞിരിക്കണം.

1.10 ഏതു വിധേനയുമുള്ള ലൈംഗികചൂഷണത്തിൽനിന്നും കുട്ടിയെ സംരക്ഷിക്കുന്നു.

- ലൈംഗികചൂഷണം ശാരീരിക്കമായ ആഘാതങ്ങൾ മാത്രമല്ല, വളരെക്കാലം തങ്ങിനിൽക്കുന്ന മാനസികാഘാതവുംകൂടി കുട്ടിക്കുണ്ടാക്കുന്നു.
- ബഹുമാനപ്പെട്ട ഇന്ത്യൻ സുപ്രീംകോടതിയും എൻ.സി.പി. ആറും ജോലി സ്ഥലങ്ങളിലും സ്കൂളുകളിലും നടക്കുന്ന ലൈംഗികചൂഷണത്തിനെതിരെ നൽകിയിട്ടുള്ള മാർഗനിർദേശങ്ങൾ അധ്യാപകർ പാലിക്കേണ്ടതാണ്.

2. രക്ഷിതാക്കളോടും സമൂഹത്തോടുമുള്ള ഉത്തരവാദിത്വങ്ങൾ

2.1 മാതാപിതാക്കളോടും രക്ഷകർത്താക്കളോടും വിനയപൂർവമുള്ള ബന്ധം സ്ഥാപിക്കുന്നു.

- കുട്ടിയെ കൂടുതൽ അറിയുന്നതിന് അവരുടെ രക്ഷകർത്താക്കളുമായും സുഹൃത്തുക്കളുമായും അധ്യാപകർ നല്ല ബന്ധം പുലർത്തേണ്ടത് ആവശ്യമാണ്.
- അധ്യാപകരും രക്ഷകർത്താക്കളുമായുള്ള സ്നേഹപൂർണമായ ബന്ധം കുട്ടിയെ അധ്യാപകരുമായി കൂടുതൽ അടുപ്പിക്കും.
- ഭൂരിപക്ഷം രക്ഷിതാക്കളും തങ്ങളുടെ കുട്ടികളുടെ സ്കൂളിനകത്തും പുറത്തുമുള്ള പ്രവർത്തനങ്ങൾ അവരുടെ അധ്യാപകരിൽനിന്ന് അറിയാൻ താൽപ്പര്യമുള്ളവരാണ്.
- വളർച്ചയുടെ ഘട്ടത്തിൽ കുട്ടികൾക്കു സംഭവിക്കുന്ന പിഴവുകൾകൂടി നേട്ടങ്ങളോടൊപ്പം രക്ഷിതാക്കളുമായി പങ്കുവയ്ക്കുന്നത് വലിയ ദുരന്തങ്ങൾ ഒഴിവാക്കുന്നതിന് സഹായകമാകും.

2.2 കുട്ടികളുടെ അന്തസ്സിനെ ഹനിക്കുന്ന ഏതു പ്രവൃത്തിയിൽനിന്നും വിട്ടുനിൽക്കുക.

- മറ്റുള്ള വിദ്യാർഥികളുടെ മുന്നിൽവച്ച് ആത്മാഭിമാനത്തെ ഇടിച്ചുതാഴ്ത്തി സംസാരിക്കുന്നത് ഒഴിവാക്കേണ്ടതാണ്.
- അതുപോലെത്തന്നെ രക്ഷിതാക്കളുടെ അഭിമാനത്തെയും ചോദ്യം ചെയ്യരുത്.
- ഏതെങ്കിലും ഒരു വിഭാഗം കുട്ടികളുടെ മാത്രം പശ്ചാത്തലത്തെ (ജാതി, മതം, സാമ്പത്തികം, ....) പുകഴ്ത്തിപ്പറയുന്നത് മറ്റുള്ള കുട്ടികളിൽ വിദ്വേഷം ജനിപ്പിക്കും.

2.3 കുട്ടികൾക്കിടയിൽ ഇന്ത്യയുടെ സാംസ്കാരികപൈതൃകത്തെക്കുറിച്ച് അഭിമാനബോധം വികസിപ്പിക്കാൻ ശ്രമിക്കുന്നു.

- അനേകം സംസ്കാരങ്ങളുടെയും ഭാഷകളുടെയും മതങ്ങളുടെയും വിശ്വാസങ്ങളുടെയും നാടാണ് ഇന്ത്യ. ഇത് ഓരോ ക്ലാസ് മുറിയിലും പ്രതിഫലിക്കും.

- എന്നാൽ ഇന്ത്യയിൽ ഈ നാനാത്വത്തിലും ഏകത്വം രൂപംകൊണ്ടിട്ടുണ്ട്.
- പരസ്പരമുള്ള സഹിഷ്ണുതയും എല്ലാ സംസ്കാരങ്ങളെയും ബഹുമാനിക്കാനുള്ള മനസ്സും വേണം.
- ഈ തത്ത്വം പാഠ്യപദ്ധതിയിലൂടെ വളർത്തിയെടുക്കാനുള്ള ബോധപൂർവമായ ശ്രമം ആവശ്യമാണ്.

2.4 വിവിധ ജനവിഭാഗങ്ങൾ തമ്മിലുള്ള വിദ്വേഷവും ശത്രുതയും വളർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഒഴിവാക്കണം.

- എല്ലാ മതങ്ങളോടും വിശ്വാസങ്ങളോടും ഭാഷകളോടും തുല്യബഹുമാനം വളർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ക്ലാസിൽ നടക്കേണ്ടത്.
- ദേശീയോദ്ഗ്രഥനത്തിന്റെ അടിത്തറ ആദ്യം ഇന്ത്യക്കാരൻ, പിന്നെ മാത്രം ഒരു വിഭാഗത്തിലെ അംഗം എന്ന ധാരണയാണ്.
- ഏതെങ്കിലും ഒരു വിഭാഗത്തിന്റെ പ്രചാരണത്തിനായി സ്കൂൾ / ക്ലാസ് ഉപയോഗപ്പെടുത്തരുത്.
- കാലികമായ സാമൂഹിക - രാഷ്ട്രീയ കാര്യങ്ങൾ ചർച്ചചെയ്യുമ്പോഴും അധ്യാപകൻ/അധ്യാപിക ഏതെങ്കിലും ഒരു പക്ഷത്തു നിന്ന് സംസാരിക്കരുത്.

3. അധ്യാപനം എന്ന തൊഴിലിനോടും സഹപ്രവർത്തകരോടുമുള്ള ഉത്തരവാദിത്വങ്ങൾ.

3.1 തൊഴിൽവൈദഗ്ധ്യം വികസിപ്പിക്കുന്നതിന് നിരന്തരം പരിശ്രമിക്കുന്നു.

- ഒരു വിദ്യാർഥിയെ നിരന്തരപഠിതാവാക്കാൻ ശ്രമിക്കുന്ന അധ്യാപകനും അങ്ങനെ ആകേണ്ടതുണ്ട്,
- നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്ന വിജ്ഞാനമേഖലകളെക്കുറിച്ചും അധ്യാപനരീതികളെക്കുറിച്ചുമുള്ള അറിവ് ശേഖരിക്കാനും പ്രയോഗത്തിൽ വരുത്താനും കഴിയണം.
- ഏതെല്ലാം തലങ്ങളിൽനിന്ന് തനിക്ക് പുതിയ അറിവുകൾ ലഭിക്കും എന്ന് അന്വേഷിക്കുകയെന്നത് അധ്യാപകന്റെ കടമയാണ്.

3.2 സഹപ്രവർത്തകർ തമ്മിലും മറ്റുള്ളവർ തമ്മിലുമുള്ള ബോധപൂർവമായ ആശയവിനിമയത്തിലൂടെ പുതിയൊരു സംരംഭം സൃഷ്ടിക്കുന്നു.

- അക്കാദമികമായ ഉണർവ് ജനിപ്പിക്കുന്നതും എല്ലാ അധ്യാപകർക്കും തങ്ങളുടേതായ സംഭാവന നൽകാൻ കഴിയുന്നതുമായ ഒരു നൈതികത സ്കൂളിൽ സൃഷ്ടിക്കേണ്ടതുണ്ട്.
- ഇങ്ങനെയൊരുണർവ് ഉണ്ടാക്കുന്നതിന് ആസൂത്രിതവും ഫലപ്രദവുമായ സഹകരണം എല്ലാ അധ്യാപകരിൽനിന്നും ഉണ്ടാവണം.
- സ്കൂളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ എല്ലാ അധ്യാപകരുടെയും ക്രിയാത്മകമായ നിർദേശങ്ങളും പ്രവർത്തനങ്ങളും ഉണ്ടാകണം.

- അധ്യാപകരെ മാത്രമല്ല, സ്കൂൾ വിഷയങ്ങളിൽ താൽപ്പര്യമുള്ള എല്ലാ വിഭാഗത്തെയും ഇത്തരം പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ അധ്യാപകന് കഴിയണം.

3.3 സഹപ്രവർത്തകരോട് അന്തസ്സോടെയും ബഹുമാനത്തോടെയും പെരുമാറുന്നു.

- സ്കൂളിലെ എല്ലാ അധ്യാപകരോടും അവരുടെ വിദ്യാഭ്യാസയോഗ്യതയോ അവർ ഏതു വിഭാഗത്തിലെ കുട്ടികളെ പഠിപ്പിക്കുന്നുവെന്നോ പരിഗണിക്കാതെ അന്തസ്സോടെയും ബഹുമാനത്തോടെയും പെരുമാറണം.

3.4 അധ്യാപകർ സ്വകാര്യട്യൂഷൻ എടുക്കുകയോ മറ്റു സ്വകാര്യ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യുന്നില്ല.

- അധ്യാപകൻ സ്വകാര്യട്യൂഷൻ എടുക്കുന്നത് അവരുടെ സ്കൂൾ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.
- സ്വന്തം പ്രവർത്തനമേഖല മികച്ചതാക്കാനുള്ള സമയം അവർക്ക് നഷ്ടമാകുന്നു.
- സ്വന്തം വിദ്യാർഥികൾക്ക് സ്വകാര്യട്യൂഷൻ നൽകുമ്പോൾ അത് സ്കൂളിലെ നൈതികതത്ത്വങ്ങൾക്കുതന്നെ വിഘാതമാകത്തക്ക പെരുമാറ്റങ്ങൾക്കു കാരണമായിത്തീരും.

3.5 തന്റെ പ്രവർത്തനങ്ങളെയും തീരുമാനങ്ങളെയും സ്വാധീനിക്കുമെന്ന് അറിയാവുന്നതിനാൽ ഏതെങ്കിലും വിധത്തിലുള്ള സമ്മാനങ്ങളോ മറ്റു സഹായങ്ങളോ സ്വീകരിക്കുന്നില്ല.

- ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് നൽകപ്പെടുന്ന വിലപിടിപ്പുള്ള സമ്മാനങ്ങൾ അധ്യാപകർ വിദ്യാർഥികളിൽനിന്നോ രക്ഷകർത്താക്കളിൽനിന്നോ സ്വീകരിക്കരുത്.

3.6 സഹപ്രവർത്തകർക്കെതിരെയും ഉന്നതാധികാരികൾക്കെതിരെയും അനാവശ്യമായ ആരോപണങ്ങൾ ഉന്നയിക്കുന്നില്ല.

- പരസ്പരം കുറ്റപ്പെടുത്തുന്ന വിഭാഗീയസംഘങ്ങൾ അധ്യാപകർക്കിടയിൽ അഭികാമ്യമല്ല.
- സഹപ്രവർത്തകർക്കെതിരായി തെളിവുകളില്ലാത്ത ആരോപണങ്ങൾ ഉന്നയിക്കരുത്.
- ഏതെങ്കിലും ഒരു സഹപ്രവർത്തകന്റെ/സഹപ്രവർത്തകയുടെ ഭാഗത്തുനിന്ന് ഗുരുതരമായ തെറ്റ് കാണുകയാണെങ്കിൽ അത് സീനിയർ അധ്യാപകരുടെ ശ്രദ്ധയിൽപ്പെടുത്തണം.

3.7 സഹപ്രവർത്തകരുടെയോ വിദ്യാർഥികളുടെയോ രക്ഷിതാക്കളുടെയോ മുന്നിൽവച്ച് ഒരു സഹപ്രവർത്തകനെ അധിക്ഷേപിച്ച് സംസാരിക്കുന്നില്ല.

- അധ്യാപകരെക്കുറിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ ഉണ്ടാകാം. എന്നാൽ

അത് പ്രകടിപ്പിക്കുന്ന രീതി മാന്യമായിരിക്കണം.

- സഹപ്രവർത്തകന്റെ അധ്യാപനരീതിയെ അപഹസിക്കുന്ന തരത്തിൽ സംസാരിക്കരുത്.

3.8 സഹപ്രവർത്തകരുടെ അധ്യാപനനിലപാടുകളെ മാനിക്കുന്നു.

- അധ്യാപനത്തിൽ മികവു പുലർത്തുന്നവരുടെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും അത്തരം മികവ് ആർജിക്കാൻ ശ്രമിക്കുകയും ചെയ്യണം. എന്നാൽ അത് തികച്ചും അന്ധമായ അനുകരണമാകരുത്.

3.9 സഹപ്രവർത്തകരെക്കുറിച്ചുള്ള സ്വകാര്യവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുകയും നിയമപരമായി ആവശ്യപ്പെടുമ്പോൾ മാത്രം വെളിപ്പെടുത്തുകയും ചെയ്യുന്നു.

- ഏതെങ്കിലും ആവശ്യത്തിനായി ശേഖരിക്കപ്പെടുന്ന, സഹപ്രവർത്തകരെക്കുറിച്ചുള്ള വ്യക്തിപരമായ വിവരങ്ങൾ രഹസ്യസ്വഭാവമുള്ളതാണെങ്കിൽ അവ നിയമപരമായ കാര്യങ്ങൾക്കു മാത്രമേ വെളിപ്പെടുത്താൻ പാടുള്ളൂ.

**ടീച്ചർ പ്ലാനർ**

ദൈനംദിന പാഠാസൂത്രണ രേഖയാണ് ടീച്ചർ പ്ലാനർ. പഠനനേട്ടങ്ങളെ ലക്ഷ്യമാക്കി പാഠപുസ്തകത്തിലും ടീച്ചർ ടെക്സ്റ്റിലും നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ തന്റെ ക്ലാസിലെ കുട്ടികൾക്ക് യോജിച്ച രീതിയിൽ വഴക്കത്തോടെ, മാറ്റങ്ങൾ വരുത്തിയും കൂട്ടിച്ചേർത്തും പ്രക്രിയാ പേജ് വികസിപ്പിക്കുകയാണു വേണ്ടത്.

പഠനപ്രവർത്തനങ്ങളോടൊപ്പം വിലയിരുത്തലും ഉൾപ്പെടുത്തിക്കൊണ്ടുള്ള ആസൂത്രണമാണ് പ്രക്രിയാപേജിൽ എഴുതേണ്ടത്. നിരന്തരവിലയിരുത്തലിലൂടെ ലഭിക്കുന്ന വിവരങ്ങൾ വിലയിരുത്തൽ പേജിലുണ്ടായിരിക്കണം.

കൃത്യവും അർഥപൂർണവുമായ ആശയരൂപീകരണത്തിന് ആവശ്യമായ പഠന പ്രവർത്തനങ്ങൾ ഉൾപ്പെടുന്നതാവണം ടീച്ചർ പ്ലാനർ. ഇങ്ങനെ ഓരോ ആഴ്ചയിലും നടപ്പിലാക്കിയ പഠനപ്രവർത്തനങ്ങളുടെ വിലയിരുത്തലിലൂടെ രൂപീകരിക്കപ്പെട്ട വിവരങ്ങളെ അടിസ്ഥാനമാക്കി ടീച്ചർ പ്രതിഫലനക്കുറിപ്പ് (Reflection Note) തയാറാക്കുകയും SRG / Subject Council ലിൽ ചർച്ചചെയ്യുകയും വേണം. ഈ കുറിപ്പിന്റെ അടിസ്ഥാനത്തിലാവണം തുടർന്നുള്ള ആസൂത്രണക്കുറിപ്പ് തയാറാക്കേണ്ടത്.

ടീച്ചർ പ്ലാനറിന്റെ ഫോർമാറ്റ് ഇതോടൊപ്പം ചേർക്കുന്നു.

**ടീച്ചർ പ്ലാനർ**

യൂണിറ്റിന്റെ പേര് :
തീയതി :
പ്രതീക്ഷിക്കുന്ന സമയം :
പഠനനേട്ടങ്ങൾ :
ആശയങ്ങൾ :
ശേഷികൾ :
ഭാഷാവസ്തുതകൾ (ഭാഷയ്ക്കു മാത്രം) :
വ്യവഹാരരൂപങ്ങൾ (ഭാഷയ്ക്കു മാത്രം) :
മൂല്യങ്ങൾ, മനോഭാവങ്ങൾ :
പഠനസാമഗ്രികൾ :
പ്രതീക്ഷിത ഉൽപ്പന്നങ്ങൾ :

| പ്രക്രിയാ പേജ് | വിലയിരുത്തൽ പേജ് |
|---|---|
| പ്രവർത്തനങ്ങളും വിലയിരുത്തലും അടങ്ങിയ പ്രക്രിയ | (വിലയിരുത്തൽ വിവരങ്ങളാണ് ഇവിടെ എഴുതുന്നത്.) |

**അധ്യാപിക/ അധ്യാപകന്റെ ഒപ്പ്**

**പ്രതിഫലനാത്മകചിന്ത (Reflections)**

**എന്റെ കണ്ടെത്തലുകൾ, തിരിച്ചറിവുകൾ**

(പഠനപ്രവർത്തനങ്ങളുടെ വിലയിരുത്തൽ പ്രക്രിയയിലൂടെ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ)

-
-
-

**തുടർപ്രവർത്തനങ്ങളും പരിഹാരപ്രവർത്തനങ്ങളും - സൂചന**

-
-
-

## ഗ്രേഡിംഗ് രീതി

ഹയർസെക്കന്ററി തലത്തിൽ വൈജ്ഞാനിക വിഷയങ്ങളുടെ വിലയിരുത്തലിനായി ഗ്രേഡിംഗ് രീതിയാണ് ഉപയോഗിക്കുന്നത്. ഇതിനായി 9 പോയിന്റ് അബ്സൊല്യൂട്ട് ഗ്രേഡിംഗ് ഉപയോഗിക്കുന്നു.

ചുവടെ കൊടുത്തിരിക്കുന്ന പട്ടിക ഇതിനായി ഉപയോഗിക്കാവുന്നതാണ്.

| സ്കോർ ശതമാനം | ഗ്രേഡ് |
|---|---|
| 90 - 100 | A+ |
| 80 - 89 | A |
| 70 - 79 | B+ |
| 60 - 69 | B |
| 50 - 59 | C+ |
| 40 - 49 | C |
| 30 - 39 | D+ |
| 20 - 29 | D |
| Below 20 | E |

പഠിതാവ് ഉപരിപഠനത്തിനു യോഗ്യത നേടണമെങ്കിൽ ഹയർസെക്കന്ററി തലത്തിലെ ഓരോ വിഷയത്തിനും CE + TE (പൊതുപരീക്ഷ) പരിഗണിക്കുമ്പോൾ മിനിമം D+ ഗ്രേഡ് (30-39 ശതമാനം) എങ്കിലും നേടിയിരിക്കണം. ഇതോടൊപ്പം പൊതുപരീക്ഷ (TE) യ്ക്ക് പ്രത്യേകമായി മിനിമം D+ നേടുകയും വേണം.

ഇപ്രകാരം വൈജ്ഞാനിക തലത്തിലെയും സാമൂഹിക-വൈകാരിക തലത്തിലെയും പഠിതാവിന്റെ മികവുകൾ വിലയിരുത്തി പഠനനേട്ടങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്. ഈ വിലയിരുത്തൽ നിരന്തരമായും സമഗ്രതയോടെയും നിർവഹിക്കുന്നതിനുവേണ്ടിയുള്ള കൂട്ടായ ശ്രമങ്ങൾ അത്യന്താപേക്ഷിതമാണ്. അവ സാധ്യമാക്കുന്നതിനുള്ള ക്ലസ്റ്റർതല കൂടിച്ചേരലുകളിലൂടെ വിലയിരുത്തൽ കൂടുതൽ സമ്പുഷ്ടമാക്കാൻ സാധിക്കുന്നതാണ്.

*വിലയിരുത്തലിനുള്ള ഫോർമാറ്റുകൾ അനുബന്ധമായി നൽകുന്നു.*

വിലയിരുത്തൽ ഒറ്റനോട്ടത്തിൽ...

**വിലയിരുത്തൽ**

**സമീപനം : പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകുന്ന സമീപനം**

**നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ (CCE)**

**വൈജ്ഞാനികമേഖല**

- നിരന്തര വിലയിരുത്തൽ
  - പഠനപ്രക്രിയ വിലയിരുത്തൽ
  - പോർട്ട്ഫോളിയോ വിലയിരുത്തൽ
  - യൂണിറ്റ്തല വിലയിരുത്തൽ
- ടേം വിലയിരുത്തൽ
  - തിയറി | പ്രാക്ടിക്കൽ
  - ആശയങ്ങൾ, പ്രക്രിയകൾ, പഠനനേട്ടങ്ങൾ മുതലായവയ്ക്ക് ഊന്നൽ നൽകുന്നത്.

**സാമൂഹിക-വൈകാരിക മേഖല**

1. ആശയവിനിമയശേഷി (Communication skills)
2. വ്യക്ത്യന്തര നൈപുണി (Interpersonal skills)
3. സഹഭാവം (Empathy)
4. വികാരങ്ങളുമായി പൊരുത്തപ്പെടൽ (Coping with emotions)
5. മാനസികസമ്മർദങ്ങളുമായി പൊരുത്തപ്പെടൽ (Coping with Stress)
6. പ്രശ്നപരിഹരണ ശേഷി (Problem solving skills)
7. തീരുമാനമെടുക്കൽ (Decision making)
8. വിമർശനാത്മകചിന്ത (Critical thinking)
9. സർഗാത്മകശേഷി (Creative thinking skills)
10. സ്വയാവബോധം (Self-awareness)

## Annexure 1

**CE, TE എന്നിവ ഓരോ ടേമിലും രേഖപ്പെടുത്താനുള്ള വിഷയബന്ധിത ക്രോഡീകരണ ഫോർമാറ്റ്**

ടേം : 1/2/3

വിഷയം : ................................................... ക്ലാസ് ......................................ഡിവിഷൻ ..............................

| നമ്പർ | വിദ്യാർഥിയുടെ പേര് | CE ഇനങ്ങൾ | | | ആകെ CE സ്കോർ | TE സ്കോർ | ആകെ ഗ്രേഡ് |
|---|---|---|---|---|---|---|---|
| | | പ്രക്രിയ | പോർട്ട് ഫോളിയോ | യൂണിറ്റ് വില യിരുത്തൽ | | | |
| | | | | | | | |

## Annexure 2

### Annual Consolidation Format - *Higher Secondary Level*

**Class :** **Division :**
**Year :**

| No. | Name of Student | Term | Part 1 (Language) | | | Part 2 (2nd language) | | | Part 3 | | | | | | | | | | | | | | | Socio-Emotional skills |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | Paper 1 | | | Paper 2 | | | Paper 3 | | | Paper 4 | | | Health & Physical Edn. | | | |
| | | | CE | TE | Total | CE | TE | Total | CE | TE | Total | CE | TE | Total | CE | TE | Total | CE | TE | Total | CE | TE | Total | |
| | | I | | | | | | | | | | | | | | | | | | | | | | |
| | | II | | | | | | | | | | | | | | | | | | | | | | |
| | | III | | | | | | | | | | | | | | | | | | | | | | |
| | | Final score | | | | | | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | | |

# മാതൃഭാഷാപഠന സമീപനം

ആശയവിനിമയോപാധി എന്നതിനപ്പുറം ഭാഷ ഒരു ജനതയുടെ സ്വത്വബോധത്തിന്റെയും സംസ്കാരത്തിന്റെയും പ്രതിഫലനം കൂടിയാണ്. സാമൂഹിക ജീവിതത്തിന്റെ ഇടപെടൽ തലങ്ങൾ തിരിച്ചറിയാനും ലോകത്തിന്റെ ഗതിവിഗതികൾ അറിയാനും മനുഷ്യനെ പ്രാപ്തനാക്കുന്നത് ഭാഷയാണ്. സംസ്കാരത്തിന്റെ വികാസക്ഷമതയ്ക്കും നവീകരണത്തിനും ഭാഷ ശക്തമായ ഉപാധിയാണ്. മാത്രമല്ലാ ഭാഷ, തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നുണ്ട്. ഇവയെല്ലാം ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനുള്ള ഭാഷാപരമായ നൈപുണിയും തിരിച്ചറിവും ഹയർസെക്കണ്ടറി തലത്തിൽ ആർജിക്കേണ്ടതാണ്.

ജനാധിപത്യത്തിൽ അതിജീവനത്തിന് അനുഗുണമാംവിധം ഭാഷയെ ശക്തിപ്പെടുത്തേണ്ടതുണ്ട്. വ്യക്തികളും വ്യക്തികളും തമ്മിലും വ്യക്തികളും സമൂഹവും തമ്മിലുമുള്ള സംഘർഷത്തിന്റെ പ്രധാനകാരണം ശരിയായ ആശയ വിനിമയത്തിന്റെ അഭാവമാണ്. വ്യക്തിയുടെയും സമൂഹത്തിന്റെയും സ്വതന്ത്രമായ ആവിഷ്കാരത്തിനും സർഗാത്മക പ്രകടനങ്ങൾക്കും ഭാഷ അവസരമൊരുക്കണം. സ്വന്തമായ ഒരു ജീവിതവീക്ഷണം രൂപീകരിക്കാൻ ഇതാവശ്യമാണ്. ഭാഷ സ്വയം ഒരു ജ്ഞാനമേഖലയും ഇതര ജ്ഞാനമേഖലകളുടെയും സംസ്കാരത്തിന്റെയും വിനിമയ മാധ്യമവുമാണ്. ജീവിതത്തിന്റെ പ്രാഥമികാവശ്യനിർവഹണം തൊട്ട് സൗന്ദര്യാസ്വാദനത്തിന്റെയും ആവിഷ്കാരത്തിന്റെയും തലങ്ങൾ വരെ ഭാഷയുടെ പരിഗണനകളാണ്.

ആധുനിക ഭാഷാശാസ്ത്രവും മനഃ ശാസ്ത്രവും ബഹുഭാഷാപഠനത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്. യുക്തിചിന്ത, ബൗദ്ധികവികാസം, സാമൂഹിക പ്രതിബദ്ധത, ജീവിതമൂല്യങ്ങൾ എന്നിവ വളർത്തുന്നതിൽ ഭാഷാപഠനത്തിന്റെ പങ്ക് നിർണായകമാണ്. ത്രിഭാഷാനയം ഏറ്റവും ഫലപ്രദമായി നടപ്പാക്കിയ ഇന്ത്യൻ സംസ്ഥാനം കേരളമാണ്. മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി എന്നിവയ്ക്കു പുറമെ അറബി, സംസ്കൃതം, ഉറുദു തുടങ്ങിയ ഭാഷകൾ പ്രൈമറിതലം മുതൽ പഠിക്കാൻ കേരളത്തിൽ അവസരമുണ്ട്. എന്നാൽ കേരളത്തിന്റെ ബഹുസ്വരമായ സാമൂഹിക പശ്ചാത്തലത്തിൽ പൊതുവായ ഒരു ഭാഷാപഠന സമീപനം രൂപീകരിക്കുമ്പോൾ പല സങ്കീർണതകളും നാം നേരിടേണ്ടിവരുന്നുണ്ട്. മാതൃഭാഷ മലയാളമെന്നു പറയുമ്പോഴും കേരളീയരിൽ ഒരു ന്യൂനപക്ഷമെങ്കിലും ഇതരഭാഷകൾ മാതൃഭാഷയായുള്ളവരാണ്. എല്ലാ കുട്ടികൾക്കും രണ്ടാം ഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് പഠിക്കാൻ അവസരമുണ്ട്. ഒന്നാം ക്ലാസുതൊട്ട് മാതൃഭാഷയോടൊപ്പം അറബി ഭാഷ പഠിക്കുന്ന കുട്ടികളുണ്ട്. അഞ്ചാം ക്ലാസു മുതൽ ഹിന്ദി നിർബന്ധിത ഭാഷയാണ്. തൽപ്പരരായ വിദ്യാർത്ഥികൾക്ക് ഈ ഘട്ടം തൊട്ട് സംസ്കൃതം, അറബി, ഉർദു എന്നീ ഭാഷകളിലേതെങ്കിലുമൊന്ന് പഠിക്കാനുള്ള അവസരവുമൊരുക്കിയിട്ടുണ്ട്. അറബി, സംസ്കൃതം എന്നീ ഭാഷകൾ മാതൃഭാഷയ്ക്കുപകരം പഠി

പ്പിക്കുന്ന ഓറിയന്റൽ സ്കൂളുകളിൽ മലയാളപഠനം നിർബന്ധിതമാക്കാനുള്ള നടപടികൾ അടുത്തകാലത്ത് സ്വീകരിച്ചിട്ടുണ്ട്.

മാതൃഭാഷാവിദ്യാർഥികളും ഇതരഭാഷാവിദ്യാർഥികളും ഒരേ നിലവാരത്തിൽ നിന്നല്ല ഭാഷാപഠനം ആരംഭിക്കുന്നത്. മാതൃഭാഷാവിദ്യാർഥികൾ ഭാഷയുമായാണ് ക്ലാസുമുറിയിലെത്തുന്നത്. സാമൂഹികചുറ്റുപാടുകളിൽനിന്ന് ഭാഷാസമാർജനം നടത്തിയവരാണവർ. ക്ലാസുമുറിയിലെത്തുന്ന അവരുടെ അടുത്ത ലക്ഷ്യം വായനയും എഴുത്തും പഠിക്കുകയെന്നതാണ്. ഇതരഭാഷാവിദ്യാർഥികൾക്കാവട്ടെ ആ ഭാഷ അപരിചിതമാണ്.

**ഭാഷാപഠനം: ചില വെല്ലുവിളികൾ**

വിദ്യാർഥികളിലെ നൈസർഗികമായ കഴിവുകളുടെ വികാസത്തിനും സ്വതന്ത്രവായനയ്ക്കും പ്രേരിപ്പിക്കുന്നവിധം ഭാഷാപഠനം കരുത്തുറ്റതാക്കാൻ പാഠ്യപദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഭാഷാപഠനം പല വെല്ലുവിളികളും അഭിമുഖീകരിക്കുന്നു. ഭാഷാസമഗ്രതാ ദർശനത്തിലധിഷ്ഠിതമായ ഭാഷാപാഠ്യപദ്ധതി സൈദ്ധാന്തിക തലത്തിൽ നവീനമായ കാഴ്ചപ്പാടുകൾ മുന്നോട്ടുവച്ചെങ്കിലും പ്രായോഗിക തലത്തിൽ വേണ്ടത്ര ഫലം ചെയ്തിട്ടില്ല. വിനിമയം ചെയ്യുന്നിടത്താണ് പ്രധാനമായും വീഴ്ചയുണ്ടായത്.

- ഭാഷയുടെ അടിസ്ഥാനശേഷി വികസനത്തിൽ ചോർച്ച വന്നിട്ടുണ്ട്.
- അർഥ പൂർണമായ ഭാഷാനിർമിതിയിലേക്കു നയിക്കുന്ന വിധത്തിൽ പഠനം മുന്നേറുന്നില്ല.
- എല്ലാ പഠിതാക്കളെയും വായനയുടെയും എഴുത്തിന്റെയും മേഖലകളിൽ നിശ്ചിത നിലവാരത്തിൽ എത്തിക്കാൻ കഴിഞ്ഞിട്ടില്ല.
- ഭാഷാപ്രയോഗങ്ങളിലെ വൈകല്യങ്ങൾ വ്യാപകമായ ആക്ഷേപത്തിനു വഴി തെളിച്ചു
- നടപടിക്രമങ്ങളുടെ വിരസമായ ആവർത്തനം ഭാഷാപഠനം യാന്ത്രികവും മടുപ്പുള്ളതുമാക്കി മാറ്റുന്നു
- വ്യവഹാരങ്ങൾക്കു നൽകുന്ന അമിതപ്രാധാന്യം ഭാഷാപഠനപ്രക്രിയയിൽ അവശ്യം ഉറപ്പു വരുത്തേണ്ട പല അടിസ്ഥാന ശേഷികൾക്കും അറിവിനും പ്രാധാന്യം നഷ്ടപ്പെടുത്തി.
- അക്ഷരം ഉറയ്ക്കാത്തതും ഭാഷാസൗന്ദര്യവും വ്യാകരണശുദ്ധിയും ശോഷിച്ചതും വിമർശനവിധേയമായിട്ടുണ്ട്. ഒരേ വ്യവഹാരരൂപങ്ങൾ എല്ലാ ക്ലാസുകളിലും ഒരുപോലെ ആവർത്തിക്കപ്പെട്ടതും വിമർശന വിധേയമായിട്ടുണ്ട്. പത്താംക്ലാസ് പഠനം പൂർത്തിയായിട്ടും ധാരാളം വിദ്യാർഥികൾക്ക് മാതൃഭാഷപോലും തെറ്റാതെ എഴുതാനും വായിക്കാനും അറിയാത്തത് പൊതുസമൂഹത്തിന്റെ ഉത്കണ്ഠ വർധിപ്പിച്ചിട്ടുണ്ട്.

ഈ പ്രശ്നങ്ങളെ മറികടക്കാൻ ഭാഷാപഠനത്തിൽ കൂടുതൽ കരുതലുകൾ ആവശ്യമു

7. വ്യത്യസ്ത ജീവിതാവസ്ഥകൾ വിശകലനം ചെയ്യാനും അതിലൂടെ വ്യത്യസ്ത സാംസ്കാരങ്ങൾ ഉൾക്കൊള്ളാനും വിശാലമായ മാനവികതാബോധം വികസിപ്പിക്കാനും ഭാഷാപഠനത്തിലൂടെ കഴിയണം.
8. പാരിസ്ഥിതികബോധം, ജനാധിപത്യബോധം, ലിംഗനീതി, പ്രാന്തവൽക്കരിക്കപ്പെടുന്ന സമൂഹവിഭാഗങ്ങളോടുള്ള അനുഭാവം തുടങ്ങിയ മൂല്യങ്ങൾ പരിപോഷിപ്പിക്കുന്നതാവണം.
9. യുക്തിചിന്ത, വിമർശനചിന്ത തുടങ്ങിയവ വളർത്താനുതകുന്നതാവണം.
10. ഭാഷാപഠനവൈകല്യങ്ങൾ ഉള്ള കുട്ടികൾക്ക് തുടർന്നുള്ള വളർച്ചയും വികാസവും പൂർണമാകുമെന്ന് ഉറപ്പുവരുത്താൻ പാകത്തിലുള്ള മാനകീകൃതമായ ആംഗ്യങ്ങൾ പരിചയപ്പെടുത്തണം.
11. വ്യത്യസ്തശേഷികൾ (Differently abled) ഉള്ള പഠിതാക്കളുടെ ഭാഷാവികസനത്തിനു സഹായകമാകുന്ന തരത്തിൽ പ്രത്യേകം രൂപകൽപ്പന ചെയ്ത സാമഗ്രികൾ നൽകുന്നതാകണം.
12. ഗൃഹഭാഷാസാധ്യതകൾ പരിഗണിക്കണം

**ലക്ഷ്യങ്ങൾ**

1. വ്യത്യസ്ത സാഹിത്യ ശാഖകളിലെ മൂലഗ്രന്ഥങ്ങളിൽനിന്നുള്ള ഭാഗങ്ങളും മൗലിക രചനകളും ബൗദ്ധിക തലത്തിൽ വിമർശനാത്മക വിചിന്തനത്തിനു വിധേയമാക്കി ആസ്വാദനശേഷിയും നിരൂപണ ബുദ്ധിയും പോഷിപ്പിക്കുന്നതിന്.
2. ലോകോത്തര നിലവാരത്തിലുള്ള സാഹിത്യരചനകളിലെ സൗന്ദര്യശാസ്ത്രാവബോധം മനസ്സിലാക്കുന്നതിന്.
3. ഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാന ധാരണകൾ ഉറപ്പിക്കുന്നതിനും നൂതനപ്രവണതകളിൽ സാമാന്യധാരണ രൂപപ്പെടുത്തുന്നതിനും.
4. ലോകക്ലാസിക്കുകൾ പരിചയപ്പെടാനും നിരൂപണ ബുദ്ധ്യാ പഠന-ഗവേഷണങ്ങൾ നടത്തുന്നതിനുമുള്ള ശേഷി നേടുന്നതിനും
5. സാഹിത്യരചനയുടെ വ്യത്യസ്ത ഘട്ടങ്ങളിൽ ആവശ്യമായ രചനാതന്ത്രങ്ങൾ സ്വായത്തമാക്കുന്നതിനും ഉചിതസന്ദർഭത്തിൽ പ്രയോഗിക്കാനുള്ള കഴിവ് നേടുന്നതിനും.
6. സാഹിത്യ ദർശനങ്ങളിലും തത്ത്വങ്ങളിലും സാമാന്യമായി പരിചയം നേടുന്നതിന്.
7. ആധികാരിക ഗ്രന്ഥങ്ങളിൽ നിന്നും ഇന്റർനെറ്റിൽനിന്നും വിവര-വിഭവസമാഹരണത്തിനും സ്വന്തം ആവിഷ്കാരങ്ങൾ നടത്തുന്നതിനുമുള്ള ഭാഷാശേഷി ആർജിക്കുന്നതിന്.
8. ദൃശ്യ-ശ്രാവ്യ മുദ്രണമാധ്യമങ്ങൾ, ചലച്ചിത്രം, ടൂറിസം-ആതിഥേയ സേവന മേഖലകൾ, ഗ്രന്ഥരചന, വിവർത്തനം, പരസ്യകല, കലാപ്രവർത്തനങ്ങൾ, മറ്റു വാണിജ്യവിനിമയ മേഖലകൾ എന്നിവയ്ക്ക് ആവശ്യമായ ഭാഷാപ്രാവിണ്യം ആർജിക്കുന്നതിന്.

ണ്ട്. ആശയാധിഷ്ഠിതരീതി നിലനിർത്തിക്കൊണ്ടുതന്നെ ഭാഷാശേഷികളും അറിവുകളും ഉറപ്പുവരുത്തുന്ന തരത്തിൽ പഠനം ക്രമീകരിക്കണം. ഓരോ ഘട്ടത്തിലും ഇത് ഉറപ്പുവരുത്തുകയും വേണം. പ്രാഥമിക ഘട്ടത്തിലെ വായനയിലെയും എഴുത്തിലെയും പ്രശ്നങ്ങൾ ലോകവ്യാപകമായി അക്കാദമിക സമൂഹം ചർച്ച ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഭാഷാസമഗ്രതാദർശനം പിന്തുടരുന്ന ഇതര രാജ്യങ്ങളിലും പദം, അക്ഷരം, വാക്യഘടന എന്നിവ ഉറപ്പു വരുത്തുന്ന തന്ത്രങ്ങൾ ഫലപ്രദമായി നടപ്പിലാക്കിവരുന്നതായി കാണാം. ഭാഷയിലെ അടിസ്ഥാന ശേഷികൾ വികസിപ്പിക്കുന്ന കാര്യത്തിൽ യാന്ത്രികമായ ആവർത്തനങ്ങൾ അഭികാമ്യമല്ല. അടിസ്ഥാനശേഷികളിലുള്ള വൈകല്യം കുട്ടികളുടെ ആത്മവിശ്വാസം നഷ്ടപ്പെടുത്തുകയും പഠനത്തിൽ വിമുഖത സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ വെല്ലുവിളികളെ അഭിസംബോധനം ചെയ്യുന്ന പാഠ്യ പദ്ധതിയിൽ താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

- വിവിധ ശേഷികൾ ഓരോ ഘട്ടത്തിലും കുട്ടികൾ നേടുന്നുവെന്ന് ഉറപ്പുവരുത്തണം.
- ഒഴുക്കോടെ പറയാനും കേട്ടുഗ്രഹിക്കാനും വായിച്ചു മനസ്സിലാക്കാനും ആവശ്യമായ അനുഭവങ്ങൾ ഉറപ്പുവരുത്തണം.
- ഓരോ ഘട്ടത്തിലും അവശ്യംവേണ്ട ഭാഷാഘടനകളും പദസമ്പത്തും ആർജിക്കാൻ അവസരം നൽ കണം.
- ഉയർന്ന ചിന്ത, വിശകലനശേഷി, ക്രിയാത്മക ചിന്ത, ആവിഷ്കരണശേഷി തുടങ്ങിയവ ഓരോ ഘട്ടത്തിലും ഉറപ്പു വരുത്തണം.
- ഭാഷയിലൂടെ പ്രതിഫലിക്കുന്ന സംസ്കാരം തിരിച്ചറിയാൻ അവസരം ലഭിക്കണം
- ഓരോ ഘട്ടത്തിനും ഉചിതമായ വ്യത്യസ്ത സാഹിത്യ മാതൃകകളും ഭാഷാവ്യവഹാര മാതൃകകളും പരിചയപ്പെടാനും ആസ്വദിക്കാനും സവിശേഷതകൾ തിരിച്ചറിഞ്ഞ് രചനകളിൽ ഏർപ്പെടാനും അവസരം നൽകണം.

**ഭാഷാപഠനം : പൊതുവായ ലക്ഷ്യങ്ങൾ**

1. കേവലം ആശയവിനിമയോപാധി എന്നതിനപ്പുറം സാംസ്കാരിക വിനിമയോപാധി, ചിന്തയുടെ മാധ്യമം എന്നീ നിലകളിൽ ഭാഷയുടെ സാധ്യതകൾ പരിഗണിക്കുന്നതാവണം.
2. ദേശത്തിന്റെ സംസ്കാരം, പാരമ്പര്യം എന്നിവ ഉൾക്കൊള്ളാനും വിശകലനം ചെയ്യാനുമുള്ള മനോഭാവം വളർത്താനുതകുന്നതാവണം.
3. മാനക ഭാഷ പരിശീലിക്കുന്നതോടൊപ്പം ദേശഭേദങ്ങൾ ഉൾക്കൊള്ളാൻ അവസരം നൽകുന്നതാവണം
4. സ്വത്വബോധം വളർത്താൻ അവസരം നൽകുന്നതാവണം
5. ഭാഷാവൈവിധ്യങ്ങളെ മാനിക്കുന്നതോടൊപ്പം അവയുടെ വരമ്പുകൾ മറികടന്ന് ഭാഷാസമൂഹങ്ങൾ പരസ്പരം ബന്ധപ്പെടാനുള്ള സാഹചര്യമൊരുക്കുന്നതാവണം.
6. സർഗാത്മകതയുടെയും വൈകാരിക ഭാവങ്ങളുടേയും ആവിഷ്കാരോപാധി എന്ന നിലയിൽകൂടി ഭാഷയെ പരിഗണിക്കണം.

**മാതൃഭാഷാപഠനം**

**സവിശേഷസാഹചര്യം**

കേരളത്തിലെ എല്ലാ വിദ്യാർഥികളും മലയാളം പഠിക്കേണ്ടതുണ്ട്. അതിനാൽ മലയാ
ള
പാഠപുസ്തകത്തിന്റെ സങ്കൽപ്പം രൂപപ്പെടുത്തുമ്പോൾ പ്രധാനമായും പരിഗണിക്കപ്പെടേണ്ടത് രണ്ട് വസ്തുതകളാണ്.

1. വിദ്യാർഥിയുടെ ദൈനംദിന വ്യവഹാരത്തിന് ആവശ്യമായ അടിസ്ഥാന നൈപുണികൾ ആർജിക്കുക.
2. തനതുദേശത്തിന്റെ സാംസ്കാരിക ഭാവങ്ങൾ സ്വാംശീകരിക്കാൻ അവസരമൊരുക്കുക.

ഭാഷാർജനത്തിന്റെ ആദ്യഘട്ടത്തിൽ കുട്ടിയിൽ പ്രബലമായി രൂപപ്പെടുന്ന ഭാഷയാണ് മാതൃഭാഷ. കുട്ടിയുടെ വിചാരവികാരങ്ങളും പ്രതികരണങ്ങളും പ്രതിഫലിപ്പിക്കാൻ കഴിയുന്ന ഉചിതമായ മാധ്യമമാണ് ഇത്. അതിനാൽ സ്കൂൾ വിദ്യാഭ്യാസത്തിൽ മാതൃഭാഷയുടെ സ്ഥാനം വളരെ വലുതാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ വിവിധഘട്ടങ്ങളിൽ മാതൃഭാഷയ്ക്ക് വ്യത്യസ്ത ധർമങ്ങൾ അനുഷ്ഠിക്കാൻ കഴിയും. ജ്ഞാനനിർമിതിക്കു മാതൃഭാഷയാണ് ഏറ്റവും യോജിച്ചത്.

പ്രൈമറിഘട്ടത്തിലെ ഭാഷാപഠനം കുട്ടിയുടെ അനുഭവങ്ങളിലൂന്നിക്കൊണ്ടായിരിക്കും. ചുറ്റുപാടുകളോട് പ്രതികരിച്ചും അവയെ ഭാവനാപൂർണമായി വ്യാഖ്യാനിച്ചും കുട്ടി ഭാഷ ഉൽപ്പാദിപ്പിക്കുന്നു. പരിചിതമായ വ്യവഹാര സന്ദർഭങ്ങളിൽ ഏർപ്പെടാനുള്ള അവസരമാണ് ഭാഷാപഠനത്തിന്റെ ഭാഗമായി ഇവിടെ ഒരുക്കുന്നത്. ഭാഷയോടുള്ള മമതയും സ്നേഹവും വർധിപ്പിക്കാൻ ഉതകുന്ന പഠനാന്തരീക്ഷം തന്നെയാണ് പ്രാഥമികഘട്ടം മുതൽ ഒരുക്കേണ്ടത്.

അഞ്ചു മുതൽ പത്തുവരെ ക്ലാസുകളിൽ ത്രിഭാഷാപദ്ധതിയാണ് പൊതുവെ നിർദേശിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ കേരളത്തിന്റെ സവിശേഷസാഹചര്യത്തിൽ നാലുഭാഷകൾ പഠിക്കാൻ അവസരം ലഭിക്കുന്നുണ്ട്. മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി എന്നിവയ്ക്കു പുറമേ അറബിക്, സംസ്കൃതം, ഉർദു എന്നിവയിൽ ഒന്നും പഠിക്കാൻ അവസരമുണ്ട്. ഇതര ഭാഷകൾ പഠിക്കുന്നവർക്ക് മാതൃഭാഷയിൽ പ്രാവീണ്യം നേടാനുള്ള അവസരങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

ഹയർസെക്കന്ററി തലത്തിൽ ഭാഷകൾക്കു കൂടുതൽ ഓപ്ഷണൽ കോമ്പിനേഷനുകൾ രൂപകൽപ്പനചെയ്യേണ്ടതാണ്. കല, സംസ്കാരം, സാങ്കേതികവിദ്യ, വാണിജ്യശാസ്ത്രം എന്നിവയുമായി ബന്ധിപ്പിച്ച് വിവിധഭാഷകൾ പഠിക്കാൻ ഇവിടെ അവസരം നൽകാം. തൊഴിൽരംഗത്തു മികവു പുലർത്താൻ കഴിയുന്ന വിധത്തിൽ പഠനക്രമം ചിട്ടപ്പെടുത്താവുന്നതാണ്. അതതു മേഖലകളിൽ നേരിട്ട് ഇടപെട്ടുകൊണ്ട് ഭാഷയുടെ സാധ്യതകൾ അന്വേഷിക്കാൻ പ്രേരിപ്പിക്കുംവിധമാണ് ഇതു ക്രമീകരിക്കേണ്ടത്. ഭാഷാശാസ്ത്രത്തിന്റെ സാധ്യതകൾ, വിശേഷിച്ച് പ്രായോഗിക ഭാഷാശാസ്ത്രം

ഇതരഭാഷകളുടെ പഠനം സവിശേഷമായ ചില പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്. മാതൃഭാഷാവിദ്യാർഥിയുടേതുപോലെ വിശാലമായ ഒരു ഭാഷാപരിസരം ഇതര ഭാഷാ വിദ്യാർത്ഥിക്കു ലഭിക്കുന്നില്ല. ഇതര ഭാഷാവിദ്യാർഥിയുടെ ഭാഷാപരിസരം അവന്റെ ക്ലാസുമുറിമാത്രമാണ്. അതുകൊണ്ടു തന്നെ സ്വാഭാവികമായ ഭാഷാനുഭവങ്ങൾ ലഭിക്കുവാനുള്ള അവസരങ്ങൾ അപര്യാപ്തമാണ്. പരിമിതമായ ഭാഷാപരിസരത്തുനിന്നു ലഭിക്കുന്ന അനുഭവങ്ങളിലൂടെയുള്ള ഭാഷാപഠനം കുറെക്കൂടി ആയാസം നിറഞ്ഞതും മന്ദഗതിയിലുള്ളതുമാവും.

ഇതരഭാഷകളുടെ പാഠപുസ്തകങ്ങൾ കൂടുതൽ ഭാഷാനുഭവങ്ങൾക്ക് അവസരം നൽകുന്നതാവണം. വൈവിധ്യമാർന്ന ഭാഷാമാതൃകകളും സാഹിത്യരൂപങ്ങളും പാഠപുസ്തകത്തിലുണ്ടാവണം. കുട്ടികൾക്കു ലഭിക്കുന്ന പഠനനാനുഭവങ്ങൾ കൃത്യതയാർന്നതും മികവാർന്നതുമാവണം. വ്യവഹാരരൂപത്തിന്റെ വ്യത്യസ്തമാതൃകകൾ പരിചയപ്പെടാനും പരിശീലിക്കാനുമുള്ള അവസരങ്ങൾ ധാരാളമുണ്ടാവണം. കുട്ടികൾക്ക് ഭാഷ കേൾക്കാനും ആത്മവിശ്വാസത്തോടെ സംസാരിക്കാനുമുള്ള അവസരങ്ങൾ ഒരുക്കണം. ഭാഷയുടെ ഘടനാപരമായ സവിശേഷതകളും ആലങ്കാരിക ശൈലികളും പരിചയപ്പെടുത്തേണ്ടതുണ്ട്. മികച്ച ഭാഷാനുഭവങ്ങൾ ഒരുക്കാൻ ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തണം.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളിലൊന്നായ തൊഴിൽ സമ്പാദനം ഇതരഭാഷകൾ സ്വായത്തമാക്കുന്നതിലൂടെ കൂടുതൽ കരുത്താർജിക്കുന്നു. മാധ്യമം, ചലച്ചിത്രം, ടൂറിസം, പരസ്യകല, ഗ്രന്ഥരചന, വിവർത്തനം, പബ്ലിക് റിലേഷൻസ്, മറ്റു വാണിജ്യ മേഖലകൾ എന്നിങ്ങനെ നാനാതുറകളിലെ തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന രീതിയിലായിരിക്കണം ഇതരഭാഷാ പഠനസമീപനം.

# പഠനനേട്ടങ്ങൾ

**കാവ്യപർവം**

1.1. സർഗാത്മക രചനകളിൽ വന്ന ക്രമാനുഗതമായ വികാസം വിവേചിച്ചറിഞ്ഞ് അതിന്റെ പശ്ചാത്തലത്തിൽ വ്യത്യസ്ത കാവ്യരൂപങ്ങൾ വിലയിരുത്തി കുറിപ്പുകൾ തയാറാക്കുന്നു.

1.2. ദൃശ്യശ്രാവ്യകലകളുൾപ്പെട്ട സാഹിത്യമാതൃകകൾ പരിചയപ്പെടുകയും അവ ആസ്വദിച്ച് ചൊൽക്കാഴ്ചകൾ വ്യക്തിഗതമായും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.

1.3. പാഠഭാഗങ്ങളിലെ തത്ത്വചിന്താപരമായ അംശങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു.

1.4. വർത്തമാനപ്പുസ്തകത്തിന്റെ ഭാഷാസവിശേഷതകൾ തിരിച്ചറിഞ്ഞ് ലഘുകുറിപ്പുകൾ തയാറാക്കുന്നു.

1.5. പ്രാചീന ഗദ്യരചനാമാതൃകകൾ, 18-ാം നൂറ്റാണ്ടിന്റെ അന്ത്യം വരെയുള്ള മലയാള ഗദ്യത്തിന്റെ പരിണാമ ചരിത്രം എന്നിവ ഉൾക്കൊണ്ട് കുറിപ്പുകൾ തയാറാക്കുന്നു.

**രംഗപർവം**

2.1. നാടകരചനാശില്പശാലകൾ സംഘടിപ്പിക്കുന്നു. ലഘുനാടകങ്ങൾ രചിക്കുന്നു. അവതരിപ്പിക്കുന്നു.

2.2. നാടകത്തിന്റെ പ്രമേയം, രചന, അഭിനയം, ഗാനം, സംവിധാനം എന്നീ മേഖലകളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ലഘുകുറിപ്പുകൾ തയാറാക്കി അവതരിപ്പിക്കുന്നു.

2.3. മുൻകൂട്ടി തയാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ പ്രശസ്ത നാടകകൃത്തുക്കളുമായി അഭിമുഖ സംഭാഷണം നടത്തി റിപ്പോർട്ട് തയാറാക്കുന്നു.

2.4. 'കുട്ടികളുടെ നാടകവേദിയുടെ പ്രസക്തി' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ച് പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നു.

2.5. പാശ്ചാത്യ - പൗരസ്ത്യ നാടകസങ്കേതങ്ങളും സങ്കല്പങ്ങളും അടിസ്ഥാനമാക്കി കുറിപ്പുകൾ തയാറാക്കുന്നു.

2.6. തനതുനാടകവേദിയുടെ ഉത്ഭവം നമ്മുടെ രംഗകലാപാരമ്പര്യത്തിൽ നിന്നാണെന്ന് തിരിച്ചറിഞ്ഞ് രചനകൾ നിർവഹിക്കുന്നു.

**ആഖ്യാനപർവം**

3.1. ഇന്ദുലേഖ, കൂമൻകൊല്ലി, വൃദ്ധസദനം എന്നീ നോവൽ ഭാഗങ്ങളിൽ പ്രതിഫലിക്കുന്ന കാലഘട്ടത്തിന്റെ സവിശേഷതകൾ അപഗ്രഥിച്ച് സംവാദത്തിൽ പങ്കെടുക്കുന്നു.

3.2. അനുപ്രയോഗത്തിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ് ഉചിതമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു.

3.3. വാക്യങ്ങളിലെ ധ്വന്യാത്മകത തിരിച്ചറിഞ്ഞ് അപഗ്രഥനക്കുറിപ്പ് തയാറാക്കുന്നു.

3.4. എഴുത്തുകാരൻ തന്റെ കഥാപാത്രത്തെ രൂപപ്പെടുത്തിയെടുക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു.

3.5. നോവലുകൾ താരതമ്യം ചെയ്ത് ലേഖനങ്ങൾ തയാറാക്കുന്നു.

**സിദ്ധാന്തപർവം**

4.1. പാശ്ചാത്യപൗരസ്ത്യസിദ്ധാന്തങ്ങൾ വിശകലനംചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു.

4.2. വേഡ്സ്വർത്ത്, കോളറിഡ്ജ് തുടങ്ങിയവരുടെ കാവ്യദർശനങ്ങൾ അടിസ്ഥാനമാക്കി ഉപന്യാസം തയാറാക്കുന്നു.

4.3. ധ്വനി സിദ്ധാന്തം ഉൾക്കൊണ്ട് പഠനക്കുറിപ്പ് തയാറാക്കി അവതരിപ്പിക്കുന്നു.

4.4. വിഭാതവിഭൂതി എന്ന കവിതയിൽ പ്രഭാതത്തെ ധ്വന്യാത്മകമായി അവതരിപ്പിക്കുന്നതു കണ്ടെത്തി പ്രബന്ധം തയാറാക്കുന്നു.

**മാധ്യമപർവം**

5.1. സാഹിത്യ രചനയിൽ സൈബർ ഇടത്തിനുള്ള സാധ്യത വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു.

5.2. സൈബർ സാഹിത്യം, ബ്ലോഗ് സാഹിത്യം ഇവയെക്കുറിച്ച് സംവാദങ്ങൾ സംഘടിപ്പിച്ച് റിപ്പോർട്ടുകൾ തയാറാക്കുന്നു.

5.3. വിപണിയുടെ തന്ത്രത്തിനുപരിയായി സാമൂഹ്യ ഉത്തരവാദിത്തങ്ങളുടെ ഓർമപ്പെടുത്തലും പരസ്യങ്ങളിലുണ്ട് എന്നു തിരിച്ചറിഞ്ഞ് ലഘുലേഖകൾ തയാറാക്കുന്നു.

# 1
# കാവ്യപർവം

**ആമുഖം**

മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും തുടക്കം പുരാതനമായ ദ്രാവിഡ സംസ്കൃതിയിലാണ്. പണ്ടേയ്ക്കു പണ്ടേ പലരും പറഞ്ഞു പറഞ്ഞു മാത്രം നില നിന്നിരുന്ന, പ്രചരിച്ചിരുന്ന സാഹചര്യത്തിൽനിന്നു മാറി ഓലകളിൽ എഴുത്താണി ഉപയോഗിച്ച് എഴുതി സൂക്ഷിക്കാൻ തുടങ്ങിയതോടെ വാമൊഴിക്കൊപ്പം വരമൊഴി എന്ന സാധ്യതയും ഭാഷയിൽ ഉണ്ടായി. ആശയ വിനിമയ മാധ്യമമായ ഭാഷ, അതതു കാലത്തെ സാംസ്കാരികത്തനിമയുടെ സംഭരണി കൂടിയാണ്. ദ്രാവിഡ പാരമ്പര്യ ത്തിന്റെ പുതുവഴിയായി പാട്ടു പ്രസ്ഥാനം രൂപം കൊണ്ടു. അതേസമയംതന്നെ, മണിപ്രവാള പ്രസ്ഥാനവും നിലനിന്നു. എഴുത്തുകാരൻ താൻ ജീവിക്കുന്ന കാല ത്തിനും സമൂഹത്തിനും ഒപ്പം ആ ദേശത്തിന്റെ സംസ്കാരവും തന്റെ രചനയിൽ മനോഹരമായി ഇണക്കി ചേർക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഭാഷാകാവ്യപാര മ്പര്യത്തിന്റെ പഠനം സംസ്കാരപഠനംകൂടിയാവുന്നു.

മലയാളത്തിലെ ആദ്യകാല രചനകളായ രാമചരിതവും കണ്ണശ്ശരാമായണവും കുട്ടി പരിചയപ്പെടുന്നത് ഈ അർഥത്തിലാണ്. പാട്ടിന്റെ ലക്ഷണം പൂർണമായും യോജി ക്കുന്ന രാമചരിതം 164 പടലങ്ങളും 1814 പാട്ടുകളുമുള്ള ഒരു വലിയ ഗാനകാവ്യമാണ്. രാമായണത്തിലെ യുദ്ധകാണ്ഡമാണ് പ്രതിപാദ്യം. ആ കാലഘട്ടത്തിലെ ചെന്ത മിഴ് ഉപേക്ഷിച്ച് സാധാരണക്കാരന്റെ ഭാഷയിലാണ് രാമചരിതകാരൻ പാട്ട് തീർത്തത്. എന്നാൽ പാട്ടുപാരമ്പര്യവും മണിപ്രവാള ഭാഷാരീതിയും സമഞ്ജസ മായി സമ്മേളിക്കുന്ന രചനാ രീതിയാണ് നിരണം കവികൾ (കണ്ണശ്ശന്മാർ) സ്വീക രിച്ചുപോന്നത്. മാധവപ്പണിക്കർ, ശങ്കരപ്പണിക്കർ, രാമപ്പണിക്കർ എന്നീ മൂന്നു പേരാണ് നിരണം കവികൾ അഥവാ കണ്ണശ്ശന്മാർ എന്ന് അറിയപ്പെടുന്നത്. മാധവ പ്പണിക്കരുടെ 'ഭാഷാഭഗവദ്ഗീത' ശങ്കരപ്പണിക്കരുടെ 'ഭാരതമാല' രാമപ്പണിക്ക രുടെ 'രാമായണം' എന്നിവ ഈ പ്രസ്ഥാനത്തിന്റെ സംഭാവനകളാണ്.

രാമചരിതകാരനും കണ്ണശ്ശന്മാരും ഉഴുതിട്ട മണ്ണിലാണ് എഴുത്തച്ഛന്റെ രചനകൾ പിറക്കുന്നത്. സാമൂഹിക സാംസ്കാരിക ഉന്നമനം ലക്ഷ്യംവച്ച് മർമ്മംനോക്കി ഭക്തിയുടെ ധർമ്മം വിളംബരം ചെയ്യുകയാണ് എഴുത്തച്ഛൻ. താൻ ജീവിക്കുന്ന കാലത്തെ സമൂഹത്തിന്റെ ഉള്ളുണർത്തി മെരുക്കിയെടുക്കുന്ന കരവിരുത് എഴു ത്തച്ഛൻ കൃതികളിൽ കാണാം. സാംസ്കാരിക ജീർണതയിലാണ്ടുകിടന്ന ഒരു ജനസമൂഹത്തെ അർഥവത്തായ ജീവിതത്തിന്റെ സാധ്യതകൾ ബോധ്യപ്പെടുത്തു കയായിരുന്നു ഭാഷാപിതാവ്.

അധ്യാത്മരാമായണം കിളിപ്പാട്ടിലെ 'യുദ്ധകാണ്ഡ'ത്തിലുള്ള വിഭീഷണ ഹിതോപദേശമാണ് ആദ്യത്തെ പാഠഭാഗം. മൂല്യബോധം, തത്ത്വചിന്ത, ധാർമികത, സാഹോദര്യം തുടങ്ങിയവയെല്ലാം ചർച്ചാവിഷയമാവുന്നുണ്ട് ഇവിടെ.

19-ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ മലയാളത്തിൽ പ്രചാരം സിദ്ധിച്ച മുക്തക പ്രസ്ഥാനത്തെ പരിചയപ്പെടുത്തുന്ന പാഠമാണ് 'മുത്തുമണികൾ'. പൂർണമായ ഒരാശയത്തെ ചമത്കാര ഭംഗിയോടെ അവതരിപ്പിക്കുന്ന ശ്ലോകത്തെയാണ് 'മുക്തകം' എന്നു വിളിച്ചുപോരുന്നത്.

"മുക്തം ശ്ലോകഏകൈവ
ചമത്കാരക്ഷമഃ സതാം"

വൃത്തത്തിൽ രചിക്കുന്ന ഇത്തരം മുക്തകങ്ങൾ ഏതെങ്കിലും ഒരു ഭാവത്തിന്റെയോ ആശയത്തിന്റെയോ സാഹചര്യത്തിന്റെയോ സർഗ്ഗാത്മക ആവിഷ്കാരമായിരിക്കും. ചിന്തേരിട്ട വാക്കുകൾ ചിതം പോലെ ചേർത്തു രചിച്ച മുക്തകങ്ങൾ ആഴത്തിൽ പഠനവിധേയമാക്കേണ്ടവ തന്നെ. സംസ്കൃത സാഹിത്യവുമായുള്ള സമ്പർക്കം ഈ പ്രസ്ഥാനത്തിൽ നിഴലിച്ചു കാണുന്നുണ്ട്.

കൊടുങ്ങല്ലൂർ കളരിയായിരുന്നു മുക്തകങ്ങളുടെ അരങ്ങ്. കവനകൗമുദി, മനോരമ എന്നീ ആനുകാലികങ്ങൾ മുക്തകങ്ങളുടെ വസന്തകാലം മലയാളിക്കു സമ്മാനിച്ചു. അക്കാലത്ത് കവികളുടെ ആശയവിനിമയവും സംവാദങ്ങളുമെല്ലാം ശ്ലോകമയമായിരുന്നു. സമസ്യാപൂരണങ്ങൾ, ഛായാശ്ലോകങ്ങൾ, മംഗളാശംസാപദ്യങ്ങൾ തുടങ്ങിയവയെല്ലാം ഈ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കു മാറ്റുകൂട്ടി.

### കൊടുങ്ങല്ലൂർ കളരി

19-ാം നൂറ്റാണ്ടിന്റെ അവസാനവർഷങ്ങളിൽ കൊടുങ്ങല്ലൂർ കോവിലകം കേന്ദ്രീകരിച്ച് അനൗപചാരികമായി രൂപംകൊണ്ട ഭാഷാകവികളുടെ കൂട്ടായ്മയാണ് 'കൊടുങ്ങല്ലൂർ കളരി'. കൊച്ചുണ്ണിത്തമ്പുരാനും കുഞ്ഞിക്കുട്ടൻതമ്പുരാനും മറ്റും സാരഥ്യം വഹിച്ചിരുന്ന ഈ സാഹിത്യസദസ്സിൽ അക്കാലത്തെ നാട്ടുരാജ്യങ്ങളിലെ മിക്ക കവികളും പങ്കാളികളായി. കവിതാരചന വിനോദമായി കണ്ടിരുന്ന ഇക്കൂട്ടർ ഒറ്റ ശ്ലോകങ്ങളുടെ നിർമിതിയിൽ പ്രതിഭയുടെ പ്രഭ ചൊരിഞ്ഞു.

ശൃംഗാരം, ഭക്തി, രാജപ്രശംസ, വ്യാജസ്തുതി പ്രകൃതിവർണന, ബാഹ്യാകാര വർണന (ഛായാശ്ലോകങ്ങൾ), വിരഹവിവരണം, പരിഹാസം, ജീവിതവിമർശനം, ഭക്ഷണവർണന, എന്നിങ്ങനെ വൈവിധ്യമാർന്ന വിഷയങ്ങളാൽ സമ്പന്നമാണ് മലയാളത്തിലെ മുക്തക പ്രസ്ഥാനം. മുക്തകങ്ങളെ വിഷയത്തിന്റെ അടിസ്ഥാനത്തിൽ ഫലിതരസപ്രധാനം, വ്യംഗ്യപ്രധാനം, അർഥാലങ്കാരപ്രധാനം, ശബ്ദാല

ങ്കാരപ്രധാനം എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. ചേലപ്പറമ്പ് നമ്പൂതിരി, പൂന്തോട്ടം നമ്പൂതിരി, വെണ്മണി അച്ഛൻ നമ്പൂതിരി, വെണ്മണി മഹൻ നമ്പൂതിരി, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി തുടങ്ങി നിരവധിപേർ ഈ രംഗത്തു കഴിവു തെളിയിച്ചവരാണ്. 'മുത്തുമണികൾ' എന്ന പാഠഭാഗം ഈ പ്രസ്ഥാനത്തെ പരിചയപ്പെടാൻ സഹായിക്കുന്നു.

വേറിട്ട ചിന്തകൊണ്ടും എഴുത്തിന്റെ ഗാംഭീര്യം കൊണ്ടും അനുവാചകഹൃദയം കീഴടക്കിയ മഹാകവിയാണ് കുമാരനാശാൻ. 'ഞാൻ' എന്ന പരിമിതമായ ബോധത്തിൽ നിന്ന് പ്രപഞ്ചത്തോളം വിശാലമായ ബോധത്തിലേക്കു മനുഷ്യനെ ഉയർത്തുന്ന ആധ്യാത്മിക ദർശനങ്ങൾ ശ്രീ നാരായണഗുരുവിൽ നിന്നും ഗ്രഹിച്ച ആശാന്റെ ആദ്യകാല രചനകൾ അധികവും ആ വഴിക്കുള്ളവയായിരുന്നു. പിന്നീട് ഉപരിപഠനത്തിനായി കൽക്കത്തയിൽ താമസിക്കാനിടവന്നപ്പോഴാണ് പാശ്ചാത്യ സാഹിത്യവുമായുള്ള സമ്പർക്കം അദ്ദേഹത്തിനുണ്ടാവുന്നത്. ആശാന്റെ 'വീണപൂവോ'ടുകൂടി കാൽപ്പനിക പ്രസ്ഥാനം അതിന്റെ പൂർണശോഭയോടെ മലയാള കാവ്യലോകത്തും പ്രകാശമാനമായി. വിലകുറഞ്ഞ ഹാസ്യാവിഷ്കാരങ്ങളെയും മഹാകാവ്യാനുകരങ്ങളെയും ഒപ്പം ശൃംഗാരാഭാസത്തെയും ആശാൻ പടിക്കു പുറത്തുനിർത്തി. പകരം സ്നേഹത്തിന്റെ ഉദാത്തമേഖലകളിലേക്ക് മലയാള കവിതയുടെ ഭാവമണ്ഡലത്തെ കൈപിടിച്ചുയർത്തി. പാശ്ചാത്യ കാൽപ്പനികതയെയും ഭാരതീയസംസ്കൃതിയെയും ഊടുംപാവുമാക്കി നെയ്തെടുത്തവയായിരുന്നു ആശാൻ കൃതികൾ. 'മാംസനിബദ്ധമല്ലാത്ത' പ്രണയത്തിന്റെ അനശ്വരഗായകനായ ആശാന്റെ ബുദ്ധദർശനങ്ങളുമായുള്ള ഇഴയടുപ്പം കരുണയിൽ മാത്രമല്ല ചണ്ഡാലഭിക്ഷുകി തുടങ്ങിയ കൃതികളിലും നിറഞ്ഞുകാണാം. ആധുനിക കവിത്രയത്തിൽ ഒരാളായ ആശാനെയും ആശാന്റെ കൃതികളെയും സാമാന്യമായി പഠിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് 'ശാന്തം കരുണം' എന്ന പാഠഭാഗം ഉൾപ്പെടുത്തിയിരിക്കുന്നത്.

പദ്യങ്ങളെപ്പോലെതന്നെ ആഴത്തിലുള്ള പഠനം അർഹിക്കുന്നതാണ് മലയാളത്തിന്റെ ഗദ്യപാരമ്പര്യം. ഒമ്പതാം ശതകം മുതൽ തന്നെ കേരളത്തിൽ താമ്രശാസനങ്ങളും ശിലാലിഖിതങ്ങളും രചിക്കപ്പെട്ടിരുന്നു. പിന്നീടുണ്ടായ 'ഗ്രന്ഥവരികൾ' എന്നു വിളിക്കുന്ന ലിഖിതങ്ങൾ ശ്രദ്ധേയമാണ്. ഇവയെല്ലാം മലയാളത്തിന്റെ തുടക്കം അവകാശപ്പെടാവുന്ന പ്രാചീനരൂപങ്ങൾ തന്നെ. ഭാഷയിലെ ഗദ്യസാഹിത്യചരിത്രത്തെ പരിചയപ്പെടാനുള്ള അവസരമാണ് ഈ യൂണിറ്റിലെ അവസാനപാഠമായ 'മലയാള ഗദ്യപരിണാമം' വഴി സാധ്യമാവുന്നത്. മലയാളത്തിലെ ഗദ്യപദ്യ സാഹിത്യങ്ങളുടെ തുടക്കവും വളർച്ചയും സൂക്ഷ്മമായി മനസ്സിലാക്കാനും അപഗ്രഥിക്കാനും ഈ യൂണിറ്റിലൂടെ കഴിയേണ്ടതാണ്.

**പ്രവേശകം**

കേരളത്തിന്റെയോ മലയാളഭാഷയുടെയോ മഹിമകൾ വാഴ്ത്തുന്ന കവിതകൾ കുട്ടികൾ കണ്ടെത്തട്ടെ. മുൻപരിചയമുള്ളതോ മുൻ ക്ലാസ്സുകളിൽ പഠിച്ചതോ ആയ കവിതകൾ കുട്ടികൾ കണ്ടെത്താം. അവ ചൊല്ലാൻ അവസരം നല്കാം. തുടർന്ന് പ്രവേശകത്തിലെ കവിത വായിക്കാൻ നിർദ്ദേശിക്കാം

കേരളത്തിന്റെ മഹിമയെ സൂചിപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങൾ ഈ കവിതയിൽ നിന്നു കണ്ടെത്താം?

- പരശുരാമനിർമ്മിതമാണ് കേരളം എന്ന ഐതിഹ്യത്തെക്കുറിച്ച് പരാമർശം ഉണ്ട്.
- കേരള സംസ്കാരത്തിന്റെ ഇന്നലെകളിലേക്ക് ഈ കവിത വെളിച്ചം വീശുന്നു.
- കേരളത്തിന്റെ ഭൂപ്രകൃതിയെക്കുറിച്ച് കവിതയിൽ പറയുന്നുണ്ട്.

മലയാള ഭാഷയെയും സാഹിത്യത്തെയും കുറിച്ച് എന്തെല്ലാം പരാമർശങ്ങളാണ് ഈ കവിതയിലുള്ളത്?

- ദ്രാവിഡഗോത്ര ഭാഷയാണ് എന്ന സൂചനയുണ്ട്
- ദ്രാവിഡത്തിന്റെയും സംസ്കൃതത്തിന്റെയും സവിശേഷതകൾ മലയാളഭാഷയിലുണ്ട്.
- മലയാളം എന്ന ദേശവാചിയിൽ നിന്നാണ് ഭാഷയ്ക്കും ആ പേര് ലഭിച്ചതെന്ന് കവിതയിൽ പരാമർശിക്കുന്നു.

കേരളത്തിന്റെയും മലയാളഭാഷയുടെയും ചരിത്രവും മഹത്വവും ഒരേപോലെ ഈ കവിതയിൽ പ്രതിപാദിക്കപ്പെടുന്നു. തമിഴിൽ നിന്ന് രൂപപ്പെട്ട് സംസ്കൃതത്തിന്റെയും ഇതര ദ്രാവിഡഭാഷകളുടെയും സ്വാധീനത്തിന്റെ ഫലമായാണ് മലയാളഭാഷ വളർന്നത്. മാതൃഭാഷാഭിമാനം തുളുമ്പുന്ന മലയാളകാവ്യഭാഗങ്ങൾ കണ്ടെത്തി കുട്ടികൾ തന്നെ താളം നൽകി ചിട്ടപ്പെടുത്തട്ടെ. സ്കൂളിലെ സാംസ്കാരിക പരിപാടികളിൽ അവതരണഗാനമായി ഇതിലെ വരികൾ പ്രയോജനപ്പെടുത്താം.

**കേരളഗാനം**

ജയ ജയ കോമള കേരള ധരണീ
ജയ ജയ മാമക പൂജിതജനനീ
ജയ ജയ പാവനഭാരതഹരിണീ
ജയ ജയ ധർമസമന്വയരമണീ

ജയ ജയ ജയ ജയ ജയ ജയ ജനനീ
ജനനീ മാമക കേരളധരണീ

പ്രേമദമാകും പ്രമദവനം താൻ
ശ്യാമള സുന്ദരമെന്നുടെ രാജ്യം!
മലയജസുരഭിലമാരുതനേൽക്കും
മലയാളം ഹാ! മാമകരാജ്യം!
മരിചമനോഹര ലതികാശ്ലേഷിത
തരുനിരതിങ്ങും മാമകരാജ്യം;
കള കളമോതിയിണങ്ങിവരുന്നൊരു
സലിലസമൃദ്ധം മാമകരാജ്യം!

ജയ ജയ ജയ ജയ ജയ ജയ ജനനീ
ജനനീ മാമക കേരളധരണീ

മാധവമാസം ഞങ്ങൾക്കെന്നും
വാസന്തശ്രീയനുദിനമിവിടെ
മോഹന ഖഗഗണകൂജനരാജിത
മോഹദവാടികയെന്നുടെ രാജ്യം
ജാതിമതാന്ധ്യമതാന്തമെതിർക്കും
ബോധവിഭാവിതമെന്നുടെ രാജ്യം
(ജയ ജയ)

പാലൊലിതൂകും പൂന്തുകിൽ ചാർത്തും
ലോലകൾ വിലസും മലയാളത്തിൽ,
കല്പക തരുനികരങ്ങൾ നിരക്കും
കല്പിതഭൂവാം മലയാളത്തിൽ
തുഞ്ചശുകീ കളകണ്ഠനിനാദം
തഞ്ചും മാമക മലയാളത്തിൽ
മാമകമോഹം മാമക ഗേഹം
മാമകനാകം മാമക വിലയം!
ജയ ജയ കോമളകേരളധരണീ
ജയ ജയ മാമകപൂജിതജനനീ!
(രചിച്ചത് 1938)

(കേരള സർക്കാർ സാംസ്കാരിക വകുപ്പിന്റെ ഔദ്യോഗിക ഗാനമായി 2014 ൽ അംഗീകരിച്ചത്)

*കേരളഗാനം, കൊല്ലവർഷം 1101 മാണ്ട് തൃശ്ശിവപേരൂരിൽ നിന്നും പ്രസിദ്ധീകരിച്ച 'സ്വതന്ത്രകേരളം' ഒന്നാം പുസ്തകത്തിലെ ഭജ ഭജ മാതൃ മഹിതല ചരണമെന്നു കേരളഗാനത്തെ പാടേ മാറ്റി 1113 ൽ തിരുവിതാംകൂറിലെ ജനകീയ പ്രക്ഷോഭണാരംഭത്തോടെ രചിച്ചതും അതിനുശേഷം ചില മാറ്റങ്ങൾ വരുത്തിയിട്ടുള്ളതുമാണ്.*

# വിഭീഷണഹിതോപദേശം

## പാഠാപഗ്രഥനം

പാട്ടുപ്രസ്ഥാനവും സമാന്തരമായി നിലനിന്നിരുന്ന മണിപ്രവാള പ്രസ്ഥാനവും നിറഞ്ഞാടിയ കാലഘട്ടത്തിന്റെയും അലങ്കാരസമൃദ്ധവും ഈണപ്രധാനവുമായ ഗാഥാ പ്രസ്ഥാനത്തിന്റെയും തുടർച്ചയാണ് എഴുത്തച്ഛന്റെ കാവ്യലോകം. 'ഭക്തി'യെന്ന ഔഷധസേവയിലൂടെ തന്റെ കാലഘട്ടത്തിലെ വ്യക്തിമനസ്സിന്റെയും സമൂഹമന

സ്സിന്റെയും ആത്മീയ ആരോഗ്യം വർദ്ധിപ്പിക്കാനുള്ള ബോധപൂർവമായ ശ്രമം എഴുത്തച്ഛൻ കൃതികളിൽ കാണാം. പരിമിതികളെ സാധ്യതകളാക്കാനുള്ള ദർശനങ്ങളുടെ സമൃദ്ധി എഴുത്തച്ഛൻ കൃതികളുടെ സവിശേഷതയാണ്. പതിനാറാം നൂറ്റാണ്ടിൽ മലപ്പുറം ജില്ലയിലെ തിരൂരിനടുത്ത് തുഞ്ചൻ പറമ്പിലാണ് ഈ കവിയുടെ ജനനം. അധ്യാത്മരാമായണം കിളിപ്പാട്ട്, ശ്രീ മഹാഭാരതം കിളിപ്പാട്ട്, ഹരിനാമ കീർത്തനം എന്നിവയാണ് പ്രധാനകൃതികൾ.

അധ്യാത്മരാമായണം കിളിപ്പാട്ടിലെ യുദ്ധകാണ്ഡം എന്ന ഭാഗത്തെ വിഭീഷണ ഹിതോപദേശമാണ് പാഠഭാഗം. ശ്രീരാമനോടു യുദ്ധം ചെയ്യാനൊരുങ്ങി അതിനുള്ള തന്ത്രങ്ങൾ മെനയുന്നതിനായി രാവണൻ വിവിധതലങ്ങളിൽ ചർച്ചകൾ നടത്തുന്നു. അക്കൂട്ടത്തിൽ സഹോദരനായ വിഭീഷണനും കൊട്ടാരത്തിലെത്തുന്നു. ഈ ജ്യേഷ്ഠാനുജന്മാരുടെ സംവാദത്തിലൂടെ നമുക്കു ലഭിക്കുന്നതു നിത്യജീവിത ഗന്ധിയായ പ്രായോഗികതയുടെ പാഠങ്ങളാണ്. നമ്മോട് ഇഷ്ടം നടിച്ചു കൂടെ നില്ക്കുന്നവരാരും കഷ്ടകാലം വരുമ്പോൾ കൂടെ ഉണ്ടാവില്ല എന്നും നമ്മുടെ തെറ്റായ തീരുമാനം നമുക്കുതന്നെ അപകടം വരുത്തിവയ്ക്കും എന്നും ബന്ധുക്കളായവർപോലും നമ്മെ ഉപേക്ഷിച്ചു പ്രബലനായ ആളിനെ പിന്തുണയ്ക്കും എന്നും വിഭീഷണൻ ഓർമപ്പെടുത്തുന്നു. ശ്രീരാമന്റെ അമ്പേറ്റ് സഹോദരന് ആപത്തു വരുന്നതിലുള്ള സങ്കടം കൊണ്ടാണ് താനിതെല്ലാം പറയുന്നത് എന്നും അതുകൊണ്ടുതന്നെ എത്രയും വേഗം സീതാദേവിയെ ശ്രീരാമനു തിരിച്ചുനൽകുന്നതാണ് ഉചിതമെന്നും അർത്ഥശങ്കയില്ലാത്തവിധം വിഭീഷണൻ സൂചിപ്പിക്കുന്നു. എല്ലാം നശിച്ചശേഷം, ഇനി സീതാദേവിയെ കൊടുക്കാം എന്നു ചിന്തിച്ചിട്ട് ഒരു കാര്യവുമില്ല. ഏറ്റുമുട്ടുന്നതിനു മുമ്പു പലവട്ടം ആലോചിക്കണം. ശിവൻ മുതലായ ദേവന്മാർപോലും ശ്രീരാമനെ സേവിക്കുന്നവരാണ്. ശ്രീരാമനോടു യുദ്ധം ചെയ്താൽ പിന്നെ ആശ്രയമായി മറ്റാരും ഉണ്ടാകുകയും ഇല്ല. അതിനാൽ ജാനകിയെ തിരിച്ചേൽപ്പിച്ച് സുഖമായി വാഴുകയാണ് ഉചിതം എന്നും വിഭീഷണൻ പറയുന്നു. ഈ ഉപദേശങ്ങൾ കേട്ട രാവണൻ ക്ഷുഭിതനാവുന്നു. മിത്രഭാവം നടിക്കുന്ന ഇത്തരക്കാരാണ് യഥാർത്ഥ ശത്രുക്കൾ എന്നും അവരെ വധിക്കുകയേ നിർവാഹമുള്ളൂ എന്നുമായിരുന്നു രാവണന്റെ പ്രതികരണം. അതിനു മറുപടിയായി വിഭീഷണൻ പറയുന്നതു മരണം ആസന്നമായിരിക്കുന്ന വ്യക്തിക്ക് ഒരു ഔഷധവും ഫലിക്കില്ല എന്നാണ്.

വർത്തമാനകാല ജീവിത പരിസരങ്ങളുമായി ബന്ധപ്പെടുത്തി ഈ ഭാഗം ചർച്ചചെയ്യുന്നത് കൂടുതൽ ഗുണം ചെയ്യും. രാവണനും വിഭീഷണനും പ്രാതിനിധ്യസ്വഭാവമുള്ള രണ്ടു കഥാപാത്രങ്ങൾ ആണല്ലോ. വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും വ്യത്യസ്തരായവർ. രണ്ടുപേരും പ്രതിനിധാനം ചെയ്യുന്നതു രണ്ടു വ്യത്യസ്ത കാഴ്ചപ്പാടുകളെയാണുതാനും. സൂക്ഷ്മാപഗ്രഥനത്തിൽ മൂല്യബോധം, തത്ത്വചിന്ത, ധാർമികത, സ്ത്രീയോടുള്ള സമീപനം, യുദ്ധത്തിനെതിരെയുള്ള ചിന്ത തുടങ്ങിയ

വ്യത്യസ്ത മേഖലകളിൽ കുട്ടികളെ എത്തിക്കാൻ കഴിയുന്നതാണ് ഈ പാഠഭാഗം. പ്രൗഢമായ ഇതിഹാസങ്ങളെ ആവിഷ്കരിക്കാനുതകുന്ന ഒരു ഭാഷയായി മലയാളത്തെ വാർത്തെടുക്കാൻ എഴുത്തച്ഛനു സാധിച്ചു. സംസ്കൃതപദങ്ങളും ഭാഷാപദങ്ങളും ഒരുപോലെ പ്രയോഗിക്കാനുള്ള സിദ്ധി ഈ കവിക്കു സ്വന്തം. തത്ത്വചിന്താപ്രധാനമായ വരികൾകൊണ്ട് സമൃദ്ധമാണ് എഴുത്തച്ഛൻ കൃതികൾ. വിഭീഷണഹിതോപദേശവും വ്യത്യസ്തമല്ല.

**പഠനപ്രവർത്തനങ്ങൾ**

വിഭീഷണന്റെ വാക്കുകൾ കേട്ട രാവണന്റെ പ്രതികരണം എന്തായിരുന്നു. ?

കവിത കുട്ടികൾ സംഘങ്ങളായി ചൊല്ലട്ടെ. വ്യക്തിഗതമായ അവതരണങ്ങളും ആകാം. ഈ കവിതയിലെ പ്രധാന കഥാപാത്രങ്ങൾ ആരെല്ലാമാണ്? അവർ എന്തെല്ലാമാണ് പറയുന്നത്? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ടീച്ചർ ചോദിക്കട്ടെ. ഓരോ സംഘത്തിൽനിന്നും ഓരോ കുട്ടിക്കു പറയാനുള്ള അവസരവും നൽകേണ്ടതാണ്

- യുദ്ധത്തിനു മുമ്പുള്ള ചർച്ചയാണ് ഇവിടെ നടക്കുന്നത്.
- ശ്രീരാമനും രാവണനുമാണ് കഥാപാത്രങ്ങൾ.
- സീതയെ തിരിച്ചു കൊടുക്കാൻ വിഭീഷണൻ പറയുന്നു.
- രാവണൻ ക്രൂരമായി പ്രതികരിക്കുന്നു.

എന്നിങ്ങനെയുള്ള പ്രതികരണങ്ങൾ ഉണ്ടാകാം

ഇതിൽ രാവണന്റെ അഭിപ്രായങ്ങൾ എന്തെല്ലാമാണെന്ന് ഒരിക്കൽകൂടി വായിച്ച് കുറിപ്പായി എഴുതി അവതരിപ്പിക്കട്ടെ. അവതരണത്തിൽ വരാവുന്ന ചിലത്

- സൗഹൃദം നടിച്ചു കൂടെ നടക്കുന്നവരാണ് യഥാർഥ ശത്രുക്കൾ.
- സീതയെ കൊടുക്കണം എന്നു പറയുന്നതുപോലുള്ള കാര്യങ്ങളാണ് പറയുന്നതെങ്കിൽ വധിക്കുകയേ രക്ഷയുള്ളൂ.

പ്രതികരണങ്ങളിൽനിന്നു കിട്ടിയ ആശയങ്ങൾ ക്രോഡീകരിച്ച് കുട്ടികൾക്ക് രാവണന്റെ അഭിപ്രായം കുറിപ്പായി എഴുതാം.

ശ്രീരാമനോടു കലഹിച്ചാൽ പിന്നെ ആരും ശരണമില്ലെന്നു പറഞ്ഞതെന്തുകൊണ്ട്?

കുട്ടികൾ കവിതാഭാഗം ചൊല്ലിനോക്കട്ടെ.

പദ്യഭാഗത്തെ രാവണ വിഭീഷണന്മാരുടെ സംഭാഷണം ഗദ്യരൂപത്തിലാക്കി അവതരിപ്പിക്കട്ടെ.

വിഭീഷണനു രാമനൊാടും രാവണനൊടുമുള്ള മനോഭാവത്തിലെ വ്യത്യാസമെന്ത്?

കുട്ടികൾ ഒന്നു കൂടി വായിച്ചശേഷം അവരുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു.

- രാമനൊടുള്ള ഭക്ത്യാദരങ്ങൾ
- രാമൻ അജയ്യനാണെന്ന വിശ്വാസം
- രാമൻ സാധാരണ മനുഷ്യനല്ല എന്ന വിശ്വാസം
- രാവണനൊടുള്ള സഹോദര സ്നേഹം
- രാവണനു ധർമചിന്തയുണ്ടാക്കണമെന്ന ആഗ്രഹം
- രാവണന്റെ അധർമവൃത്തികളോടുള്ള നീരസം.
- രാവണൻ അധർമഭാഗത്തായതിനാൽ ധർമത്തിന്റെ ഭാഗത്തുള്ള ശ്രീരാമന്റെ പക്ഷത്തെ എല്ലാവരും നിൽക്കു എന്ന കാഴ്ചപ്പാട്.

ചർച്ചയ്ക്കുശേഷം രാവണനു സംഭവിക്കാനിരിക്കുന്ന ആപത്തിനെക്കുറിച്ചുള്ള വിഭീഷണന്റെ ആശങ്കകൾ കുട്ടികൾ വിശദീകരിക്കുന്നു.



മൃത്യുവശഗതനായ പുരുഷന്

സിദ്ധൗഷധങ്ങളുമേല്ക്കയില്ലേതുമേ.

× "താന്താൻ നിരന്തരം ചെയ്യുന്നതിൻ കർമ്മങ്ങൾ
താന്താനനുഭവിച്ചീടുകെന്നേവരൂ".

× 'അങ്ങാടിപ്പയ്യ് ആലയിൽ നിൽക്ക'

× 'പുകഞ്ഞ കൊള്ളി പുറത്ത്'

× 'കാക്ക കുളിച്ചാൽ കൊക്കാകുമോ'

ഇത്തരം തത്ത്വചിന്താപരമായ വരികളുടെയും പഴഞ്ചൊല്ലുകളുടെയും പ്രയോഗ സാംഗത്യം കുട്ടികൾതന്നെ വിശദീകരിക്കട്ടെ.

സമാനങ്ങളായ പഴഞ്ചൊല്ലുകളും അവയുടെ അർഥ സാധ്യതകളും അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം കൊടുക്കുന്നു.

പറഞ്ഞതിൽ കവിഞ്ഞൊരർഥം ഈ പഴഞ്ചൊല്ലുകൾക്കുണ്ടോ? ഉദ്ദേശിക്കുന്ന കാര്യം മറ്റൊന്നു പറഞ്ഞു വെളിവാക്കുകയല്ലേ ചെയ്യുന്നത്. അങ്ങനെയാണെങ്കിൽ ഈ വരികൾക്ക് എന്തു വിശദീകരണം നൽകാം? കാവ്യഭാഗത്ത് മരണാസന്നനെയും മരുന്നിനെയും പറ്റിയാണോ കവി ഉദ്ദേശിക്കുന്നത്? കുട്ടികൾ അഭിപ്രായങ്ങൾ അവതരിപ്പിക്കട്ടെ.

- രാവണന്റെ മനോഭാവത്തെക്കുറിച്ചുള്ള വിഭീഷണന്റെ വിമർശനമാണ് ഈ ഭാഗം.
- രാവണൻ ആപത്തോടടുത്തിരിക്കുന്നു എന്നും അതുകൊണ്ടു തന്നെ ഉപദേശങ്ങൾ ഫലിക്കില്ല എന്നുമാണ് വിഭീഷണൻ സൂചിപ്പിക്കുന്നത്.

- രാവണൻ ആസന്നമരണനാണെന്നും ഉപദേശങ്ങൾക്കു വഴങ്ങാത്തവനാണെന്നുമുള്ള വിമർശനം അനുജനായ വിഭീഷണനുണ്ട്.
- ഈ വരികൾക്കു ലോകതത്ത്വത്തിന്റെ സ്വഭാവമുണ്ട്.
- അപ്രസ്തുതപ്രശംസ എന്ന അലങ്കാരമാണ് ഇവിടെ പ്രയോഗിച്ചിട്ടുള്ളത്.
- ഈ പാഠഭാഗത്തെ തത്ത്വചിന്താ പ്രധാനങ്ങളായ ഭാഗങ്ങൾ പരിശോധിക്കുക.

× ഇഷ്ടം പറയുന്ന ബന്ധുക്കളാരുമേ
കഷ്ടകാലത്തിങ്കലില്ലെന്നു നിർണയം

× മുമ്പിലേയുള്ളിൽ വിചാരിച്ചുകൊള്ളണം
വമ്പനോടേറ്റാൽ വരും ഫലമേവനും.

× ശത്രുക്കൾ ശത്രുക്കളാകുന്നതേവനും
മൃത്യു വരുത്തുമവരെന്നു നിർണയം.

× മൃത്യുവശഗതനായ പുരുഷനു
സിദ്ധൗഷധങ്ങളുമേൽക്കയില്ലേതുമേ

കണ്ടെത്തിയവ ഒരു തവണകൂടി വിശദീകരിച്ച് എഴുത്തച്ഛൻ കൃതികളിലെ തത്ത്വചിന്താപ്രധാനമായ മറ്റു വരികൾ ടീച്ചർ അവതരിപ്പിക്കട്ടെ. ഇതുപോലുള്ളവ കണ്ടെത്താനും ആവശ്യപ്പെടാം.

അവസ്ഥാനങ്ങളിൽ ചെന്നു ചാടിയാൽ ദൂഷണമുണ്ടാം - കുഞ്ചൻനമ്പ്യാർ

മുമ്പിലേയുള്ളിൽവിചാരിച്ചുകൊള്ളണം
വമ്പനോടേറ്റാൽ വരും ഫലമേവനും. - എഴുത്തച്ഛൻ

- ഈ വരികളിലെ ആശയങ്ങൾ താരതമ്യം ചെയ്തു കുറിപ്പ് തയാറാക്കുക.

കുട്ടികൾ ഈ കാവ്യശകലങ്ങൾ വായിച്ച്. സംഘത്തിൽ ചർച്ചചെയ്യട്ടെ. സംഘമായി നിന്ന് ഒരാൾ അവ ക്രോഡീകരിച്ച് അവതരിപ്പിക്കട്ടെ.

**ആശയസൂചന**

- കുഞ്ചൻ നമ്പ്യാരുടെ കൃതികളിലേതാണീ ഭാഗം
- തത്ത്വചിന്തകൾ അവതരിപ്പിക്കുന്നതിൽ നമ്പ്യാരും ശ്രദ്ധിച്ചിരുന്നു.
- സാഹചര്യങ്ങൾ അനുസരിച്ചു പെരുമാറിയാൽ അബദ്ധങ്ങൾ സംഭവിക്കുകയില്ല എന്നു നമ്പ്യാർ പറയുന്നു.
- തന്നേക്കാൾ വലിയവനോട് ഏറ്റുമുട്ടുന്നതിനു മുമ്പ് പലവട്ടം ആലോചിക്കണം. ആലോചനയില്ലാതെ പ്രവർത്തിച്ചാൽ അതിന്റെ ഫലം അനുഭവിക്കേണ്ടി വരും എന്ന് എഴുത്തച്ഛൻ.

ഇവ സാമാന്യമായ ഒരേ ആശയത്തിന്റെ രണ്ട് അവതരണമാണെന്നു കണ്ടെത്താൻ കുട്ടിയെ സഹായിക്കണം.

രാക്ഷസരാജ ജയിക്ക ജയിക്ക നീ

പ്രാസനിബദ്ധമായ ഒരു ഭാഗം ടീച്ചർ അവതരിപ്പിക്കുന്നു.

ഉദാ:

‘എത്ര ജന്മം മലത്തിൽ കഴിഞ്ഞതും
എത്ര ജന്മം ജലത്തിൽ കഴിഞ്ഞതും
എത്ര ജന്മം മണ്ണിൽ കഴിഞ്ഞതും
എത്ര ജന്മം മരങ്ങളായ് നിന്നതും
എത്ര ജന്മം മരിച്ചു നടന്നതും
എത്ര ജന്മം മൃഗങ്ങൾ പശുക്കളായ്
മർത്ത്യജന്മത്തിൽ മുൻപെ കഴിച്ചു നാം.

ഈ കാവ്യഭാഗം ചൊല്ലാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. കുട്ടികൾ ചൊല്ലിയ ശേഷം അർഥം വ്യക്തമാകും വിധം ടീച്ചർക്കും ആലപിക്കാവുന്നതാണ്. ഈ കാവ്യഭാഗത്തു ശബ്ദസുഖം പകരുന്ന എന്തു രചനാസവിശേഷതയാണ് ശ്രദ്ധയിൽപ്പെടുന്നത്?

- വരികളിൽ ഒരേ ശബ്ദം ആവർത്തിച്ചുവരുന്നു
- ശബ്ദാവർത്തനം കേൾവിക്കു സുഖവും കൗതുകവും തരുന്നതാണ്.
- ഈ ശബ്ദാവർത്തനം താളബോധം നൽകുന്നു.
- കവിത ആകർഷകമാകുന്നു.

ഇത്തരം പല മട്ടിലുള്ള ശബ്ദാവർത്തനങ്ങളെയാണ് പ്രാസം എന്നു പറയുന്നത്. ശബ്ദം കൊണ്ടു കവിതയ്ക്കു ഭംഗി വർധിപ്പിക്കുന്ന പ്രാസങ്ങളെ ശബ്ദാലങ്കാരങ്ങളെന്നു വിശേഷിപ്പിക്കാം. ഇങ്ങനെ ശബ്ദാലങ്കാരങ്ങളുള്ള കാവ്യഭാഗങ്ങൾ നിങ്ങളുടെ ഓർമയിലുണ്ടോ? കുട്ടികൾ ഓർമയിലുള്ള കവിതാഭാഗങ്ങൾ ചൊല്ലട്ടെ.

പ്രധാനപ്പെട്ട പ്രാസവിഭാഗങ്ങൾ ഏതൊക്കെയാണ്? നേരത്തെ പരിചയപ്പെട്ട കാവ്യഭാഗങ്ങളിൽ ശബ്ദാവർത്തനങ്ങൾ ഏതൊക്കെ രൂപത്തിലാണ് അനുഭവപ്പെട്ടത്?

- ആദ്യാക്ഷരപ്രാസം
- ദ്വിതീയാക്ഷരപ്രാസം
- അന്ത്യാക്ഷരപ്രാസം
- അനുപ്രാസം

ഓരോ വ്യവസ്ഥയുടെയും സ്വഭാവം ചർച്ച ചെയ്യുന്നു.

- അടുത്തടുത്ത വരികളിലെ ആദ്യാക്ഷരം ആവർത്തിച്ചുവരുന്നതിനെ ആദ്യാക്ഷരപ്രാസമെന്ന് പറയുന്നു.
- അടുത്തടുത്ത വരികളിലെ രണ്ടാമത്തെ അക്ഷരം ആവർത്തിച്ചാൽ ദ്വിതീയാക്ഷരപ്രാസം.

- അടുത്തടുത്ത വരികളിലെ അന്ത്യാക്ഷരങ്ങൾ ആവർത്തിച്ചാൽ അന്ത്യാക്ഷര പ്രാസം.
- വരികളിൽ ഇടയ്ക്കിടെവ്യഞ്ജനാക്ഷരം ആവർത്തിച്ചാൽ അനുപ്രാസം

(പൂക്കുന്നിതാമുല്ല പൂക്കുന്നിലഞ്ഞി, പൂക്കുന്നു തേന്മാവ് പൂക്കുന്നശോകം)

മലയാള കവിതയിലെ പ്രധാന പ്രാസവ്യവസ്ഥകൾ എന്ന ശീർഷകത്തിൽ ഒരു പ്രബന്ധം കുട്ടികൾ തയാറാക്കട്ടെ.

രാമചരിതത്തിൽ നിന്ന് എഴുത്തച്ഛനിൽ എത്തുമ്പോൾ മലയാള ഭാഷയ്ക്ക് എന്തെല്ലാം പരിണാമം സംഭവിക്കുന്നു എന്ന് വിശകലനം ചെയ്യുക.

കവിതയുടെ പ്രാരംഭത്തിൽതന്നെ രാമചരിതം, കണ്ണശ്ശരാമായണം ഇവയെപ്പറ്റി സാമാന്യപരിചയം കുട്ടികൾക്ക് ഉണ്ടായിരിക്കുമല്ലോ. അതിന്റെ അടിസ്ഥാനത്തിൽ രാമചരിതത്തിലെയും കണ്ണശ്ശരാമായണത്തിലെയും ഭാഗങ്ങൾ അവതരിപ്പിക്കട്ടെ. നാലു ഗ്രൂപ്പികളിലായി കുട്ടികളെ തിരിച്ച് ഓരോ ഗ്രൂപ്പിനും പഠനപ്രവർത്തനത്തിൽ നൽകിയിട്ടുള്ള രണ്ടു കാവ്യഭാഗങ്ങൾ നൽകുക. രണ്ടു ഗ്രൂപ്പുകൾക്ക് ഒരേ ഭാഗം കിട്ടിയിട്ടുണ്ടാകുമല്ലോ. പാഠഭാഗത്തെ ആശയം സ്വാംശീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ കാവ്യഭാഗം വായിക്കാനാവശ്യപ്പെടാം. കഠിനപദങ്ങളുടെ അർഥങ്ങൾ പുസ്തകത്തിലുള്ളതു ശ്രദ്ധിക്കാൻ ഓർമിപ്പിക്കുകയുമാവാം. ഈ രണ്ടു കവിതകളുടെ പ്രത്യേകതകൾ, പ്രതിപാദ്യം ചർച്ചയിൽ വരാവുന്ന ചില അഭിപ്രായങ്ങൾ

- രണ്ടു കവിതകൾക്കും തമിഴ് ഭാഷയൊടു സാദൃശ്യം ഉണ്ട്.
- ഇന്നു ഭാഷയിൽ പ്രയോഗത്തിലില്ലാത്ത പദങ്ങൾ കാണുന്നുണ്ട്.
- രാമചരിതത്തിലെ ഭാഷയിൽനിന്നു വ്യത്യാസമുള്ള ഭാഷ കണ്ണശ്ശന്മാരിൽ കാണാം.
- തിരിന്ത്, വരിന്ത്, തുടങ്ങിയ അനുനാസികാതിപ്രസരം വന്നിട്ടില്ലാത്ത ശബ്ദ ങ്ങൾ.
- ശ്രീരാമശരമേറ്റ രാവണനോട് തന്നെക്കൂടി മൃത്യുലോകത്തിലേക്കു കൊണ്ടുപോകാൻ 'മണ്ഡോദരി' ആവശ്യപ്പെടുന്നതാണ് രാമചരിതഭാഗത്തിലെ പ്രതിപാദ്യം.

നിങ്ങളുടെ മന്ത്രിമാർ തന്നെയാണ് യഥാർഥ ശത്രുക്കൾ എന്നും അവർ പറയുന്നതു കേട്ടു പ്രവൃത്തി തുടർന്നാൽ നാശം ഉറപ്പാണെന്നും വിഭീഷണൻ രാവണനോടു പറയുന്നതാണ് രണ്ടാംഭാഗത്തെ പ്രതിപാദ്യം.

ഉത്തരങ്ങൾ ക്രോഡീകരിച്ചതിനുശേഷം പാഠഭാഗത്തെയും ഇതിലെയും ഭാഷകൾ താരതമ്യം ചെയ്തു ഗ്രൂപ്പുചർച്ചവഴി കുറിപ്പായി അവതരിപ്പിക്കട്ടെ. വരാനിടയുള്ള ആശയങ്ങൾ.

- മലയാളഭാഷയുടെ പരിവർത്തനഘട്ടത്തിന്റെ സൂചനകളാണ് രാമചരിതഭാഗത്തിലുള്ളത്. തമിഴിന് പ്രാമുഖ്യമുണ്ട്

- കണ്ണശ്ശന്മാർ തമിഴിൽനിന്നും ഭാഷയുടെ മോചനത്തിന് ആക്കം കൂട്ടി.
- എഴുത്തച്ഛനിലെത്തുമ്പോൾ തൽഭവങ്ങളുടെയും തൽസമങ്ങളുടെയും ഔചിത്യ പൂർവമായ പ്രയോഗസുഖം
- പ്രൗഢമായ ഭാഷ
- അനുനാസികാതിപ്രസരം - വന്ന രൂപങ്ങൾ

അഭിപ്രായങ്ങൾ വിശകലനം ചെയ്തു കുട്ടികൾ കുറിപ്പ് തയാറാക്കട്ടെ അവയിൽ ചിലതു ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകാം.

# മുത്തുമണികൾ

**പാഠാപഗ്രഥനം**

നാലുവരികളിൽ കവിത ചമയ്ക്കുന്ന രചനാചാതുരി 'മുക്തക' പ്രസ്ഥാനത്തിന്റെ കരുത്തും സവിശേഷതയുമായിരുന്നു. 19-ാം നൂറ്റാണ്ടാണ് മലയാള മുക്തകങ്ങളുടെ പൂക്കാലം. ഒരു ശ്ലോകത്തിൽ ആശയം പൂർത്തിയാവുന്നു എന്നതും സംസ്കൃതവൃത്തത്തിൽ ചിട്ടപ്പെടുത്തി എന്നതും ആസ്വാദകരെ ഏറെ ആകർഷിച്ച ഘടകങ്ങളായിരുന്നു.

പ്രസിദ്ധമായ രണ്ടു മുക്തകങ്ങൾ ആണ് പാഠഭാഗമായി കൊടുത്തിരിക്കുന്നത്. രാമപുരത്തു വാര്യരുടെ മുക്തകമാണ് ആദ്യത്തേത്. തന്റെ വീട്ടിലെ കഷ്ടാവസ്ഥ സൂചിപ്പിച്ചുകൊണ്ട് കവി, മാർത്താണ്ഡവർമ്മ മഹാരാജാവിനു സമർപ്പിച്ച പദ്യമാണിത്. തന്റെ വീട് ഭാഗവതംപോലെയാണെന്നാണ് കവി പറയുന്നത്. ഭാഗവതം പുരാണഗ്രന്ഥമാണ്. വീടും പുരാണ(പുരാതനം)മാണ്. ആ പുരാണ പ്രസിദ്ധമായ 'ഭാഗവതം' വായിക്കുന്നവർക്കു ഭൗതികമായ ജീവിതകാമന ഇല്ലാതായി 'വിരക്തി' എന്ന അവസ്ഥ കൈവരിക്കാം. എന്നാൽ തന്റെ വീടു കാണുന്നവർക്കു വെറുപ്പാണ് ഉണ്ടാകുക. രണ്ടും ഒരുപോലെ കവി സൂചിപ്പിക്കുന്നു. ഭാഗവതം അർഥസമ്പന്നമാണ് അതായത് ആശയസമൃദ്ധമാണ്. വീടാകട്ടെ തീരെ ദരിദ്രവും. ധ്വന്യാത്മകമായ ഇത്തരം പ്രയോഗങ്ങളുടെ ആഴത്തിലുള്ള വിശകലനംകൂടി ഇവിടെ സാധ്യമാവുന്നുണ്ട്. 'അർഥം' എന്ന വാക്കിന്റെ ശ്ലേഷാലങ്കാരപ്രയോഗവും ഏറെ പ്രാധാന്യമർഹിക്കുന്നു.

ആട്ടക്കഥകളുടെ തമ്പുരാനായ കോട്ടയത്തു തമ്പുരാൻ മുക്തകപ്രസ്ഥാനത്തിനും തന്റേതായ സംഭാവനകൾ നൽകിയ കവിയാണ്. അദ്ദേഹത്തിന്റെ മുക്തകമാണ് രണ്ടാമതായി പഠിക്കാനുള്ളത്. ആകാശത്തിലെ സുന്ദരമായ കാഴ്ചകൾ കാണുന്നതിനുവേണ്ടി തുയിലുണരാൻ കവി തൃച്ചംബരം ക്ഷേത്രത്തിലെ ദേവനോട് അഭ്യർഥിക്കുന്നതാണ് ഈ മുക്തകത്തിലെ പ്രമേയം. ഏറെ മനോഹരമായ ഒരു പ്രഭാത

വർണ്ണനകൂടിയാണിത്. മൂന്നു ദൃശ്യചിത്രങ്ങളിലൂടെയും ഒരു ശ്രാവ്യാനുഭവത്തിലൂടെയും പൊലിമയുള്ള പുലരിയുടെ കാഴ്ച കവി ആവിഷ്കരിക്കുന്നുണ്ട്. സൂര്യോദയസമയത്ത് ഉദയഗിരി ചുവന്നുതുടുത്തു നിന്നു, താമരമൊട്ടുകൾ പുഞ്ചിരി തൂകാനും തുടങ്ങി. രാവു മുഴുവൻ സൂര്യനെക്കാണാതെ വിരഹദുഃഖം അനുഭവിക്കുകയാണല്ലോ താമരമൊട്ടുകൾ. ചന്ദ്രൻ സാവധാനത്തിൽ മറയുന്നു. ശംഖനാദവും കേൾക്കുന്നുണ്ട്. ഈ മനോഹരദൃശ്യത്തിനു സാക്ഷിയാവാനാണ് കവി ദേവനോടു പറയുന്നത്. ലളിതമായ വാക്കുകൾകൊണ്ടു വേറിട്ട ഭാവനാവിലാസങ്ങളിലൂടെ നടത്തുന്ന ആത്മാവിഷ്കാരം തന്നെയാണിത്. അക്കാലത്തെ അക്ഷരശ്ലോക സദസ്സുകളിലെ നിരന്തരസാന്നിധ്യമായിരുന്നു ഇത്തരം മുക്തകങ്ങൾ.

**പഠനപ്രവർത്തനങ്ങൾ**

കവി തന്റെ വീടിനെ ഭാഗവതത്തോട് ഉപമിച്ചതിലെ ഔചിത്യം വിവരിക്കുക.

പാഠഭാഗത്തിലുള്ള ആദ്യത്തെ മുക്തകം കുട്ടികൾ വായിക്കട്ടെ. ഒറ്റയ്ക്കും കൂട്ടമായും വായിക്കാൻ അവസരം കൊടുക്കാം. അതിലെ ആശയം അവതരിപ്പിക്കാൻ ആവശ്യപ്പെടാം.

- പുരാണ പ്രസിദ്ധമായ ഭാഗവതവും കവിയുടെ വീടും ആണ് ഇവിടെ വിഷയം.
- വീടിനെ ഭാഗവതത്തോടു സാദൃശ്യപ്പെടുത്തിയിരിക്കുന്നു
- ഭാഗവതം അർഥ (ആശയ) സമ്പന്നമാണ്.
- തന്റെ വീടാകട്ടെ അർഥ (സമ്പത്ത്) രഹിതവുമാണ്.
- ഭാഗവതം വായിച്ചുപഠിക്കുന്നവർക്കു ഭൗതികമോഹങ്ങളിൽ നിന്നു വിരക്തിയുണ്ടാകുന്നു.
- തന്റെ വീട് കാണുമ്പൊഴും അതിന്റെ അവസ്ഥകണ്ടു വിരക്തിയാണ് (വെറുപ്പ്) ഉണ്ടാകുക.

ആശയങ്ങൾ ക്രോഡീകരിക്കാൻ ടീച്ചർ ഉചിതമായി ഇടപെടണം.

ചെമ്പരേശനോടു കവിയുടെ പ്രാർഥന എന്താണ്? പ്രഭാതത്തിലെ ശ്രാവ്യാനുഭവമായി കവി രേഖപ്പെടുത്തിയിരിക്കുന്നതെന്താണ്?

പാഠഭാഗത്തെ രണ്ടാമത്തെ മുക്തകം കുട്ടികൾ ഭംഗിയായി വായിക്കട്ടെ ശ്ലോകത്തിന്റെ ആശയം എഴുതാൻ ഓരോ കുട്ടിയൊടും ആവശ്യപ്പെടാം. അവയിൽ ചിലതു ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുക. അവതരിപ്പിച്ചുകഴിഞ്ഞാൽ ഉചിതമായ പൂരിപ്പിക്കലുകൾ ടീച്ചർക്ക് നടത്താവുന്നതാണ്. വരാനിടയുള്ള ആശയങ്ങൾ.

- ഇതൊരു പ്രഭാത വർണ്ണനയാണ്.
- മൂന്നു ദൃശ്യചിത്രങ്ങളും ഒരു ശ്രാവ്യചിത്രവും കാണാം.

- ആകാശത്തിലെ കാഴ്ചകൾ കാണുന്നതിനുവേണ്ടി തൃച്ചംബരത്തെ ദേവനൊടു കവി ആവശ്യപ്പെടുന്നു.

കുട്ടിക്ക്മോഹം മുതിർന്നവനാകുവാൻ
കുട്ടിയായ്ത്തീരാൻ മുതിർന്നവർക്കും
താനായിത്തന്നെയിരിക്കുവാനാർക്കുമൊ-
രാഗ്രഹം കാണുന്നില്ല ജഗത്തിൽ

*കുഞ്ഞുണ്ണി*

ഭാഷയിലെ മുത്തുമണികളാണ് മുക്തകങ്ങൾ. മുക്തകങ്ങളെക്കുറിച്ചുള്ള ഈ വിശേഷണം മുകളിൽ കൊടുത്ത വരികളും പാഠഭാഗവും അടിസ്ഥാനമാക്കി പരിശോധിച്ചു കുറിപ്പ് തയാറാക്കുക.

ചോദ്യത്തിലെ കവിതാഭാഗം കുട്ടികൾ ചൊല്ലട്ടെ. ഓരോ ബെഞ്ചിലെയും കുട്ടികൾ ഈ കവിത ചൊല്ലട്ടെ. ഈ കവിതയിലെ ആശയം കണ്ടെത്താൻ ആദ്യം കുട്ടികളോട് ആവശ്യപ്പെടാം. ചിലതു കുട്ടികൾ അവതരിപ്പിക്കട്ടെ. **വരാനിടയുള്ള ചില ആശയങ്ങൾ**

- കുട്ടിക്ക് വേഗം വലുതാവണം എന്നാണ് ചിന്ത
- വലുതായ ഒരാൾക്ക് കുട്ടിയെപ്പോലെ ആകാനാണ് മോഹം
- കുട്ടിയാവുമ്പോൾ കുട്ടിയായിട്ടും വലുതാകുമ്പോൾ ആ അവസ്ഥയിലും ജീവിക്കാൻ ഈ ലോകത്ത് ആർക്കും മോഹം ഇല്ല.
- 

ഈ ആശയത്തോടൊപ്പം കുഞ്ഞുണ്ണിയുടെ രസകരമായ ചില കവിതകൾ കൂടി കുട്ടികളൊടു ചൊല്ലാൻ ആവശ്യപ്പെടാം. ചൊല്ലിക്കൊടുക്കാം. ഈ കവിതയും മുക്തകങ്ങളുടെ മാതൃക പിന്തുടരുന്നുണ്ടോ? അങ്ങനെയെങ്കിൽ മുക്തകങ്ങളുടെ പൊതു സ്വഭാവങ്ങൾ എന്തെല്ലാമാണ്?

- ഒരാശയത്തിന്റെ ഭംഗിയായ ആവിഷ്കാരം നാലുവരിയിലൂടെ സാധിക്കുന്നു.
- ഏകാഗ്രമായ ഭാവം
- ചെറുതിന്റെ സൗന്ദര്യം

മുത്തുമണികൾ പൊതുവേ ചെറുതും ശോഭയുള്ളതും ആകർഷകവും ആണല്ലോ, അതുപോലെത്തന്നെ മുക്തകങ്ങളും. ഈ ആശയം കുട്ടികൾ ശ്രദ്ധിക്കട്ടെ. ഒപ്പം മുക്തകങ്ങളുടെ തുടർച്ച പിൽക്കാലത്തും മലയാള കവിതയിൽ കാണാമെന്നു കുട്ടികൾ തിരിച്ചറിയട്ടെ. താഴെക്കൊടുത്തിരിക്കുന്ന മുക്തകം ക്ലാസ്സിൽ അവതരിപ്പിക്കാം.

- കത്തിപ്പൊട്ടിപ്പൊരിഞ്ഞപ്പൊരികനൽ ചിതറും

പട്ടടത്തീയിലമ്പോ!
നൃത്തം തത്തിത്തകർക്കെ, പ്പട കലി കയറി
പ്രോഗ്രഹാസം മുഴക്കെ
ഞെട്ടിത്തൊട്ടിൽക്കകത്തിങ്ങലമുറയിടുമി
പ്പേടിമാറാത്ത പാവം
കുട്ടിക്കമ്മിഞ്ഞയേകാൻ വരിക ദയചുര-
ന്നെൻപെരുങ്കാളിയമ്മേ! (മാനസാന്തരം - ബാലചന്ദ്രൻ ചുള്ളിക്കാട്)

ഇതിലെ പ്രമേയവും അവതരണരീതിയും ചർച്ചചെയ്യുക

പാഠപുസ്തകത്തിലെ രണ്ട്, നാല് പഠനപ്രവർത്തനങ്ങൾ ഒരേ പഠനപ്രവർത്തനമായി ക്ലാസ്സിൽ അവതരിപ്പിക്കാവുന്നതാണ്.

ഉദയത്തെ ആവിഷ്കരിക്കാൻ ഏതൊക്കെ വസ്തുതാവർണനകളാണ് കവി ഉപയോഗിച്ചിരിക്കുന്നത്? അവയിൽ കാഴ്ചാനുഭവങ്ങളും ശ്രാവ്യാനുഭവങ്ങളും വിദ്യാർത്ഥികൾ വേർതിരിച്ചെടുക്കട്ടെ.

പ്രഭാതത്തിലെ കാഴ്ചാനുഭവങ്ങൾ ഏതെല്ലാമാകാം.

- ഉദയപർവതം ചുവന്നു.
- സൂര്യബിംബം വിളങ്ങുന്നു.
- താമരമൊട്ടുകൾ വിടർന്നു പുഞ്ചിരി പരക്കുന്നു.
- ചന്ദ്രൻ പതിയെ അസ്തമിക്കുന്നു. മായുന്നു.

ശ്രാവ്യാനുഭവങ്ങൾ ഏതെല്ലാം

- മുഴങ്ങിക്കേൾക്കുന്ന ശംഖനാദം

കുട്ടികൾ അവതരിപ്പിക്കട്ടെ.

ഏതെങ്കിലും ഒരു കാഴ്ചയിലൂടെയോ ശബ്ദത്തിലൂടെയോ പ്രഭാതാനുഭവം വർണിക്കുകയാണോ കവി ചെയ്യുന്നത്? കുട്ടികൾ അഭിപ്രായം പറയട്ടെ.

സൂര്യൻ, ചന്ദ്രൻ, താമര, ഉദയപർവതം, ശംഖനാദം എന്നിവയാണ് പ്രഭാതത്തെ വർണിക്കാൻ കവി കൂട്ടുപിടിച്ചിരിക്കുന്നത്. പക്ഷേ ഓരോന്നിനെയും വിസ്തരിച്ചു വർണ്ണിച്ചു പോവുകയല്ല ചെയ്യുന്നത്. ഇവയൊക്കെ കൂട്ടിയിണങ്ങി ആകാശത്തിലും ഭൂമിയിലും പ്രഭാതം സൃഷ്ടിക്കുന്ന സൗന്ദര്യാതിരേകം വെളിപ്പെടുത്തുകയാണ് ഈ ശ്ലോകത്തിലൂടെ കവി. ഒറ്റശ്ലോകത്തിലൂടെ പല അനുഭവങ്ങളെ ഔചിത്യപൂർവ്വം യോജിപ്പിച്ചു സുന്ദരവും പൂർണവുമായ ഒരു വർണന രൂപപ്പെടുത്തുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്

# ശാന്തം കരുണം

**പാഠാപഗ്രഥനം**

കാൽപ്പനിക കാവ്യസരണിയും ഖണ്ഡകാവ്യ പ്രസ്ഥാനവും മലയാളിക്കു സമ്മാനിച്ച കുമാരനാശാന്റെ  കരുണയിലെ അവസാനഭാഗമാണ് ഈ പാഠം. കരചരണങ്ങളറ്റ് മാംസപിണ്ഡമായി കിടക്കുന്ന വാസവദത്തയുടെ അരികിലേക്ക് ഉപഗുപ്തൻ വരുന്നതാണ് സന്ദർഭം. ആ സമയത്ത് യമുനാനദിയിൽ ഇളംകാറ്റടിച്ചു തിരകൾ ഇളകി. അരയാലിന്റെ കൊമ്പു ചലിച്ചു, ഒപ്പം ആ മരത്തിൽനിന്നു ദേവന്മാരുടെ സംഭാഷണവും കേൾക്കാൻ തുടങ്ങി. വാസവദത്തയെ മോക്ഷമാർഗ്ഗത്തിലേക്കു കൊണ്ടുപോകാൻ വന്ന ദേവൻമാരുടെ സല്ലാപമായിരിക്കണം ആ മർമരം എന്നു കവി ഉൽപ്രേക്ഷിക്കുന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഉടനെത്തന്നെ സൂര്യന്റെ രണ്ടു നീണ്ട രശ്മികൾ ഭൂമിയിലേക്കു താണുവന്നു. ആ കിരണങ്ങൾ അതിമനോഹരവും സ്വർണമയവുമായ ഒരു കോണി ഉണ്ടാക്കി. വാസവദത്തയുടെ ആ സമയത്തെ മനസ്സ് ആവിഷ്കരിക്കുകയാണ് കവി ഈ രണ്ട് ഉൽപ്രേക്ഷകളിലൂടെ എന്നു പറയാം. കൗതുകത്തൊടും അദ്ഭുതത്തൊടും പുഞ്ചിരിയൊടും കൂടി അവളതു നോക്കി. അവളുടെ മുഖം പ്രസന്നമായി; ഏറെ ശാന്തമായി. മുകളിലുള്ള ലോകം (ഉപരിലോകം) കാണാനുള്ള ആഗ്രഹം കൊണ്ടെന്നപോലെ അവളുടെ പകുതി അടഞ്ഞ കണ്ണുകൾ താനേ മേലോട്ടു പൊങ്ങി. 'ഉൽപ്രേക്ഷ' എന്ന അലങ്കാരത്തിന്റെ സമർഥമായ ഉപയോഗം ഇവിടെയും കൃത്യമായി കാണാം.

എല്ലാ അശുദ്ധ വസ്തുക്കളെയും ശുദ്ധീകരിക്കാൻ കഴിവുള്ളതുകൊണ്ടാണ് അഗ്നി പാവകനായത്. അങ്ങനെയുള്ള അല്ലയോ അഗ്നേ, നീ വിജയിക്കുന്നു. നശിച്ചുകൊണ്ടിരിക്കുന്ന ഈ ജന്തുലോകം ഇന്നല്ലെങ്കിൽ നാളെ നിന്നെ തേടിവരും. ഏതിനെ ദഹിപ്പിക്കണം എന്നും ഏതിനെ ദഹിപ്പിക്കണ്ട എന്നും (പാകവിജ്ഞാനം) നിനക്കറിയാം. കത്തില്ലെന്ന് അറിയാവുന്നതുകൊണ്ട് നനഞ്ഞ പഞ്ഞിയെ നീ തൊടില്ല. എന്നാൽ ചൂടുകൊണ്ടു  വരണ്ടുണങ്ങിയ വാഴത്തൈയെയോ, വാഴപ്പോളയെയോ കർപ്പൂരക്കട്ടയെപ്പോലെ നീ ദഹിപ്പിക്കുന്നു. ഇവിടെ വാസവദത്തയുടെ മോക്ഷലബ്ധിയാണ് പ്രസ്തുതം. പറയേണ്ടതു പറയാതെതന്നെ പറയേണ്ടതിന്റെ സാംഗത്യം വായനക്കാരനിലുണ്ടാക്കുന്ന അപ്രസ്തുതാപ്രശംസാലങ്കാരത്തിന്റെ പ്രയോഗവും ഇവിടെ ഭംഗിയായി നിർവഹിച്ചിരിക്കുന്നു.

മോക്ഷം (നിർവാണം) നേടിയ തന്റെ സ്വാമിനിയെ നോക്കി വാസവദത്തയുടെ തോഴി ഉറക്കെ കരയുന്നു. അതുവരെ ധ്യാനനിമഗ്നനായിരുന്ന ഉപഗുപ്തൻ സമാധിയിൽ നിന്നുണർന്നു തോഴിയെ ആശ്വസിപ്പിക്കുന്നു. അതിനുശേഷം അവരിരുവരും കൂടി പല സ്ഥലത്തായി കിടന്നിരുന്ന വാസവദത്തയുടെ അവയവങ്ങൾ എല്ലാം എടുത്ത് യമുനാ നദീതീരത്തിനരികിൽ ഒരിടത്തു ചിതകൂട്ടി അതിൽ ദഹിപ്പിക്കുന്നു.

കരഞ്ഞു കരഞ്ഞ് അവശയായ തോഴിയെ ഉപഗുപ്തൻ പലതും പറഞ്ഞ് ആശ്വസിപ്പിച്ചു. തുറന്ന കണ്ണുകളോടെ ഉപഗുപ്തൻ വാസവദത്തയുടെ ചിതയിലെ ഭസ്മക്കൂമ്പാരം നോക്കി നിന്നു. വാസവദത്തയെ മഥുരയിലെ മുഖ്യകാമനീയകം എന്നാണ് വിശേഷിപ്പിക്കുന്നത്. ആ ബുദ്ധഭിക്ഷുവിന്റെ കണ്ണിൽനിന്ന് ഒരു തുള്ളി കണ്ണുനീർ നെല്ലിക്ക പോലെ ആ ഭസ്മക്കൂമ്പാരത്തിൽ അടർന്നു വീണു. ഈ പ്രപഞ്ചം ദുഃഖമയമാണെന്ന സത്യം (ദുഃഖസത്യം) അറിയാവുന്ന അദ്ദേഹം സങ്കടം കൊണ്ടു കരഞ്ഞതല്ല. അതുപോലെ ഒരു കാര്യം ചെയ്താൽ പലർക്കും ഉണ്ടാകാവുന്ന ആത്മസംതൃപ്തിയിൽ നിന്ന് ഉണ്ടായ ആനന്ദക്കണ്ണുനീരും അല്ല അത്. കാരണം ഒരു ഹൃദയാലുവും സഹജീവിയുടെ മരണത്തിൽ സന്തോഷിക്കയില്ലല്ലോ. വാസവദത്തയ്ക്കു മോക്ഷം നൽകാൻ വന്നതിന്റെ ലക്ഷ്യം സഫലമായതിലുള്ള അദ്ഭുതത്തിൽനിന്ന് ഉണ്ടായതുമല്ല ആ കണ്ണുനീർ. അഗാധമായ കരുണയുടെ ജലാശയത്തിനടിയിൽ പാകംവന്ന പ്രകാശമാനമായ മുത്തുമണിയാണ് ആ കണ്ണുനീർ. രൂപകാലങ്കാരം ഇവിടെ കുട്ടികളെ ഓർമിപ്പിക്കാവുന്നതാണ്. താൻ നിർവഹിച്ച മഹത്തായ ഈ കാര്യത്തെക്കുറിച്ച് കടുകുമണിയോളം അഹംഭാവം ഇല്ലാതെ ഉപഗുപ്തൻ താൻ വന്ന വഴിയെതന്നെ മടങ്ങിപ്പോയി. പോകുന്ന വഴിയിൽ ചിന്താമഗ്നനായിട്ടാണ് കാണപ്പെട്ടത്. അതുകൊണ്ടുതന്നെ വളരെ സാവധാനത്തിലായിരുന്നു അദ്ദേഹത്തിന്റെ യാത്രയും. ചിന്ത എന്തുകൊണ്ടായിരുന്നു എന്നും എന്തായിരുന്നു ചിന്തിച്ചിരുന്നത് എന്നും വായനക്കാരന് ഊഹിക്കാവുന്നതാണ്. എന്തൊരു വേഗത്തിലാണ് സൂര്യനിൽനിന്നു കടപൊട്ടി പറന്നെത്തിയ കതിരുപോലെ ഉപഗുപ്തൻ വന്നത്. മടങ്ങിപ്പോയതോ ചിന്തയിൽ മുഴുകി വളരെ സാവധാനത്തിലും.

'കരുണ' എഴുതാൻ മഹാകവിയെ പ്രേരിപ്പിച്ച ആന്തരികമായ വികാരമെന്തെന്നു വെളിപ്പെടുത്തുന്നതാണ് അവസാനത്തെ നാലു വരികൾ. അല്ലയോ മഹാനുഭാവനായ ഉപഗുപ്താ, അങ്ങേയ്ക്കു  നമസ്കാരം. അങ്ങ് ഒരു സാധാരണ ബുദ്ധഭിക്ഷുവിനെപ്പോലെ നിർവാണത്തിൽ മുഴുകാതെ ലോകസേവനത്തിനു വീണ്ടും വന്നാലും. അനാഥരും ശരണമില്ലാത്തവരും സങ്കടപ്പെടുന്നവരുമായ ജീവികളിൽ 'കരുണ' കാണിക്കുന്ന അങ്ങയെപ്പോലുള്ള ഏറെ പുത്രന്മാരെ ഈ ഭൂമീദേവിക്ക് ഇന്ന് ആവശ്യമായി വന്നിരിക്കുന്നു. ജനസാമാന്യത്തിന്റെ ഉയർച്ചയ്ക്കായി തന്റെ തപസ്സ് ഉപയോഗപ്പെടുത്തിയ ഉപഗുപ്തനെപ്പോലെ, ലോകസേവനത്തിനു മഹത്ത്വം കൽപ്പിക്കുന്ന ധാരാളം ഉപഗുപ്തന്മാരെ ഭൂമിക്കു ആവശ്യമുണ്ട്. മാനവസേവയാണ് യഥാർഥ ഈശ്വരസേവ എന്ന  ദർശനം തന്നെയാണ് കരുണയിലെ ഈ ആശയത്തിലൂടെയും ആശാൻ അവതരിപ്പിക്കുന്നതെന്നു നിസ്സംശയം പറയാം. നതോന്നത അഥവാ വഞ്ചിപ്പാട്ടു വൃത്തത്തിൽ എഴുതിയ ഒരു കാവ്യമാണിത്.

| | | |
|---|---|---|
| അമരസല്ലാപം | - | ദേവന്മാരുടെ സംഭാഷണം |
| ഭാനുകിരണം | - | സൂര്യകിരണം |
| കനകനിശ്രേണി | - | സ്വർണ്ണമയമായ കോണി |

| | | |
|---|---|---|
| അമലവിസ്മയം | - | നിർമലമായ അദ്ഭുതം |
| ഊർധ്വലോകദിദൃക്ഷ | - | മുകളിലെ ലോകം കാണാനുള്ള ആഗ്രഹം |
| പാവകൻ | - | എല്ലാറ്റിനെയും ശുദ്ധീകരിക്കുന്നവൻ (അഗ്നി) |
| പാകവിജ്ഞാനം | - | ഏതിനെയാണ് ശുദ്ധീകരിക്കേണ്ടത് എന്നതിനെക്കുറിച്ചുള്ള അറിവ് |
| നശ്യ ജീവലോകം | - | നശിച്ചുകൊണ്ടിരിക്കുന്ന ജീവികളുടെ ഈ ലോകം |
| തൂലകണം | - | പഞ്ഞിയുടെ കഷണം |
| ബാലരംഭ | - | തൈവാഴ/ വാഴത്തൈ |
| കർപ്പൂരഖണ്ഡം | - | കർപ്പൂരക്കട്ട |
| അന്തസ്സമാധി | - | മനസ്സമാധി |
| ഉപചയിച്ച | - | ശേഖരിച്ച |
| ഭസ്മകദംബം | - | ഭസ്മക്കൂമ്പാരം |
| വെണ്ണീറ് | - | ചാമ്പൽ |
| ആമലകീഫലം | - | നെല്ലിക്ക |
| ഉത്കടം | - | വർധിച്ചത് |
| തിക്തം | - | കയ്പ്പുള്ളത് |
| ഉത്ക്രമണം | - | ഊർധ്വലോകഗതി, മരണം |
| മോദിക്കാ | - | സന്തോഷിക്കില്ല |
| മുക്താഫലം | - | മുത്തുമണി |

**പഠനപ്രവർത്തനങ്ങൾ**

ഉപഗുപ്തന്റെ വരവിനെ അഗ്നിയുമായി ബന്ധിപ്പിച്ചതിന്റെ സാംഗത്യം കണ്ടെത്തി വിശദീകരണക്കുറിപ്പ് തയാറാക്കുക.

പാവക നീ ജയിക്കുന്നു എന്നുതുടങ്ങുന്ന ഭാഗം ഒരു തവണകൂടി ടീച്ചർക്ക് ചൊല്ലാം. ആ ഭാഗം വീണ്ടും കുട്ടികളോട് ചൊല്ലാൻ ആവശ്യപ്പെടാം. ലഭിച്ച ആശയങ്ങൾ കുട്ടികൾ കുറിക്കട്ടെ.

- അഗ്നി എല്ലാറ്റിനെയും ശുദ്ധീകരിക്കുന്നു.
- നശിച്ചുകൊണ്ടിരിക്കുന്ന ജന്തുലോകം ഇന്നല്ലെങ്കിൽ നാളെ അഗ്നിയെ തേടിയെത്തും.
- ഏതിനെ ദഹിപ്പിക്കണം എന്നു കൃത്യമായ ധാരണ അഗ്നിക്കുണ്ട്.
- കത്തില്ലെന്ന് അറിയാവുന്നതുകൊണ്ട് നനഞ്ഞ പഞ്ഞിയെ അഗ്നി തൊടാറില്ല.
- ചൂടുകൊണ്ടു വരണ്ടുണങ്ങിയ വാഴപ്പോളയെ/തൈവാഴയെ അഗ്നി ദഹിപ്പിക്കും.

ഉപഗുപ്തന്റെ വരവിനെയാണല്ലോ അഗ്നിയുമായി ബന്ധിപ്പിച്ചിട്ടുള്ളത്. അത് എന്തിനായിരിക്കും? ടീച്ചർ ചോദിക്കട്ടെ. കുട്ടികൾ പറയുന്ന ഉത്തരങ്ങൾ മറ്റൊരു കുട്ടി ബോർഡിൽ കുറിക്കട്ടെ.

- അഗ്നിയുടെ ധർമം ശുദ്ധീകരിക്കുക എന്നുള്ളതാണ്.
- പാകവിജ്ഞാനം സിദ്ധമായ അഗ്നി ഇവിടെ ഉപഗുപ്തൻ തന്നെ.
- വാസവദത്തക്ക് നിർവാണം നൽകാനായുള്ള ഉപഗുപ്തന്റെ വരവ് ഇവിടെ നിറഞ്ഞുകാണാം.
- തപസ്സുകൊണ്ടു തപിക്കുന്ന ആളാണ് ഈ ബുദ്ധഭിക്ഷു.
- പാകവിജ്ഞാനം അഗ്നിക്കുള്ളതുപോലെ, ആരെ ഏതു സമയത്താണ് കാണേണ്ടത്. എപ്പോഴാണ് മോക്ഷം നൽകേണ്ടത് എന്ന ജ്ഞാനം ഉപഗുപ്തനുമുണ്ട്.

ആശയത്തിന്റെ വെളിച്ചത്തിൽ ഉപഗുപ്തന്റെ വരവിനെ അഗ്നിയുമായി ബന്ധിപ്പിച്ചതിന്റെ സാംഗത്യം കുട്ടികൾ കുറിപ്പായി എഴുതട്ടെ.

അന്തരീക്ഷവർണ്ണനയിലൂടെ ഉപഗുപ്തന്റെ ഭാവം കവി ആവിഷ്കരിക്കുന്നതെങ്ങനെയെന്നു വിവരിക്കുക.

ഉപഗുപ്തന്റെ വരവറിയിക്കുന്ന ആദ്യഭാഗം വ്യക്തിഗതമായി വീണ്ടും വായിക്കാൻ ആവശ്യപ്പെടാം. വായിച്ചപ്പോൾ കിട്ടിയ ആശയങ്ങൾ കുറിക്കട്ടെ. അവ അതേ ബെഞ്ചിലെ മറ്റു കുട്ടികളുമായ് ചർച്ച ചെയ്യാനുള്ള അവസരം കൂടി നൽകുക. ചർച്ചകൾക്ക് ശേഷം ഓരോ ബെഞ്ചിലെ ഓരോ കുട്ടിവീതം ആശയങ്ങൾ അവതരിപ്പിക്കട്ടെ വരാൻ സാധ്യതയുള്ള ആശയങ്ങൾ.

- യമുനാനദിയിൽ ഇളം കാറ്റടിച്ചു തിരകൾ അലതല്ലുന്നു.
- അരയാലിന്റെ കൊമ്പിളകുന്നു.
- ആ മരത്തിൽനിന്ന് ദേവന്മാരുടെ സംഭാഷണം കേൾക്കാം.

“പ്രിയമൊഴി വനദേവരോതിടും പോൽ
സ്വയമഥ പൊങ്ങി കപോതഹൂതഘോഷം
പ്രിയനുടെ കഥപോൽ പ്രവൃദ്ധരാഗം
കുയിലുകൾ പാടി കൂഹൂകുഹൂനിനാദം

അളിപടലികൾ മൂളി രന്ധ്രമേലും
മുളകൾ മരുത്തിലുലഞ്ഞു മെല്ലെയൂതി
തളിർ നിര മൃദുതാളമേകിയേവം
കളകളമായതി മോഹനം വനത്തിൽ”

*************************************

"പ്രണയനിഭൃതചിത്തമങ്ങനങ്ങാ-
തിണകളെ നോക്കി മൃഗങ്ങളൊക്കെ നിന്നു;
ഗണമൊടുപതഗങ്ങൾ പാതിപാടി-
ക്ഷണമറിയാതെയിരുന്നു ശാഖിതോറും.
ചടുലലതകളാടിടാതെ ചാഞ്ഞാ
വിടപികൾമേലനുമൂർച്ഛയാർന്നുനിന്നു
അടവിയധികമൗനമാർന്നു മേളം
ഝടുതി നിറുത്തിയ രംഗഭൂമിപോലെ".

*(കുമാരനാശാൻ - ലീല)*

ഭർത്തൃമരണാനന്തരം മദനനെ അന്വേഷിച്ചു കാട്ടിൽ തോഴിയോടൊപ്പം ലീല അലയുമ്പോഴുള്ള പ്രകൃതിയുടെ ഭാവം ഈ വരികളിൽ കാണാം.

ഈ കാവ്യഭാഗങ്ങൾ കുട്ടികളെ പരിചയപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ആശയങ്ങൾ ക്രോഡീകരിച്ചു കുറിപ്പായി എഴുതാൻ ആവശ്യപ്പെടുകയും ചെയ്യാം.

ഉപഗുപ്തനും വാസവദത്തയും നായികാനായകന്മാരെന്ന നിലയിൽ ഒരേ വിതാനത്തിൽ നില്ക്കുന്ന കഥാപാത്രങ്ങളാണോ?

രണ്ടുപേരുടേയും ജീവിതം, സാമൂഹ്യ പദവി, മാനസികാവസ്ഥ ഇവ പരിഗണിച്ച് ഒരു കഥാപാത്ര വിശകലനം നടത്തട്ടെ.

- രണ്ടുപേരും തികച്ചും വ്യത്യസ്തർ
- നായകൻ യോഗി, നായിക വാരാംഗന
- ഒരാൾ ഭൗതികാസക്തികളിൽ മുങ്ങി നില്ക്കുന്നയാൾ, മറ്റേയാൾ മോഹവിരക്തി വന്നയാൾ

പാഠഭാഗത്ത് ഈ രണ്ടു കഥാപാത്രങ്ങളുമേതേതു മാനസികനിലകളിലാണ്.

വാസവദത്തയുടെ നില പഠിതാക്കൾ വിശദീകരിക്കട്ടെ.

- വാസവദത്ത ചീന്തിയെറിയപ്പെട്ട ചിത്രശലഭത്തെപ്പോലെ ദയനീയനിലയിൽ.
- ഭൗതിക നേട്ടങ്ങളുടെ നിരഥകത ഇപ്പോളവൾക്ക് ബോധ്യമാവുന്നുണ്ട്.
- മരണം കാത്തുകിടക്കുന്ന അവൾ ദുഃഖിതയല്ല. മരണാനന്തരം ശുദ്ധീകരിക്കപ്പെട്ട മറ്റൊരു ജീവിതമുണ്ടെന്ന് അവൾ കരുതുന്നു.
- അമല വിസ്മയസ്മേര വദന, ശാന്ത ശാന്തമായ് എന്നീ വിശേഷണങ്ങൾ അവളുടെ മനസിനെ പ്രതിഫലിപ്പിക്കുന്നു.

ഉപഗുപ്തന്റെ സവിശേഷമായ മാനസിക ഗതിയും വ്യക്തിത്വവും വിശകലനം

ചെയ്യട്ടെ

- ജീവിതത്തിനും മരണത്തിനുമപ്പുറം നില്ക്കുന്ന കർമബന്ധങ്ങളെക്കുറിച്ച് ഉപഗുപ്തനറിയാം.
- വാസവദത്തയെ അവളുടെ ജീവിതപശ്ചാത്തലത്തോടൊപ്പം തന്നെ അറിയാനും ഉൾക്കൊള്ളാനും യോഗിക്കു കഴിയുന്നു.
- പ്രിയപ്പെട്ട ഒരാളുടെ മരണത്തിലുള്ള വേദനയിൽ നിന്നുണ്ടാവുന്ന സാധാരണമായ കണ്ണീരല്ല യോഗിയുടെത്.
- തന്റെ അനുഭാവപൂർണമായ ഇടപെടൽ കൊണ്ടാണല്ലോ വാസവദത്ത ശുദ്ധീകരിക്കപ്പെട്ടതെന്ന കൃതാർത്ഥതയുമല്ല.
- നിറഞ്ഞ കരുണയുടെ കണ്ണിലെ മുത്താണ് ആ അശ്രുകണം.

വിശകലന ചർച്ചയ്ക്കുശേഷം രണ്ടു കഥാപാത്രങ്ങളെയും താരതമ്യം ചെയ്ത് കരുണയിലെ നായികാ നായകന്മാരുടെ ഭാവ സവിശേഷതകളെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കട്ടെ.

"പതിതകാരുണികരാം ഭവാദൃശസുതന്മാരെ
ക്ഷിതിദേവിക്കിന്നു വേണമധികം പേരെ"

ധാരാളം ഉപഗുപ്തന്മാരെ ഭൂമിക്കു വേണം എന്ന ആശാന്റെ നിരീക്ഷണം 'ഗുരുസന്നിധിയിൽ' എന്ന കവിതയിലെ ആശയവുമായി താരതമ്യം ചെയ്യുക.

പാഠഭാഗം ആസ്വദിച്ചു കഴിഞ്ഞല്ലോ. ഇനി 'ഗുരുസന്നിധിയിൽ' വായിക്കാൻ കുട്ടികളോട് ആവശ്യപ്പെടാം. കുട്ടികൾ വായിച്ചു കഴിഞ്ഞാൽ ശ്രീനാരായണ ഗുരുവിന്റെ കാലം, പ്രവർത്തനമേഖല, സംഭാവനകൾ എന്നിവ സാമാന്യമായി സൂചിപ്പിക്കണം. തുടർന്ന് ആ കാവ്യഭാഗം കുട്ടികൾ ഒരിക്കൽ കൂടി വായിക്കട്ടെ. കവിത സംവേദനം ചെയ്യുന്നത് എന്തൊക്കെ കാര്യങ്ങളാണ്. അവയിൽ ചിലത് ഇങ്ങനെയാവാം.

- സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ കാരണങ്ങളാൽ ചുട്ടുപൊള്ളുന്ന കേരളപശ്ചാത്തലം.
- ചെമ്പഴന്തിയിലെ കൊച്ചുകൂരയിൽ ജനനം.
- ജാതിഭേദവും മതവൈരവും ഒഴിവാക്കാനാവശ്യപ്പെട്ട ഗുരു.
- ഒരുമയുടെ പെരുമ പാടിയ ഗുരുദേവൻ.
- ആ ഗുരുവിന്റെ ദർശനങ്ങളുടെ കൂടെ പൂർണമായി സഞ്ചരിക്കാൻ കഴിയാത്തതിലുള്ള കവിയുടെ കുറ്റബോധം.
- ഐശ്വര്യസമൃദ്ധിയിൽ സത്യം മറന്നവർ ഇതാ അങ്ങയുടെ മുമ്പിൽ തലകുനിക്കുന്നു.

- ഗുരുവിന്റെ സൂക്തങ്ങളിൽ നിറഞ്ഞൊഴുകുന്ന ദർശനങ്ങളും സന്ദേശങ്ങളും കേരളീയർ മറ്റെന്തിനെക്കാളും അധികമായി മനസ്സിലാക്കേണ്ടവ തന്നെയാണ്.

ഈ ആശയങ്ങൾ ഓരോന്നായി ചർച്ചചെയതു കുട്ടികൾ വിശദീകരിക്കട്ടെ. ചർച്ച യുടെ അവസാനം ആശയങ്ങൾ ക്രോഡീകരിക്കാൻ ടീച്ചർ സഹായിക്കുമല്ലോ. ഈ പ്രവർത്തനം കഴിഞ്ഞാൽ പാഠത്തിന്റെ അവസാനഭാഗത്തെ വരികളുമായി താര തമ്യം ചെയ്യാൻ കുട്ടികളോട് ആവശ്യപ്പെടാം.

- കരുണയിലൂടെ വാസവദത്തയെ നിർവാണപ്രാപ്തയാക്കിയ ഉപഗുപ്തനും ഗുരുദേവനും ഒരേ വഴിക്കാണ് സഞ്ചരിച്ചത്.
- ഉപഗുപ്തൻ വ്യക്തിക്കാണ് മോക്ഷം നൽകിയതെങ്കിൽ ഗുരു ഒരു സമൂഹ ത്തിനാകെ ഉണർവും ഉൻമേഷവും ഉയർച്ചയും നൽകി.
- ഉപഗുപ്തനും ഗുരുദേവനും കൈമുതലായുണ്ടായിരുന്ന കാരുണ്യമാണ് നമുക്കിന്നാവശ്യം

ഈ ആശയങ്ങൾ താരതമ്യം ചെയ്ത് കുറിപ്പാക്കട്ടെ

വരികളടങ്ങുന്ന കരുണയിലെ കാവ്യഭാഗം വായിക്കട്ടെ

"അഹഹ ! സങ്കടമോർത്താൽ മനുഷ്യജീവിതത്തെക്കാൾ
മഹിയിൽ ദയനീയമായ് മറ്റെന്തോന്നുള്ളു!
പുഷ്ടശക്തിവഹിക്കുമിപ്പളുങ്കുപാത്രം വിരലാൽ
മുട്ടിയാൽ മതി, തവിടുപൊടിയാമല്ലോ!
അതുമല്ല വിപത്തുകളറിയുന്നില്ലഹോ മർത്ത്യൻ
പ്രതിബോധവാനാണെന്ന പരിമോഹത്താൽ
ഊറ്റമായോരുരഗത്തിൻ ചുരുളിനെയുറക്കത്താൽ
കാറ്റുതലയണയായേ കരുതൂ ഭോഷൻ"

മനുഷ്യ ജീവിതത്തിന്റെ ദയനീയതയെക്കുറിച്ചുള്ള കവിയുടെ തത്ത്വബോ ധാത്മകമായ ചിന്തയെക്കുറിച്ചും വിശദമായ ചർച്ച നടത്തട്ടെ.

- ലോകത്തേറ്റവും ദയനീയത നിറഞ്ഞ പ്രതിഭാസം മനുഷ്യജീവിതമത്രെ
- ഒരു പളുങ്കുപാത്രം പോലെയാകുന്നു മർത്യജീവിതം. അഴകും സ്ഥിരതയു മുള്ളതെന്നു തോന്നും. ചെറിയൊരു തട്ടോ മുട്ടോ കൊണ്ടാൽ ഒരു നിമിഷംകൊണ്ട് തവിടുപൊടിയാകും.
- വരാനിരിക്കുന്ന വിപത്തുകളെക്കുറിച്ചു മനുഷ്യനൊന്നുമറിയുന്നേയില്ല.
- ഉറക്കഭ്രാന്തിൽ കഠിനവിഷമുള്ള പാമ്പിനെ തലയിണയാക്കുന്നതുപോ

ലെയാണ് മനുഷ്യരുടെ ഗതിബോധമില്ലാത്ത ജീവിതം. എല്ലാം ഒരു നിമിഷംകൊണ്ട് വിപരീതമായി മാറിമറിയാം.

വാസവദത്തയുടെ ജീവിതപരിണാമം ഈ വരികളുടെ ആശയപശ്ചാത്തലത്തിൽ വിശകലനം ചെയ്യട്ടെ.

- ഒരു കാലത്ത് സൗന്ദര്യത്തിന്റെയും ഐശ്വര്യത്തിന്റെയും നെറുകയിൽ; അനേകം ആരാധകരും
- ഒടുവിൽ രാജശിക്ഷയേറ്റ് കരചരണങ്ങളറ്റ് ഭീകരമായ അന്ത്യം; ഒരു തോഴിയല്ലാതെ കൂട്ടിനാരുമില്ല. ശ്മശാനത്തിൽ അന്ത്യംകാത്തുള്ള കിടപ്പ്.
- ജീവിതത്തിന്റെ നശ്വരതയും നിസ്സഹായതയും കരുണയിലൂടെ കവി വിളംബരം ചെയ്യാൻ ശ്രമിക്കുന്നു.

എന്താണ് ഇതിനപ്പുറം ജീവിതത്തെ പ്രകാശപ്പെടത്തുന്നത്.

- സ്നേഹം, കരുണ മനുഷ്യബന്ധങ്ങളിലെ ഹൃദ്യത എന്നീ മൂല്യങ്ങളിലുള്ള ആശാന്റെ വിശ്വാസം ചർച്ചയ്ക്കു വിധേയമാക്കട്ടെ. തുടർന്ന് ആശാന്റെ ജീവിതദർശനങ്ങളെക്കുറിച്ച് പ്രബന്ധം തയാറാക്കട്ടെ.

# മലയാളഗദ്യ പരിണാമം

**പാഠാപഗ്രഥനം**

മലയാളത്തിന്റെ ഗദ്യപാരമ്പര്യത്തിന് ഒമ്പതാം ശതകത്തോളം പഴക്കം ഉണ്ട് എന്നു കാണാം. പാട്ടും മണിപ്രവാളവും അരങ്ങു തകർത്താടിയ കാലത്തുതന്നെ ഗദ്യസാഹിത്യവും സജീവമായിരുന്നു. താളിയോലകളിലും ചെമ്പുതകിടുകളിലും ശിലകളിലും ഒക്കെയായി രേഖപ്പെടുത്തിയവയിൽ മിക്കതും മലയാള ഗദ്യത്തിന്റെ പൂർവരൂപങ്ങളായിരുന്നു എന്നു കാണാം. പ്രാചീനഗദ്യത്തിൽ തുടങ്ങി ഭാഷയുടെ വളർച്ചാഘട്ടങ്ങൾ ഓരോന്നായി ലളിതമായ ഭാഷയിൽ വിശദീകരിക്കുകയാണ് എൻ. കൃഷ്ണപിള്ള 'മലയാളഗദ്യപരിണാമം' എന്ന ലേഖനത്തിലൂടെ.

ഗദ്യസാഹിത്യത്തിൽ ഏറ്റവും പഴക്കമുള്ളതായി കണക്കാക്കപ്പെടുന്ന കൃതിയാണ് ഭാഷാ കൗടിലീയം. കൗടില്യന്റെ അർഥശാസ്ത്രത്തിനു മലയാളത്തിൽ എഴുതിയ വ്യാഖ്യാനമാണ് പ്രസ്തുത കൃതി. അന്നത്തെ വ്യവഹാരഭാഷയിൽ പരിവർത്തനം വരുന്ന കാലഘട്ടത്തിലാണ് ഈ ഗ്രന്ഥത്തിന്റെ രചന നടക്കുന്നത്. വ്യാകരണപരമായ തികഞ്ഞ അവ്യവസ്ഥ അക്കാലത്തെ ഭാഷയ്ക്കുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഈ വ്യവസ്ഥയില്ലായ്മ 'കൗടിലീയ'ത്തിന്റെ ഭാഷാപ്രയോഗത്തിൽ കാണാം.

കൂത്തും കൂടിയാട്ടവും അരങ്ങുണർത്തിയ കാലത്തു രൂപംകൊണ്ട ഗദ്യസമ്പ്രദായത്തിന്റെ പകർന്നാട്ടങ്ങളാണ് 'ആട്ടപ്രകാര'വും 'ക്രമദീപിക'യും. ഭാഷയുടെ ഗദ്യരൂപത്തിന്റെ വികാസത്തിന് ഈ കലാരൂപങ്ങളുടെ പങ്കു ചെറുതല്ല. ജനസാമാന്യത്തിനു രസിക്കുന്ന ഇത്തരം കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനാവശ്യമായ ലക്ഷണഗ്രന്ഥങ്ങളും ഉണ്ടാവേണ്ടത് അനിവാര്യമായിരുന്നു. ആ ചിന്തയുടെ ഫലമാണ് മേൽപ്പറഞ്ഞ രണ്ടു പുസ്തകങ്ങളും.

പ്രാചീനതകൊണ്ടും സാഹിത്യഗുണംകൊണ്ടും പ്രാധാന്യമർഹിക്കുന്ന ഒരു ഗദ്യകൃതിയാണ് 'ദൂതവാക്യം'. മഹാഭാരതം ഉദ്യോഗപർവത്തിലെ ഭഗവദ്ദൂതാണ് ഈ കൃതിയിലെ പ്രതിപാദ്യം. മൂലകൃതിയിൽ കാണാത്ത പല ദീർഘവിവരണങ്ങളും ഈ കൃതിയിൽ കാണാം. ഈ കാലഘട്ടം ഗദ്യസാഹിത്യത്തിന്റെ വളർച്ചയുടെ കാലമാണെന്നു പറയേണ്ടതില്ലല്ലോ.

മധ്യകാല മലയാളഗദ്യത്തിന്റെ പ്രാതിനിധ്യം വഹിക്കുന്ന ഒരു കൃതിയാണ് 'ബ്രഹ്മാണ്ഡപുരാണം'. സംസ്കൃതത്തിലെ ഇതേ പേരിലുള്ള ഗ്രന്ഥത്തിലെ ഒരു ഭാഗത്തിന്റെ വിവർത്തനമാണിത്. സംസ്കൃതത്തിലെയും ദ്രാവിഡത്തിലെയും എല്ലാ വർണങ്ങളും ബ്രഹ്മാണ്ഡപുരാണത്തിൽ കാണാം. കേരളപാണിനി പറയുന്ന ആറു നയങ്ങൾ ഏതാണ്ടു പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽപ്പെടും. ഈ ഗ്രന്ഥത്തിലൂടെ സഞ്ചരിക്കുമ്പോൾ. കർത്താവ്, കർമം, ക്രിയ എന്ന ചിട്ടയും ഇതിൽ പാലിച്ചിരിക്കുന്നതായിക്കാണാം.

പാട്ടും മണിപ്രവാളവും കൂടാതെ സമാന്തരമായി നിലനിന്നിരുന്ന ഒന്നാണ് നമ്പ്യാന്തമിഴ്. വിഭക്ത്യന്ത സംസ്കൃതപദങ്ങൾ ഇല്ലാത്തതുകൊണ്ടു ഭാഷയെന്നേ തോന്നു എന്നു ലീലാതിലകകാരൻ ഇതിലെ ഭാഷയെക്കുറിച്ചു പറയുന്നുണ്ട്. നമ്പ്യാന്തമിഴിലെ ഭാഷ സ്വാഭാവികമായ ഒരു മിശ്രഭാഷയായി അനുഭവപ്പെടുന്നു. പദങ്ങളുടെ കൂടിച്ചേരലിൽ സ്വാഭാവിക മിശ്രണം സാധ്യമാകുന്നുണ്ട്. 14-ാം നൂറ്റാണ്ടിന്റെ മധ്യഘട്ടം മുതൽ 17-ാം നൂറ്റാണ്ടുവരെയുള്ള ഭാഷാസംക്രമണകാലത്തെ ഗദ്യകൃതികളിൽ നമ്പ്യാന്തമിഴിന്റെ വിവിധരൂപങ്ങളാണ് കാണുന്നതെന്നു എൻ. കൃഷ്ണപിള്ള സൂചിപ്പിക്കുന്നുണ്ട്.

ക്രിസ്തുമത പ്രചാരണത്തിനായി നിയോഗിക്കപ്പെട്ട മിഷണറിമാർ മതപ്രചാരണത്തിനായി വിവിധ ഭാഷകൾ പഠിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തിരുന്നു. പോർട്ടുഗീസുകാരുടെ കാലം മുതൽ പാശ്ചാത്യമിഷണറി സമ്പർക്കംകൊണ്ട് മലയാളത്തിൽ രൂപംകൊണ്ട പ്രത്യേകമായ ഒരു ഭാഷാശൈലിയാണ് 'മിഷണറി മലയാളം'

ഫ്രാൻസിസ് റോസ്, ബഞ്ചമിൻ ബെയ്‌ലി, ക്ലമന്റ് പിയാദിസ്, ഹെർമൻ ഗുണ്ടർട്ട്, ജോസഫ് പീറ്റ് തുടങ്ങിയവർ കേരളത്തിലെ ഭാഷാഭേദങ്ങൾ പഠിച്ചെടുക്കുക എന്ന ശ്രമകരമായ ദൗത്യം ഏറ്റെടുത്തു. ഗുണ്ടർട്ടിന്റെ ഭാഷാശൈലി പ്രാചീന മലയാള

കൃതികളുമായുണ്ടായ നിരന്തര സംസർഗത്തിൽനിന്നാണു രൂപം കൊണ്ടത്. ഇതിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം നിഘണ്ടു തയാറാക്കിയതും. മലയാളത്തിൽ ആദ്യമായി അച്ചടിക്കപ്പെട്ട ക്ലമന്റ് പാതിരി രചിച്ച 'സംക്ഷേപവേദാർഥം' പ്രത്യേകം പറയേണ്ടതു തന്നെ. ഇത് അച്ചടിക്കുന്നതിനായി റോമിൽ പോയി അവിടെ വച്ച് മലയാളലിപി കൊത്തിയുണ്ടാക്കിയതിനു ശേഷമാണ് അച്ചടി നിർവഹിക്കുന്നത്. അങ്ങനെയാണ് സംക്ഷേപ വേദാർഥം വായനക്കാരിൽ എത്തുന്നത്. ക്രിസ്തുമതതത്ത്വങ്ങൾ പൂർണമായി പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം മലയാളസാഹിത്യത്തിനു എന്നും ഒരു മുതൽക്കൂട്ടാണ്. മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണ ഗ്രന്ഥമായ പാറേമാക്കൽ തോമാക്കത്തനാരുടെ 'വർത്തമാനപുസ്തക'ത്തെയുംകൂടി പരാമർശിച്ചിട്ടാണ് ലേഖനം അവസാനിപ്പിക്കുന്നത്. മലയാള ഗദ്യപാരമ്പര്യത്തിന്റെ തുടക്കം മുതലുള്ള  ഈ സഞ്ചാരം ഏറെ ആകർഷകം തന്നെ.

**പഠനപ്രവർത്തനങ്ങൾ**

**കുറിപ്പെഴുതുക**

ഓരോന്നിനെയും കുറിച്ചുള്ള ലഘു വിവരണം ടീച്ചർ നൽകട്ടെ.

**നമ്പ്യാന്തമിഴ്**

- പാട്ടിനും മണിപ്രവാളത്തിനും സമാന്തരമായി നിലനിന്ന ഭാഷാരീതി.
- കൂത്തിനും കഥാകഥനത്തിനും ഉപയോഗിച്ച ഭാഷാരീതി.
- വിഭക്ത്യന്ത സംസ്കൃതപദങ്ങൾ ഉപയോഗിച്ചിരുന്നില്ല.
- സാധാരണ ജനങ്ങൾക്കു കൂടുതൽ സ്വീകാര്യമായിരുന്നില്ല.
- സ്വാഭാവിക മിശ്രണഭാഷ
- 
- 

**ദൂതവാക്യം**

- സംസ്കൃത നാടകത്തിന്റെ ഗദ്യവിവർത്തന ഗ്രന്ഥം.
- വളരെയധികം നീളമുള്ള വാചകങ്ങളാണ് കാണുന്നത്.
- സംസ്കൃതപദങ്ങൾ ധാരാളം ഉപയോഗിച്ചിട്ടുണ്ട്.
- പതിനാലാം നൂറ്റാണ്ടിൽ രചിച്ച കൃതിയാണിത്.

**വർത്തമാനപുസ്തകം**

- മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണ ഗ്രന്ഥമാണിത്.
- തോമാക്കത്തനാരും യൗസേപ്പ് മെത്രാനും കൂടി നടത്തിയ യാത്രയുടെ വിവരണം.
- റോമിലേക്കുള്ള യാത്രയാണിതിലെ പ്രതിപാദ്യം
- 1778 ലാണ് ഈ യാത്ര.
- 

ഈ ആശയങ്ങൾ ഉപയോഗപ്പെടുത്തി ഓരോന്നിനെക്കുറിച്ചും ലഘുകുറിപ്പുണ്ടാക്കാനും അവയെക്കുറിച്ച് കൂടുതൽ വായിക്കാനും ആവശ്യപ്പെടാം.

- ഗ്രന്ഥവരികൾ എന്നാലെന്ത്?

പാഠഭാഗത്ത് ഗ്രന്ഥവരികളെക്കുറിച്ചു പറയുന്ന ഭാഗം കണ്ടെത്തി വായിക്കാൻ കുട്ടികളോട് ആവശ്യപ്പെടാം. ആശയങ്ങൾ വ്യക്തിഗതമായി കുട്ടികൾ എഴുതി അവതരിപ്പിക്കട്ടെ. അവതരണത്തിൽ വരാൻ സാധ്യതയുള്ള ചില ആശയങ്ങൾ.

- വലിയ തറവാടുകൾ, ക്ഷേത്രങ്ങൾ, കോവിലകങ്ങൾ എന്നിവിടങ്ങളിലെ സംഭവങ്ങളും മറ്റു വിവരങ്ങളും രേഖപ്പെടുത്തുന്ന സമ്പ്രദായം ഉണ്ട്.
- ഇത്തരം വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നതിനെ ഗ്രന്ഥവരികൾ എന്നു വിളിക്കുന്നു.
- കൊച്ചി, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിലെ ഗ്രന്ഥവരികൾ ഏറെ ശ്രദ്ധേയങ്ങളാണ്.
- തിരുവനന്തപുരം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ 14-ാം നൂറ്റാണ്ടുമുതലുള്ള ഗ്രന്ഥവരികൾ സൂക്ഷിച്ചിട്ടുണ്ട്.

ഈ ആശയങ്ങൾ ഉപയോഗപ്പെടുത്തി കുട്ടികൾ കുറിപ്പ് തയാറാക്കട്ടെ

ഗദ്യസാഹിത്യചരിത്രത്തിൽ സംക്ഷേപവേദാർഥത്തിന്റെ പ്രാധാന്യം എന്ത്?

പാഠഭാഗത്ത് ഈ ഗ്രന്ഥത്തെ പരാമർശിക്കുന്ന ഭാഗം കണ്ടെത്തി വായിക്കാനാവശ്യപ്പെടാം. ആശയങ്ങൾ നോട്ടുപുസ്തകത്തിൽ വ്യക്തിഗതമായി കുറിച്ച് ക്ലാസിൽ അവതരിപ്പിക്കട്ടെ.

- കേരളത്തിൽ മിഷണറി പ്രവർത്തനത്തിനായി വിദേശികൾ എത്തിയ കാലഘട്ടത്തിൽ രചിച്ചത്.
- ക്രിസ്തുമത തത്ത്വങ്ങൾ പ്രചരിപ്പിക്കുവാൻ മിഷണറിമാർ തദ്ദേശീയഭാഷ പഠിച്ചു.

- ക്ലമന്റ് പാതിരിയാണ് 'സംക്ഷേപവേദാർഥം'എന്ന ഗ്രന്ഥം രചിച്ചത്.
- ക്രിസ്തുമത തത്ത്വങ്ങളാണ് ഈ കൃതിയിലെ പ്രതിപാദ്യം.

ആശയങ്ങൾ ക്രോഡീകരിക്കാനും കൂടുതൽ കൂട്ടിച്ചേർത്ത് ആശയങ്ങൾ സമൃദ്ധമാക്കാനും ശ്രമിക്കുമല്ലോ. അതിനു ശേഷം കുട്ടികൾ ഇത് കുറിപ്പാക്കട്ടെ.

കുട്ടികൾ മൂന്നു വാക്യങ്ങളും ശ്രദ്ധാപൂർവ്വം വായിക്കട്ടെ. അർത്ഥപരമായ വ്യത്യാസം ചർച്ചചെയ്യാം.

- ഒന്നാമത്തെ വാക്യം ആശയപരമായി എവിടെയെങ്കിലും കാര്യമായ ഊന്നലില്ലാത്ത പ്രസ്താവനയാണ്.
- രണ്ടാമത്തെയും മൂന്നാമത്തെയും വാക്യങ്ങളിൽ ചില ഊന്നലുകൾ വരുന്നു.
- രണ്ടാമത്തെ വാക്യത്തിന്റെ അർത്ഥം:

  സാധാരണ ആശയങ്ങളിൽ കവിഞ്ഞവ പ്രകാശിപ്പിക്കാൻ ഈ രേഖകളിലെ ഗദ്യത്തിനു കഴിയില്ല എന്നാണ്.

  ഇവിടെ ആ ഗദ്യത്തിന്റെ പരിമിതിയാണ് സൂചിതമാവുന്നത്.

- മൂന്നാമത്തെ വാക്യം ഈ രേഖകളിലെ ഗദ്യത്തിന് ഈ രേഖകളിലെ ഗദ്യത്തിന് മാത്രമേ സാധാരണമായ ആശയങ്ങളെ പ്രകടിപ്പിക്കാൻ പറ്റുകയുള്ളൂ എന്നും മറ്റു രേഖകളിലെ ഗദ്യത്തിന് അതിനു കഴിയുകയില്ല എന്നും അർത്ഥം വരുന്നു.

  ഇത് ഈ രേഖകളിലെ ഗദ്യത്തിന്റെ മികവിനെയാണ് സൂചിപ്പിക്കുന്നത്.

- രണ്ടാം വാക്യം ഒരു പരിമിതിയെക്കുറിച്ചു പറയുമ്പോൾ മൂന്നാമത്തെ വാക്യം മികവിനെയാണ് സൂചിപ്പിക്കുന്നത്.
- അർഥതലത്തിൽ .വരുന്ന വലിയ വ്യത്യാസത്തിനു കാരണമാകുന്നതെന്ത്?

വിദ്യാർഥികൾ മൂന്നു വാക്യത്തിന്റെയും ഘടന പരിശോധിക്കട്ടെ. 'എ' എന്ന ശബ്ദത്തിന്റെ പ്രയോഗത്തിലുള്ള സന്ദർഭ വ്യത്യാസമാണ് ഇത്രയും വലിയ അർഥവ്യത്യാസത്തിനു കാരണമാകുന്നത്.

അവ്യയങ്ങളുടെ പ്രയോഗത്തിലെ സന്ദർഭ വ്യത്യാസം ഉച്ചാരണത്തിലെ ഊന്നലിന്റെ ഏറ്റക്കുറച്ചിൽ എന്നിവയെല്ലാം ഒരു വാക്യത്തിന്റെ അർഥത്തിൽ വലിയ വ്യത്യാസം വരുത്തും.

വിദ്യാർഥികളുടെ ശ്രദ്ധ അവർ മുമ്പു പഠിച്ച അനുകമ്പാദശകം എന്ന കവിതയിലേക്കു കൊണ്ടുവരണം. ശ്രീനാരായണഗുരു അതിലൂന്നയിക്കുന്ന പ്രധാന ആശയങ്ങൾ എന്തെല്ലാം?

ഓർമ്മയിൽനിന്ന് ആശയങ്ങൾ രേഖപ്പെടുത്തട്ടെ.

- അനുകമ്പയാണ് ഏറ്റവും മഹത്തായ മാനസിക ഗുണം
- അനുകമ്പയറിഞ്ഞാൽ എല്ലാമറിഞ്ഞു.
- അനുകമ്പയറ്റവൻ ഇരുട്ടിലാണ്.
- സകല അജ്ഞതയ്ക്കും കാരണം അനകമ്പയില്ലായ്മയാണ്.
- അനുകമ്പയില്ലായ്മ മനുഷ്യനെ ഗന്ധമില്ലാത്ത പുഷ്പത്തിനും മരുഭൂമിയിൽ നിഷ്ഫലമാകുന്ന ജലത്തിനും തുല്യനാക്കുന്നു.

എഴുത്തച്ഛന്റെ പാഠഭാഗത്തെ ആശയങ്ങളും ഗുരുവിന്റെ അനുകമ്പാദശകത്തിലെ ആശയങ്ങളും തമ്മിൽ ബന്ധിപ്പിക്കാവുന്നതാണ്

എഴുത്തച്ഛൻ വിഭീഷണഹിതോപദേശത്തിൽ നൽകുന്ന ആശയങ്ങൾ എന്തെല്ലാം?

- വിഭീഷണഹിതോപദേശത്തിലെ തത്ത്വോപദേശത്തിൽ, അജ്ഞത കാരണമുള്ള ആപത്തുകളെക്കുറിച്ചു മുന്നറിയിപ്പുണ്ട്.
- രാമനോടുള്ള ശത്രുത ഉപേക്ഷിക്കാൻ വിഭീഷണനെ ഉപദേശിക്കുന്നു.

രണ്ടു കവിതകളിലെയും ആശയങ്ങൾ താരതമ്യം ചെയ്തുകൊണ്ട് ഒരു ലഘു ഉപന്യാസം തയാറാക്കട്ടെ.

ഉപന്യാസത്തിൽ വരാവുന്ന ആശയങ്ങൾ

- ശത്രുതയും വിരോധവും അജ്ഞാനം കൊണ്ടുണ്ടാകുന്നതാണ്.
- അവയില്ലാതായാൽ മൈത്രിയുടെയും സ്നേഹത്തിന്റെയും വെളിച്ചത്തിലെത്താം.
- ശത്രുക്കളോടുപോലും അനുകമ്പ കാണിക്കുന്നവനാണ് നല്ല മനുഷ്യൻ.
- രാവണൻ ശത്രുത കൈവെടിഞ്ഞു മൈത്രീഭാവത്തോടും അനുകമ്പയോടും കൂടി പെരുമാറാൻ വേണ്ടിയുള്ളതാണ് വിഭീഷണഹിതോപദേശം.

എഴുതിയ പ്രബന്ധങ്ങൾ ക്ലാസിൽ അവതരിപ്പിച്ചു ചർച്ച നടത്തുകയും ചെയ്യാം.



വിദേശപാതിരിമാർ മലയാളഭാഷാഗദ്യത്തിനു നൽകിയ സംഭാവനകളെക്കുറിച്ച് പാഠഭാഗത്തിലുള്ള സൂചനകൾ കുട്ടികൾ കണ്ടെത്തട്ടെ. അവയിൽ സൂചിപ്പിക്കുന്ന കൃതികളെക്കുറിച്ചു കൂടുതൽ വിവരങ്ങൾ കുട്ടികൾ അന്വേഷിക്കട്ടെ.

നാലു ഗ്രൂപ്പുകളാക്കിത്തിരിച്ച് നാലു കൃതികളെക്കുറിച്ചെഴുതാൻ അവസരം നൽകാം. ലേഖനങ്ങൾ കുട്ടികൾ തയാറാക്കട്ടെ.

- ഹോർത്തൂസ് മലബാറിക്കസ് (സസ്യശാസ്ത്രഗ്രന്ഥം)
- സംക്ഷേപവേദാർഥം (അധ്യാത്മിക ഗ്രന്ഥം)
- വർത്തമാനപുസ്തകം (യാത്രാവിവരണ ഗ്രന്ഥം)

- ഗുണ്ടർട്ട് നിഘണ്ടു (നിഘണ്ടു)

മലയാളഭാഷയ്ക്കും സാഹിത്യത്തിനും ഈ നാലു ഗ്രന്ഥങ്ങൾ നൽകിയ സംഭാവനകളെക്കുറിച്ച് എഴുതിയ പ്രബന്ധങ്ങൾ ഗ്രൂപ്പിൽ അവതരിപ്പിച്ചു മെച്ചപ്പെടുത്തട്ടെ. അതിനുശേഷം പൊതുവിൽ അവതരിപ്പിക്കാം. തുടർന്ന് മിഷണറിമാരും മലയാളവും എന്ന പേരിൽ ഒരു പതിപ്പു തയാറാക്കട്ടെ.

ആദ്യത്തെ രണ്ടു വാക്യങ്ങൾ വിദ്യാർഥികൾ പരിശോധിക്കട്ടെ.
നിഷേധാർഥം ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ശബ്ദം ഏത്?

- ഇല്ല.

ഈ ശബ്ദം കൂടാതെ മലയാളഭാഷയിൽ നിഷേധാർഥം സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന മറ്റു ശബ്ദങ്ങൾ ഏതെല്ലാം? കുട്ടികൾ കണ്ടെത്തട്ടെ.

- അല്ല, ആ എന്നിവ മലയാളത്തിലെ മറ്റു നിഷേധ വാചികങ്ങളായ ശബ്ദങ്ങളാണ്. ഇവയോരോന്നും ഏതേതു തരം ശബ്ദങ്ങളോടൊപ്പമാണ് കൂടിച്ചേരുന്നതെന്നു കുട്ടികൾ കണ്ടെത്തട്ടെ.

നിഷേധാർഥ രൂപമായ 'ആ' ചേരുന്ന ഉദാഹരണങ്ങൾ കണ്ടെത്താൻ കുട്ടികളോട് ആവശ്യപ്പെടാം.

ഉദാ. പോകാ, വരാ

പഴയ മലയാള കാവ്യഭാഷയിൽ നിഷേധരൂപത്തിൽ 'ആ' ചേർന്ന രൂപങ്ങൾ കണ്ടെത്താൻ പറയാം.

ഉദാ. 'ഗുണികളൂഴിയിൽ നീണ്ടുവാഴാ' മൂന്നാമത്തെ വാക്യം ശ്രദ്ധാപൂർവം വായിച്ച് ഘടനയിലും അർഥത്തിലുമുള്ള സവിശേഷതകൾ വിശദീകരിക്കട്ടെ. 'നൽകാതെയിരുന്നില്ല' എന്നതിന്റെ ഒടുവിൽ 'ഇല്ല' എന്ന നിഷേധവാചിയായ ശബ്ദം ചേർത്തിരിക്കുന്നു. ഇവിടെ നിഷേധാർത്ഥമല്ല ലഭിച്ചത്. ഉപദേശം നൽകി എന്നു തന്നെയാണ് അർഥ സൂചന. ഇത്തരം പ്രയോഗ സവിശേഷതകൾ കണ്ടെത്താൻ ശ്രമിക്കുക.

മലയാളത്തിലെ പ്രാചീനതമമായ കൃതിയാണ് രാമചരിതം.
മലയാളത്തിലെ പ്രാചീനതമമായ കൃതികളാണ് രാമചരിതവും കണ്ണശ്ശരാമായണവും.

ഈ രണ്ടു വാക്യങ്ങളുടെയും അർഥസാധ്യത പരിശോധിക്കാം.

- പ്രാചീനതമമെന്നാൽ ഏറ്റവും പ്രാചീനമായത് എന്ന അർഥമാണ്. അതൊന്നേ ഉണ്ടാവുകയുള്ളു. അതുകൊണ്ട് രണ്ടാമത്തെ വാക്യം സാധ്യമല്ല.

പ്രിയതരമാമൊരു സ്വപ്നമുറങ്ങി എന്ന വരിയിൽ അനേകം സ്വപ്നങ്ങളിൽ ഏറ്റവും പ്രിയപ്പെട്ടത് എന്ന അർഥമാണുള്ളത്. അവിടെ താരതമ്യം ചെയ്യാൻ ഒന്നിലധികം ഉണ്ട്.

- പ്രിയപ്പെട്ടത് - പ്രിയം
- കുറേക്കൂടി പ്രിയമുള്ളത് - പ്രിയതരം

- ഏറ്റവും പ്രിയപ്പെട്ടത് - പ്രിയതമം

സംസ്കൃത ശബ്ദങ്ങൾക്കാണ് മിക്കവാറും ഇത്തരത്തിലുള്ള മൂന്നു രൂപങ്ങൾ കണ്ടെത്താൻ കഴിയുക.

തരം, തമം എന്നീ പ്രയോഗങ്ങൾ ഉപയോഗിക്കുന്ന മറ്റുദാഹരണങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ.

ഇതിനു തുല്യമായി ഇംഗ്ലീഷിലുള്ള മൂന്നു രൂപങ്ങളും പരിചയപ്പെടുത്താവുന്നതാണ്.

good - better - best

പഴയ ഗദ്യഭാഷയിലെ കഥാഭാഗം ഇന്നത്തെ ഗദ്യഭാഷയിലേക്ക് മാറ്റിയെഴുതാം. തന്നിരിക്കുന്ന ഭാഗം കുട്ടികൾ വായിക്കട്ടെ. പ്രസ്തുത ഗദ്യത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണ്?

ചർച്ചചെയ്യാം

- പ്രചാരലുബ്ധമായ പദങ്ങളും പ്രയോഗങ്ങളും.
- വായനാ സുഖമില്ലാത്ത ശൈലി.
- നീണ്ട വാക്യങ്ങൾ.

കുട്ടികൾ ഇന്നത്തെ ഗദ്യരീതിയിലേക്ക് പ്രസ്തുതഭാഗം മാറ്റിയെഴുതട്ടെ.

# 2
# രംഗപർവം

**ആമുഖം**

കലകളെ ദൃശ്യം, ശ്രാവ്യം എന്നു രണ്ടായി വിഭജിച്ചിരിക്കുന്നു. ദൃശ്യകലകളിൽ ഏറ്റവും പ്രമുഖവും പ്രാചീനവുമാണ് നാടകം. കൂട്ടായ്മയുടെ കല എന്ന നിലയ്ക്കും പലപ്പോഴും സാങ്കേതികജ്ഞാനം കൂടാതെ ആസ്വാദകനെ രസിപ്പിക്കുന്നു എന്നതു കൊണ്ടും ഏറ്റവും ജനകീയമായ കല കൂടിയാണത്. കവിത്വത്തിന്റെ പരകോടിയിലാണ് നാടകരചന സാധ്യമാകുന്നത് (നാടകാന്തം കവിത്വം) എന്ന വാക്യം നാടകം എത്രത്തോളം ഗൗരവമേറിയതാണ് എന്ന് ആസ്വാദകനെ ഓർമ്മിപ്പിക്കുന്നു. നാടകം മനുഷ്യജീവിതത്തെത്തന്നെയാണ് ചിത്രീകരിക്കുന്നത്. അതാണീ കലയുടെ ശക്തിയും ചൈതന്യവും. സർവ്വതന്ത്രസ്വതന്ത്രനായി വിഹരിച്ചിരുന്ന മനുഷ്യനു സാമൂഹ്യജീവിതക്രമത്തിന്റെ ഭാഗമായി അവനിലുണ്ടായിരുന്ന ജന്മസിദ്ധമായ സമരവാസനകൾ അമർത്തപ്പെട്ടു. കൊന്നും വെന്നും കവർച്ചചെയ്തും ആവാഹിച്ചൊതുക്കിയും ജീവിച്ചിരുന്ന മനുഷ്യൻ സഹജപ്രേരണകൾ നിഷേധിക്കപ്പെടുകയോ അടിച്ചമർത്തപ്പെടുകയോ ചെയ്തപ്പോൾ ആ പൂർവവാസനകൾ അനുകരിച്ച് ആത്മനിർവൃതി നേടാൻ ശ്രമിച്ചു. ഇതിന്റെ പരിണതഫലമാണ് നാടകം എന്ന കലാസൃഷ്ടി

നാടക കലയുടെ വേരുകൾ തേടുമ്പോൾ അതിർത്തികൾക്കും വർഗവർണങ്ങൾക്കും അതീതമായ മനുഷ്യാവസ്ഥകളെയാണ് അതു പ്രമേയമാക്കുന്നതെന്നു കാണാം. 'അവസ്ഥാനുകൃതിഃ നാട്യം', 'ലോകവൃത്താന്താനുകൃതിഃ നാട്യം' എന്നീ നിർവചനങ്ങൾ ഇതാണു കാണിക്കുന്നത്. മനുഷ്യന്റെ വികാരങ്ങളെ സൂക്ഷ്മതയോടെ ഇടതടവില്ലാതെ അവതരിപ്പിച്ച് പ്രേക്ഷകനെ അവനിൽ നിന്നുതന്നെ കവർന്നെടുക്കാൻ കഴിയുന്ന മാന്ത്രികത നാടകത്തിനുണ്ട്. ബുദ്ധിയുടെയും മനസ്സിന്റെയും മാത്രമല്ല കണ്ണിന്റെയും കാതിന്റെയും കലകൂടിയാണ് നാടകം. അതുകൊണ്ടുതന്നെ നാടകം ഒരേസമയം വികാരത്തിന്റെയും ചലനത്തിന്റെയും കലയുമാണ്.

അതിബൃഹത്തായ നാടകപാരമ്പര്യം പഴക്കം കൊണ്ടും സമീപന വൈവിധ്യം കൊണ്ടും അവകാശപ്പെടാവുന്നത് ഭാരതത്തിനും ഗ്രീസിനുമാണ്. ക്രിസ്തുവിനുമുമ്പ് 800 നും 300 നും ഇടയ്ക്ക് ഗ്രീസിലാണ് നാടകം രൂപംകൊള്ളുന്നത്. ഡയണീസസ് ദേവന്റെ ഉത്സവവുമായി ബന്ധപ്പെട്ട് വസന്തോത്സവത്തിൽ ഹാസ്യചിത്രീകരണം (mime) കോമാളി നാടകം (satiric drama) നർമനാടകം (comedy) ദുഃഖ നാടകം (tragedy) എന്നിങ്ങനെ നാലുതരത്തിലുള്ള രൂപകങ്ങൾ ഉരുത്തിരിഞ്ഞു.

സോഫോക്ലിസ്, എസ്കിലസ്, യൂറിപ്പിഡീസ് തുടങ്ങിയവർ ഗ്രീക്കു നാടകപ്രസ്ഥാനത്തിനു അടിത്തറയിട്ടു. നാലുതരത്തിലുള്ള രൂപകങ്ങളിൽ ദുരന്ത നാടകങ്ങളെ മാത്രമാണ് ഗ്രീസിൽ പ്രധാനമായി നാടകങ്ങളായി അംഗീകരിച്ചത്. നാടകത്തിനു മനുഷ്യജീവിതത്തെ സ്വാധീനിക്കാനും പരിവർത്തിപ്പിക്കാനും കഴിയുമെന്നു യവനർ കണ്ടെത്തിയിരുന്നു. കഥാർസിസിനെക്കുറിച്ചുള്ള ചിന്തകളും സിദ്ധാന്തങ്ങളും ഇതിന് ഉദാഹരണമാണ്.

ഈ കാലഘട്ടത്തിൽത്തന്നെ ഭാരതത്തിലും നാടകങ്ങൾ ഉണ്ടായി എന്നു മാത്രമല്ല അതിന്റെ സ്വഭാവത്തെക്കുറിച്ചു വിശദപഠനങ്ങളും രൂപംകൊണ്ടിരുന്നു. നാട്യശാസ്ത്രത്തിൽ ഭരതമുനി സംസ്കൃതനാടക പ്രസ്ഥാനത്തിന്റെ എല്ലാ ഘടകങ്ങളെയും പൂർണമായി അപഗ്രഥിച്ചിട്ടുണ്ട്. നാടകലക്ഷണം, നാടകത്തിലെ രസം, കഥാപാത്രസംഭാഷണത്തിലെ ഔചിത്യം, നാട്യഗൃഹത്തിന്റെ രൂപകൽപ്പന, നാടകാസ്വാദകനു വേണ്ട ഗുണങ്ങൾ എന്നിവയെക്കുറിച്ചെല്ലാമുണ്ടായ സമഗ്രചർച്ച നാടകത്തിനു ഭാരതം നൽകിയ പ്രാധാന്യം വ്യക്തമാക്കുന്നു. ഭാരതത്തിലും ഗ്രീസിലും നാടകസംബന്ധിയായുണ്ടായ മനഃശാസ്ത്രപരമായ അപഗ്രഥനം ആധുനിക മനഃശാസ്ത്രപണ്ഡിതരെപ്പോലും അദ്ഭുതപ്പെടുത്തുന്നതാണ്. ഭാസൻ, കാളിദാസൻ, ശൂദ്രകൻ, ശക്തിഭദ്രൻ തുടങ്ങിയവരാണ് ഭാരതീയ നാടകപ്രസ്ഥാനത്തിലെ പ്രധാന ആചാര്യന്മാർ.

മലയാളനാടകത്തിനും ശക്തമായ അടിവേരുകളുണ്ട്. നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ നാടകത്തിന്റെ പൂർവരൂപങ്ങൾ ഇവിടെയുണ്ടായിരുന്നു. നടിക്കപ്പെടുന്നതാണ് നാടകം എന്ന നിർവചനത്തെ അടിസ്ഥാനമാക്കി ചിന്തിച്ചാൽ തെയ്യം, തിറ, പടയണി, കൂത്ത്, കൂടിയാട്ടം, കഥകളി, തുള്ളൽ തുടങ്ങിയവയെല്ലാം മലയാള നാടകാനുഭവത്തിന്റെ പ്രാഗ്‌രൂപങ്ങളാണ്. ചവിട്ടുനാടകം, പൊറാട്ടുനാടകം, വെള്ളരിനാടകങ്ങൾ, കപ്പക്കാര നാടകങ്ങൾ എന്നിവയും ഇക്കൂട്ടത്തിൽപ്പെടുത്താം. അഭിനയം, ചമയം, വേഷം, സംഗീതം, ദൃശ്യപരത, ചലനാത്മകത തുടങ്ങിയ നാടകത്തിന്റെ സാങ്കേതികമായ മിക്ക അംശങ്ങളും ഈ കേരളീയ കലാരൂപങ്ങളിലുണ്ട്. എങ്കിലും പ്രസ്ഥാനപരമായി നാടക ചരിത്രം ആരംഭിക്കുന്നത് 1882 ലെ കേരളവർമ വലിയകോയിത്തമ്പുരാന്റെ മണിപ്രവാള ശാകുന്തളത്തോടെയാണ്. തുടർന്ന് വിവർത്തന നാടകങ്ങളുടെ കുത്തൊഴുക്കിന്റെ കാലമായിരുന്നു. അവതരണമൂല്യത്തേക്കാൾ സാഹിത്യമൂല്യമാണ് ഇവയിൽ മുന്നിട്ടുനിന്നത്. അതുകൊണ്ടുതന്നെ പലപ്പോഴും ഇവയ്ക്കു രംഗപ്രയോഗസാധുതയുണ്ടായിരുന്നില്ല.

ഇക്കാലത്ത് സംസ്കൃതനാടകങ്ങളുടെ മാതൃകയിൽ സ്വതന്ത്ര നാടകങ്ങളുമുണ്ടായി. കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ 'കല്യാണീനാടകം', കുമാരനാശാന്റെ 'വിചിത്രവിജയം' എന്നിവ ഇക്കൂട്ടത്തിൽ ശ്രദ്ധേയങ്ങളാണ്. ഇവയുടെ തുടർച്ചയാണ് സംഗീതനാടകങ്ങൾ. ഈ ശാഖയ്ക്കു തുടക്കം കുറിച്ചതു തമിഴ് നാടകസംഘങ്ങളായിരു

ന്നു. അവതരണത്തിൽ കെട്ടുകാഴ്ചകൾ മാത്രമായിരുന്ന ഇവയുടെ വേലിയേറ്റം ആസ്വാദകരെ മടുപ്പിച്ചു. ഈ ഘട്ടത്തിലാണ് മലയാള സംഗീത നാടകങ്ങൾക്കു പ്രചാരം വർധിച്ചത്. തെക്കൻ കേരളത്തിൽ സദാരാമയിലൂടെ കെ. സി. കേശവപിള്ളയും ഉത്തര കേരളത്തിൽ ബാലഗോപാലനിലൂടെ മഹാകവി കുട്ടമത്തും സംഗീത നാടകശാഖയ്ക്കു നവീനഭാവുകത്വം നൽകി. വിദ്വാൻ പി. കേളുനായർ. ടി. സി അച്ചുതമേനോൻ, അഴകത്ത് പത്മനാഭക്കുറുപ്പ് തുടങ്ങിയവർ മലയാള സംഗീത നാടകശാഖയ്ക്കു കരുത്തു നൽകി. കഴമ്പില്ലാത്ത ഭാഷാസംഗീത നാടകങ്ങളുടെ അതിപ്രസരമാണ് മുൻഷി രാമക്കുറുപ്പിന്റെ 'ചക്കീചങ്കര' രചനയ്ക്കു കാരണമായത്. ചക്കീചങ്കരം ഭാഷാസംഗീത നാടകങ്ങളെ പരിഹസിക്കുമ്പൊഴും ഈ നാടകങ്ങൾക്കു വലിയൊരാസ്വാദക വൃന്ദമുണ്ടാക്കാനും ജനങ്ങളെ നാടകത്തിലേക്ക് അടുപ്പിക്കാനും സാധിച്ചു എന്നുള്ളതു ശ്രദ്ധേയമാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലെത്തുമ്പൊഴാണ് മലയാള നാടകം സാമൂഹ്യ പ്രശ്നങ്ങൾ പ്രമേയമാക്കുന്നത്. സി. വി യുടെ പ്രഹസനങ്ങളും ഈ. വി. കൃഷ്ണപിള്ളയുടെ പ്രഹസനങ്ങളും ചരിത്രനാടകങ്ങളും ഈ ചിന്തയ്ക്കു പ്രചോദനമേകി. പാശ്ചാത്യനാടകസ്വാധീനവും സാമൂഹിക സാംസ്കാരിക രംഗത്തുണ്ടായ ഉണർവും മുന്നേറ്റങ്ങളും നാടകം സാമൂഹിക പരിവർത്തനത്തിനുള്ള ഒരായുധമാണന്ന ചിന്ത ഉണർത്തി. വി. ടി. യുടെ അടുക്കളയിൽ നിന്ന് അരങ്ങത്തേക്കു നൽകിയ നവോന്മേഷവും പുതുവെളിച്ചവും നാടകത്തെ പുതിയ മേഖലകളിലേക്കു നയിച്ചു. എം.പി.ഭട്ടതിരിപ്പാട്, എം. ആർ. ബി. എന്നിവർ സാമൂഹ്യനാടകങ്ങൾക്ക് ശക്തി പകർന്നു. എൻ. കൃഷ്ണപിള്ളയിലൂടെ പ്രശ്നനാടകങ്ങളും പാശ്ചാത്യ നാടകത്തിന്റെ പുത്തൻ കാഴ്ചപ്പാടുകളും മലയാളിക്കു സ്വായത്തമായി. മലയാള നാടകസാഹിത്യം പരിവർത്തന ദശയിൽ എത്തിയ കാലഘട്ടമായിരുന്നു1940 കൾ. കെ. ദാമോദരനും, സി. ജെ. തോമസും, പുളിമാന പരമേശ്വരൻപിള്ളയും, തോപ്പിൽ ഭാസിയും, എൻ.എൻ. പിള്ളയുമെല്ലാം നാടകത്തെ വൈവിധ്യമാർന്ന തലങ്ങളിലേക്കെത്തിച്ചു. നാടകം ജനകീയ പ്രസ്ഥാനമായും സാമൂഹ്യനവീകരണ ഉപാധിയായും പിന്നീട് പല പല തുറസ്സുകളിലേക്കു വളർന്നു. ഈ വളർച്ചയുടെ വ്യത്യസ്തമുഖങ്ങളാണ് രംഗപർവത്തിലുള്ളത്.

ഈ യൂണിറ്റിൽ നാലു പാഠഭാഗങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആസ്വാദകനെ നാടകവേദിയിലെക്കെത്തിക്കുന്നതിനും സാഹിത്യം ജനകീയമാക്കുന്നതിനും നാടകഗാനങ്ങൾക്കുള്ള പങ്ക് അദ്വതീയമാണ്. മലയാളത്തിന്റെ ലാളിത്യവും മാധുര്യവും ഗ്രാമീണ സ്പന്ദനവും നിറഞ്ഞു നിന്നിരുന്ന ആ ഗാനങ്ങൾ മലയാളി ഇന്നും നെഞ്ചോടു ചേർത്തുവയ്ക്കുന്നു. അത്തരത്തിൽ ഗൃഹാതുരത്വമുണർത്തുന്നതാണ് ജനനീ ജന്മഭൂമി എന്ന നാടകത്തിലെ 'മധുരിക്കും ഓർമ്മകളേ' എന്ന ഒ. എൻ. വി യുടെ ഗാനം.

മലയാള നാടകവേദിക്കു പുത്തൻ ഭാവുകത്വം നൽകിയപ്രതിഭാധനനാണ് ജി.ശങ്കരപ്പിള്ള. അദ്ദേഹത്തിന്റെ 'ഒരു കൂട്ടം ഉറുമ്പുകൾ' എന്ന ഏകാങ്കനാടകം മുത്തശ്ശിക്കഥയുടെ പശ്ചാത്തലത്തിൽ അന്യാപദേശരീതിയിൽ, ഐക്യത്തിന്റെ മഹത്ത്വവും പ്രതിരോധത്തിന്റെ ആവശ്യകതയും വിളംബരം ചെയ്യുന്നു.

ഭാരതീയ നാടകകൃത്തുക്കളിൽ കാളിദാസനൊപ്പം പ്രഥമസ്ഥാനമലങ്കരിക്കുന്ന മഹാകവിയാണ് ഭാസൻ. നാടകലക്ഷണങ്ങൾ ഉല്ലംഘിച്ച് ഇതിഹാസത്തിലേക്കാൾ പ്രകാശമാനമായി ദുര്യോധനനെ അവതരിപ്പിക്കുകയാണ് ഊരുഭംഗത്തിലൂടെ അദ്ദേഹം. നാടകം ബാഹ്യ ചലനത്തിന്റെ കലയാണെന്ന സങ്കൽപ്പം തിരുത്തിക്കുറിച്ച് നിശ്ചലനായ നായകന്റെ മാനസിക ചലനത്തിലൂടെ ദുര്യോധനന്റെ മഹത്ത്വവും കരുണരസത്തിന്റെ ആർദ്രതയും ദുരന്ത ബോധവും അദ്ദേഹം ഈ നാടകത്തിലൂടെ പകർന്നു നൽകുന്നു.

നമ്മുടെ നാടകവേദി തനതിടം കണ്ടെത്തേണ്ടതിന്റെ പ്രാധാന്യം വിശദമാക്കുകയാണ് 'തനതുനാടകവേദി' എന്ന ലേഖനം. 'തനതുനാടകവേദി' എന്ന ആശയത്തിന്റെ ഉപജ്ഞാതാക്കളിൽ പ്രമുഖനായ സി. എൻ. ശ്രീകണ്ഠൻ നായർ സി. ജെ. സ്മാരക പ്രഭാഷണത്തിൽ കേരളീയ നാടകവേദിയെ വിലയിരുത്തുകയും തനതു നാടകവേദിയുടെ പ്രസക്തിയെക്കുറിച്ച് കാര്യകാരണസഹിതം വിശദീകരിക്കുകയും ചെയ്യുന്നു. ഈ ആശയത്തിനു വർത്തമാനകാലത്തു പ്രസക്തി എന്ത് എന്നു വിശദീകരിക്കുകയാണ് 'നാടോടി പാരമ്പര്യവും മലയാള നാടകവേദിയും' എന്ന ലേഖനത്തിലൂടെ എ. കെ. നമ്പ്യാർ.

നാടകം വ്യത്യസ്തതകളുടെ സംഗമഭൂമിയാണ്. ഇവിടെ അഭിനയവും ചമയവും താളവും വാദ്യവും ഭാവനയും സമയനിഷ്ഠയും സർഗാത്മകതയും വിലയിരുത്തലും കൈകോർക്കുന്നു. ഭിന്നാഭിരുചിയുള്ള കുട്ടികളുടെ കൂടിച്ചേരലാണല്ലോ ക്ലാസ് മുറികൾ. ആ വ്യത്യസ്തതകളിലെ സർഗശേഷികൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള അവസരമാണ് നാടകപഠനം നൽകുന്നത്. 'ആഖ്യാനമല്ല അവതരണമാണ് നാടകം' എന്ന അരിസ്റ്റോട്ടിലിന്റെ വാക്യം പ്രധാനമാണ്. നാടക പഠനത്തിലൂടെ, അവതരണത്തിലൂടെ, വിലയിരുത്തലിലൂടെ ക്ലാസ് മുറി സക്രിയമാക്കാനും സംഘബോധവും സാമൂഹ്യബോധവും വളർത്താനും കഴിയണം. ഇതാണ് രംഗപർവം ലക്ഷ്യം വയ്ക്കുന്നത്.

## പ്രവേശകം

കുട്ടികൾക്കു നാടകത്തെക്കുറിച്ചും നാടകാവതരണത്തെക്കുറിച്ചും അനുഭവങ്ങളുണ്ട്. സ്കൂൾ കലോത്സവ വേദികളിൽ അവരിൽ പലരും നാടകം അവതരിപ്പിച്ചിട്ടുണ്ട്. നാടകം ആസ്വദിച്ചിട്ടുണ്ട്. നാടകരചനയിൽ താൽപ്പര്യമുള്ളവരും ക്ലാസിലുണ്ടാകും. കുട്ടികളോട് നാടകത്തെക്കുറിച്ചു ചോദിക്കാം. അവർ നാടകാനുഭവങ്ങൾ പങ്കുവ യ്ക്കട്ടെ. രചന, അവതരണം, സംവിധാനം, ആസ്വാദനം എന്നിവയെക്കുറിച്ചെല്ലാം അവർ അഭിപ്രായം പറയും.

ഒരു നാടകം രംഗത്ത് അവതരിപ്പിക്കുന്നതിന് ഏറ്റവും ആവശ്യമായ സംഗതികൾ കുട്ടികൾ കണ്ടെത്തട്ടെ.

- നാടകത്തിന്റെ സ്ക്രിപ്റ്റ്
- കഥാപാത്രങ്ങൾ
- സംഭാഷണം
- സംവിധാനം
- പരിശീലനം
- 

അധ്യാപകൻ ക്രോഡീകരിച്ച് ആവശ്യമായ വിശദീകരണം നൽകണം. എന്താണ് നാടകം? എന്തായിരിക്കണം നാടകം? നാടകം വിജയിപ്പിക്കുന്നതിന് എന്തെല്ലാം ഘടകങ്ങൾ വേണം? കുട്ടികളോടു ചോദിക്കാം. അഭിപ്രായം പറയട്ടെ.

- അഭിനയമാണ് നാടകം
- നല്ല വേദി ആവശ്യമാണ്
- സംഭാഷണങ്ങൾ നന്നായിരിക്കണം
- നല്ല ആശയം വേണം
- 

കുറച്ചുകൂടി വിശദമായി ചർച്ചചെയ്യാം. അണിയറയിലുള്ളവരും അരങ്ങത്തുള്ളവരും കാഴ്ചക്കാരും ഒന്നായി മാറുമ്പോഴാണ് നാടകം വിജയിക്കുന്നത്. അതുകൊണ്ടു തന്നെ നാടകം കൂട്ടായ്മയുടെ കലയാണ്. ഇതാണ് പിന്നിൽ ഒരു മറ നിൽക്കാൻ ഒരു തറ എന്റെ മുന്നിൽ നിങ്ങളും എന്റെ ഉള്ളിൽ ഒരു നാടകവും എന്ന എൻ. എൻ. പിള്ളയുടെ വാക്യത്തിന്റെയും പൊരുൾ.

## മധുരിക്കും ഓർമ്മകളേ

### പാഠാപഗ്രഥനം

ഒരു കാലഘട്ടത്തിന്റെ സാംസ്കാരിക മുദ്രകളാണ് നമ്മുടെ പഴയ നാടക ഗാനങ്ങൾ. ഭാഷാലാളിത്യവും ഭാവനാ പൂർണതയുമാണ് അവയുടെ മുഖമുദ്രകൾ. ഗ്രാമീണ ജീവിതത്തിന്റെ നിഷ്കളങ്കതയും നൈർമല്യവും അവയിൽ നിറഞ്ഞുകാണാം.

വർത്തമാനകാലത്ത് അന്യമായിപ്പോകുന്ന ഈ ഘടകങ്ങൾ ഒത്തിണങ്ങിയതിനാലാണ് അവ കാലാതിവർത്തിയായി ആസ്വദിക്കപ്പെടുന്നത്. ഇത്തരത്തിൽ ഗൃഹാതുരത്വമുണർത്തുന്ന ഒരു നാടകഗാനമാണ് 'ജനനീ ജന്മഭൂമി' എന്ന നാടകത്തിനു വേണ്ടി ഒ. എൻ. വി. കുറുപ്പ് രചിച്ച 'മധുരിക്കും ഓർമകളേ' എന്ന ഗാനം.

ഓർമകൾ മാധുര്യമാർന്നവയാണ്. പ്രത്യേകിച്ച് ബാല്യകാല സ്മരണകൾ. വർത്തമാന കാലത്തു ജീവിതവിഹ്വലതകളിൽപ്പെട്ടുഴലുന്നവരെ സംബന്ധിച്ചിടത്തോളം അത് ആശ്വാസത്തിന്റെ മരുപ്പച്ചയാണ്. ഏതു മുതിർന്നവനിലും ഒരു കുട്ടി ഒളിഞ്ഞിരിപ്പുണ്ടല്ലോ. മുതിർന്ന ഒരാളിന്റെ ബാല്യത്തിലെക്കും കൗമാരത്തിലെക്കും അതിന്റെ ഇമ്പങ്ങളിലേക്കുമുള്ള മടങ്ങിപ്പോക്കാണ് 'മധുരിക്കും ഓർമ്മകളേ' എന്ന ഗാനം.

മധുരിക്കുന്ന ഓർമകളോടു മലർമഞ്ചൽ കൊണ്ടുവന്ന് 'ഞങ്ങളെ' ആ മാഞ്ചുവട്ടിലേക്കു കൊണ്ടുപോകാൻ നായകൻ ആവശ്യപ്പെടുകയാണ്. ഇടനെഞ്ഞിൻ താളമോടെയും നെടുവീർപ്പിൻ മൂളലോടെയും മലർമഞ്ചൽ തോളിലേറ്റി പോകാനാണാവശ്യപ്പെടുന്നത്. മഞ്ചലേറിപോകുക എന്നത് പഴയകാലത്ത് ആഢ്യത്വത്തിന്റെ പ്രതീകമായിരുന്നു. അതിലേറിപോകുന്നയാൾ കുലീനനും. അപ്പോൾ ഇവിടെ തെളിയുന്ന ബാല്യത്തിന്റെ ഓർമകൾ കുലീനതയാർന്നതാണ് എന്ന ധ്വനി പല്ലവിയിലുണ്ട്. മാഞ്ചുവടും മാഞ്ചുവട്ടിലെ കളികളും കേരളീയ ബാല്യത്തിന്റെ മറ്റൊരു ഗൃഹാതുരതയാണല്ലോ. മഞ്ചൽ തോളിലേറ്റി അമാലന്മാർ വായ്ത്താരിയോടെ താളത്തിൽ ചുവടുവച്ചാണ് പോകുന്നത്. ഇടനെഞ്ഞിൻ താളവും നെടുവീർപ്പിൻ മൂളലും ആ ചിത്രം കേൾവിക്കാരനിൽ ജനിപ്പിക്കുന്നുണ്ട്. ഇടനെഞ്ഞിൻ താളവും നെടുവീർപ്പിൻ മൂളലും നഷ്ടബാല്യത്തിന്റെ നൊമ്പരം എത്രത്തോളം ആഴമേറിയതാണെന്നു പറയാതെ പറയുന്നു.

മലയാളിയുടെ നിഷ്കളങ്ക ബാല്യത്തിന്റെ ഓർമപ്പെടുത്തലുകളാണ് അനുപല്ലവിയിലേത്. ഒരു കുമ്പിൾ മണ്ണുകൊണ്ടു വീടുവച്ചതും തുമ്പപ്പൂകൊണ്ടു ചോറും കറിയുമുണ്ടാക്കി വിരുന്നൊരുക്കിയതും ചക്കരമാമ്പഴത്തിനായി കൊതിയോടെ നിന്നതും അതിനായി കാറ്റിനെ കാത്തിരുന്നതും ഗ്രാമീണ ജീവിതത്തിന്റെയും നഷ്ടബാല്യത്തിന്റെയും നൊമ്പരപ്പെടുത്തുന്ന മധുരമുള്ള ഓർമ്മകളാണ്. 'കുമ്പിൾ മണ്ണ്',

'തുമ്പപ്പൂ', 'കൊതി' തുടങ്ങി നഗരവൽക്കരണത്തിന്റെ ഫലമായി അന്യമായിപോകുന്ന നാടൻ പദങ്ങൾ നൽകുന്ന കേൾവിച്ചന്തവും ശ്രദ്ധേയമാണ്.

ചരണത്തിലേക്കെത്തുമ്പോൾ ബാല്യത്തിൽ നിന്നു കൗമാരത്തിലേക്കുള്ള നായകന്റെ വളർച്ചയും കൗമാര സ്വപ്നങ്ങളുടെ നാമ്പിടലും കാണാം. പുള്ളിക്കുയിലിനൊത്തു കൂവിനിൽക്കുന്ന ഓർമകളിലേക്കു തിരിച്ചുനടക്കുന്ന നായകൻ ഒരു നുള്ള് പൂവിറുത്തു മാല കോർക്കുന്നതും ഒരു വാഴക്കൂമ്പിൽനിന്നു തേൻകുടിക്കുന്നതും രാജാവും റാണിയുമായ വാഴാനാഗ്രഹിക്കുന്നതുമായ സ്വപ്നങ്ങൾ പങ്കുവയ്ക്കുന്നു.

നാടകത്തിലെ നായകന്റെ ഓർമ്മകളിലൂടെ ബാല്യത്തിലെക്കും കൗമാരത്തിലെക്കും ആ കാലത്തെ കുസൃതികളിലെക്കും നനുത്ത കിനാവുകളിലേക്കും ആസ്വാദകനെ മെല്ലെ കൈപിടിച്ചു നടത്തുകയാണ് ഒ. എൻ. വി കുറുപ്പ്.

ഹൃദ്യമായ സംഗീതവും ഗ്രാമീണമായ താളവും പദങ്ങളും അവയുടെ ക്രമമായ ചിട്ടപ്പെടുത്തലും ഈ ഗാനത്തെ മനോഹരമായ ഒരു കാവ്യശിൽപ്പമാക്കുന്നു.

## പഠനപ്രവർത്തനങ്ങൾ

ബാല്യത്തിന്റെ സ്മരണകൾ പങ്കിടുന്ന കവിതകളോ പാട്ടുകളോ ഓർമ്മിച്ചെടുക്കാൻ കുട്ടികളോടു പറയാം

ഇത്തരത്തിൽ ഓർമ്മകൾ നിറഞ്ഞു നിൽക്കുന്ന കാവ്യഭാഗങ്ങൾ നിങ്ങൾ പഠിച്ചിട്ടുണ്ടോ? കുട്ടികൾ ഉത്തരം പറയട്ടെ. പീലിക്കണ്ണുകൾ (ചെറുശ്ശേരി) പോലുള്ള കവിതകൾ അവർ പഠിച്ചിട്ടുണ്ട്.

മധുരിക്കും ഓർമ്മകളേ എന്ന ഈ ഗാനത്തിൽ ഗ്രാമീണ ബാല്യത്തിന്റെ ഓർമ്മകളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നിങ്ങളുടെ ബാല്യത്തെ മനോഹരമാക്കിയ ഒരോർമ്മ എഴുതുക. കുട്ടികളിൽ ഓർമ്മയുടെ ലോകമുണ്ടാക്കട്ടെ. ഗ്രൂപ്പിൽ വായിച്ചു മെച്ചപ്പെടുത്തി രണ്ടോ മൂന്നോ പേർ അവതരിപ്പിക്കട്ടെ.

മധുരിക്കും ഓർമ്മകൾ എന്ന നാടകഗാനത്തിൽ അവതരിപ്പിച്ചിരിക്കുന്ന ഓർമ്മകളുടെ സവിശേഷതകൾ എന്തെല്ലാം?

- ഗ്രാമീണ ജീവിത ചിത്രം
- കുട്ടികളുടെ ഉല്ലാസ ജീവിതം
- ആർദ്രവും സുന്ദരവുമായ പ്രകൃതിയുടെ സാമീപ്യം
- വളർച്ചയുടെയും വികാസത്തിന്റെയും സൂചന
- കൗമാരത്തിലെ കാൽപ്പനികത നൽകുന്ന പ്രണയസ്പർശം

കുട്ടികൾ കുറിപ്പ് തയാറാക്കി അവതരിപ്പിക്കട്ടെ.

ചിലകാര്യങ്ങൾ കുട്ടികൾ ഊഹിക്കട്ടെ

താമരത്തോണിയുമായ് അമ്മാവൻ
താഴോട്ടുപോരാമോ .... ഈ ഗാനം ആലപിച്ചത് ഏതു പ്രായത്തിലുള്ള കഥാപാത്രമായിരിക്കും?

- ഈ കഥാപാത്രത്തെക്കുറിച്ച് കൂടുതൽ എന്തൊക്കെ ഊഹിക്കാൻ കഴിയും?

  കുട്ടികൾ അഭിപ്രായം പറയട്ടെ

- അമ്മാവൻ, താമരത്തോണി എന്നീ വാക്കുകളിലൂടെ ഇതിലെ കഥാപാത്രം ഒരു കുട്ടിയാണെന്ന് ഊഹിക്കാം. ' പാവങ്ങൾ' എന്ന് നേരിട്ട് എടുത്തുപറഞ്ഞിട്ടുണ്ട്. പായസച്ചോറ് അവരുടെ സ്വപ്നമാണ് ചെറിയ വീട്ടിൽ അവരെ സ്വീകരിക്കാൻ പറ്റാത്തതുകൊണ്ടായിരിക്കാം 'പാലമരത്തണലിൽ പൂന്തണൽപ്പായ വിരിക്കാ'മെന്ന് പറയുന്നത്. ഈ ഗാനത്തിൽ 'ദാരിദ്ര്യം' എന്ന നിത്യപ്രസക്ത മായ സാമൂഹിക വിഷയമാണ് പ്രതിഫലിക്കുന്നത്.

  ദരിദ്രരുടെ വേദനകളും പ്രത്യാശകളും ലളിതമായി ആവിഷ്കരിക്കാൻ ഈ നാടകഗാനത്തിന് സാധിച്ചിരിക്കുന്നു.

- നാടകഗാനങ്ങളിൽ കാവ്യാത്മകമായവ കുട്ടികൾ കണ്ടെത്തട്ടെ. സാമൂഹികപ രാമർശങ്ങളടങ്ങിയത് പ്രകൃതിവർണ്ണനാപരം, തത്ത്വചിന്താപരം, ഹാസ്യാത്മകം എന്നിങ്ങനെ തരംതിരിച്ച് ഓരോ ഗാനവും വിശദീകരിക്കട്ടെ. അവയിൽ നിന്ന് കുട്ടിക്കിഷ്ടമുള്ള ഒരു ഗാനത്തിന് ആസ്വാദനം തയാറാക്കാം.

# ഒരു കൂട്ടം ഉറുമ്പുകൾ

## പാഠാപഗ്രഥനം

'നമുക്കു മനുഷ്യരോട് അതു പ്രഖ്യാപിച്ചു കളയാം, എന്താ' എന്ന ഉറുമ്പുകളുടെ ഉദ്ഘോഷണത്തോടെയാണ് ഒരു കൂട്ടം ഉറുമ്പുകൾ എന്ന നാടകം അവസാനിക്കുന്നത്. അതിനുശേഷമുള്ളത് നാടകത്തിലെ ഭരതവാക്യമെന്നു പറയാവുന്ന ഒരുമയുടെ ഗാനമാണ്. ചില കാര്യങ്ങൾ മനുഷ്യരോടുണർത്തിക്കാനുദ്ദേശിച്ചുള്ളതാണ് ഈ നാടകമെന്നു നാടകകൃത്ത് വളച്ചുകെട്ടില്ലാതെ പറഞ്ഞുവയ്ക്കുന്നു. ഒരു സമൂഹത്തെയൊന്നിച്ച് അഭിസംബോധനചെയ്തു സന്ദേശവിനിമയം നടത്താൻ ഏറ്റവും ഉചിതമായ കലാരൂപം നാടകം തന്നെയാണെന്ന നാടകകൃത്തിന്റെ ബോധ്യം ഒരു കൂട്ടം ഉറുമ്പുകളുടെ അന്ത്യത്തിൽ അടിവരയിട്ടു പ്രഖ്യാപിച്ചിട്ടുണ്ട്.

എന്താണ് ഈ നാടകത്തിന്റെ സന്ദേശമെന്നത് നാടകത്തിന്റെ ആഖ്യാനഗതി വിശകലനം ചെയ്യുന്നതോടൊപ്പം വെളിപ്പെടേണ്ടതാണ്. ഒരു കൂട്ടം ഉറുമ്പുകളുടെ ആഖ്യാനഗതി വികസിക്കുന്നതെങ്ങനെയെന്നു പരിശോധിക്കാം. നാടകത്തിന്റെ ആദ്യ രംഗത്തു പ്രത്യക്ഷപ്പെടുന്നത് ഒരു മുത്തശ്ശിയും കുറേ കുട്ടികളുമാണ്. ഉറുമ്പു പൊതിയുംപോലെ മുത്തശ്ശിയെ അലോരസപ്പെടുത്തിക്കൊണ്ട് കുട്ടികൾ കഥയ്ക്കു തിരക്കു കൂട്ടുന്നു. അവർക്കു വേണ്ടതു വലിയ മൃഗങ്ങളുടെ കേമത്തം നിറഞ്ഞ കഥകൾ. മുത്തശ്ശിയുടെ മറുപടി ഇങ്ങനെയാണ് "ആനക്കഥ വലുതെന്നും ഉറുമ്പിൻകഥ ചെറുതെന്നും എന്തിനു കരുതുന്നു. ഒരു ഉറുമ്പിൻ കഥ തന്നെയാകട്ടെ". ഇവിടെ നിന്നാണ് ഉറുമ്പുകളുടെ രംഗാഖ്യാനമായി നാടകത്തിന്റെ ഗതി തിരിയുന്നത്.

മുത്തശ്ശിയും കുട്ടികളുമുള്ള നാടകത്തിന്റെ പൂർവാങ്കം ചില സൂചനകൾ നമുക്കു തന്നുപോവുന്നുണ്ട്. ഒരു മുത്തശ്ശിക്കഥയുടെ സ്വഭാവമാണ് ആഖ്യാനപരമായി ഈ നാടകത്തിനുള്ളത്. അതുകൊണ്ടുതന്നെ ലളിതമാണ് ആഖ്യാനരീതി. രണ്ടു പറ്റം ഉറുമ്പുകൾ, അവർ തമ്മിലുള്ള കുറുമ്പ്, ദുഷ്ടബുദ്ധികളായ ചിലന്തിയൊടും രാക്ഷസനൊടുമുള്ള ഉറുമ്പുകളുടെ ഏറ്റുമുട്ടൽ, ആദ്യഘട്ടത്തിലെ പരാജയം, ആത്യന്തിക വിജയം ഇങ്ങനെ നേർഗതിയിൽത്തന്നെ കഥ മുന്നേറുന്നു. കുട്ടികൾക്കു കാണാനും കളിക്കാനുമുള്ള രൂപരേഖതന്നെയാണ് ഈ നാടകത്തിനുള്ളത്. ഉറുമ്പുകളും ചിലന്തിയുമൊക്കെ കഥാപാത്രങ്ങളാവുമ്പോൾ ഒരു പഞ്ചതന്ത്രംകഥയുടെ ആഖ്യാനസ്വഭാവവും നാടകത്തിനു കൈവരുന്നുണ്ട്.

ആനയ്ക്കുപകരം ഉറുമ്പുകളാവട്ടെ കഥാപാത്രങ്ങൾ എന്നു മുത്തശ്ശി കൽപ്പിക്കുന്നതിൽ കാര്യമുണ്ട്. നിസ്സാര ജന്മങ്ങൾക്കാണ് കൂടുതൽ പ്രധാനമായ കാര്യങ്ങൾ പറയാനുണ്ടാവുകയെന്ന വലിയ സത്യമാണ് മുത്തശ്ശി വെളിപ്പെടുത്തുന്നത്. ചരിത്രത്തിന്റെ കൂടെ സഞ്ചരിച്ചവർക്ക് എളുപ്പം തിരിച്ചറിയാവുന്ന ഒരു സത്യമത്രേയത്.

നിസ്സാരരെന്നു ചൊല്ലി അവഗണിക്കപ്പെടുന്നവരെക്കുറിച്ചാണ് ഈ നാടകമെന്ന സൂചന തന്നുകൊണ്ടാണ് നാടകം പൂർവരംഗത്തുനിന്ന് ഒന്നാം സീനിലേക്കു കടക്കുന്നത്.

സംഘർഷത്തിന്റെയും സംഘട്ടനത്തിന്റെയും കലയാണ് നാടകം. ഈ നാടകത്തിൽ സംഘർഷസംഘട്ടനങ്ങളുടെ അയവില്ലാത്ത വിന്യാസമുണ്ട്. ചോണനുറുമ്പുകളും കട്ടുറുമ്പുകളും കലഹത്തിലാണ്. കറുത്ത ഉറുമ്പുകളെക്കണ്ടു പഠിക്കരുതെന്ന് ഒരു കൂട്ടർ പറയുമ്പോൾ ഇന്നു നമുക്കെങ്കിൽ നാളെ അവർക്ക് എന്നാണ് മറുപക്ഷത്തിന്റെ മറുപടി. ചിലന്തിയുടെ ഇരകളാകാൻ വിധിക്കപ്പെട്ടവരാണ് ഇരുകൂട്ടരും. ചിലന്തിയുടെ ഭീഷണി പെരുകിവരുമ്പൊഴും ഉറുമ്പുകൾക്കിടയിലെ പടലപ്പിണക്കം മാറുന്നില്ല.

മൂവന്തിയാകുമ്പോൾ നാലുപേർ തനിക്കിരയാകണമെന്ന ആജ്ഞ നൽകിയാണ് ചിലന്തി സമാധിസ്ഥനാകുന്നത്. കാര്യബോധം വന്ന രണ്ടു സംഘങ്ങളും 'സൊരിമിപ്പി'ലെത്തുമ്പൊഴാണ് സംഘർഷാന്തരീക്ഷത്തിനു താൽക്കാലികമായി ഒരയവുവരുന്നത്. പക്ഷേ അപ്പോഴും ചിലന്തിക്കെതിരെ ഒരു സമരായുധം കണ്ടെത്താനുള്ള തിടുക്കത്തിലാണവർ.

ആയുധാന്വേഷണം ഉറുമ്പുകളെക്കൊണ്ടെത്തിക്കുന്നതു ചിലന്തിയെക്കാൾ ഭീകരനായ രാക്ഷസന്റെ മുന്നിലാണ്. രാക്ഷസനവർക്കു കൊടുക്കുന്നതു ചിതറിപ്പോയ ഈർക്കിലുകളാണ്. ഉറുമ്പുകൾ അവ ചേർത്ത് ഒരു ചൂലാക്കുന്നു, ചിലന്തിയെ നേരിടാനുള്ള ആയുധം. പക്ഷേ അപ്പോഴും അതവർ സ്വയം കണ്ടെത്തിയ സ്വന്തം ആയുധമല്ല, രാക്ഷസന്റെ ഔദാര്യമാണ്. ചിലന്തിയെ ഉറുമ്പുകൾ ചൂലുകൊണ്ടടിച്ചുകൊല്ലുന്നു. വിജയാഹ്ലാദത്തിനിടയിൽത്തന്നെ ഉറുമ്പുകൾ ഒരുമ മറന്നു പരസ്പരം പിണങ്ങുന്നു.

സംഘർഷത്തിന്റെ മറ്റൊരു വേലിയേറ്റം. രാക്ഷസൻ പ്രത്യക്ഷപ്പെട്ട് ആയുധം തിരികെ വാങ്ങുന്നു, ഉറുമ്പുകളെയാക്രമിക്കാനൊരുങ്ങുന്നു. മറ്റായുധങ്ങൾക്കു തിരയാതെ ഉറുമ്പുകൾ സ്വയമായുധങ്ങളാവുന്നു. ഒരുമയുടെ മുന്നേറ്റത്തിൽ രാക്ഷസനെയും നിലംപരിശാക്കുന്നു. ഒരുമിച്ചു നിന്നാലേ രക്ഷയുള്ളൂ എന്ന സന്ദേശമാണ് ഉറുമ്പുകളുടെ വിജയകാഹളം.

സംഘർഷത്തിൽനിന്നു സംഘർഷത്തിലേക്കുള്ള നാടകവളർച്ച ക്രമാനുഗതമായാണ് സംഭവിക്കുന്നത്. ഉറുമ്പുകൾക്കിടയിൽ, ഉറുമ്പുകളും ചിലന്തിയും തമ്മിൽ, ഉറുമ്പുകളും രാക്ഷസനും തമ്മിൽ – ഇങ്ങനെ സംഘർഷത്തിന്റെ മാത്ര പെരുപ്പിച്ചുകൊണ്ടു നാടകം വികസിക്കുന്നു. മനുഷ്യകഥാപാത്രങ്ങളില്ലാത്ത സരളസ്വഭാവമുള്ള ഒരു നാടകമായതുകൊണ്ടുതന്നെ കഥാപാത്രങ്ങളുടെ ആന്തരസംഘർഷങ്ങളുടെ അവതരണത്തിനല്ല, ക്രിയാപ്രധാനമായ ബാഹ്യസംഘട്ടനങ്ങൾക്കാണ് ഈ നാടകത്തിൽ പ്രാമുഖ്യം.

ഒരുമിച്ചുനിന്നാൽ വിജയം നേടാമെന്ന ലളിതമായ ഒരു സന്ദേശം ഈ നാടകത്തിലുണ്ട്; കുട്ടികൾക്കും ബോധ്യമാവുന്ന ഒരു ഉപദേശം. അതിലുമപ്പുറം നിൽക്കുന്ന ചില ചരിത്രപാഠങ്ങളുടെ സംഗ്രഹം കൂടിയാണ് ഒരു കൂട്ടം ഉറുമ്പുകൾ. മനുഷ്യസമൂഹത്തിന്റെ ഇന്നോളമുള്ള ചരിത്രത്തിന്റെ ചുരുക്കെഴുത്തും ഒരു തിരുത്തും ഈ നാടകം ഉൾക്കൊള്ളുന്നുണ്ട്. ചെറുമനുഷ്യരുടെ ചെറുത്തുനിൽപ്പാണ് പലപ്പോഴും ചരിത്രഗതിയെ തിരിച്ചുവിടുന്നത്. പുതിയ ലോകക്രമത്തിൽ ആധിപത്യത്തിന്റെ പുതിയ ശക്തികളെത്തുമ്പോൾ ഈ ചരിത്രപാഠം കൂടുതൽ പ്രസക്തമാവുന്നു.

ലളിതമായ ഒരു കഥാഘടനയ്ക്കകത്ത് സജീവമായി നിൽക്കുന്ന ചരിത്രദർശനമാണ് ഈ നാടകത്തെ അധികമാനമുള്ള രചനയാക്കുന്നത്. ഒന്നാം സീനിൽ നാം കാണുന്നതു പല പണികളിൽ വ്യാപൃതരായ ഉറുമ്പുകളെയാണ്. തളർന്നവർ കിടക്കുന്നു. കുട്ടികളെ മുതിർന്ന ഉറുമ്പുകൾ പിടിച്ചു നടത്തുന്നു. ഭാരമുള്ള തടികൾ പേറിവരും പോലെ നെന്മണികൾ ചുമന്നു വരുന്ന ഉറുമ്പുകളുമുണ്ട്. ജീവിക്കാൻ വേണ്ടി പെടാപ്പാടു പെടുന്ന ഈ ഉറുമ്പുകളെയാണ് ആദ്യം ചിലന്തിയും പിന്നീടു രാക്ഷസനും ഇരകളാക്കാനോ അടിച്ചൊതുക്കാനോ ശ്രമിക്കുന്നത്. ചിലന്തിയും രാക്ഷസനും സമാധിസ്ഥരെന്ന നാട്യത്തിൽ ഒരു പണിയും ചെയ്യാതെ കഴിച്ചുകൂട്ടുന്നവരത്രേ. ഒടുവിൽ ഉറുമ്പുകൾ ഒത്തുചേർന്ന് ശത്രുക്കളെ പരാജയപ്പെടുത്തുകയാണല്ലോ. സമൂഹഘടനയിൽ എക്കാലത്തും നിലനിന്നുപോരുന്ന വൈകല്യത്തെ വിശകലനം ചെയ്യാനുള്ള ശ്രമം ഈ നാടകത്തിലുണ്ട്. നിരാലംബരും നിസ്വരുമായ ഒരു വിഭാഗം, അവരെ വിഘടിച്ചു നിർത്തി ചൂഷണം ചെയ്യുന്ന മറ്റൊരു വിഭാഗം. ഇവർ തമ്മിലുള്ള സംഘർഷത്തിന്റെ ചരിത്രത്തെ സംക്ഷേപിക്കുന്നുണ്ട് ഈ കൊച്ചുനാടകം. ഉറുമ്പുകളൊരുമിച്ചു ചേർന്ന് വിജയം നേടുന്നത് സമൂഹത്തിലെ വൈരുദ്ധ്യങ്ങൾക്ക് ഒരു തിരുത്തു വരുത്താനുള്ള സാധ്യതയിലേക്കാണു വിരൽ ചൂണ്ടുന്നത്. ഉറുമ്പുകളുടെ കഥ പറഞ്ഞു മനുഷ്യജീവിത ചരിത്രം ഫലിപ്പിക്കുന്നതുകൊണ്ടുതന്നെ ഈ നാടകത്തിന് അന്യാപദേശസ്വഭാവമുണ്ട്.

ഒരു കൂട്ടം ഉറുമ്പുകൾ ക്രിയാംശപ്രധാനമായ നാടകമാണ്. അവതരണവേളയിൽ രംഗവേദി ചലനാത്മകമായിരിക്കും. അമാനുഷ കഥാപാത്രങ്ങൾക്കു വ്യത്യസ്തതയാർന്ന ചമയങ്ങളിണങ്ങും. വായ്ത്താരികളും കവിതാശകലങ്ങളുമെല്ലാം താളാത്മകമായ ചുവടുവയ്പ്പുകൾക്കവസരം നൽകും. ചമയം, താളം, രംഗചലനങ്ങൾ തുടങ്ങിയ കാര്യങ്ങളിലെല്ലാം നാടോടിക്കലകളുടെയും ക്ലാസിക്കൽ കലകളുടേയും ഉചിതാംശങ്ങൾ ഉൾക്കൊള്ളാനുള്ള വഴക്കം ഈ നാടകത്തിനുണ്ട്. ആഖ്യാനത്തെക്കാൾ നാടകത്തിൽ പ്രധാനമാവുന്നത് അവതരണമാണെന്നതു ശ്രദ്ധേയമാണ്.

## പഠനപ്രവർത്തനങ്ങൾ

മാനുഷികമായ സംഘർഷങ്ങളാണ് നാടകത്തിന്റെ ജീവൻ - ഈ ആശയം ഒന്നു വിശദീകരിക്കാനാവശ്യപ്പെടാം

- മനുഷ്യജീവിതം തന്നെയാണ് നാടകത്തിനും വിഷയം
- സംഘർഷങ്ങളുടെ അവതരണമില്ലെങ്കിൽ നാടകമില്ല
- മനുഷ്യൻ മറ്റുള്ളവരൊടും തന്റെ തന്നെ വിധിയൊടും പ്രകൃതിയൊടും തന്നോടുതന്നെയും ഏറ്റുമുട്ടുന്നതാണ് നാടകത്തിന്റെ വിഷയം.

ഓരോ ആശയവും ഉദാഹരണങ്ങളിലൂടെ വിശദീകരിക്കാൻ പറയാം. അധ്യാപകർ കാര്യങ്ങൾ കൂടുതൽ വ്യക്തമാവുംവിധമുള്ള ഇടപെടൽ നടത്തണം.

മനുഷ്യജീവിതവും സംഘർഷങ്ങളുമാണ് നാടകത്തിന്റെ വിഷയമെങ്കിൽ ഒരു കൂട്ടം ഉറുമ്പുകളെങ്ങനെ നാടകമായി പരിഗണിക്കപ്പെടും? അത് ഉറുമ്പുകളുടെ കഥയല്ലേ? അഭിപ്രായങ്ങൾ അവതരിപ്പിക്കട്ടെ.

- ഉറുമ്പുകളും ചിലന്തിയും രാക്ഷസനുമെല്ലാം മനുഷ്യജീവിതത്തിന്റെ തന്നെ പ്രതിരൂപങ്ങളാണ്.
- ഉറുമ്പുകൾ നിരാലംബരും നിസ്സഹായരുമായ മനുഷ്യർ തന്നെ.
- ഉറുമ്പുകളുടെ അധ്വാനത്തെ ചൂഷണംചെയ്തു സുഖജീവിതം നയിക്കുന്ന ചിലന്തിയും രാക്ഷസനും മനുഷ്യരുടെയിടയിൽതന്നെയുള്ള ചൂഷകരെയും മർദ്ദകരെയും പ്രതിനിധാനം ചെയ്യുന്നു.
- ഉറുമ്പുകളുടെ വിജയം സാധാരണ മനുഷ്യരുടെ കൂട്ടായ്മയുടെ വിജയം തന്നെയാണ്.

ആശയങ്ങളുടെ വിശദീകരണത്തിനുശേഷം 'ഒരു കൂട്ടം ഉറുമ്പുകൾ അന്യാപദേശ സ്വഭാവമുള്ള നാടകം' എന്ന വിഷയത്തെ അധികരിച്ച് ഒരു പ്രബന്ധം തയാറാക്കട്ടെ.

ഒരു കൂട്ടം ഉറുമ്പുകൾ എന്ന നാടകം മനുഷ്യസ്വഭാവ വിമർശനം നടത്തുന്ന സന്ദർഭങ്ങൾ കണ്ടെത്തട്ടെ.

- മനുഷ്യരെപ്പോലെ ഇവര് അകന്നാ ചവിട്ടിക്കൊല്ലും, അടുത്താ നക്കിക്കൊല്ലും.
- ശവത്തിൽ കുത്തുന്നത് മനുഷ്യരുടെ സ്വഭാവമാണ്.

എന്തുകൊണ്ടായിരിക്കാം നാടകകൃത്ത് ഇത്തരം പ്രസ്താവനകൾ ചേർത്തത്?

- നാടകം ആത്യന്തികമായി മനുഷ്യജീവിതത്തെക്കുറിച്ചുള്ളതാണ്
- സത്യങ്ങൾ ശക്തമായി ഉന്നയിക്കേണ്ട ഉത്തരവാദിത്വത്തം നാടകങ്ങൾക്കുണ്ട്.
- നാടകത്തിലൂടെ ഉന്നയിക്കുന്ന വസ്തുതകൾ എളുപ്പം സമൂഹമനസ്സിലെത്തും.

ചർച്ചയിൽ നാടകകലയ്ക്കു സമൂഹമനസ്സിലുള്ള സ്വാധീനം വിലയിരുത്തപ്പെടുന്നു. “ നമുക്കു മനുഷ്യനൊടതു പ്രഖ്യാപിച്ചുകളയാം എന്താ” നാടകത്തിലെ അവസാന വാക്യത്തിന്റെ പ്രസക്തിയെന്ത്?

ചർച്ചയിൽ ഉയർന്നുവരുന്ന ആശയങ്ങൾ വിലയിരുത്തപ്പെടണം.

- ഒരുമയെക്കുറിച്ചുള്ള സന്ദേശം ആദ്യമെത്തേണ്ടതു വിഘടിച്ചു നശിക്കുന്ന മനുഷ്യരിലാണ്.
- നിസ്സഹായരായവർ സംഘടിച്ചാൽ വലിയ ശക്തികളെപ്പോലും കീഴ്പ്പെടുത്താൻ പറ്റുമെന്നു ദുർബലരായ മനുഷ്യർ അറിയേണ്ടതുണ്ട്.
- ചരിത്രം നിർമിക്കുന്നതും തിരുത്തുന്നതും പദവിയും പ്രമാണിത്തവുമുള്ളവർക്കു മാത്രം ചെയ്യാവുന്ന കാര്യമല്ല. സാധാരണ മനുഷ്യരുടെ കൂട്ടായ്മയ്ക്കും കർമ ശേഷിക്കും അതിനുള്ള കെൽപ്പുണ്ട്.

ഇത്തരം ആശയങ്ങൾ വിശദീകരിക്കപ്പെടട്ടെ. അതിനുശേഷം നാടകത്തിന്റെ പ്രധാന ഉന്നങ്ങളിലൊന്ന് മനുഷ്യരെ ചില സത്യങ്ങൾ ബോധ്യപ്പെടുത്തുകയാണെന്ന നാടക കൃത്തിന്റെ നിലപാടിനുള്ള തെളിവുകൾ അനുഭവത്തിൽ നിന്നു കണ്ടെത്തി അവ തരിപ്പിക്കട്ടെ.

അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് തുടങ്ങിയ കൃതികൾ ശ്രദ്ധയിൽക്കൊണ്ടുവരാം. ചർച്ചകൾക്കൊടുവിൽ നാടകങ്ങളുടെ സാമൂഹ്യദൗത്യം എന്ന വിഷയത്തെക്കുറിച്ച് ഒരു പ്രബന്ധം തയാറാക്കട്ടെ.

ഒരു മുത്തശ്ശിയും കുട്ടികളും നാടകത്തിന്റെ തുടക്കത്തിൽ രംഗത്ത് വരുന്നുണ്ട്. പിന്നീട് രംഗപ്രാധാന്യമില്ലാത്ത ഈ കഥാപാത്രങ്ങളെ നാടകകൃത്ത് പൂർവാങ്കത്തിൽത്തന്നെ കൊണ്ടുവന്നതെന്തിനാവാം?

അഭിപ്രായങ്ങൾ അവതരിപ്പിക്കട്ടെ.

- നാടകത്തിന് കൗതുകപ്രദമായ തുടക്കമാവുന്നു.
- കുട്ടികൾക്ക് രസനീയമാവാൻ
- കുട്ടികൾക്കുള്ള ചില സന്ദേശങ്ങൾ നൽകുന്ന നാടകമായതിനാൽ

മുത്തശ്ശിയുടെ ലാളിത്യമുണ്ട് ഒരു കൂട്ടം ഉറുമ്പുകൾക്കെന്ന് പറയുന്നതെത്രത്തോളം

ശരിയാണ്? ചർച്ച ചെയ്യട്ടെ

- തുടക്കം തന്നെ മുത്തശ്ശിയും കുട്ടികളും
- ഉറുമ്പുകളും ചിലന്തിയുമൊക്കെ കഥാപാത്രങ്ങളാവുന്നു.
- കുട്ടികൾക്കുള്ള സാരോപദേശം നാടകാന്ത്യത്തിലുണ്ട്.
- പ്രാചീന ഭാരതത്തിലെ പഞ്ചതന്ത്രം കഥയെ ഓർമ്മിപ്പിക്കുന്നുണ്ട്.
- കുട്ടികൾക്കിഷ്ടമാവുന്ന സന്ദേശങ്ങളുണ്ട്.
- ഒരുമയുടെ പാഠം നാടകം കുട്ടികളോട് വിളംബരം ചെയ്യുന്നു.
- മനുഷ്യസമൂഹത്തിലെല്ലാക്കാലത്തും നിലനിന്ന അസമത്വങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്.
- ആധ്വാനിക്കുന്നവർ ചൂഷണംചെയ്യപ്പെടുകയും സുഖ ജീവിതം നയിക്കുന്നവർ ആധികാരികമായി വാഴുകയും ചെയ്യുന്നതുകാണുന്നുണ്ട്.
- ചൂഷിതരായ പാവം മനുഷ്യർ ഒരുമിച്ചുനിന്ന് അധീശവർഗത്തെ പ്രതിരോധിക്കുന്ന നാടകത്തിലെ സാമൂഹ്യസന്ദേശം വിലയിരുത്തി പ്രഭാഷണം തയാറാക്കട്ടെ.

# ഊരുഭംഗം

### പാഠാപഗ്രഥനം

ജീവിത സംഘട്ടനങ്ങളുടെ ആവിഷ്കാരമാണ് നാടകം. ചലനാത്മകവും പ്രതിജന ഭിന്നവുമായ ജീവിതത്തെ വൈകാരികമായി രംഗത്തു പുനഃസൃഷ്ടിക്കുകയാണ് നാടകം ചെയ്യുന്നത്. ലോകനാടകവേദിയിൽ ഭാരതത്തിന്റെ യശസ്സുറപ്പിച്ച ഭാസ നാടകങ്ങളിലൊന്നാണ് ഊരുഭംഗം. മഹാകവി വള്ളത്തോൾ മലയാളത്തിൽ പരിഭാഷപ്പെടുത്തിയ ഊരുഭംഗത്തിലെ ഉത്തരഭാഗത്തു നിന്നാണ് പാഠഭാഗം സ്വീകരിച്ചിട്ടുള്ളത്. 'ഊരുഭംഗം' ജീവിതത്തിലെ ആന്തരിക സംഘർഷങ്ങളെ സമ്യക്കായി ആവിഷ്കരിക്കുന്നു. (സംസ്കൃത നാടകങ്ങളിൽ കണ്ടുവരുന്ന ഭരതവാക്യം ഭാസ നാടകങ്ങളിലില്ല) ദുര്യോധനഭീമഗദായുദ്ധത്തിൽ ധീരമായി അടർക്കളത്തിൽ പൊരുതി വീണുകിടക്കുന്ന ദുര്യോധനനെ കാണാൻ മാതാപിതാക്കളും ഭാര്യാപുത്രാദികളും ബന്ധുജനങ്ങളും എത്തുന്നതാണ് സന്ദർഭം. തുടർന്നു ദുര്യോധനന്റെ സ്വർഗപ്രാപ്തിവരെയുള്ള കഥയാണ് ഊരുഭംഗം നാടകത്തിലെ ഇതിവൃത്തം. ദുര്യോധനൻ, ബലദേവൻ, ധൃതരാഷ്ട്രൻ, ഗാന്ധാരി, ദുർജ്ജയൻ, മാളവി, പൗരവി, രാജ്ഞിമാർ ഇവരാണ് പാഠഭാഗത്തു കടന്നുവരുന്ന കഥാപാത്രങ്ങൾ. തികച്ചും സംഘർഷഭരിതമാണ് ഈ രംഗം. തൊണ്ണൂറ്റിയൊമ്പതു മക്കളും യുദ്ധത്തിൽ കൈവിട്ടുപോയ മാതാപിതാക്കൾ, ആശ്വാസമായി അവർക്ക് ബാക്കിയുണ്ടായിരുന്ന മകന്റെ (ദുര്യോധനന്റെ) അന്ത്യരംഗം കാണാനെത്തുന്ന കാഴ്ച സംഘർഷാത്മകതയുടെയും വികാരതീവ്രതയുടെയും ഉത്തുംഗശൃംഗമാണ്. ആന്തരിക സംഘർഷത്തിന്റെ കൊടുമുടിയിൽ നിൽക്കുന്ന ഈ മാതാപിതാക്കളുടെ സംഭാഷണം പ്രേക്ഷകനിലുണർത്തുന്ന വൈകാരികത തീവ്രമാണ്.

ചലനാത്മകതയുടെ കഥയായ നാടകത്തിൽ തുട തകർന്ന്, ചലനരഹിതനായി കിടക്കുന്ന ദുര്യേധനന്റെ ആന്തരിക ചലനങ്ങളെ അഥവാ സംഘർഷങ്ങളെ അവതരിപ്പിച്ചുകൊണ്ട് ആ കഥാപാത്രത്തിന്റെ മനോരഥം പ്രേക്ഷകനുമായി പങ്കുവയ്ക്കുകയാണ് ഭാസൻ ചെയ്തിട്ടുള്ളത്. മഹാഭാരതത്തിലെ ദുര്യോധനനെ അതേപടി ആവിഷ്കരിക്കുന്ന ഒരാവർത്തനമല്ല മറിച്ച് മഹാഭാരതത്തിലൂടെ കേട്ടു പതിഞ്ഞ ദുര്യോധനനെക്കാൾ ധർമിഷ്ഠനും, സഹോദരസ്നേഹിയും മനുഷ്യത്വമുള്ളവനും സ്ഥിരമായ പകയില്ലാത്തവനുമായ ഒരുത്തമകഥാപാത്രമായി ദുര്യോധനനെ ഭാസൻ പുനഃസൃഷ്ടിക്കുകയാണിവിടെ. ഒരുപക്ഷേ ഇതിഹാസത്തിലെ ദുര്യോധനനെക്കാൾ ഒരു പടി മുന്നിൽ നിൽക്കുന്ന മനുഷ്യഭാവമുള്ളവനായി ഭാസന്റെ ദുര്യോധനനെ ദർശിക്കാം. മഹാഭാരതകഥ അവലംബമാക്കിയ മറ്റു കഥകളിൽ നിന്നു വ്യത്യസ്തമായി ദുര്യോധനനെ വേറിട്ടൊരു വീക്ഷണകോണിൽ നോക്കിക്കാണാനും അതിന്റെ അടിസ്ഥാനത്തിൽ ദുര്യോധനനെ നായകനായി പുനഃസൃഷ്ടിക്കാനും കഴിഞ്ഞതു ഭാസന്റെ രചനാവൈഭവമാണ്.

അടർക്കളത്തിൽ തുടചതഞ്ഞു കിടക്കുന്ന ദുര്യോധനനെക്കാണാൻ ദുഃഖാർത്തരായ മാതാപിതാക്കളും ഭാര്യമാരും മകനും അന്തഃപുര സ്ത്രീക്കളുമെത്തുന്നതും അവരുടെ സംഭാഷണങ്ങളും ദുഃഖം പങ്കുവയ്ക്കലും ഉൾപ്പെടുന്ന ഭാഗമാണ് ഇവിടെ ചേർത്തിരിക്കുന്നത്. ഉണ്ണിയെ പോരിൽ ചതിച്ചു കൊന്നതായി കേട്ടപ്പോൾ മനസ്സിലുണ്ടായ ഉൽക്കടമായ ദുഃഖം കണ്ണീരായി നിറഞ്ഞ് സ്വതേ അന്ധനായ താൻ വീണ്ടും അന്ധനായി എന്ന വൃദ്ധപിതാവായ ധൃതരാഷ്ട്രരുടെ അഭിപ്രായം അദ്ദേഹത്തിന്റെ ദുഃഖതീവ്രത സൂചിപ്പിക്കുന്നതാണ്. വാർദ്ധക്യത്തിൽ തനിക്കു തുണയാകേണ്ട മകനെ കാണാത്തതിൽ പരിതപിച്ച് അദ്ദേഹം തന്റെ ദുർവിധിയെ പഴിക്കുന്നു. നൂറു മക്കളുടെ പിതാവും മാനിയുമായ തനിക്ക് ഉണ്ണി നൽകുന്ന തിലോദകം നുകരാൻ കഴിയില്ലല്ലോ എന്ന് ആശങ്കപ്പെടുന്നു. തുടർന്ന് ദുർജ്ജയൻ ധൃതരാഷ്ട്രരെ ദുര്യോധനന്റെ മുന്നിലേയ്ക്കു കൊണ്ടുപോകുന്നു. ദുർജ്ജയനെക്കണ്ട ദുര്യോധനന്റെ വാക്കുകൾ ഹൃദയഭേദകമാണ്. പുത്രസ്നേഹമാണ് എന്നെ 'ചുട്ടെരിക്കുന്നത്'. ചുട്ടെരിക്കുന്നു എന്ന സവിശേഷമായ ഭാഷാപ്രയോഗം ശ്രദ്ധേയമാണ്. തീവ്രദുഃഖത്തെ ആവിഷ്ക്കരിക്കാനാണിത്. മകനെ ഓർത്തു വല്ലാതെ ഉൽക്കണ്ഠപ്പെടുന്ന ഒരു പിതാവിനെയാണ് നാമിവിടെ കാണുന്നത്. തന്റെ മകനെവിടെ എന്ന വൃദ്ധപിതാവായ ധൃതരാഷ്ട്രന്റെ ചോദ്യത്തിന് ഇതാ മഹാരാജാവ് നിലത്തു കിടക്കുന്നു എന്ന ദുർജ്ജയന്റെ വാക്കുകൾ അത്ഭുതവും ഉൽക്കണ്ഠയും നിറഞ്ഞതാണ്. ഇങ്ങനെ നിലത്തു കിടക്കേണ്ടവനല്ലല്ലോ രാജാവ്. പുത്രന്മാരെ ഓർത്തു വ്യഥ അനുഭവിക്കുന്ന രണ്ടു പിതാക്കന്മാരെയാണ് നാം ഇവിടെ കാണുന്നത്. തന്റെ കണ്ണുകൾക്ക് ആനന്ദം നൽകുന്ന കാഴ്ചയായിരുന്നു പണ്ടു മകനെ കാണുന്നത്. എന്നാൽ ആ കാഴ്ച ഇന്നു തന്റെ കണ്ണുകൾക്കു എരിതീയായി മാറി എന്നു ദുര്യോധനൻ പറയുന്നതിന്റെ അർഥം ശ്രദ്ധേയമാണ്. മനസ്സിന്റെ അവസ്ഥയ്ക്കനുസരിച്ചു കാഴ്ചയുടെ തലം മാറിമറിയപ്പെടുമെന്നതിനുദാഹരണമാണിത്. ചലനമറ്റ ദുര്യോധനന്റെ മനസ്സ് തികച്ചും ചലനാത്മകമാകുന്ന കാഴ്ചയാണിവിടെ കാണുന്നത്. കണ്ണുകൾക്ക് എരിതീയായി എന്ന പ്രയോഗവും സന്ദർഭോചിതമായി. ഇപ്പോൾ മനസ്സിലേക്കു കടന്നുവരുന്ന പുത്രചിന്തയും മറ്റും അദ്ദേഹത്തിൽ വല്ലാത്ത ആന്തരിക സംഘർഷമാണ് ഉണ്ടാക്കുന്നത്. ദുര്യോധനനെ ഓർത്തു ദുഃഖിക്കുന്ന ധൃതരാഷ്ട്രരും മകന്റെ ഭാവിയിൽ ഉൽക്കണ്ഠപ്പെട്ടു വിവശനാകുന്ന ദുര്യോധനനും ഒരുപോലെ പുത്രശോകത്താൽ തപ്തരായ പിതാക്കളാണ്.

പിതാവിനെ കണ്ടമാത്രയിൽ മടിയിൽ കയറിയിരിക്കാനോടിച്ചെല്ലുന്ന ദുർജ്ജയനെ തടയുന്ന ദുര്യോധനന്റെ വേദന അദ്ദേഹത്തിന്റെ വാക്കുകളിൽ നിഴലിക്കുന്നുണ്ട്. മരണം കാത്തു കിടക്കുന്ന പിതാവിന്റെ അവസ്ഥയും മരണമെന്തെന്നറിയാത്ത മകന്റെ നിഷ്ക്കളങ്കഭാവം സ്ഫുരിക്കുന്ന സംഭാഷണവും നാടകീയത നിറഞ്ഞ നിമിഷങ്ങളാണ്. ദുര്യോധനൻ മകനോടു ശ്ലോകരൂപേണ പറയുന്ന കാര്യം വലിയ ആശയങ്ങളെ ചെറിയ ചിമിഴിലൊതുക്കിപ്പറയാനുള്ള ഭാസന്റെ രചനാവൈഭവത്തിനുത്തമ ദൃഷ്ടാന്തമാണ്.

ശീലിച്ചതു വെടിഞ്ഞുണ്ണി;
വല്ലേടത്തുമിരിക്ക നീ;
ഇന്നുതൊട്ടു നിനക്കില്ലീ
മുന്നം വാണൊരിരിപ്പിടം!

എന്ന പദ്യത്തിൽ ഇന്നലെവരെ നിനക്കുണ്ടായിരുന്ന എല്ലാ ശീലങ്ങളും ഉപേക്ഷിക്കൂ എന്നു മാത്രമല്ല ഇന്നലെവരെ രാജകുമാരനായിരുന്ന നിനക്കു ലഭിച്ച എല്ലാ ഇരിപ്പിടവും സ്ഥാനമാനങ്ങളും നഷ്ടപ്പെടുകയാണ് എന്ന സൂചനയുമുണ്ട്. അതു നഷ്ടപ്പെടുന്നതിൽ പിതാവിനുള്ള ഉൽക്കണ്ഠയും ഇതിൽ നിഴലിക്കുന്നു. നാടകത്തിന്റെ ഭാവവികാസത്തിനു ഈ രംഗം ദൃഷ്ടാന്തമാണ്. അച്ഛൻ എവിടേക്കാണ് പോകുന്നത് എന്ന മകന്റെ ചോദ്യത്തിനു സ്വർഗപ്രാപ്തിക്കെന്നല്ല മറിച്ച് അനുജന്മാർ പോയ ഇടത്തേക്ക് എന്നാണ് മറുപടി. തന്റെ അനുജന്മാരെ വേർപെട്ട ദുര്യോധനന് അവർ പോയ ഇടത്തല്ലാതെ മറ്റൊരു സ്വർഗ്ഗവും വേണ്ട എന്ന ദൃഢചിത്തതയുടെ പിന്നിലെ സഹോദരസ്നേഹം മഹനീയം തന്നെ. തന്നെ വിശ്വസിച്ചു കൂടെ നിന്ന സഹോദരന്മാരെ, തനിക്കു വേണ്ടി ജീവത്യാഗം ചെയ്തവരെ മറക്കാത്ത ദുര്യോധനന്റെ ഹൃദയവിശാലത വായനക്കാരെ അത്ഭുതപ്പെടുത്തുന്നു. പിതാവിന്റെകൂടെ പോരാനൊരുങ്ങുന്ന മകനോട് മകനേ പോയി ഭീമനോടു പറയൂ എന്ന ദുര്യോധനന്റെ വാക്കുകൾ മനസ്സിൽ വേദനയുടെ വേലിയേറ്റം സൃഷ്ടിക്കുന്നു.

ധൃതരാഷ്ട്രരെയും ഗാന്ധാരിയെയും കാണുന്ന ദുര്യോധനന്റെ വാക്കുകൾ ഹൃദയസ്പർശിയാണ്. പിതാവിന്റെ പാദങ്ങൾ നമിക്കാൻ എഴുന്നേൽക്കാനാവാത്ത ദുര്യോധനന്റെ പരിദേവനം പ്രേക്ഷകഹൃദയത്തെ തപിപ്പിക്കും. പടയിൽ ധീരനായി പൊരുതി വീണ തന്നെഓർത്ത് കരയരുത് എന്നു മാതാപിതാക്കളോട് പറഞ്ഞാശ്വസിപ്പിക്കുന്ന ദുര്യോധനൻ പിതാവിനോടു പറയുന്ന വാക്കുകൾ ആ കഥാപാത്രത്തിന്റെ അഭിമാനബോധവും സ്ഫുരിപ്പിക്കുന്നു.ദുര്യോധനൻ അടുത്ത ജന്മവും ഈ മാതാവിന്റെ മകനാകാൻ ആഗ്രഹം പ്രകടിപ്പിക്കുന്നു. പുത്രവത്സലയായ ആ മാതാവ് പറയുന്ന മറുപടിയും അതുതന്നെയാണ്. ഗാന്ധാരിയുടെ ആഗ്രഹം തനിക്ക് അടുത്ത ജന്മവും ദുര്യോധനന്റെ മാതാവാകാൻ കഴിയണമെന്നുതന്നെയാണ്. മാതൃപുത്രബന്ധത്തിന്റെ ആഴവും, അളക്കാനാവാത്ത നിർവ്യാജസ്നേഹവും ഈ വാക്കുകളിൽ തെളിഞ്ഞു നിൽക്കുന്നുണ്ട്. ഗദാപ്രഹരത്തിലേതിനേക്കാൾ വേദന താൻ അനുഭവിച്ചത് അന്തഃപുര സ്ത്രീകൾ മുടി മൂടീടാതെ ദുഃഖതീവ്രതയാൽ യുദ്ധക്കളത്തിലെത്തിയപ്പോഴാണെന്നു ദുര്യോധനൻ പറയുന്നു. ഇതിനുശേഷം ഭാര്യമാരോടായി യുദ്ധത്തിൽ വീരചരമം പ്രാപിക്കുന്ന ധീരനായ തന്നെ ഓർത്ത് വിലപിക്കരുത് എന്ന് പറഞ്ഞാശ്വസിപ്പിക്കുമ്പോൾ സഹധർമിണിയായ മാളവി പറയുന്നതു തനിക്കു കരച്ചിലിനെ നിയന്ത്രിക്കാനാവുന്നില്ലെന്നാണ്. എന്നാൽ പൗരവിയുടെ മറുപടി ദൃഢവും ധീരവുമാണ്. താൻ ഭർത്താവിന്റെ ചിതയിൽ ചാടി മരിക്കാൻ തീരുമാന

മെടുത്തുകഴിഞ്ഞു, അതിനാൽ താൻ കരയില്ല എന്നാണ്. ഭർത്തൃസ്നേഹത്തിന്റെ രണ്ടു ഭാവങ്ങൾ ഇവിടെ ആവിഷ്ക്കരിക്കപ്പെടുന്നുണ്ട്.

ഒടുവിൽ ദുര്യോധനൻ മകനു നൽകുന്ന ഉപദേശം ജീവിതതത്ത്വങ്ങളുടെ സാരോപദേശം തന്നെയാണ്. യുദ്ധത്തിലെ പകയും വിദ്വേഷവും ഒന്നിനും പരിഹാരമല്ലെന്നും യുദ്ധം അർഥശൂന്യവും സർവനാശത്തിൽ കലാശിക്കുന്നതും ആയതിനാൽ ആന്തരികമായി വൈരത്തെ കീഴ്പ്പെടുത്തി മനസ്സ് പശ്ചാത്താപത്തിന്റെ അഗ്നിയിൽ സ്ഫുടം ചെയ്തെടുത്തു വിശുദ്ധമാക്കണമെന്നാണ് ആ ഉപദേശത്തിന്റെ സാരം. തന്റെ ആജന്മശത്രുവായ പാണ്ഡവരെ തനിക്കു തുല്യരായി കാണണമെന്നും കുന്തീമാതാവിനെ അനുസരിക്കണമെന്നും ദ്രൗപദിയെ മാതാവായി ആദരിക്കണമെന്നും തന്റെ ഉദകക്രിയകളിൽ പാണ്ഡവരെയും സ്മരിക്കണമെന്നും ഉപദേശിക്കുന്ന ദുര്യോധനന്റെ ഹൃദയ സംഘർഷവും അതിൽനിന്നുണ്ടായ മനഃപരിവർത്തനവും ഈ വാക്കുകളിൽ വ്യക്തമാണ്. ദുര്യോധനൻ എന്ന കഥാപാത്രത്തിന്റെ വളർച്ച നാടകത്തിന്റെ ഭാവപരമായ വികാസമാണ്. ആന്തരിക സംഘർഷത്തിലൂടെ അനുനിമിഷം കടന്നുവരുന്ന ദുര്യോധനൻ നാടകാരംഭത്തിൽ കാണുന്നതിൽനിന്നു തികച്ചും വ്യത്യസ്തനായി ഉയർന്ന ഒരു ഭാവത്തിലെത്തുന്നു. നാടകാന്ത്യത്തിൽ ദുര്യോധനനിൽ സാവകാശമുണ്ടാകുന്ന ഈ മനഃപരിവർത്തനം തികഞ്ഞ ചലനാത്മകതയിലൂടെയുള്ള കഥാപാത്രത്തിന്റെ മുന്നേറ്റമാണ്. ആന്തരിക സംഘർഷങ്ങളിലൂടെയാണ് അതു വികാസം പ്രാപിക്കുന്നത്. അങ്ങനെ വൈരത്തെ പശ്ചാത്താപമാക്കുന്ന മനഃപരിവർത്തനത്തിന്റെ കഥയാണ് ഊരുഭംഗം. വിധി വൈപരീത്യത്താൽ ദുരന്തനായകനായി മാറുന്ന ദുര്യോധനൻ ഒരുതരത്തിൽ വിധിയുടെ കൈയിലെ കളിപ്പമ്പരം തന്നെയാണ്. അന്ത്യത്തിലുണ്ടായ മാനസാന്തരം നേരത്തെയായിരുന്നെങ്കിൽ സർവനാശം ഒഴിവാക്കാമായിരുന്നു. ഒരു പക്ഷേ ഭാസൻ പറയാനൊരുങ്ങുന്നതും ഇതാവാം. മനുഷ്യനു വിവേകം അന്ത്യത്തിലേ ഉണ്ടാകൂ. അവന്റെ ദുരന്തത്തിനുള്ള മുഖ്യഹേതു ഇതാണെന്ന സന്ദേശം മനുഷ്യരാശിക്കു പകർന്നു നൽകാൻ ഭാസൻ ഈ നാടകത്തിലൂടെ ശ്രമിക്കുന്നുണ്ടെന്നു നിസ്സംശയം പറയാം. ദുരന്തനാടകസങ്കല്പം അന്വർത്ഥമാക്കുന്ന ഒരു രചനയാണ് ഊരുഭംഗം

## പഠനപ്രവർത്തനങ്ങൾ

"സംഘർഷങ്ങളുടെ കലയാണ് നാടകം" ഈ നിർവചനം ഊരുഭംഗത്തിന് എത്രത്തോളം ഇണങ്ങുന്നുവെന്ന ചർച്ചയാകാം.

വിദ്യാർഥികൾ അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തട്ടെ.

- ദുര്യോധനന്റെ ആത്മസംഘർഷം പ്രധാനമാണ്.

  സ്വന്തം പതനം മാത്രമല്ല, ദുര്യോധനന്റെ മറ്റു വ്യഥകൾ എന്തൊക്കെയാവാം?

- താനേറ്റുവാങ്ങേണ്ടിവന്ന യുദ്ധ പരാജയം
- ബന്ധുക്കളുടെ നാശം
- ഭാര്യമാരും അച്ഛനും അമ്മയും നിരാശ്രയരായിത്തീരുമെന്ന ആശങ്ക
- മകന് ഭാവിയിൽ അനുഭവിക്കേണ്ടിവരാവുന്ന അനാഥത്വത്തെക്കുറിച്ചുള്ള ഉൽക്കണ്ഠ

അച്ഛനമ്മമാർ, പത്നിമാർ, മകൻ എന്നിവരെക്കുറിച്ചുള്ള ദുര്യോധനന്റെ ആശങ്ക സൂചിപ്പിക്കുന്ന പാഠഭാഗങ്ങൾ കുട്ടികൾ വിശദമായി വിലയിരുത്തട്ടെ.

- നിനക്കില്ലീ മുന്നം വാണൊരിരിപ്പിടം (ദുര്യോധനൻ മകനോട്)
- അയ്യോ അവിടുന്നു വീണുപോയോ?
- കരയാനെന്തിതിൽ ക്ഷത്രിയേ നീ (ദുര്യോധനൻ മാളവിയോട്)
- 

ഈ ഭാഗങ്ങളിലെല്ലാം പ്രത്യക്ഷപ്പെടുന്ന ദുര്യോധനന്റെ അന്തഃക്ഷോഭം വിശദമായി ചർച്ചചെയ്യട്ടെ

ചർച്ചയ്ക്കുശേഷം 'യുദ്ധത്തിന്റെ പരിണാമം' (കുട്ടികൃഷ്ണമാരാർ - ഭാരതപര്യടനം) എന്ന ലേഖനം കുട്ടികൾ വായിക്കട്ടെ. അതിലെ ആശയങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ട് 'ദുര്യോധനൻ ഭാരതീയ ദുരന്തനായകൻ' എന്ന ശീർഷകത്തിൽ ഉപന്യാസം തയാറാക്കുക.



ഊരുഭംഗത്തിലെ ദുര്യോധനന്റെ ഗുണങ്ങളിൽ ശ്രേഷ്ഠതമം എന്നു നിങ്ങൾ കരുതുന്ന ഗുണമേത്? കുട്ടികൾ ചർച്ചചെയ്യട്ടെ.

- തളരാത്ത പൗരുഷം
- ധീരത
- ബന്ധുക്കളെക്കുറിച്ച് അദ്ദേഹത്തിനുള്ള അനുകമ്പ
- ശത്രുക്കളായ പാണ്ഡവരോടുള്ള വിരോധം മറന്ന് അനുഭാവത്തിൽ നൽകുന്നത്.

പാണ്ഡവരോടുള്ള ദുര്യോധന്റെ മനോഭാവത്തിൽ വരുന്ന വ്യതിയാനം സൂചിപ്പിക്കുന്ന എന്തെല്ലാം സൂചനകൾ നാടകത്തിലുണ്ട്.

- ദുർജ്ജയനു ദുര്യേധനൻ നൽകുന്ന ഉപദേശം അദ്ദേഹത്തിന്റെ മനസ്സിന്റെ വലുപ്പം കാണിക്കുന്നു.
    - പാണ്ഡവരെ തന്നെപ്പോലെ കാണണം
    - കുന്തീദേവിയെ അനുസരിക്കണം

- സുഭദ്ര, ദ്രൗപദി എന്നിവരെ സ്വന്തം അമ്മയെപ്പോലെ ബഹുമാനിക്കണം.

ദുര്യോധനൻ മാനുഷികമായ ക്ഷുദ്രവികാരങ്ങൾ മറികടന്ന് ഉന്നതമാനവിക മൂല്യ ങ്ങളുടെ ഉടമയായി മാറുന്നു.

മലയാള ശാകുന്തളത്തിലെ ശ്ലോകം സൂക്ഷ്മമായി പഠിച്ച് കുട്ടികൾ ആശയം സംഗ്ര ഹിക്കട്ടെ.

- ബഹുമാന്യരെ പൂജിക്കുക
- ഭർത്താവുമായി രമ്യതയിൽ പോവുക
- ഭൃത്യരോട് അലിവു കാണിക്കുക

ഭാരതത്തിലെ മഹാന്മാരായിരുന്ന രണ്ടു നാടകകാരന്മാർ നിത്യജീവിതത്തിൽ ദീക്ഷി ക്കേണ്ടുന്ന മൂല്യങ്ങളെക്കുറിച്ചു നടത്തിയ പരാമർശങ്ങൾ കുട്ടികൾ ചർച്ചചെയ്യട്ടെ. പഠിതാക്കൾ ഈ മൂല്യങ്ങളെ വിമർശനബുദ്ധ്യാ വിലയിരുത്തി അഭിപ്രായങ്ങൾ അവ തരിപ്പിക്കാനുള്ള അവസരംനൽകണം. മൂല്യങ്ങളുടെ മുഖം എല്ലായ്പ്പോഴും ഒന്നു തന്നെയായിരിക്കുമോ എന്ന വിഷയത്തിൽ തുടർചർച്ചയുമാകാം.



പ്രസ്താവന കുട്ടികൾ വിലയിരുത്തട്ടെ . ബലഭദ്രൻ ഈ പ്രസ്താവനയി ലൂടെ ഉദ്ദേശിച്ചത് എന്തെല്ലാം.

- പരസ്പര വൈര്യം ആപത്കരമാണ്
- വൈരനിര്യാതന ബുദ്ധി പുലർത്തുന്നവർക്കു പിന്നീടു ദുഃഖിക്കേണ്ടിവരും.
- പശ്ചാത്താപം മനുഷ്യനെ ശുദ്ധീകരിക്കുന്നു.

ഈ ആശയങ്ങൾ വീണുകിടക്കുന്ന ദുര്യോധനനിൽ പ്രതിഫലിക്കുന്നു.

- ദുര്യോധനൻ ആരെയും ശത്രുവായി കാണുന്നില്ല.
- ശത്രുക്കളോടു പോലും സൗഹാർദ്ദം പുലർത്താൻ ആവശ്യപ്പെടുന്നുണ്ട്.
- ധർമപുത്രരുടെ കൈതൊട്ടുനിന്നേ തനിക്ക് ഉദകക്രിയ ചെയ്യാവൂ എന്നു ദുര്യോധനൻ മകനോടു പറയുന്നു.

ദുര്യോധനനിൽ ഉണ്ടായ മനഃപരിവർത്തനത്തിന്റെ സൂചനകൾകൊണ്ട് ഭാസൻ എന്താവാം ഉദ്ദേശിക്കുന്നത്? ചർച്ച ചെയ്യട്ടെ.

- യുദ്ധം ആരെയും ജയിപ്പിക്കുന്നില്ല
- അത് ഒരു വംശത്തിന്റെ തന്നെ നാശത്തിന് കാരണമാകുന്നു.
- ദുരന്ത നാടകത്തിന്റെ ലക്ഷണ നിർവചനങ്ങൾ ചർച്ചയാകട്ടെ

ചർച്ചയ്ക്കൊടുവിൽ ബലഭദ്രന്റെ വാക്യം നാടകത്തിന്റെ തന്നെ ഭരതവാക്യമാണോ എന്നന്വേഷിക്കുന്ന ഒരു കുറിപ്പ് തയാറാക്കുക.

# തനതുനാടകവേദി

## പാഠാപഗ്രഥനം

കേരളത്തിന്റെ തനതായ രംഗശീലങ്ങൾ തിരിച്ചറിഞ്ഞ് അവയുടെ ഗുണപരമായ അംശങ്ങൾ ഉൾക്കൊണ്ട് ഒരു പുത്തൻ അരങ്ങു രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് തനതുനാടകവേദി എന്ന ഭാഗത്ത് സി. എൻ. ശ്രീകണ്ഠൻ നായർ പറയുന്നത്. ഇത് 1968 ൽ സി. എൻ. ചെയ്ത സി. ജെ. സ്മാരക പ്രഭാഷണമാണ്.

ഒരു നൂറ്റാണ്ടുകാലം പാശ്ചാത്യരെ അനുകരിക്കാൻ ശ്രമിച്ചിട്ടും ഒരു നല്ല നാടകവേദി രൂപപ്പെടുത്തിയെടുക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല എന്ന ആമുഖത്തോടെയാണ് സി. എൻ. തനതുനാടകവേദി എന്ന ആശയം വിശദീകരിക്കുന്നത്. ഇതു ഭാരതത്തിലെമ്പാടുമുള്ള നാടകവേദിയുടെ സ്ഥിതിയാണ് എന്ന് അദ്ദേഹം വിലയിരുത്തുന്നു. രംഗകലാ ചരിത്രത്തിൽ അത്ഭുതാവഹമായ സംഭാവനകൾ ഭാരതം നല്കിയിട്ടുണ്ട്. കേരളത്തിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. കഥകളിപോലെ കമനീയമായ രംഗകലാപദ്ധതികളുള്ള കേരളം രംഗകലാപാരമ്പര്യത്തിന്റെ കാര്യത്തിൽ നിത്യവന്ധ്യമല്ല. അതായത് ഈ മേഖലയിൽ വലിയ പാരമ്പര്യവും അടിത്തറയും കേരളത്തിനുണ്ട്. നമ്മുടെ മനോഭാവമാണ് ഇതിന്റെ പശ്ചാത്തലത്തിലുള്ള രംഗകലാവേദി രൂപപ്പെടാത്തതിനു കാരണം. ഇതാണ് ഇവിടെ പരിശോധനാവിഷയം.

പല പാശ്ചാത്യരാജ്യങ്ങളെ സംബന്ധിച്ചിടത്തോളവും, വൈദേശിക സ്വാധീനം അവിടുത്തെ രംഗകലകളിൽ ഉണ്ടായിട്ടുണ്ടെങ്കിലും സജീവമായ ഒരു രംഗവേദിയുടെ തായ്ത്തടി അവർ സംരക്ഷിക്കുന്നുണ്ട്. ബ്രിട്ടനിലെയും ഫ്രാൻസിലെയും ജർമ്മനിയിലെയും നാടകവേദികളുടെ കാര്യം പരിശോധിച്ചാൽ ഇക്കാര്യം മനസ്സിലാക്കാൻ കഴിയും. സ്വത്വഗുണത്തിലൂന്നിയ പാരമ്പര്യമാണ് ആ നാടകവേദികളുടെ കരുത്ത്.

ഈ ചിന്താഗതി വച്ചുകൊണ്ടു മലയാളനാടകവേദി വിലയിരുത്തുമ്പോൾ നമ്മുടെ നാടകവേദി യൂറോപ്പിൽ നിന്നു പറിച്ചുനട്ടതാണെന്നാണ് സി. എൻ. കണ്ടെത്തുന്നത്. രണ്ടായിരം കൊല്ലത്തിലേറെ പഴക്കമുള്ള രംഗകലാപാരമ്പര്യം കേരളത്തിനുള്ളപ്പോഴാണു നമ്മൾ അനുകർത്താക്കളായിമാറിയത്. തിറ, പടയണി, തുള്ളൽ, കൂടിയാട്ടം, കഥകളി, കൃഷ്ണനാട്ടം, തുടങ്ങിയ രംഗകലകളുടെ നീണ്ടനിര സജീവമായി ഇന്നും നിലനിൽക്കുമ്പൊഴും ആ പാരമ്പര്യകലകളുടെ ജൈവികസത്ത ഉൾക്കൊണ്ട് തനതായ ഒരു നാടകവേദി നമ്മൾ രൂപപ്പെടുത്തിയിട്ടില്ല. എന്നാൽ സംസ്കൃത നാടകവേദി കേരളീയ കലയുടെ അംശങ്ങൾ സ്വീകരിച്ചുകൊണ്ട് കൂടിയാട്ടത്തിനു ജന്മം

നല്കുകയും അതു കേരളത്തിൽ പ്രചാരം നേടുകയും ചെയ്തു. ഈ തനതു പാരമ്പര്യത്തിൽ നിന്നു ഊർജ്ജം ഉൾക്കൊണ്ടു നവീന നാടകവേദിയെക്കുറിച്ചു ചിന്തിക്കണമെന്ന് സി. എൻ. അഭിപ്രായപ്പെടുന്നു.

പാശ്ചാത്യനാടകങ്ങളുടെ അനുകരണത്തിലൂടെ നമ്മൾ നമ്മുടെ നാടകവേദിയെ ദീനപ്പായയിൽ കിടത്തിയിരിക്കുകയാണ്. നമ്മുടെ നാടകവേദി കഥകളിയുടെയും തിറയാട്ടത്തിന്റെയും സങ്കേതങ്ങൾ ആവുന്നിടത്തോളം ഉൾക്കൊണ്ടാൽ ദീനപ്പായ്യിൽനിന്ന് എഴുന്നേറ്റുവരും നമ്മുടേതായ ഒരു നാടകവേദി രൂപപ്പെടണമെന്ന് സി. എൻ. അഭിപ്രായപ്പെടുമ്പോൾ പാശ്ചാത്യ നാടകസംസ്കാരം പൂർണ്ണമായും ഒഴിവാക്കണമെന്ന് അദ്ദേഹം ഉദ്ദേശിക്കുന്നില്ല. മറിച്ച് പാശ്ചാത്യ സത്ത ഉൾക്കൊള്ളാൻ കഴിയുന്നിടത്തോളം ഉൾക്കൊള്ളണമെന്നാണ് അദ്ദേഹം പറയുന്നത്. പാശ്ചാത്യനാടകവേദിയിൽ സമകാലികമായി നടക്കുന്ന പരീക്ഷണങ്ങൾ പാശ്ചാത്യ അനുകരണ ശ്രമത്തിന് ശമനം നൽകി തനതു നാടകവേദി എന്ന ആശയത്തിന് കൂടുതൽ പ്രാധാന്യം ലഭിക്കാനിടയാക്കുമെന്നും അദ്ദേഹം കണ്ടെത്തുന്നു.

മലയാളിയുടെ രൂപബോധവും വർണ്ണബോധവും നാദബോധവും മറ്റുള്ളവരുടേതിൽ നിന്നു വ്യത്യസ്തമായതിനാലും നമ്മുടെ ആസ്വാദകരെ തൃപ്തിപ്പെടുത്താൻ തനതു നാടകവേദി ഉണ്ടാകേണ്ടത് പ്രധാനമാണ്. തനതുനാടകവേദി രൂപപ്പെടുമ്പോൾ അതിനാവശ്യമായ ഒരു ആട്ടപ്രകാരവും ത്രീയേറ്റർ പ്രാക്ടീസ്സും ഉണ്ടാകേണ്ടതുണ്ട്. അതിന് കേരളത്തിലെ മനുഷ്യരുടെ ആന്തരികവും ബാഹ്യവുമായ പ്രകൃതിയെ ആശ്രയിക്കേണ്ടിവരും. നാടകക്കളരിയും കളരിയുമായി ബന്ധപ്പെട്ട നാടകസംഘങ്ങളുടെ നാടകാവതരണ പരിശ്രമങ്ങളും ഈ വഴിക്കുള്ള ചുവടുവെപ്പാണ് നടത്തുന്നത്. നമ്മുടെ തനതു കലാരൂപങ്ങളുടെ സ്വീകരണക്ഷമങ്ങളും അതിജീവന സമർത്ഥങ്ങളുമായ അംശങ്ങൾ ഒരുമിച്ചു ചേർന്ന് കേരളത്തിന്റെ സ്വത്വഗുണത്തിന് അനുയോജ്യവും എന്നാൽ ആധുനികകത്വത്തിന്റെ രുചിഭേദങ്ങളെ തൃപ്തിപ്പെടുത്തുന്നതുമായ ഒരു നാടകവേദി രൂപംകൊള്ളുമെന്ന് സി. എൻ. അടിയുറച്ചു വിശ്വസിക്കുന്നു. അത് നമ്മുടെ തനതു നാടകവേദിയുടെ ആധുനിക മുഖമാകുമെന്ന് ഈ പ്രഭാഷണത്തിലൂടെ അദ്ദേഹം ദീർഘദർശനം ചെയ്യുന്നു.

കേരളത്തിന്റെ മാത്രമല്ല ഏതൊരു ദേശത്തിന്റെയും കലാസംസ്കാരം രംഗവേദിയിലൂടെ പുനഃസൃഷ്ടിക്കപ്പെട്ട് ആസ്വാദകനു നല്കേണ്ടതിന്റെ പ്രാധാന്യത്തെയാണ് ഈ പ്രഭാഷണത്തിൽ സി. എൻ. ഊന്നൽ നൽകുന്നത്. ഒരു നാടിന്റെ രംഗവേദി ആ ദേശത്തിന്റെ ചരിത്രവും സംസ്കാരവും അതിലുപരി അസ്തിത്വവും പ്രതിഫലിപ്പിക്കുന്നുവെന്നും ഈ പ്രഭാഷണത്തിലൂടെ മനസ്സിലാക്കാം. നിലവിലുള്ള നാടകവേദിയെ സസൂക്ഷ്മം വിലയിരുത്തി അതോടൊപ്പം തനതുനാടകവേദി എത്ര മഹത്തായ ആശയമാണെന്നും അത് എന്തുകൊണ്ട് ആവശ്യമാണെന്നും ലളിതമായി എന്നാൽ ആധികാരികമായി പ്രതിപാദിക്കാനും സി. എന്നിന് കഴിഞ്ഞിരിക്കുന്നു.

സി. എൻ. മുന്നോട്ടുവച്ച തനതുനാടകവേദി എന്ന ആശയത്തിന്റെ പ്രാധാന്യം വ്യക്തമാക്കുകയും ഈ ശാഖയിലുണ്ടായിട്ടുള്ള നാടകങ്ങളുടെ സവിശേഷതകൾ വിലയിരുത്തുകയും ചെയ്യുന്ന ഡോ. എ. കെ. നമ്പ്യാരുടെ ലേഖനമാണ് 'നാടോടി പാരമ്പര്യവും മലയാളനാടകവേദിയും.' തനതുനാടക സമ്പ്രദായത്തിൽ സി. എൻ. ന്റെ കലി തുടങ്ങിയ നിരവധി നാടകങ്ങളുണ്ടായെങ്കിലും ഈ ശാഖയുടെ ഉത്തമമാതൃകകളായി അധികം കൃതികൾ ഉണ്ടായിട്ടില്ല എന്നാണ് ഡോ. ഏ. കെ. നമ്പ്യാരുടെ അഭിപ്രായം.

നമ്മുടെ കലാപാരമ്പര്യത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് ആ സംസ്കാരത്തിൽ നിന്നു സ്വാഭാവികമായി ഉടലെടുക്കുന്ന നാടകങ്ങളാണ് 'തനതുനാടകങ്ങൾ'. പാരമ്പര്യനാടകവേദിയിൽ നിന്നും നിരവധി അംശങ്ങൾ നമുക്കു സ്വീകരിക്കാൻ കഴിയും. ഉദാഹരണമായി 'സ്പേസി'ന്റെ ഉപയോഗം. മുടിയേറ്റും തെയ്യവും സ്പേസിനെ കൃത്യമായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതുപോലെ വാദ്യം, ഗാനം, ആട്ടം, ചമയം, ഭാഷ അംഗചലനം തുടങ്ങിയവയുടെയെല്ലാം ഉപയോഗം തനതു നാടകത്തിലേക്ക് സ്വീകരിക്കാൻ കഴിയും.

ഇന്ന് തനതുനാടകങ്ങളുടെ പേരിൽ കള്ളനാണയങ്ങളുമുണ്ടാകാറുണ്ട്. കാലികപ്രസക്തി നിഷേധിച്ച് അതിരുകവിഞ്ഞ ശൈലീകരണത്തിന്റെയും ദുർഗ്രഹതയുടെയും അകമ്പടിയോടെ അവതരിപ്പിക്കപ്പെടുന്ന ഇത്തരം നാടകങ്ങൾ അടിസ്ഥാന ധർമ്മമായ ആശയസംവേദനത്തെ നിഷേധിക്കുകയാണ്. തനതുനാടകം പാരമ്പര്യകലാ ചൈതന്യത്തെ വർത്തമാനകാല ജീവിതവുമായി കൂട്ടിയിണക്കി ശക്തമായാവിഷ്കരിക്കുകയാണ് വേണ്ടതെന്ന് ഡോ. എ. കെ. നമ്പ്യാർ പറയുന്നു.

> കേരളത്തിലെ നാടകവേദിയിലും ഇന്ന് ഏറ്റവും പുതുതായിട്ടുള്ള സ്വരം ഈ തനിമയ്ക്കുവേണ്ടിയുള്ള ആഹ്വാനത്തിന്റേതു തന്നെ. നാടോടി ദൃശ്യരൂപങ്ങളുടെ പൊലിമയിലും നാം മറ്റാരുടെയും പിന്നിലല്ല. ആഢ്യമായ പാരമ്പര്യത്തിൽപ്പോലും നമ്മുടേതു മാത്രമെന്ന് തികച്ചും അവകാശപ്പെടാവുന്ന കൂടിയാട്ടത്തിന്റെയും കഥകളിയുടെയും നേട്ടം നമുക്കുണ്ട്. കാലാകാലങ്ങളിൽ ഉണ്ടാകുന്ന പാശ്ചാത്യ പ്രവണതകളെ മാത്രം അന്ധമായി ഉൾക്കൊള്ളാൻ ശ്രമിക്കാതെ നമ്മുടെ ദൃശ്യ പാരമ്പര്യങ്ങളിലേക്ക് മലയാളനാടകം കടന്നു ചെല്ലണമെന്നും, അവിടെനിന്നും പുതിയ കരുത്തുകൾ ആർജിക്കണമെന്നും വിശ്വസിക്കുന്ന നാടക പ്രവർത്തകർ കേരളത്തിലിന്നുണ്ട്. ആ വഴിക്കുള്ള സഫലമായ പരീക്ഷണങ്ങളും ഇന്നിവിടെ നടന്നുപോരുന്നു.

അങ്ങനെ ഭാരതീയ നാടകവേദികളിലെ ചിന്തിക്കുന്ന പ്രവർത്തകർക്ക് ഇന്ന് അഭിമുഖീകരിക്കേണ്ടിയിരിക്കുന്ന ഏറ്റവും മുഖ്യമായ പ്രശ്നം ഇന്ത്യയിലെ പ്രാചീന ദൃശ്യവേദികളുടെ ആത്മാംശത്തെ പുതിയ സമന്വയത്തിലൂടെ പുതിയ ജീവിതത്തിന്റെ പ്രഹേളികകൾക്കും, ഉദ്വിഗ്നതയ്ക്കും എങ്ങനെ ആവിഷ്കാരം നൽകാമെന്നതാണ്.

മലയാള നാടക സാഹിത്യ ചരിത്രം – **ജി. ശങ്കരപ്പിള്ള**

## പഠനപ്രവർത്തനങ്ങൾ

തനതു നാടകവേദി എന്ന ലേഖനം വായിച്ച് പ്രധാന ആശയങ്ങൾ സംഗ്രഹിക്കട്ടെ. തനതു നാടകവേദിക്കു മുമ്പ് കേരളത്തിൽ നിലനിന്ന നാടക പ്രവണതകൾ ഏതൊക്കെയാണെന്നും അതിന്റെ സ്വഭാവങ്ങൾ എന്തൊക്കെയാണെന്നും കുട്ടികൾ വിലയിരുത്തട്ടെ.

- തമിഴ് നാടകസംഘങ്ങളുടെ നാടകങ്ങൾ
- സംഗീത നാടകങ്ങൾ
- സാമൂഹ്യ നാടകങ്ങൾ

തനതുനാടകവേദി എന്ന സങ്കൽപ്പം രൂപപ്പെടാനിടയായതെങ്ങനെ?

- കേരളത്തിനു വൈവിധ്യമേറിയ രംഗകലാരൂപങ്ങളുടെ ചരിത്രമുണ്ട്.
- ചമയം, താളം, സംഗീതം, അഭിനയം ഇവയൊക്കെ നാടോടിക്കലകളിലും ക്ലാസിക്ക് കലകളിലും പ്രാദേശിക ഭേദങ്ങളോടെ നിലനിന്നിരുന്നു.
- മലയാള നാടകങ്ങൾ കേരളത്തിലെ കലാരൂപങ്ങളുടെ അംശങ്ങൾ സ്വീകരിക്കണം എങ്കിലേ അതു മലയാളിയുടെ നാടകമാവൂ.

ചർച്ചയ്ക്കു ശേഷം തനതുനാടകമെന്ത്? എന്നതിനെക്കുറിച്ച് ഒരു ഉപന്യാസം തയാറാക്കാം.

സി. ജെ തോമസിന്റെ അഭിപ്രായത്തിനു പിറകിലെ കാരണങ്ങൾ കുട്ടികൾ ആരായട്ടെ.

- നമ്മുടെ നാടകത്തിനു തനതു രംഗസംസ്കാരമുണ്ടായിരുന്നില്ല.
- ആദ്യകാലത്തു തമിഴ് സംഘങ്ങളുടെ ചുവടുപിടിച്ചാണ് നമ്മുടെ നാടകങ്ങൾ വളർന്നത്.
- പിൽക്കാലത്ത് പാശ്ചാത്യ നാടകവേദിയുടെ സ്വാധീനമാണ് നമ്മുടെ നാടകങ്ങളിലുണ്ടായത്.

നാടകമൊരു ജനകീയകലയാണ്. ഈ പ്രസ്താവനയോടുള്ള കുട്ടികളുടെ അഭിപ്രായം അവർ അവതരിപ്പിക്കട്ടെ.

- ജനങ്ങൾ ഏറെ ആസ്വദിച്ചു കണ്ടിരുന്ന കലയാണ് നാടകം.
- അത് സരളമായി കാര്യങ്ങൾ അവതരിപ്പിക്കുന്നു.
- 

ഇന്ന് നാടകം നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്

- നാടകം അധികം പേർ കാണുന്നില്ല.
- സിനിമയ്ക്കും ടെലിവിഷൻ പരിപാടികൾക്കും ഉള്ള അംഗീകാരം ഇന്ന് നാടകത്തിനില്ല.
- നാടകം രംഗത്ത് എത്തിക്കുന്നതിന് പണച്ചെലവ് കൂടുതലാണ്.
- നാടകം പല സങ്കേതങ്ങളുടെ പരീക്ഷണശാലയാകുന്നു.

ചർച്ചയ്ക്കുശേഷം നാടകങ്ങളുടെ സാധ്യതകളെക്കുറിച്ച് വിലയിരുത്തലാകാം.

- ജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് ഏറ്റവും ഉതകുന്ന കലാരൂപം നാടകമാണ്.
- പ്രാദേശിക കൂട്ടായ്മയിലൂടെ രൂപപ്പെടുന്നതാണ്.
- കൂട്ടായ്മയിലൂടെ വലിയ പണച്ചെലവ് ഇല്ലാതെയും നാടകങ്ങൾ സൃഷ്ടിക്കാം.
- സാമൂഹ്യപ്രശ്നങ്ങൾ ക്രിയാത്മകമായി അവതരിപ്പിക്കാൻ അവ അനുയോജ്യമാണ്.

ചർച്ചയ്ക്കൊടുവിൽ ക്ലാസിൽ ഒരു നാടകവേദി രൂപീകരിക്കുന്നതിനുള്ള രൂപരേഖ തയാറാക്കട്ടെ.

- സ്ക്രിപ്റ്റ്
- റിഹേഴ്സൽ
- വേഷം
- സംവിധാനം
- രംഗാവതരണം.

തുടങ്ങിയവയെല്ലാം ചർച്ചചെയ്യണം.

നമ്മുടെ രംഗകലാപാരമ്പര്യത്തിന്റെ ഏതൊക്കെ അംശങ്ങളാണ് നാടകത്തിൽ സ്വീകരിക്കാൻ പറ്റുന്നത്.

ചർച്ച ചെയ്യാം

- ചമയം
- വാദ്യം
- രംഗചലനങ്ങൾ
- താളം
- സംഗീതം
- പ്രമേയം

ക്ലാസിക്കൽ നാടോടി കലകളുടെ മേൽപ്പറഞ്ഞ ഏതൊക്കെ അംശങ്ങൾ ഏതൊക്കെ മേഖലകളിലേക്കു സന്നിവേശിപ്പിക്കാം. തുടർചർച്ചയാകാം. വിദ്യാർഥികൾ പൊതുവേ പരിചയമുള്ള ഏതെങ്കിലും ഒരു നാടകത്തിന്റെ തനത് അംശത്തെ അധികരിച്ച് അഭിപ്രായം അവതരിപ്പിക്കട്ടെ.

തനത് അംശസ്വീകരണം നാടകത്തിൽ ഗുണപരമായിട്ടുണ്ടോ എന്ന അന്വേഷണം നടക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ പുതിയ മലയാള നാടകങ്ങളിൽ തനതു പ്രവണതയുടെ സ്വാധീനം എത്രത്തോളം ഉണ്ടെന്ന ചർച്ചയും നടക്കണം. ചർച്ചയുടെ പശ്ചാത്തലത്തിൽ തനതുനാടക സ്വാധീനം പിൽക്കാല നാടകങ്ങളുടെ അവതരണത്തിൽ എന്ന വിഷയത്തെക്കുറിച്ച് കുറിപ്പ് തയാറാക്കട്ടെ.

ഊരുഭംഗം, ഒരു കൂട്ടം ഉറുമ്പുകൾ എന്നീ നാടകങ്ങളിൽ ഏതാണ് തനതു നാടകസങ്കേതങ്ങൾ ഉപയോഗിച്ചു രംഗത്ത് അവതരിപ്പിക്കാൻ എളുപ്പം എന്ന് കുട്ടികൾ ചർച്ചചെയ്യട്ടെ. ഊരുഭംഗം ഇതിഹാസകഥ മുഹൂർത്തമാകുന്ന നാടകമാണ്. സംസ്കൃത നാടക സങ്കേതമാണ് ഇതിന് ഏറ്റവും അനുയോജ്യം

തനതു നാടകസങ്കേതത്തിലെ വാദ്യം പോലുള്ള ചില കാര്യങ്ങൾ മാത്രമേ ഇതിൽ സ്വീകരിക്കാൻ എളുപ്പമാകുകയുള്ളൂ.

ഒരു കൂട്ടം ഉറുമ്പുകൾ തനതു നാടകസങ്കേതത്തിന് ഇണങ്ങുന്നതാണ്. അങ്ങനെയെങ്കിൽ ഒരു കൂട്ടം ഉറുമ്പുകൾ തനതുനാടകസങ്കേതമുപയോഗിച്ച് അവതരിപ്പിക്കുമ്പോൾ ഉപജീവിക്കാവുന്ന കാര്യങ്ങൾ ഏതെല്ലാം?

- വേഷം
- രംഗചലനങ്ങൾ
- വാദ്യം
- താളം
- ചമയം

ഇവയൊക്കെ തനതുരീതിയിൽ ആവിഷ്കരിക്കുന്നതുചിതമായിരിക്കും. ഓരോ വിഭാഗത്തെക്കുറിച്ചും കൂടുതൽ ചർച്ചകളും അന്വേഷണങ്ങളും നടക്കട്ടെ.

ഉദാഹരണമായി വേഷത്തെക്കുറിച്ചു ചർച്ചയാവാം.

രാക്ഷസൻ, ചിലന്തി, ഉറുമ്പുകൾ ഇവയ്ക്കിണങ്ങിയ വേഷങ്ങൾ എന്തൊക്കെയാവാം?

കഥകളി, തെയ്യം എന്നിവയിലെ വേഷങ്ങൾ രാക്ഷസാദികളായ കഥാപാത്രങ്ങൾക്ക് എത്രത്തോളം ഇണങ്ങുമെന്ന് അവർ ആലോചിക്കട്ടെ. വേഷങ്ങൾ അപ്പടി ഉപയോഗിക്കണമെന്നില്ല. ഉറുമ്പുകൾക്കു കളരി, പൂരക്കളി എന്നീ കലകളിലെ രണ്ടു നിറങ്ങളും ഉടുത്തുകെട്ടും ഇണങ്ങും.

താളം

താളവിന്യാസനത്തിലും ചെണ്ട, തിമില കൈമണി, മൃദംഗം, തുടങ്ങിയ കേരളീയ വാദ്യങ്ങൾ ഉപയോഗിച്ചാൽ മിഴിവ് കൂടും. നാടകവായ്ത്താരികൾ മുഴുവൻ കേരളീയമായ ചൊൽവടിവിൽ ആലപിച്ചാൽ ഫലപ്രദമാകും.

ചർച്ചകൾക്കൊടുവിൽ ഒരു കൂട്ടം ഉറുമ്പുകൾ രംഗാവതരണം നടത്താനുള്ള മുന്നൊരുക്കങ്ങൾ നടത്തട്ടെ. അഭിനയം, സംവിധാനം, രംഗകൽപ്പന, വെളിച്ചം തുടങ്ങിയ കാര്യങ്ങൾ പരിഗണിക്കേണ്ടതുണ്ട്. കൃത്യമായ മുന്നൊരുക്കത്തിനും പരിശീലനത്തിനും ശേഷം വേദിയിൽ നാടകം അവതരിപ്പിക്കാം.

ഒരു സവിശേഷ സാഹചര്യത്തിൽ രണ്ട് വ്യക്തികൾ തമ്മിൽ നടത്തുന്ന സംഭാഷണം ക്ലാസ്സിൽ നടക്കട്ടെ. നാടകത്തിലെ കഥാപാത്രങ്ങൾ പരസ്പരം സംസാരിക്കുന്നതുപോലെ ഞാൻ നിങ്ങൾ എന്ന നാമങ്ങൾ ഉപയോഗിച്ചുകൊണ്ട് രണ്ടുപേരും പരസ്പരം മൂന്നോ നാലോ വാക്യങ്ങൾ സംസാരിക്കട്ടെ. ഇതേ സമയം മറ്റു രണ്ട് വിദ്യാർത്ഥികൾ ഈ സംഭാഷണം സശ്രദ്ധം കേട്ട് റിപ്പോർട്ടിങ്ങിന്റെ ശൈലിയിലേക്ക് മാറ്റി എഴുതണം. അതിനുശേഷം സംഭാഷണങ്ങൾ റിപ്പോർട്ടിങ്ങ് ശൈലിയിൽ ക്ലാസ്സിൽ അവതരിപ്പിക്കട്ടെ. എന്തു മാറ്റങ്ങളാണ് ഇവിടെ സംഭവിച്ചത് പറയാൻ അവസരം നല്കാം. തുടർന്ന് ഒരു നാടകത്തിലെ സംഭാഷണഭാഗം നല്കാം.

മന്ഥര : അയോദ്ധ്യയെ അമർത്താൻ കേകയത്തിന്റെ കുട്ടിക്കു കരുത്തില്ലേ?

കൈകേയി : കുട്ടികൾ തമ്മിൽ പൊരുതേണ്ടിവരും

മന്ഥര : ഭരതൻ നാടുവാഴുമ്പോൾ രാമൻ കാടുവാഴട്ടെ.

കൈകേയി : അത് അസാദ്ധ്യം!

മന്ഥര : നീ കല്പിച്ചാൽ രാമനെ മാത്രമല്ല സ്വന്തം ജീവൻ തന്നെയും രാജാവ് വെടിയും - (സാങ്കേതം - സി. എൻ. ശ്രീകണ്ഠൻ നായർ)

കുട്ടികൾ ഭാഗം അപഗ്രഥിച്ച് റിപ്പോർട്ടിംഗ് രീതിയിൽ മാറ്റിയെഴുതട്ടെ. എന്തെല്ലാം മാറ്റങ്ങളാണ് റിപ്പോർട്ടിങ്ങിൽ വരുന്നത്. ചർച്ചചെയ്ത് കൃത്യമാക്കാം.

നേരിട്ട് പറയുന്നത് സാക്ഷാൽ സംഭാഷണം. രണ്ടുപേർ തമ്മിലുള്ള സംഭാഷണം കേൾക്കുമ്പോൾ മറ്റൊരാളോട് ഇക്കാര്യം പുനരവതരിപ്പിക്കുന്നത് അന്യാഖ്യാന സംഭാഷണം.

# 3

# ആഖ്യാനപർവം

**ആമുഖം**

ആധുനിക ലോകത്തിന്റെ രൂപപ്പെടലിനും അതിന്റെ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ പരിവർത്തനത്തിനും അടിത്തറപാകിയ സാഹിത്യ പ്രസ്ഥാനം എന്ന നിലയിൽ നോവലിന്റെ സ്ഥാനം അദ്വിതീയമാണ്. സാമൂഹ്യാവസ്ഥകളെ കൃത്യമായി വിശകലനം ചെയ്ത് പ്രതിജനഭിന്നമായ മനുഷ്യജീവിതത്തെ സമഗ്രമായി അവതരിപ്പിക്കാൻ നോവലിന് കഴിയും. ഇതരസാഹിത്യപ്രസ്ഥാനങ്ങളെ അപേക്ഷിച്ച് ആസ്വാദകന് വിശാലമായ ക്യാൻവാസാണ് നോവൽ നല്കുന്നത്. അതുകൊണ്ടുതന്നെ പുതുമയുടെ ലോകം എളുപ്പത്തിൽ സൃഷ്ടിക്കാൻ നോവലിനു കഴിയുന്നു. നോവൽ എന്ന പദത്തിന്റെ ധാത്വാർത്ഥം 'പുതിയ' എന്നാണ്. Novus (പുതിയത്) എന്ന ലത്തീൻ പദവും Novella (പുതിയ വസ്തുക്കൾ) എന്ന ഇറ്റാലിയൻ പദവും ചേർന്നാണ് Novel എന്ന സംജ്ഞ ഉണ്ടായത്.

ഇതര സാഹിത്യശാഖകളെപ്പോലെ നോവലിനും വ്യത്യസ്തമായ പലനിർവചനങ്ങളുമുണ്ടായിട്ടുണ്ട്. ഗദ്യത്തിലുള്ള രസകരമായ ഒരിതിഹാസമാണ് നോവലെന്ന് ഫീൽഡിംഗ് നിർവചിക്കുമ്പോൾ നോവൽ അതെഴുതുന്ന കാലഘട്ടത്തിന്റെ യഥാർത്ഥ ജീവിതത്തിന്റെയും ജീവിതസമ്പ്രദായത്തിന്റെയും ചിത്രമാണെന്നാണ് ക്ലാരാറീല്സ് അഭിപ്രായപ്പെടുന്നത്. മിഖായേൽ ഒൺഡേക്കിനെ സംബന്ധിച്ചിടത്തോളം നോവൽ തെരുവിലൂടെ പിടിച്ചുകൊണ്ടുപോകുന്ന കണ്ണാടിയാണ്. ജീൻപോൾ സാർത്രാകട്ടെ സാമാന്യത്തിനും വിശേഷത്തിനും ഇടയ്ക്കുള്ള പോക്കുവരവാണ് നോവൽ പകർത്തുന്നതെന്ന് നിർവചിക്കുന്നു. ഇങ്ങനെ നിരവധി നിർവചനങ്ങൾ നോവലിന് കണ്ടെത്താൻ കഴിയും. വൈവിധ്യമാർന്ന ഈ നിർവ്വചനങ്ങൾ നോവലുകളുടെ സ്വഭാവത്തെ സൂക്ഷ്മമമായി വിശകലനം ചെയ്തതിൽ നിന്ന് ഉയിർക്കൊണ്ടവയാണെന്നു കാണാം. നോവൽ സാഹിത്യ ചക്രവാളത്തിന്റെ വിപുലതയും വൈവിധ്യവും പ്രാധാന്യവുമാണ് ഇവയിൽ കാണാൻ കഴിയുന്നത്.

നേവലുകളുടെ പ്രാചീന മാതൃകകളായിരുന്ന ആഖ്യായികകൾ ഭാരതത്തിലുണ്ടായിട്ടുണ്ട് എങ്കിലും ഇന്നത്തെ രീതിയിലുള്ള നോവലുകൾ ഉണ്ടായത് യൂറോപ്പിലുണ്ടായ വ്യാവസായിക വിപ്ലവത്തിന്റെ അനന്തരഫലമായാണ്. പാശ്ചാത്യരുമായുള്ള സമ്പർക്കത്തിൽ നിന്നും പാശ്ചാത്യകൃതികളുടെ സ്വാധീനത്തിൽ നിന്നുമാണ് മലയാളനോവൽ പിറവിയെടുത്തത്.

ആർച്ചുഡീക്കൻകോശിയുടെ പുല്ലേലികുഞ്ചുവോളം പഴക്കമുണ്ട് മലയാള നോവൽ സാഹിത്യത്തിനെങ്കിലും അപ്പുനെടുങ്ങാടിയുടെ 'കുന്ദലത'യെയാണ് ആദ്യമലയാള നോവലായി നിരൂപകർ അംഗീകരിച്ചത്. പുല്ലേലി കുഞ്ചുവിനും കുന്ദലതയ്ക്കും ഇടയ്ക്കുള്ള നോവൽഛായാകൃതികൾ നോവലൽ സൃഷ്ടിക്കാനുള്ള യത്നങ്ങളിൽ നിന്ന് യഥാർത്ഥ നോവലിലേക്കുള്ള ആകലമാണ് കാണിക്കുന്നത്.

മലയാള നോവൽ പ്രസ്ഥാനത്തിനു ബലിഷ്ഠമായ അടിത്തറപാകിയ കൃതികൾ ഒ. ചന്തുമേനോന്റെ ഇന്ദുലേഖയും സി. വി. രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മയയുമാണ്. തന്റെ കൃതികളിലൂടെ സംസ്കാരത്തിന്റെ ഇന്നലെകളിലേക്ക് ഒരു വാതായനം തുറന്നിടാൻ സി. വി. യ്ക്കു സാധിച്ചു. സമകാലിക സാമൂഹികാവസ്ഥയുടെ നേർപരിച്ഛേദാവതരണത്തിലൂടെ ഭാവി സങ്കല്പങ്ങൾക്ക് പ്രചോദനം നല്കാനും സാമൂഹിക നവോത്ഥാനത്തിനും ചന്തുമേനോൻ ശ്രമിച്ചു.

കാലഘട്ടത്തിന്റെ അവസ്ഥകളെയും പുത്തൻ സിദ്ധാന്തങ്ങളെയും ആശയങ്ങളെയും സാംശീകരിച്ചുകൊണ്ട് മലയാളനോവൽ പ്രസ്ഥാനം വ്യത്യസ്തതലങ്ങളിലേക്ക് വളർന്നു. ഈ ഭാവുകത്വപരിണാമം ആദ്യം പ്രത്യക്ഷപ്പെടുന്നത് 1930 കളിലാണ്.

പാശ്ചാത്യസാഹിത്യത്തിലെ പുതുപ്രവണതകളെ കേസരിബാലകൃഷ്ണപിള്ള നമ്മുടെ നോവലിസ്റ്റുകൾക്കു പരിചയപ്പെടുത്തി. ഈ കാലഘട്ടത്തിൽത്തന്നെയാണ് എം. പി. പോളിന്റെ നോവൽ ലക്ഷണഗ്രന്ഥമായ നോവൽസാഹിത്യം പ്രസിദ്ധീകരിച്ചത്. സാമൂഹികവും സാമ്പത്തികവും സാസ്കാരികവും രാഷ്ട്രീയവുമായ പുതിയൊരുൾക്കാഴ്ച എഴുത്തുകാർക്കുണ്ടായി. സ്വാതന്ത്ര്യസമരത്തിന്റെ തീക്ഷണത, ലോകമഹായുദ്ധങ്ങൾ, നാടുവാഴിത്തത്തിന്റെ തകർച്ച, രോഗം, ദാരിദ്ര്യം തുടങ്ങിയ സാമൂഹിക പ്രശ്നങ്ങൾ ഇവയെല്ലാം നോവലിസ്റ്റുകളെ സ്വാധീനിച്ചു. ഇത് ഹ്യൂമനിസ്റ്റ് ചിന്താധാരയായി രൂപപ്പെട്ടു. തകഴി, കേശവദേവ് ബഷീർ തുടങ്ങിയവരുടെ നോവലുകൾ ഈ പ്രമേയങ്ങൾ ഇതിവൃത്തങ്ങളാക്കിയിട്ടുണ്ട്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം സാഹിത്യത്തിലും സമൂഹത്തിലും ആശാവഹമായ ചിന്തകൾ ഉയർത്തിയ കാലഘട്ടമായിരുന്നു 1950 കൾ. സംഘടിതശക്തിയുടെ ഉയർത്തെഴുന്നേല്പും വ്യവസ്ഥാപിതമായ സംഹിതകളുടെ തകർച്ചയും ഈ കാലഘട്ടത്തിൽ ദൃശ്യമായി. കൂട്ടുകുടുംബങ്ങളുടെ തകർച്ചയും സമൂഹത്തിൽ നിന്ന് വ്യക്തിയിലേക്കുള്ള ചുരുങ്ങലും ഇതിനുദാഹരണങ്ങളാണ്. ഈ പശ്ചാത്തലത്തിലാണ് 1950 ന് ശേഷമുള്ള നോവലുകൾ ഉണ്ടായത്. എം. ടി. വാസുദേവൻനായർ, വി. കെ. എൻ, സി. രാധാകൃഷ്ണൻ, പി. വത്സല, രാജലക്ഷ്മി, കോവിലൻ, ഡോ. ജോർജ്ജ് ഓണക്കൂർ തുടങ്ങിയവർ നേതൃത്വം നല്കിയ ഈ കാലഘട്ടത്തിലെ നോവലുകൾ ഭാഷയിലും ദർശനത്തിലും പുതുമകൾ അവതരിപ്പിച്ചു.

മലയാളനോവലിൽ കെട്ടിലും മട്ടിലും പുതുസംവേദനം രൂപപ്പെട്ടത് 19-ാം നൂറ്റാണ്ടോടുകൂടിയാണ്. അക്കാദമിക് വിദ്യാഭ്യാസത്തിന്റെ വ്യാപനം, കാമ്യൂ, കാഫ്ക തുടങ്ങിയവരുടെ ആശയങ്ങളുടെ സ്വാധീനം, സ്വാതന്ത്ര്യത്തിനു ശേഷം സമൂഹത്തിലുണ്ടായ ഇച്ഛാഭംഗം, സാമൂഹ്യബന്ധങ്ങളിലും വ്യക്തിബന്ധങ്ങളിലും വന്ന ശൈഥില്യം, അസ്തിത്വദുഃഖം, പാരമ്പര്യ നിഷേധം രാഷ്ട്രീയാപചയം മൃത്യുവാഞ്ഛ, ആത്മരതി തുടങ്ങിയ നിരവധി ഘടകങ്ങൾ മലയാളനോവലിൽ ആധുനികതയുടെ പുതുബോധം സൃഷ്ടിക്കാൻ കാരണമായി ഇവയുടെ പ്രതിഫലനമാണ് ഒ. വി. വിജയൻ, ആനന്ദ്, എം. മുകുന്ദൻ, കാക്കനാടൻ തുടങ്ങിയവർ നേതൃത്വം നല്കുന്ന ഈ ഘട്ടത്തിൽ പ്രതിഫലിച്ചത്. ആവിഷ്കരണത്തിലെ പുത്തൻ പരീക്ഷണങ്ങൾ ഈ കാലഘട്ടത്തെ ശ്രദ്ധേയമാക്കുന്നു.

മലയാളനോവൽ ഉത്തരാധുനികതയിലേക്ക് കടക്കുമ്പോൾ പുതിയ ജീവിതമേഖലകലെ കാലാനുസൃതമായി ആർജ്ജവത്തോടെ അവതരിപ്പിക്കുന്നതുകാണാം. 19-ാം നൂറ്റാണ്ടിലെ മലയാള നോവലിന്റെ സാമൂഹ്യബോധവും ചരിത്രബോധവും 20-ാം നൂറ്റാണ്ടിലെ ബോധധാരയും ഹ്യൂമനിസവും നിലനിർത്തിക്കൊണ്ടുതന്നെ പുത്തൻ പ്രവണതകളെ മലയാളനോവൽ മെയ്വഴക്കത്തോടെ കൈകാര്യം ചെയ്യുന്നു. വിപണിലോകത്തിന്റെ പ്രാധാന്യവും സങ്കീർണതകളും പ്രാദേശിക പ്രശ്നങ്ങളും സൈബർ ലോകവും ഒരേപോലെ ഇന്നത്തെ നോവലിന് ആവിഷ്കരിക്കാൻ കഴിയുന്നു. ശൈലിയും കഥനരീതിയിലും ലോകസാഹിത്യത്തോട് കിടപിടിക്കുന്ന സാഹിത്യ പ്രസ്ഥാനമായി മലയാളനോവൽ പ്രസ്ഥാനം പരിണമിച്ചിരിക്കുന്നു.

### പ്രവേശക പ്രവർത്തനം

കുട്ടികൾ മുൻക്ലാസ്സുകളിൽ പഠിച്ചിട്ടുള്ള പാഠഭാഗങ്ങളെ വിവിധസാഹിരൂപങ്ങളായി വർഗ്ഗീകരിക്കാൻ പറയാം.

- നോവൽ
- കഥ
- കവിത
- ആത്മകഥ
- ജീവചരിത്രം

പ്രവേശക പ്രവർത്തനമായി കൊടുത്തിട്ടുള്ള ഭാഗം ക്ലാസ്സിൽ വായിക്കാൻ അവസരം നൽകുന്നു. തുടർന്ന് ചർച്ച

നോവൽ മറ്റുസാഹിത്യരൂപങ്ങളിൽ നിന്ന് ഏതൊക്കെ തരത്തിൽ വ്യത്യാസപ്പെട്ടിരിക്കാം. കുട്ടികൾ അഭിപ്രായം പറയട്ടെ.

- നോവൽ ദൈർഘ്യമേറിയതാണ്.
- സംഭവബഹുലമാണ്.
- സംഭവങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

- ധാരാളം കഥാപാത്രങ്ങൾ ഉണ്ടായിരിക്കും.
- അധ്യായങ്ങളായി വിഭജിക്കുന്നു.
- സ്ഥലകാലവൈവിധ്യം പുലർത്തുന്നവയായിരിക്കും.

വലിയ ക്യാൻവാസിൽ എഴുതപ്പെടുന്ന മനുഷ്യജീവിതത്തെ ആഴത്തിലും പരപ്പിലും ആവിഷ്കരിക്കുന്നവയാണ് നോവൽ എന്ന ധാരണയിലാണ് കുട്ടികൾ എത്തിച്ചേരേണ്ടത്.

# ഇന്ദുലേഖ

### പാഠാപഗ്രഥനം

1889 ലാണ് മലയാളത്തിലെ ലക്ഷണമൊത്ത ആദ്യനോവലായി കരുതുന്ന ഇന്ദുലേഖ ഒ. ചന്തുമേനോൻ പ്രസിദ്ധീകരിക്കുന്നത്. മലയാളത്തിലും സംസ്കൃതത്തിലും വേണ്ടത്ര പാണ്ഡിത്യമുണ്ടായിരുന്നുവെങ്കിലും പാശ്ചാത്യസാഹിത്യത്തിലുള്ള ആഭിമുഖ്യവും പാശ്ചാത്യരോടുള്ള സമ്പർക്കവും കൊണ്ട് അദ്ദേഹത്തിന്റെ ശ്രദ്ധ ഇംഗ്ലീഷ് നോവലുകളിലേക്ക് തിരിഞ്ഞു. പരന്ന വായനയും താൻ വായിച്ചത് മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുന്നതിലുള്ള കഴിവും ഭാര്യയുടെയും സുഹൃത്തുക്കളുടെയും സ്നേഹപൂർവമായ നിർബന്ധവും അതിനു പിന്നിലുണ്ടായിരുന്നു. രണ്ടുമാസം കൊണ്ടാണ് ഇംഗ്ലീഷ് നോവലുകളുടെ മാതൃകയിൽ മലയാളത്തിൽ ഇന്ദുലേഖ എഴുതി പൂർത്തിയാക്കുന്നത്. ബീക്കൺസ് ഫീൽഡ് പ്രഭുവിന്റെ 'ഹെന്റിറ്റാ ടെമ്പിൾ' ആണ് അദ്ദേഹത്തിനു അതിനു  പ്രേരകമായത്. തികച്ചും സാധാരണമായ ദൈനംദിന സംഭവങ്ങൾ ലളിതസുന്ദരമായ ഭാഷയിൽ ആവിഷ്കരിച്ചപ്പോൾ 'ഇന്ദുലേഖ' ഒരസാധാരണകൃതിയായി. നോവലിലെ നായികാ കഥാപാത്രമായ ഇന്ദുലേഖയുടെ പേര് തന്നെ അദ്ദേഹം നോവലിന്റെ പേരായി സ്വീകരിച്ചു. ഒരു കാലഘട്ടത്തിലെ കേരളത്തിന്റെ സജീവചിത്രം  'ഇന്ദുലേഖ'നൽകുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ മരുമക്കത്തായ വ്യവസ്ഥകളും കൂട്ടുകുടുംബം സമ്പ്രദായവും തകരാൻ പോകുന്നതിന്റെ സൂചനകളും, സംബന്ധ സമ്പ്രദായത്തിന്റെ പരിഹാസ്യതയും ഇതിൽനിന്നും വായിച്ചെടുക്കാം. അതോടൊപ്പം വ്യവസായവൽക്കരണത്തിന്റെ ആവിർഭാവം, പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ മേന്മ, സ്ത്രീസ്വാതന്ത്ര്യം, സർക്കാർ ജോലിയിൽ നിന്നും കിട്ടുന്ന സുരക്ഷിതത്വം, തുടങ്ങി നിരവധി വിഷയങ്ങൾ മാധവൻ - ഇന്ദുലേഖ പ്രണയത്തിന്റെ ഇതിവൃത്തം ഉപയോഗിച്ചു ചന്തുമേനോൻ വരച്ചുകാട്ടുന്നു.

കാരണവരായ പഞ്ചുമേനോന്റെ ഇഷ്ടങ്ങൾക്കനുസരിച്ചു നീങ്ങാൻ നിർബന്ധിത

മായ കൂട്ടുകുടുംബം, ഇംഗ്ലീഷ് വിദ്യാഭ്യാസവും ലോകപരിചയവും നേടി കുടുംബ ക്കാരണവരുടെ അനീതിയെ ചോദ്യം ചെയ്യാനൊരുങ്ങുന്ന യുവതലമുറ - ഈ ചിത്രമാണ് നോവലിനെ ചരിത്രപ്രധാനമാക്കുന്നത്. എന്നാൽ സാമൂഹിക നോവൽ എന്നതിനോടൊപ്പം കഥാപാത്ര മികവും തന്മയത്വംനിറഞ്ഞ സംഭാഷണങ്ങളും ഈ നോവലിനെ എന്നും പുതുമയുള്ളതാക്കി മാറ്റുന്നു.

കാലം മാറുന്നു (പ്രാരംഭം) എന്ന ഒന്നാം അധ്യായം തുടങ്ങുന്നത് ചാത്തരമേ നോനും മാധവനും തമ്മിലുള്ള സംഭാഷണത്തിലൂടെയാണ്. അതിനുശേഷം മാധ വന്റെ രൂപഭംഗിയും സ്വഭാവഗുണവും വർണ്ണിക്കുന്ന ഒരു ഖണ്ഡിക. വീണ്ടും സംഭാ ഷണം. ഒന്നാമത്തെ അധ്യായത്തിൽ തന്നെ സംഭാഷണങ്ങളിലൂടെ വിവിധ കഥാ പാത്രങ്ങളുടെ സ്വഭാവത്തിലേക്കു വായനക്കാരനെ പ്രവേശിപ്പിക്കുവാൻ അദ്ദേഹ ത്തിനു സാധിച്ചിട്ടുണ്ട്.

**ചാത്തരമേനോൻ :** എന്താണ് മാധവാ സാഹസമായി വാക്കു പറഞ്ഞത് - ഛീ ഒട്ടും നന്നായില്ല. അദ്ദേഹത്തിന്റെ മനസ്സുപോലെ ചെയ്യട്ടെ. കാരണവന്മാർക്ക് നാം കീഴടങ്ങണ്ടേ? നിന്റെ വാക്കു കുറെ കവിഞ്ഞുപോയി.

**മാധവൻ** : അശേഷം കവിഞ്ഞിട്ടില്ല. സിദ്ധാന്തം ആരും കാണിക്കരുത്. അദ്ദേഹ ത്തിന് മനസ്സില്ലെങ്കിൽ ചെയ്യേണ്ട, ശിന്നനെ ഞാൻ ഒന്നിച്ചു കൊണ്ടു പോകും. അവനെ ഞാൻ പഠിപ്പിക്കും.

നോവലിന്റെ തുടക്കം തന്നെ ഒരുപാട് കാര്യങ്ങൾ ധ്വനിപ്പിക്കുന്നുണ്ട്. മാധവനും കാരണവരായ പഞ്ചുമേനോനും തമ്മിലുണ്ടായ അഭിപ്രായവ്യത്യാസമാണ് ഇവിടെ പരാമർശിക്കുന്നത്. കാരണവർ ശിന്നനെ പഠിപ്പിക്കാൻ മുതിരുന്നില്ല. അതുകൊണ്ട് അവനെ തന്നോടൊപ്പം മദിരാശിയിൽ കൊണ്ടുപോയി പഠിപ്പിക്കാനൊരുങ്ങുക യാണ് മാധവൻ. ഇത് കാരണവരെ മുഷിപ്പിക്കുമെന്ന് മറ്റുള്ളവർ മാധവനെ ഉപദേ ശിക്കുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം ചെറുപ്പക്കാരെ അനുസരണയില്ലാത്തവരാക്കു മെന്നും വഴിതെറ്റിക്കുമെന്നുമാണ് പഞ്ചുമേനോൻ വിശ്വസിക്കുന്നത്. തന്റെ മകളുടെ മകളായ ഇന്ദുലേഖയെയും മരുമകളുടെ മകനായ മാധവനെയും ഇംഗ്ലീഷ് പഠിപ്പി ക്കാൻ അദ്ദേഹം മുതിർന്നത് അവരോടുള്ള സ്നേഹവാത്സല്യം കൊണ്ടാണ്. അതോടുകൂടി അവർ അല്പം ധിക്കാരികളായില്ലേ എന്ന സംശയം അദ്ദേഹത്തി നില്ലാതില്ല. ഇതേ രംഗത്തു തന്നെ പ്രത്യക്ഷപ്പെടുന്ന ശിന്നന്റെ അമ്മയായ കുമ്മിണി യമ്മയും മാധവന്റെ അമ്മയായ പാർവ്വതി അമ്മയും പത്തൊമ്പതാം നൂറ്റാണ്ടിലെ കൂട്ടുകുടുംബയാഥാസ്ഥിതിക മനോഭാവം പുലർത്തുന്ന സ്ത്രീകളുടെ പ്രതീകങ്ങ ളാണ്. പരിഷ്കാരവും യാഥാസ്ഥിതികത്വവും തമ്മിലുള്ള സംഘട്ടനമാണ് തലമുറ കൾ തമ്മിലുള്ള ഈ വിടവിനു കാരണം. യഥാർത്ഥത്തിൽ ഇന്ദുലേഖയുടെ കാതലും ഇതു തന്നെയാണ്. പഴയതലമുറയിലെ എല്ലാ ആളുകളും പഞ്ചുമേനോനെപ്പോലെ യാഥാസ്ഥിതികരല്ല. മാധവന്റെ അച്ഛനായ ഗോവിന്ദപ്പണിക്കർ, അമ്മാവനായ ഗോവി ന്ദൻകുട്ടി മേനോൻ, ഇന്ദുലേഖയുടെ അമ്മയായ ലക്ഷ്മിക്കുട്ടിയമ്മ, സൂരിനമ്പൂതി

രിപ്പാടിന്റെ സുഹൃത്തായ ചെറുശ്ശേരി ഇവർ പരമ്പരാഗത വിദ്യാഭ്യാസം സിദ്ധിച്ച വരാണെങ്കിലും ഉല്പതിഷ്ണുക്കളാണ്. ഇന്ദുലേഖ ആധുനിക വിദ്യാഭ്യാസം നേടിയ പരിഷ്കൃത യുവതിയാണ്. സ്ത്രീസ്വാതന്ത്ര്യബോധത്തിന്റെ പ്രതീകമാണ്. ഒടുവിൽ പഞ്ചുമേനോൻ പോലും തന്റെ ചട്ടങ്ങൾ മാറ്റാൻ നിർബന്ധിതനാകുന്നു.

ഇന്ദുലേഖയിൽ താൻ ഉപയോഗിച്ച ഭാഷയെപ്പറ്റി ചന്തുമേനോൻ തന്നെ പറയു ന്നുണ്ട്. "ഈ പുസ്തകം എഴുതിയിട്ടുള്ളത് ഞാൻ വീട്ടിൽ സാധാരണ സംസാരി ക്കുന്നമലയാളഭാഷയിൽ ആകുന്നു. അല്പം സംസ്കൃതപരിജ്ഞാനം എനിക്ക് ഉണ്ടെങ്കിലും പലേ സംസ്കൃത വാക്കുകളും മലയാളഭാഷയിൽ നാം മലയാളികൾ സംസാരിച്ചുവരുമ്പോൾ ഉപയോഗിക്കുന്ന മാതിരിയാണ് ഈ പുസ്തകത്തിൽ ഞാൻ സാധാരണയായി ഉപയോഗിച്ചിട്ടുള്ളത്" ഇന്നു പ്രയോഗത്തിലില്ലാത്ത ചില വാക്കു കളും ഈ കൃതിയിൽ നിന്നും കണ്ടെടുക്കാം. സിദ്ധാന്തം കാണിക്കുക, കാരണ വർക്ക് മുഷിഞ്ഞു തുടങ്ങിയവ. സംസാരഭാഷയുടെ ശക്തിയും സൗന്ദര്യവും അന്നു തന്നെ ചന്തുമേനോൻ തിരിച്ചറിഞ്ഞിരുന്നു. ഇന്ദുലേഖയുടെ മൂന്നാം പതിപ്പിന്റെ ആമുഖത്തിൽ അദ്ദേഹം പറഞ്ഞു. "കഥകൾ വാസ്തവത്തിൽ നടന്നതായാലും അല്ലെങ്കിലും കഥകൾ പറഞ്ഞിട്ടുള്ളതിന്റെ ചാതുര്യം മനുഷ്യർക്ക് രസിക്കുന്നതാ യിട്ടാണ് കാണപ്പെടുന്നത്. കവനത്തിന്റെ ചാതുര്യം, കഥയുടെ ഭംഗി ഇവ മനുഷ്യ രുടെ മനസ്സിനെ ലയിപ്പിക്കുന്നു. കഥകൾ ഭംഗിയായി എഴുതിയാൽ സാധാരണ മനുഷ്യന്റെ മനസ്സിനെ വിനോദിപ്പിക്കുവാനും മനുഷ്യർക്ക് അറിവുണ്ടാക്കുവാനും വളരെ ഉപയോഗമുള്ളതാണെന്നും ഞാൻ വിചാരിക്കുന്നു. അതുകൊണ്ട് കഥ വാസ്തവത്തിൽ നടക്കാത്തതായാൽ പ്രയോജനമില്ലാത്തതാണെന്ന് പറയുന്നത് ശരിയല്ലെന്ന് എനിക്ക് തോന്നുന്നു. ആ കഥ എഴുതിയ മാതിരി ഭംഗിയായിട്ടുണ്ടോ എന്നു മാത്രമാണ് ആലോചിച്ചു നോക്കേണ്ടത്". ചന്തുമേനോൻ കഥ പറയുന്ന രീതിയിൽ തന്നെയാണ് ശ്രദ്ധിച്ചത്.

ചില നോവലിസ്റ്റുകൾ സ്വന്തം കൈയൊപ്പുള്ള ഒരു സമ്പൂർണ്ണ പ്രപഞ്ചം സൃഷ്ടി ക്കുന്നു. മനുഷ്യർ, അവരെ ഉൾക്കൊള്ളുന്ന പ്രകൃതി, അവിടുത്തെ അന്തരീക്ഷം അവിടെ ഉണ്ടാവുന്ന സംഭവചലനങ്ങൾ, ഒരു പ്രത്യേക മനുഷ്യനിൽ ഉണ്ടാക്കുന്ന പ്രതികരണങ്ങൾ ഇവയെല്ലാം അസദൃശ്യമായ വിധം വേർതിരിഞ്ഞു നില്ക്കുന്ന ലോകമാണവർ സൃഷ്ടിക്കുന്നത്. ജീവിക്കുന്ന ലോകത്തിന്റെ സാമാന്യഭാവങ്ങളെല്ലാം സാമാന്യരീതിയിൽ പങ്കുവക്കുമ്പോൾത്തന്നെയും, ആ ലോകം ജീവിത ലോക ത്തിൽ നിന്ന് വ്യത്യസ്തമായി വേറൊരു വ്യക്തിത്വത്തോടെ മാറി നില്ക്കുന്നു. അങ്ങനെ തികച്ചും പുതിയ പ്രപഞ്ചമാണ് ചന്തുമേനോൻ ഇന്ദു ലേഖയിൽ കാണാൻ കഴിയുക.

**പഠനപ്രവർത്തനങ്ങൾ**

കഥാപാത്രസൃഷ്ടിയിലും ആഖ്യാനരീതിയിലും സി. വി. രാമൻപിള്ളയും ചന്തുമേനോനും പുലർത്തുന്ന സവിശേഷതകൾ താരതമ്യം ചെയ്ത് ലഘു പന്യാസം തയാറാക്കാം.

കുട്ടികളെ നാലുഗ്രൂപ്പുകളായിതിരിക്കുന്നു. കാലം മാറുന്നു എന്ന പാഠഭാഗം രണ്ടു ഗ്രൂപ്പുകൾക്കും മാർത്താണ്ഡവർമ്മയിൽ നിന്നുള്ള ഭാഗം മറ്റു രണ്ടുഗ്രൂപ്പുകൾക്കും നൽകുന്നു.

- ജീവിത സന്ദർഭം
- ഭാഷാശൈലി
- കഥാപാത്ര നിർമ്മിതി
- സാമൂഹ്യജീവിതം

ഈ സൂചനകൾ വച്ചുകൊണ്ട് കുട്ടികൾ തങ്ങൾക്ക് കിട്ടിയ പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു. ചർച്ചയുടെ പശ്ചാത്തലത്തിൽ ഈ രണ്ടു നോവലിസ്റ്റുകൾ പുലർത്തുന്ന സമാനതകളും വ്യത്യസ്തതകളുമെന്തെന്ന് കുട്ടികൾ വിശദീകരിക്കട്ടെ.

- ചന്തുമേനോന്റെ ഭാഷ വളരെ ലളിതമാണ്.
- കഥാപാത്രങ്ങളെ വളരെ സൂക്ഷ്മമായി വർണ്ണിക്കുന്നു.
- സംസാരഭാഷയോട് സാമ്യമുള്ള ഭാഷ ഉപയോഗിക്കുന്നു.
- സംഭാഷണപ്രാധാന്യം.
- കുടുംബാന്തരീക്ഷം.
- സവിശേഷമായ ചില ഭാഷാ പ്രയോഗങ്ങൾ കാണാം
- മാർത്താണ്ഡവർമ്മയിൽ ദീർഘങ്ങളായ വാക്യങ്ങൾ ധാരാളം ഉണ്ട്.
- ഭാഷ അത്ര ലളിതമല്ല.
- കഥാപാത്രങ്ങളെ സൂക്ഷ്മമായി വർണ്ണിക്കുന്നു.
- വിവരണാത്മകമാണ്.
- ആഖ്യാനരീതി ഗാംഭീര്യമുള്ളതാണ്.

എന്തുകൊണ്ടായിരിക്കും ഒരേ കാലഘട്ടത്തിലെഴുതിയ രണ്ടു നോവലുകൾ ആഖ്യാനരീതിയിൽ വ്യത്യാസപ്പെട്ടിരിക്കുന്നത്.

- ഇംഗ്ലീഷ് നോവലായ ഹെന്റീറ്റാ ടെമ്പിളിന്റെ മാതൃകയിൽ രചിച്ച ഇന്ദുലേഖ ഒരു സാമൂഹിക നോവലാണ്.
- ചന്തുമേനോൻ താൻ ജീവിച്ച കാലഘട്ടത്തിന്റെ കഥ പറയുന്നു.

- മാർത്താണ്ഡവർമ്മ ചരിത്രനോവലാണ്.

  ചരിത്രകാലം ആവിഷ്ക്കരിക്കുന്നതുകൊണ്ട് ശൈലീവത്കൃതമായ ഭാഷ ആവശ്യമാണ്.

ഈ നിരീക്ഷണങ്ങളെല്ലാം ചേർത്തുവച്ചുകൊണ്ട് ഒരു ലഘുപന്യാസം തയാറാക്കുന്നു.



19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പരിവർത്തനവിധേയമായിക്കൊണ്ടിരുന്ന സാമൂഹ്യാവസ്ഥയാണ് ഇന്ദുലേഖയുടെ പശ്ചാത്തലം. പരിശോധിക്കാം. കാലം മാറുന്നു എന്ന പാഠഭാഗത്ത് കടന്നുവരുന്ന കഥാപാത്രങ്ങളുടെ വ്യക്തിത്വ സവിശേഷതകൾ കുടുംബപശ്ചാത്തലം എന്നിവ ഇന്നത്തെ സമൂഹത്തിൽ നിന്ന് വ്യത്യസ്തമാണോയെന്ന് പരിശോധിക്കാം.

- ഇന്ദുലേഖയിലെ ദായക്രമം മരുമക്കത്തായമാണ്.
- കൂട്ടുകുടുംബ സമ്പ്രദായമാണ് നടപ്പിലുണ്ടായിരുന്നത്.
- കാരണവരാണ് കുടുംബകാര്യങ്ങൾ നിയന്ത്രിക്കുന്നത്.

ഇന്നത്തേതിൽ നിന്നും വ്യത്യസ്തമായ സാമൂഹ്യാന്തരീക്ഷമാണ് ഇന്ദുലേഖയിൽ കാണുന്നത്. പക്ഷേ പരിവർത്തനത്തിന്റെ സൂചനകൾ 'ഇന്ദുലേഖയിൽ' ദർശിക്കാനാവുമോ.

- ആധുനിക വിദ്യാഭ്യാസം ലഭിച്ച മാധവൻ പ്രതികരണശേഷി പ്രകടിപ്പിക്കുന്നു.
- സ്വാതന്ത്ര്യബോധം പ്രകടിപ്പിക്കുന്നു.

ചന്തുമേനോൻ ഇന്ദുലേഖയിൽ തുടങ്ങിവച്ച സാമൂഹ്യസാംസ്കാരിക പരിവർത്തനങ്ങൾ പൂർണ്ണമായ അർത്ഥത്തിൽ കേരളീയ സമൂഹത്തിൽ സാക്ഷാത്ക്കരിക്കപ്പെട്ടിട്ടുണ്ടോ. ചർച്ച സംഘടിപ്പിക്കുക.



'ജേഷ്ഠനും അമ്മാവനും ഹിതമല്ലാത്തത് എനിക്കും ഹിതമില്ല'. 19-ാം നൂറ്റാണ്ടിലെ സാധാരണ സ്ത്രീയുടെ ശബ്ദമാണോ പാർവ്വതി അമ്മയുടേത് - ചർച്ച ചെയ്യാം

കാലം മാറുന്നു എന്ന പാഠഭാഗത്ത് പ്രത്യക്ഷപ്പെടുന്നും സ്ത്രീകഥാപാത്രങ്ങളുടെ പൊതുസ്വഭാവമെന്താണ്. പാഠഭാഗത്തുനിന്ന് കണ്ടെത്തട്ടെ.

- പാഠഭാഗത്ത് പ്രത്യക്ഷപ്പെടുന്ന സ്ത്രീ കഥാപാത്രങ്ങൾ കുമ്മിണിയമ്മയും പാർവ്വതി അമ്മയുമാണ്.
- സ്വന്തമായ തീരുമാനങ്ങൾ എടുക്കാൻ പ്രാപ്തിയില്ല.
- അമ്മാവനെ ധിക്കരിച്ചാൽ അതിന്റെ അനന്തരഫലം അനുഭവിക്കേണ്ടി വരുമെന്ന് ഭയക്കുന്നു.
- കാര്യങ്ങൾ തീരുമാനിക്കാനുള്ള അവകാശം കുടുംബത്തിലെ മുതിർന്ന പുരുഷന്മാർക്കാണെന്ന് വിശ്വസിക്കുന്നു.
- പത്തൊമ്പതാം നൂറ്റാണ്ടിലെ സാധാരണ സ്ത്രീയുടെ പൊതു സ്വഭാവമാണിത്.

  ഈ കണ്ടെത്തലുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പാഠഭാഗത്ത് പ്രത്യക്ഷപ്പെടുന്ന സ്ത്രീകഥാപാത്രങ്ങളെക്കുറിച്ച് ഒരു നിരൂപണം തയാറാക്കട്ടെ.



സാമ്പ്രദായികമായ ജീവിതത്തിൽ നിന്നും മാറിചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന നായക കഥാപാത്രമാണ് ഇന്ദുലേഖയിലെ മാധവൻ. വിശകലനം ചെയ്യാം. പാഠഭാഗത്തിലെ മാധവൻ എന്ന കഥാപാത്രത്തിൽ നിങ്ങളെ ആകർഷിച്ച ഘടകങ്ങൾ എന്തൊക്കെയാണ്.

- അതിബുദ്ധിമാനും സുന്ദരനുമാണ് മാധവൻ
- ആധുനിക വിദ്യാഭ്യാസം ലഭിച്ചിട്ടുണ്ട്.
- മരുമക്കത്തായ വ്യവസ്ഥയിലെ അനാചാരങ്ങളും കീഴ്വഴക്കങ്ങളും അംഗീകരിച്ചുകൊടുക്കുവാൻ തയാറാവുന്നില്ല.
- സ്വന്തമായ തീരുമാനം എടുക്കാനും അതുമൂലം നേരിടേണ്ടിവരുന്ന പ്രശ്നങ്ങളെ അതിജീവിക്കാനും ധൈര്യമുണ്ട്.
- പരമ്പരാഗതമായ വിനോദങ്ങളോടൊപ്പം ടെന്നീസ്, ക്രിക്കറ്റ് മുതലായ ഇംഗ്ലീഷ് വിനോദങ്ങളിലും താല്പര്യം പ്രകടിപ്പിക്കുന്നു.

ഈ പാഠഭാഗത്ത് പ്രത്യക്ഷപ്പെടുന്ന മറ്റു പുരുഷ കഥാപാത്രങ്ങളുടെ നിലയും നിലപാടും എന്താണ്.

- കാരണവരുടെ ആഗ്രഹത്തിനനുസരിച്ച് ജീവിക്കുന്നു.
- അമ്മാവനെ ധിക്കരിച്ചാലുള്ള അനന്തരഫലം മാധവനെ ഓർമ്മപ്പെടുത്തുന്നു.
- പരമ്പരാഗതമായ ജീവിതരീതിയാണ് പിന്തുടരുന്നത്.
- 

- പുതിയ കാലത്തിന്റെയും ശീലത്തിന്റെയും പ്രതിനിധിയെന്ന നിലയിൽ മാധവനെ പരിചയപ്പെടുത്തുന്ന കുറിപ്പും തയാറാക്കാം.

ഇന്ന് ഭാഷയിൽ നിലവിലില്ലാത്ത സവിശേഷപ്രയോഗങ്ങൾ ഇന്ദുലേഖ യിൽകാണാം. വിശദീകരിക്കാം.

നൂറ്റിയിരുപത്തിയഞ്ചുവർഷത്തിലധികം പഴക്കമുള്ള ഇന്ദുലേഖയിൽ ഇന്ന് പ്രചാരത്തിലില്ലാത്ത ധാരാളം പ്രയോഗങ്ങൾകാണാം. പാഠഭാഗത്തുനിന്ന് ഇത്തരം പ്രയോഗങ്ങൾ കണ്ടെത്തി അവതരിപ്പിക്കാം.

- മാസ്പടി (സ്കോളർഷിപ്പ് / ശമ്പളം)
- ദ്രവ്യം (പണം)
- ദൈനംദിന ജീവിതത്തിൽ ഒരു കാലത്ത് പ്രയോഗത്തിലുണ്ടായിരുന്നതും ഇന്ന് പ്രയോഗത്തിലില്ലാത്തതുമായ പദങ്ങളും പുതുതായി കടന്നുവന്ന പദങ്ങളും കുട്ടികൾ കണ്ടെത്തട്ടെ.
- കുപ്പായം (വസ്ത്രം, ഉടുപ്പ്)
- കീശ (പോക്കറ്റ്)
- ഭാഷാശാസ്ത്രവുമായി ബന്ധപ്പെട്ട എന്തു വസ്തുതകളായിരിക്കാം ഇവ വെളിപ്പെടുത്തുന്നത്
- അനുയോജ്യമായ വികാസം ഏതൊരു ജീവൽ ഭാഷയുടേയും സ്വഭാവമാണ്.
- ഭാഷാവികാസം അനസ്യൂതമായ ഒരു പ്രക്രിയയാണ്.
- വികാസപ്രക്രിയയുടെ ഫലമാണ് പദങ്ങൾ ഉണ്ടാകുന്നതും ഇല്ലാതാകുന്നതും.

ഈ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വിശദീകരണക്കുറിപ്പ് തയാറാക്കാം.

# കാട് വിളിക്കുന്നു

## പാഠാപഗ്രഥനം

പി. വത്സലയുടെ 'കൂമൻകൊല്ലിയി'ലെ പന്ത്രണ്ടാമധ്യായത്തിലെ പൂർവഭാഗമാണ് 'കാട് വിളിക്കുന്നു' എന്ന പേരിൽ ചേർത്തിരിക്കുന്ന പാഠഭാഗം. നോവലിലെ സവി

ശേഷവ്യക്തിത്വമുള്ള കുങ്കൻ എന്ന കഥാപാത്രത്തിന്റെ ഊരിൽ നിന്നുള്ള നാടകീയമായ തിരോധാനമാണ് പാഠഭാഗത്തിന്റെ ഇതിവൃത്തം.

കൂമൻകൊല്ലി ആദിവാസി സമൂഹത്തിന്റെ ജീവിതകഥയായല്ല അവതരിപ്പിക്കപ്പെടുന്നത്. ആദിവാസിയൂരുകളിൽ നടക്കുന്ന കയ്യേറ്റങ്ങളും അസംബന്ധങ്ങളും പ്രതിരോധിക്കാനാവാതെപോകുന്ന പ്രകൃതിയുടെ മൂകവേദനയുമാണ് നോവലിന്റെ പ്രധാനപ്രമേയം. അതുകൊണ്ടുതന്നെ ഗംഗാധരമാരാർ, ഭരതൻ, ബാലൻനമ്പ്യാർ തുടങ്ങിയ പുറംനാട്ടുകാരായ കഥാപാത്രങ്ങൾക്കാണ് നോവലിൽ പ്രാമുഖ്യം. കുറുമരും കുറിച്ച്യരുമടങ്ങുന്ന ആദിവാസി ഗോത്രങ്ങളുടെ ദുരിതജീവിതം പശ്ചാത്തലത്തിലൊതുങ്ങുന്നു. വേർതിരിഞ്ഞു നിന്നും ശ്രദ്ധനേടുന്ന അപൂർവം നാട്ടുമനുഷ്യരിൽ മുൻ നിരയിൽ നില്ക്കുന്നവരായി നോവലിലുള്ളത് ആദിവാസിയായ കുങ്കനും ബന്ദിയെന്ന പാവം പെൺകുട്ടിയുമാണ്.

സ്വത്വബലമുള്ള കഥാപത്രമാണ് കുങ്കൻ. നോവലിലെ മൂന്നാമധ്യായത്തിലാണ് കുങ്കൻ ആദ്യം പ്രത്യക്ഷപ്പെടുന്നത്. പൂങ്കുന്നത്ത് തറവാട്ടിലെ കാലിച്ചെറുക്കനാണ് കുങ്കൻ. “കാട്ടിറമ്പിൽ നിൽക്കുന്ന ഒരു വെണ്ടേക്കുവൃക്ഷത്തിനോട് സാദൃശ്യമുണ്ട് കുങ്കന്റെ കിളരം കൂടിയ ഉടലിന്”. ഇങ്ങനെയാണ് നോവലിസ്റ്റ് കുങ്കനെ പരിചയപ്പെടുത്തുന്നത്. മണ്ണിൽ മുളച്ചുപൊന്തിയ വേരുബലമുള്ള ഒരു കരുത്തൻ കഥാപാത്രമാണ് കുങ്കൻ. വെളുത്ത മുണ്ടും കാതിൽ കടുക്കനുമായി വരുന്ന നവവരനായിട്ടാണ് കുങ്കൻ ആദ്യം പ്രത്യക്ഷപ്പെടുന്നത്. പെണ്ണുകെട്ടിയെങ്കിലും തുടർന്നും പൂങ്കുന്നത്തെ പശുക്കളെ താൻ തന്നെ പാലിച്ചുകൊള്ളാം എന്ന് അവൻ പൂങ്കുന്നത്ത് തറവാട്ടമ്മയായ ചിന്നമ്മുബ്രാഹ്മണിയമ്മയോട് ഉറപ്പുപറയുന്നു.

ബ്രാഹ്മണിയമ്മയുടെ ജാമാതാവായ ഗംഗാധരമാരാർ തറവാട്ടുഭരണമേറ്റെടുത്തതോടെ കാര്യങ്ങളാകെ കലങ്ങിമറിയുന്നു. നാടൻ പശുക്കളെ പോറ്റുന്നത് നഷ്ടമായതുകൊണ്ടു ഗംഗാധരമാരാർ അവയെ ഇറച്ചിക്കാശിനു വിറ്റ് പുതിയ ഇനം പശുക്കളെ വാങ്ങുന്നു. വയനാടൻ ചേറിന്റെ ആഴമറിയാത്ത കാട്ടീച്ചകളുടെയും അട്ടകളുടെയും കടിയേറ്റ ശീലമില്ലാത്ത നവാതിഥികൾ മുക്രയിട്ടും തമ്മിലിടിയിട്ടും പൂങ്കുന്നത്തിന്റെ ശാന്തതയെ ഭഞ്ജിച്ചു പഴയ തറവാട്ടു ഭവനവും പൊളിച്ചുമാറ്റാനുള്ള തിടുക്കത്തിലാണ് ലാഭക്കണ്ണുള്ള ഗംഗാധരമാരാർ.

പൂങ്കുന്നത്ത് തറവാട്ടിലെ മാറ്റങ്ങൾ കുങ്കനെ അടിമുടി ഉലയ്ക്കുന്നു. തുടുത്തുകൊഴുത്ത മനുഷ്യരുടെ മുഖച്ഛായയുള്ള പുതിയ പശുക്കൾ തനിയ്ക്കപരിചിതമായ മറ്റൊരു ലോകത്തിന്റെ പൈശാചിക ചിഹ്നങ്ങൾപോലെ അവന്റെ മുന്നിൽ തിമിർക്കുന്നു. ഗംഗാധരമാരാരും ഭരതനും സൃഷ്ടിക്കുന്ന പുതിയ ലോകത്തിലെ പ്രജയാവാൻ ആ ആദിവാസിയുവാവിനു പറ്റില്ല. അവനൊരു വയനാടൻ വെണ്ടേക്കുമരമാണല്ലോ?

കാടിന്റെ വിളി കേൾക്കുന്നിടത്താണ് കുങ്കൻ എന്ന കഥാപാത്രത്തിന്റെ യഥാർത്ഥ

വളർച്ച നാം കാണുന്നത്. പൂങ്കുന്നത്തെ ഭൃത്യനായിരുന്ന കുങ്കൻ താനാരാണെന്നും തന്റെ വഴിയെന്തെന്നും സ്വയം കണ്ടെത്തുന്നു. മണ്ണിന്റെ ശരിയായ ഉടമ താനാണെന്നവനറിയുന്നു.

ഗംഗാധരൻ ഒരരിവാളും ചാക്കും മുറ്റത്തേക്കെറിഞ്ഞു കൊടുത്തു

ചത്തുകിടക്കുന്ന ഒരു തവളയെന്ന മട്ടിൽ പുതിയ പണിയായുധങ്ങളെ ഒന്നു നോക്കീട്ട് കുങ്കൻ അവന്റെ പാട്ടിനുപോയി. ചിന്നമ്മുബ്രാഹ്മണിയമ്മ അടുക്കളമുറ്റത്തിറങ്ങി വന്നു നീട്ടി വിളിച്ചു:

'കുങ്കാ, വന്നു കാപ്പി കഴിച്ചിട്ടുപോ, ദോശതിന്നിട്ടുപോ. കുങ്കൻ ആരുടെ വിളിയും കേട്ടില്ല' (കൂമൻകൊല്ലി)

മേലാളവർഗത്തിലെ രണ്ടു തലമുറയുടെയും വിളി ധിക്കരിച്ചുകൊണ്ടാണ് കുങ്കന്റെ കാട്ടിലേക്കുള്ള യാത്ര. കാലാകാലമായി നിലനില്ക്കുന്ന വർഗബന്ധത്തിന്റെ കെട്ടുപാടുകളാണ് കുങ്കൻ മുറിച്ചെറിയുന്നത്. ബ്രാഹ്മണിയമ്മ ജന്മിവ്യവസ്ഥയുടെ സൗമ്യമായ പൂർവകാല മുഖമാണെങ്കിൽ ഗംഗാധരമാരാർ അതേ അധികാരശക്തിയുടെ ഒട്ടും മനസ്സാക്ഷിയില്ലാത്ത പുതിയ രുദ്രരൂപമാണ്.

"പള്ളിയറ വയലിനു മീതെ എത്തിയപ്പോൾ കുങ്കൻ നിന്നു. പിറകിൽ കാട്, മുമ്പിൽ പള്ളിയറവയൽ. പള്ളിയറവയൽ കുങ്കന്റെ കാരണവന്മാരുടേതായിരുന്നു. മാനത്തേക്കു മിഴിയൂന്നി കുങ്കൻ ചോദിച്ചു. അമ്മേ പള്ളിയറവയൽ ഞങ്ങൾക്കു തിരിച്ചു കിട്ടുമോ"? (കൂമൻകൊല്ലി)

വയലും കാടുമുഴുവനും തന്റെ ഗോത്രത്തിന്റേതായിരുന്നുവെന്ന തിരിച്ചറിവിൽനിന്നാണ് കുങ്കനിലേക്ക് പുതിയൊരുർജ്ജപ്രവാഹമുണ്ടാവുന്നത്. പള്ളിയറവയൽ പക്ഷേ പുതുപ്രമാണിയായ ഭരതന്റെ കൈയിലാണ്. പിന്നെ കുങ്കന് സ്വന്തമാക്കാവുന്നത് മലമുകളിലെ കാടാണ്. കുങ്കന്റെ കാട്ടിലേക്കുള്ള യാത്ര ആദിവാസിയുടെ ആദിമദശയിലേയ്ക്കുള്ള തിരിച്ചുപോക്കായി വ്യാഖ്യാനിക്കപ്പെടാം. പക്ഷേ തിരിച്ചുപോക്കിലപ്പുറം അത് തിരിച്ചു പിടിയ്ക്കലാണ്. മണ്ണിനെയും സ്വന്തം അധ്വാനത്തെയും തന്റെ വർഗത്തിനായി തിരിച്ചു പിടിയ്ക്കൽ.

കുങ്കൻ മലമുകളിലെ വളക്കൂറുള്ള കന്നിമണ്ണിലേക്കെത്തുന്ന ഭാഗം ഭാവാത്മകമായ ഭാഷയിലാണ് നോവലിസ്റ്റ് വർണ്ണിക്കുന്നത്. കാട്ടുമണ്ണ് പെണ്ണാണ് കുങ്കൻ നവവരനും അവരുടെ ലയനമാണ് ആ വനസമാഗമം.

" ആഹ്ലാദത്തോടെ കുങ്കൻ മിഴികളുയർത്തി വിളർത്ത ആകാശമില്ല. തോരണം തൂക്കി ഒരു വലിയ കല്യാണപ്പന്തൽ. നറുമണം വീശുന്ന ഇളംതെന്നൽ പാടുന്ന കുയിലുകൾ. കുരവയിടുന്ന മലയണ്ണാൻ. കുലവിളക്കു തെളിയിച്ച കൊന്നകൾ"

ഒരു വിവാഹമണ്ഡപത്തിന്റെ ചിത്രമാണ് ആ സന്ദർഭത്തിലെ വർണനയിൽ വിരിയുന്നത്. നവവധുവിനെപ്പോലും കൈവിട്ടു വന്ന കുങ്കന് ആ മണ്ണുതന്നെയാണ്

താലികെട്ടിയ പെണ്ണ്.

" വയൽ നിങ്ങൾ തട്ടിയെടുത്താലും ഈ കാട് എന്റേതാണല്ലോ" എന്നു കുങ്കൻ ലോകത്തോട് വിളിച്ചുപറയുന്നുണ്ട്.

കുങ്കനൊരിക്കലും പിന്നീട് പുറംലോകത്തേക്കിറങ്ങുന്നില്ല. ഊരില്ല, ബന്ധുക്കളില്ല എല്ലാം ആ മലമുകളിലെ കാട്ടുതടംതന്നെ.

വംശസംസ്കൃതിയുടെ ഉറവിടങ്ങൾ അന്യാധീനപ്പെട്ടു പോകുമ്പോൾ പകച്ചു നില്ക്കുന്ന ലോകത്തെ ആദിവാസികളുടെയെല്ലാം പ്രതീകം തന്നെയാണ് കുങ്കൻ. അവരെങ്ങോട്ടാണ് തിരിയേണ്ടത്? ആരാണവർക്കഭയം?. പ്രകൃതിയുടെ വന്യശാദ്വലതയിലേയ്ക്ക് പലായനം ചെയ്യുമ്പോൾ പരിഷ്കൃത മനുഷ്യസമുദായത്തോട് പല ചോദ്യങ്ങളുമുയരുന്നുണ്ട്. അതാണ് ഭൂമിയ്ക്കതിർത്തി തിരിക്കുന്നത്. അതാണ് മണ്ണിന്റെ നേരവകാശി, അത് തീരുമാനിക്കുന്നതാര്? ഇങ്ങനെ നിരവധി പ്രശ്നങ്ങളുന്നയിച്ചുകൊണ്ടാണ് കുങ്കൻ ഏകാന്തജീവിതം നിർമ്മിക്കുന്നത്. കുങ്കന്റെ വനം കയ്യേറ്റമൊഴിപ്പിക്കാൻ വന്ന വനപാലകനോട് അതിഥിയോടെന്ന പോലെയാണ് കുങ്കൻ പെരുമാറുന്നത്. താൻ തന്നെയാണ് വീട്ടുടമയെന്ന നിശ്ചയം കുങ്കന് കൈവന്നതുകൊണ്ടാണത്.

പാഠഭാഗത്ത് പ്രത്യക്ഷപ്പെടുന്ന മറ്റൊരു കഥാപാത്രം കൃഷ്ണൻ നമ്പീശനാണ്. കുങ്കനുമായി ഹൃദയസംവാദം നടത്താൻ പറ്റുന്ന ഒരാൾ നമ്പീശനാണ്. കാരണം മണ്ണിന്റെ മിടിപ്പറിയുന്ന കർഷകനാണയാൾ. പൂങ്കുന്നത്തു തറവാട്ടിലെ പുത്രീ ഭർത്താവാണ് നമ്പീശൻ. പക്ഷേ മാരാരെപ്പോലെയോ ഭരതനെപ്പോലെയോ മണ്ണിനെ കശക്കി പൊന്നാക്കാൻ ശ്രമിക്കുന്നവനല്ല. കൃഷി നമ്പീശന് പ്രകൃതിപരിചരണമാണ്. വിത്തുകൾ എല്ലാവർക്കും വേണ്ടി കരുതിവയ്ക്കുന്ന വിവേകി. ഈ കൃഷ്ണൻ നമ്പീശന്റെ മകനായ മുരളിയെ വയനാടൻ മണ്ണിന്റെയും ജൈവലോകത്തിന്റെയും ഭാവികാലസംരക്ഷകനായി അവതരിപ്പിച്ചുകൊണ്ടാണ് 'കൂമൻകൊല്ലി' അവസാനിക്കുന്നത് എന്നത് ശ്രദ്ധേയമാണ്.

പൂങ്കുന്നത്ത് പരാതിയോ പരിഭവമോ പോലുമില്ലാതെ കാലിച്ചെക്കനായി ഒതുങ്ങിക്കൂടിയിരുന്ന കുങ്കന് പെട്ടെന്നുണ്ടാവുന്ന പരിണാമത്തിന്റെ യുക്തി വിശകലനം ചെയ്യേണ്ടതുണ്ട്. തറവാട്ടിലെ തൊഴുത്തിൽ പുതിയ ഇനം പശുക്കളെ കണ്ടതോടെയാണ് കുങ്കന് മനംമറിച്ചിലുണ്ടാവുന്നത്. അവയെക്കുറിച്ചുള്ള എട്ടാമധ്യായത്തിലെ ചില വർണ്ണനകൾ പ്രസക്തമാണ്.

"അകത്തു ബഹളമാണ് ചവിട്ടിക്കുടയുന്ന കുളമ്പൊച്ചകൾ കൊമ്പുകൾ തമ്മിലുരസ്സുന്ന ശബ്ദം. ഇടയ്ക്ക് ഇടറിവീഴുന്ന മുക്കറ".

"അകത്ത് അപ്പോഴും യുദ്ധം നടക്കുകയാണ്. ചുരമാന്തുന്ന കാളക്കൂറ്റന്മാർ. കുത്താനോങ്ങി രണ്ടടി പിന്നോക്കം വയ്ച്ച് മുഖത്തോടു മുഖം ഉറ്റുനോക്കുന്നവർ"

മനുഷ്യരുടെ മുഖച്ഛായയുള്ള കാലികളെന്ന് എട്ടാമധ്യായത്തിൽ ബാഹമണിയമ്മ

അവയെ വിശേഷിപ്പിക്കുന്നുണ്ട്. മേൽസൂചിപ്പിച്ച വർണനാവിശേഷങ്ങളിൽ നിന്ന് ഈ മാടിന്റെ കൂട്ടത്തിന് നോവലിൽ സാമാന്യത്തിൽ കവിഞ്ഞ സൂചനാപ്രാധാന്യ മുണ്ടെന്ന് വ്യക്തമാവുന്നു. മുക്രയിട്ടും, പരസ്പരം ചവിട്ടുക്കൂട്ടാനും യുദ്ധം നട ത്താനും ഈ പുതിയ ഇനം മാടുകൾ മത്സരിക്കുന്നത്, മാറുന്ന പുതിയ കമ്പോള ലോകത്തിന്റെ പ്രതിരൂപമായി മാറുന്നുണ്ട്. അങ്ങനെയൊരു ലോകത്തെ അതിജീ വിക്കാൻ സരളബുദ്ധിയായ ആദിവാസിയ്ക്ക് സാധ്യമല്ല. അതുകൊണ്ടാണ് കുങ്കൻ മലമടക്കുകളിലേക്ക് പിന്മാറുന്നത്.

വിപണിസംസ്കാരത്തിന്റെ നീതിശാസ്ത്രം മാത്രം നടപ്പാവുന്ന ഒരു ലോകക്രമ ത്തിൽ പുറന്തള്ളപ്പെടുകയോ പിന്മാറുകയോ ചെയ്യുന്ന അരക്ഷിത ജീവിതങ്ങളുടെ പ്രതീകമാണ് കുങ്കൻ. അതേസമയം മറ്റൊരു ലോകസൃഷ്ടി സാധ്യമാണെന്ന പ്രതീ ക്ഷയും കുങ്കനിലൂടെ വെളിച്ചം വയ്ക്കുന്നു.

## പഠനപ്രവർത്തനങ്ങൾ

കാട്ടിലേക്ക് മടങ്ങാനുള്ളതീവ്രമായ മോഹമാണ് കുങ്കനും കെമ്പിയും പ്രകടിപ്പിക്കുന്നത്. വിശകലനം ചെയ്യുന്നു.

'കാട് വിളിക്കുന്നു എന്ന പാഠഭാഗവും 'മാവേലിമന്റ' ത്തിൽ നിന്നു പാഠപുസ്ത കത്തിൽ ചേർത്തിട്ടുള്ള ഭാഗവും കുട്ടികൾ ശ്രദ്ധാപൂർവ്വം വായിക്കട്ടെ.

എന്തൊക്കെ സാദൃശ്യങ്ങളാണ് ഈ രണ്ടുകഥാപാത്രങ്ങൾ പ്രകടിപ്പിക്കുന്നത്.

- കാടിന്റെ ഭാഗമായ കുങ്കനും കെമ്പിയും കാടിന്റെ മടിത്തട്ടിലേക്ക് ചെല്ലാൻ കൊതിക്കുന്നു.
- പ്രകൃതിയുമായി ഇണങ്ങിച്ചേരുന്ന ഈ രണ്ടു കഥാപാത്രങ്ങളും കാടിനെ അമ്മ യായും കാമുകിയായും അഭയമായും കാണുന്നു.
- കാടിനുപുറത്ത് രണ്ടു കഥാപാത്രങ്ങളും പാർശ്വവൽക്കരിക്കപ്പെട്ടവരാണ്.
- ആധുനിക സംസ്കാരത്തോട് വിമുഖത കാട്ടുന്നവരാണ്.

ഈ സൂചനകൾ ഉൾപ്പെടുത്തിക്കൊണ്ട് വിശകലനക്കുറിപ്പ് തയാറാക്കാം.

'കാടുവിളിക്കുന്നു' എന്ന പാഠഭാഗത്തിലെ ഭാഷാപ്രയോഗങ്ങളുടെ സവിശേഷത കണ്ടെത്തി ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു.

കുട്ടികൾ വ്യക്തിഗതമായി ചെയ്യേണ്ട പ്രവർത്തനമാണിത്. പാഠഭാഗം കുട്ടി കൾ വിശദമായി വായിക്കണം. ശ്രദ്ധിക്കേണ്ട സവിശേഷമായ ഭാഷാപ്ര

യോഗങ്ങളെക്കുറിച്ച് സൂചനനല്കാവുന്നതാണ്.

- മട്ടിപ്പൂവിന്റെ മണം പരക്കുന്ന കാറ്റ് അവനെ താലോലിച്ചു.
- വിളർത്ത ആകാശമില്ല തോരണംതൂകിയ കല്യാണപ്പന്തൽ.
- കുലവിളക്ക് തെളിയിച്ച കൊന്നകൾ
-

കുട്ടികൾ വ്യക്തിഗതമായി തയാറാക്കിയ കുറിപ്പുകളിൽ മൂന്നോ നാലോ കുറിപ്പുകൾ ക്ലാസ്സിൽ അവതരിപ്പിക്കാം. അവതരിപ്പിച്ച കുറിപ്പിന്മേൽ ലഘുചർച്ച നടത്താം.

പ്രകൃതിയുമായി തികച്ചും ഇണങ്ങിജീവിക്കാൻ ആഗ്രഹിക്കുന്ന കുങ്കന്റെ എല്ലാ സൗന്ദര്യസങ്കല്പവും വൈകാരികതയും പ്രകൃതിസംബന്ധമാണ് എന്ന അറിവാണ് കുട്ടികൾക്കു ലഭിക്കേണ്ടത്.

കുങ്കന്റെ മാനസികാവസ്ഥ വിശകലനം ചെയ്ത് കഥാപാത്ര നിരൂപണം തയാറാക്കാം.

വർത്തമാനകാല ജീവിതം ദുസ്സഹമാകുമ്പോൾ ഓർമ്മകളിലെക്കും സങ്കല്പങ്ങളിലെക്കും ഓടിയൊളിക്കുക എന്നത് എല്ലാ മനുഷ്യരുടെയും ആദിമ പ്രേരണയാണ്. അതിജീവിനത്തിനുള്ള ശ്രമമാണ് അതുവഴി സൃഷ്ടിക്കുന്നത്.

പൂങ്കുന്നത്തെ തൊഴുത്തിനു പുറകിൽ ഉപേക്ഷിക്കപ്പെട്ട വക്കൊടിഞ്ഞ തൂമ്പയല്ല താനെന്ന് തെളിയിച്ചാൽ മാത്രമേ കുങ്കന് നിലനില്പുള്ളൂ.

- അടിമജോലിയോടുള്ള വിമുഖത
- ചൂഷണത്തോടുള്ള അമർഷം.

ഇവ കുങ്കന്റെ വർത്തമാനകാലജീവിതമാണ് അതിൽ നിന്നുള്ള രക്ഷപ്പെടലാണ്.

- കാടിനോടുള്ള ആത്മബന്ധം.
- കൃഷിചെയ്യാനുള്ള തീവ്രമായ ആഗ്രഹം.

ഈ സൂചനകൾ ഉൾപ്പെടുത്തി വിശകലനക്കുറിപ്പ് തയാറാക്കി കഥാപാത്രനിരൂപണം ചെയ്യാം.

# പ്രഥമസായാഹ്നം

**പാഠാപഗ്രഥനം**

സിറിയക് ആന്റണി എന്ന ധനികനും ആരോഗ്യസമ്പന്നനുമായ അമ്പത്തിയഞ്ചുകാരൻ മുപ്പതുകാരിയായ രണ്ടാം ഭാര്യ സാറയുടെ നിർബന്ധത്തിനു വഴങ്ങി (ഒരു

ചെറുപ്പക്കാരനെ വിവാഹം കഴിക്കണമെന്ന സാറയുടെ തീരുമാനമാണ് നിർബന്ധ ത്തിനു പിറകിൽ - എന്നയാൾ അറിയുന്നില്ല) ഡിസംബറിലെ ഒരു പ്രഭാതത്തിൽ വൃദ്ധസദനത്തിലെത്തിച്ചേരുന്നു. തുടർന്നുള്ള പത്തുമാസങ്ങൾക്കിടയിൽ അയാൾ പരിചയപ്പെടുന്ന വൃദ്ധരായ അന്തേവാസികളും നിർമല, കത്രീന, സൂസന്ന എന്നീ നഴ്സുമാരും സദനം ഡയറക്ടർ ഇർവാദീസും ഹരിദാസ് എന്ന ക്ലാർക്കും ഉൾപ്പെ ട്ടതാണ് നോവലിലെ കഥാപാത്രങ്ങൾ.

ആദ്യഭാര്യയായ ആഗ്നസിനെ ശുശ്രൂഷിക്കാൻ വന്നവളായിരുന്നു സാറ. ആഗ്നസിന്റെ മരണശേഷം സാറ ആ സ്ഥാനം ഏറ്റെടുക്കുന്നു. സിറിയക് ആന്റണിയുടെ ഭാഷ യിൽ പറഞ്ഞാൽ ഏകാന്തമായ തന്റെ രുചികളിലേക്ക് കടന്നുവന്നവളാണ് സാറ. ആഗ്നസിനെക്കുറിച്ചുള്ള സ്നേഹസാന്ദ്രമയ ഓർമ്മകളും നോവലിലുണ്ട്. സദന ത്തിലെ അന്തേവാസികളുമായി അയാൾ ആത്മബന്ധം സ്ഥാപിക്കുന്നില്ല. താൻ തൽക്കാലത്തേക്ക് വന്നൊരാൾ മാത്രമാണെന്നാണ് സിറിയക് ആന്റണി വിശ്വസി ക്കാൻ ശ്രമിക്കുന്നത്. യാഥാർത്ഥ്യം അങ്ങനെയല്ലെങ്കിൽപ്പോലും.

എല്ലാം കാപട്യമാകുന്ന ഈ ആധുനിക കാലഘട്ടത്തിൽ വാർദ്ധക്യവും വില്പനച്ച രക്കാകുന്നു. ഇർവാദീസിനെപ്പോലെയുള്ളവർ അത് വളരെ കൃത്യമായി മുതലെടു ക്കുകയും ചെയ്യുന്നു. ഇർവാദീസിനെ ആദ്യ കാഴ്ചയിൽത്തന്നെ ഒരു കൊള്ളക്കാ രനായിട്ടാണ് സിറിയകിന് തോന്നുന്നത്. പറഞ്ഞതിന്റെ ഇരട്ടി തുകനൽകിയാണ് സാറ തന്റെ ഭർത്താവിനെ വൃദ്ധസദനത്തിൽ ഏൽപ്പിക്കുന്നത്. മാനുഷികതയും സ്നേഹവുമെല്ലാം വെറും ഭാവനകളായി മാറുന്നു. ഇതിന്റെ കെടുതിയാണ് സിറി യക് അനുഭവിക്കുന്നത്.

പാരഡിയുടെ ശൈലിയിലാണ് 'വൃദ്ധസദനം' രചിച്ചിരിക്കുന്നത്. സാറയുടെ നിർബ ന്ധത്തിനു വഴങ്ങി വൃദ്ധസദനത്തിലെത്തിയപ്പോൾ അവൾ കാണിക്കുന്ന വിധേ യത്വം ആഴമേറിയതും വിശാലവുമായ സ്നേഹമായി സിറിയക് കരുതുന്നു. ഇവിടെ സ്നേഹത്തിന് വിദ്വേഷം എന്ന വിരുദ്ധമായ അർത്ഥമാണുള്ളത്. സിറിയകിനെ വൃദ്ധസദനത്തിൽ ഏല്പിക്കുന്ന സമയത്ത് സാറയോട് ഇർവാദീസ് പറയുന്ന കാര്യം ശ്രദ്ധേയമാണ്. ആ മുറിയിൽ താമസിക്കേണ്ട ആൾ ഒരു മനോരോഗാശുപത്രിയിൽ വച്ച് മരിച്ചുപോയി. ആ മുറി സിറിയകിന് ഉപയോഗിക്കാമെന്ന് പറയുന്നു. 'നിങ്ങ ളുടെ ഭർത്താവ്' എന്നതിനുപകരം നിങ്ങളുടെ മാന്യവൃദ്ധൻ എന്നാണ് വിശേഷിപ്പിക്കുന്നത്. പക്ഷേ അത് അയാൾ പറഞ്ഞവസാനിപ്പിച്ചപ്പോൾ സാറ കുരിശു വരച്ചതാണ് സിറിയകിനെ നടുക്കിയത്. എന്തിനായിരിക്കും അവൾ കുരിശ് വരച്ചത്. 'കൊന്നുകളഞ്ഞ ആ വൃദ്ധനു വേണ്ടിയോ'? ജീവിതകാലം മുഴുവൻ കഴി യാൻ എനിക്കൊരു മുറി പതിച്ചുതന്ന ദൈവത്തിനുവേണ്ടിയോ? - മതപരവും ഭാഷാ പരവുമായ സ്വത്വത്തെക്കുറിച്ചുള്ള ആഖ്യാനതലങ്ങൾ കൂടി നോവലിൽ തെളിയുന്നു.

നോവലിലെ കേന്ദ്രകഥാപാത്രമായ സിറിയക് ആന്റണി വായനക്കാരനുമായി നട

ത്തുന്ന ഒരു രഹസ്യസംഭാഷണമോ സംവാദമോ ആണ് ഈ നോവലിന്റെ ആഖ്യാനരീതി. ആഖ്യാനരൂപം തന്നെ നോവലിന്റെ ആന്തരിക സത്തയെ നിർണ്ണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് 'പോസ്റ്റുമോഡേൺ ഫിക്ഷന്റെ' ഒരു പൊതു സ്വഭാവമാണ്. രൂപം തന്നെ ഉള്ളടക്കമായിത്തീരുന്ന ഒരവസ്ഥയാണിത്.

വൃദ്ധസദനത്തിലെ ഭാഷ ലളിതമാണ്. എന്നാൽ ഈ ലാളിത്യം ബാഹ്യതലത്തിൽ മാത്രമേ കാണുകയുള്ളൂ. ഐറണികളും നർമ്മോക്തികളും വിഹ്വലചിത്രങ്ങളും നിറഞ്ഞ അസാധാരണമായ ഒരു സംസാരഭാഷ നോവലിൽ അനുഭവങ്ങൾക്കു പകരം വയ്ക്കാൻ കൊച്ചുബാവ തിരഞ്ഞെടുത്തിരിക്കുന്നു. ഈ ഭാഷ സാധാരണ നോവലുകളിൽ ഉപയോഗിക്കുന്ന സാമ്പ്രദായിക സാഹിത്യഭാഷയോടു ഇടഞ്ഞു നിൽക്കുന്ന ഭാഷയാണ്.

വാർദ്ധക്യത്തെ ഒരു ശാപമായി കാണുന്ന നമ്മുടെ സമൂഹത്തിൽ വൃദ്ധന്മാർ പൊതുധാരയിൽ നിന്നു അന്യവൽക്കരിക്കപ്പെടുന്നു. വൃദ്ധന്മാർക്ക് നിഷേധിക്കപ്പെടുന്ന ജീവിതം ഒരു സംസ്കാരത്തിന്റെ ശൂന്യതയെയും ഇല്ലായ്മയെയുമാണ് പ്രതിനിധീകരിക്കുന്നത്. വൃദ്ധന്മാർക്കുവേണ്ടി വൃദ്ധസദനം പണിയുന്നത് അവരല്ല. വാർദ്ധക്യം ഒരു ശാപമോ രോഗമോ ആക്കുന്ന വ്യവസ്ഥയുടെ കാവൽക്കാരാണ്. കൊച്ചുബാവയുടെ വൃദ്ധസദനം അവർക്കുവേണ്ടി ഉയർത്തപ്പെട്ടതാണ്.

**പഠനപ്രവർത്തനങ്ങൾ**

തരുണനുടെയുജ്ജ്വലേക്ഷണത്തേക്കാൾ വീക്ഷാ-

വിരുതു കിഴവന്റെ മങ്ങിയ മിഴിക്കത്രേ
വാസ്തവമിതിന്നിവനറിഞ്ഞു വിലകൂടും
വാർദ്ധക്യത്തൂവെള്ളിക്കുയൗവനത്തങ്കത്തേക്കാൾ

(യുവഭിക്ഷു - സാഹിത്യമഞ്ജരി നാലാംഭാഗം)

വള്ളത്തോളിന്റെ ഈ വരികൾക്ക് ഇക്കാലത്തുള്ള പ്രസക്തി എന്താണെന്ന് കുട്ടികളോട് ചോദിക്കാം. അവരുടെ പ്രതികരണം കുറിപ്പായി തയാറാക്കട്ടെ. രണ്ടോ മൂന്നോ കുറിപ്പുകൾ ക്ലാസ്സിൽ അവതരിപ്പിക്കാം.

**സൂചനകൾ**

- അവഗണിക്കപ്പെടുന്ന വാർദ്ധക്യം
- പെരുകിവരുന്ന വൃദ്ധസദനങ്ങൾ
- ഉപേക്ഷിക്കപ്പെടുന്ന മാതാപിതാക്കൾ

- കേരളത്തിലെ കുടുംബവ്യവസ്ഥയിൽ വന്ന മാറ്റം

തുടർന്ന് പ്രഥമസായാഹ്നം എന്ന പാഠഭാഗത്തിന്റെ ആശയസൂചന കുട്ടികൾ തയാറാക്കട്ടെ

നിഷ്ക്കരുണമായ ഉപേക്ഷിക്കലിനെപ്പോലും സുന്ദര ലോകത്തേക്കുള്ള വഴിയായി ചിത്രീകരിക്കുന്ന കാപട്യം പുതിയ ലോകത്തിന്റെ മുഖമുദ്രയാണോ? പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കാം.

ക്ലാസിൽ ഒരു പൊതുചർച്ച സംഘടിപ്പിക്കുന്നു.

സമകാലിക സംഭവങ്ങളും ഈ വിഷയം കൈകാര്യം ചെയ്യുന്ന സാഹിത്യകൃതികളും സിനിമയുമെല്ലാം ചർച്ചയുടെ പരിധിയിൽ വരാം.

- മനുഷ്യരുടെ ഏത് വിപരീത അവസ്ഥയും നല്ലതാണെന്ന വിപണന തന്ത്രം
- പരിഷ്കൃത ലോകത്തിന്റെ കാപട്യം.
- വാർദ്ധക്യം ഉപയോഗശൂന്യമാണെന്ന കാഴ്ചപ്പാട്.
-
-

ഈ സൂചനകൾ ചർച്ചയിൽ കടന്നുവരാം.

ആധുനിക ലോകത്തിന്റെ ഈ കാപട്യം 'പ്രഥമസായാഹ്നം' ത്തിൽ എത്രത്തോളമുണ്ടെന്ന് കുട്ടികൾ കണ്ടെത്തട്ടെ.

- സാറ വൃദ്ധസദനത്തിന്റെ ഭംഗിയെക്കുറിച്ച് വാചാലയാവുന്നു.
- വൃദ്ധസദനത്തിൽ താമസിക്കാൻ അവസരം കിട്ടിയത് സിറിയക്കിന്റെ ഭാഗ്യമാണെന്ന് പറയുന്നു.
- ഇർവാദിസ് സിറിയക്കിനെ ബഹുമാന്യനായ അതിഥിയായി വിശേഷിപ്പിക്കുന്നു.

ഈ സൂചനകൾ വിശകലനം ചെയ്ത് സ്വാഭിപ്രായക്കുറിപ്പ് തയാറാക്കാം.



സാറ, ഇർവ്വാദീസ് എന്നീ കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകൾ കുട്ടികൾ വിശകലനം ചെയ്യട്ടെ.

- സാറ വാർദ്ധക്യത്തിലേക്ക് പ്രവേശിക്കുന്ന ഭർത്താവിനെ ഭാരമായി കാണുന്നവളാണ്.
- തന്റെ ജീവിതം സുഖാനുഭവസമ്പന്നമാക്കാനാണ് അവളുടെ മോഹം
- അവൾ ഭർത്താവിനോട് വെറുതേയെങ്കിലും പ്രിയമാണെന്ന് ഭാവിക്കുന്നു.

- ഇർവ്വാദീസ് തന്ത്രശാലിയായ ഒരു കച്ചവടക്കാരനാണ്
- അയാൾ സിറിയക് ആന്റണിയെ വച്ച് പരമാവധി പണം നേടാനുള്ള ശ്രമത്തിലാണ്.
- മാന്യമായി സംസാരിക്കുമ്പൊഴും അയാളുടെ മനസ്സിലെ ഹീനത പുറത്തുവരുന്നുണ്ട്.

അഭിപ്രായങ്ങൾ സംഗ്രഹിക്കപ്പെടുന്നു. അതിനുശേഷം പ്രവർത്തനങ്ങളിലെ രണ്ടു വാക്യങ്ങളിലേയും ധ്വനികൾ കുട്ടികൾ കണ്ടെത്തട്ടെ.

- 'ഉദാരമതി' എന്ന് വിളിക്കുന്നത് ഭർത്താവിനെ വൃദ്ധസദനത്തിലുപേക്ഷിക്കുന്ന സ്വാർത്ഥയായ ഒരു സ്ത്രീയാണ്. താൻ ചെയ്യുന്നത് വലിയ സാമൂഹ്യസേവന പ്രീതി ജനിപ്പിക്കാൻ ഇർവാദീസ് ശ്രമിക്കുന്നു.
- നിരാലംബനായ വൃദ്ധനെ ചൂഷണം ചെയ്യുന്നതാണ് സ്ഥാപനത്തിന്റെ വിജയം എന്നയാൾ വിശ്വസിക്കുന്നു.

അയാളുടെ വാക്കിൻപുറത്ത് ഞാൻ ചത്തുകിടക്കുകയാണ് എന്നത് സവിശേഷമായ ഒരു വാക്യമാണ്. സിറിയക്ക് ആന്റണിയുടെ വരാനിരിക്കുന്ന മരണത്തെ ഇർവാദീസ് നിഷ്കരുണം ഇവിടെ സൂചിപ്പിക്കുന്നു. വൃദ്ധസദനത്തിലെ തന്റെ മരണം താൻ തന്നെ കണ്ടുകൊണ്ടിരിക്കുന്ന അവസ്ഥ ഇർവാദീസ് സൃഷ്ടിക്കുന്നു.

ഇത്തരത്തിലുള്ള മറ്റു വാക്യങ്ങൾ കണ്ടെത്തി കുട്ടികൾ വിശകലനം ചെയ്യട്ടെ.

കുട്ടികൾ വാക്യത്തിന്റെ സന്ദർഭവും അർത്ഥവും കണ്ടെത്തട്ടെ. സ്ഥാപനത്തിന്റെ പതിവ് രീതികൾ എന്താവാം?

- അന്തേവാസികൾക്ക് വേണ്ട പരിഗണന കിട്ടാറില്ല
- അവരോട് രൂക്ഷമായാണ് ഇടപെടുന്നത്
- 

സിറിയക് ആന്റണിയുടെ കാര്യത്തിൽ വ്യത്യസ്തമായ സമീപനം കൈക്കൊള്ളുന്നത് എന്തുകൊണ്ടാകാം.

- താൻ വളരെ നല്ല ആളാണെന്ന് ബോധ്യപ്പെടുത്താൻ
- കൂടുതൽ പണം തട്ടിയെടുക്കാൻ
- സാറയുടെ ശരീര സൗന്ദര്യത്തിൽ കണ്ണുള്ളതുകൊണ്ട്

ഇർവാദീസ് എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷത മുൻ പ്രവർത്തനത്തിൽ വന്നത് ശ്രദ്ധിക്കുമല്ലോ.

'ഓ നിങ്ങളൊരു ഭാഗ്യവാനാണേ' സാറയുടെ ഈ വാക്യങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്തുക. ഉദ്ദേശിക്കുന്ന അർത്ഥം തന്നെയാണോ ഈ വാക്യം തരുന്നത്. പാഠസന്ദർഭത്തിൽ ഈ വാക്യം നൽകുന്ന അർത്ഥം എന്താണ്. അൻപത്തിയഞ്ചു വയസ്സായ സിറിയക് ആന്റണിയുടെ ഭാര്യ അദ്ദേഹത്തെ വൃദ്ധസദനത്തിൽ ഉപേക്ഷിക്കുയാണ്. ഇത് തികച്ചും നിർഭാഗ്യമാണ്.

കഥാപാത്രത്തിന്റെ ഭാഗ്യക്കേടിനെക്കുറിച്ചുള്ള എന്തൊക്കെ സൂചനകളാണ് പാഠഭാഗത്തിലുള്ളത്?

- അൻപത്തിയഞ്ച് വയസ്സേയുള്ളൂ എങ്കിലും ഒരു പൂർണ്ണവൃദ്ധനെപ്പോലെയാണ് പരിചയപ്പെടുത്തുന്നത്.
- ഭാര്യ അയാളോടുകാണിക്കുന്ന ഉദാരത വെറും നാട്യമാണ്
- വൃദ്ധസദനത്തിലെ ഭീകരമായ വിരസത അയാളെ വരിഞ്ഞു മുറുക്കുന്നു.

വൃദ്ധസദനത്തിൽ സിറിയക് ആന്റണിക്ക് ഉണ്ടാകുന്ന ചിന്തയും വികാരങ്ങളും എന്തെല്ലാമാണ്?

- ഭാര്യ ഉപേക്ഷിച്ച അയാൾ തീർത്തും ദുഃഖിതനാവുന്നു.
- പ്രതികരണങ്ങൾ തുറന്നു പ്രകടിപ്പിക്കുന്നില്ല.
- സദനത്തിലെ ചുറ്റുപാടുകൾ അയാളെ ശ്വാസം മുട്ടിച്ചു.
- അവിടെ ജീവിക്കാൻ അയാൾ ഇഷ്ടപ്പെടുന്നില്ല.

ചർച്ചകൾക്കൊടുവിൽ പുതിയകാല സമസ്യകളെ നേരിടുന്ന വാർദ്ധക്യത്തിന്റെ പ്രതിനിധി എന്ന നിലയിൽ സിറിയക് ആന്റണിയെ പരിചയപ്പെടുത്തി ഒരു കുറിപ്പ് തയാറാക്കുക.

പാഠഭാഗത്തെ കേന്ദ്രകഥാപാത്രം ആരാണെന്നതിനെക്കുറിച്ച് ഒരു ചർച്ച നടക്കട്ടെ. പാഠഭാഗത്തെ പ്രധാന കഥാപാത്രങ്ങൾ ആരെല്ലാമാണ്

- ഇർവാദീസ്
- സാറ

- ഇർവാദീസും സാറയുമായി ഇടപെടുകയും സംസാരിക്കുകയും ചെയ്യുന്ന കഥാപാത്രങ്ങൾ
- സിറിയക്ക് ആന്റണി.

സിറിയക് ആന്റണിയുടെ സവിശേഷതയെന്ത്?

പാഠഭാഗത്തെ കേന്ദ്രകഥാപാത്രമാണെങ്കിലും സിറിയക് ആന്റണി സംസാരിക്കുന്നതേയില്ല. എന്തായിരിക്കാം നോവലിസ്റ്റ് കേന്ദ്രകഥാപാത്രത്തെ ഇങ്ങനെ മൂകതയിൽ നിർത്തിയത്. നോവലിന്റെ ആഖ്യാനത്തിന്റെ ഒരു സവിശേഷത കേന്ദ്രകഥാപാത്രത്തെ അയാളുടെ മാനസിക സഞ്ചാരങ്ങളിലൂടെ രേഖപ്പെടുത്തുക എന്നതാണ്. പ്രത്യേകിച്ച് ഒന്നും സംസാരിക്കാത്ത അയാളുടെ പ്രതികരണങ്ങൾ ആത്മഗതമായി പ്രവഹിച്ചുകൊണ്ടേ ഇരിക്കുന്നു. മറ്റു കഥാപാത്രങ്ങളുടെ സംഭാഷണങ്ങളെയും പ്രവൃത്തിയെയും തൊട്ടുകൊണ്ട് ഓരോ ഘട്ടത്തിലും സിറിയക് ആന്റണി തന്റെ പ്രതിഷേധങ്ങളും വേദനകളും ആശങ്കകളും ഉള്ളുകൊണ്ട് രേഖപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു.

- കഥാപാത്രത്തിന്റെ വിഹ്വലമായ ആത്മസഞ്ചാരങ്ങളെ പിൻതുടരുകയാണ് നോവലിലൂടെ ചെയ്യുന്നത്.
- പ്രവർത്തനങ്ങളുടെ ആദ്യഭാഗത്ത് ഉദ്ധരിച്ചവാക്യം പോലെയുള്ള മറ്റുവാക്യങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ.
- 'നിങ്ങളൊരു ഭാഗ്യവാനാണേ' എന്ന വാക്യത്തിൽ സാറയുടെ പരിഹാസം വ്യംഗ്യമാണ്.
- നിങ്ങളെപ്പോലുള്ള ഉദാരമതികളാണ് ഞങ്ങളുടെ വിജയം.
- നമ്മുടെ ബഹുമാന്യനായ ഈ അതിഥിക്ക് എന്തെങ്കിലും സംഭവിച്ചുവെന്നിരിക്കട്ടെ. ഫോൺ നമ്പറില്ലെങ്കിൽ എങ്ങനെ അറിയിക്കും.
- ഒരു സന്തോഷവാർത്ത വിട്ടുപോയതിൽ ക്ഷമിക്കണം. നേരത്തേ മുറി ബുക്കു ചെയ്തിട്ടിരുന്ന മറ്റേകക്ഷി മനോരോഗാശുപത്രിയിൽ വച്ച് മരിച്ചുപോയി.

എന്നീ വാക്യങ്ങളിലൊക്കെ സമകാലിക സമൂഹത്തിന്റെ നിഷ്കരുണത വെളിപ്പെടുത്തുന്ന ആക്ഷേപഹാസ്യത്തിന്റെ സാന്നിദ്ധ്യം ഉണ്ട്.

വലിയ മാനസിക വ്യഥകളെ ആക്ഷേപഹാസ്യത്തിൽ ചാലിച്ച് അവതരിപ്പിക്കാൻ നോവലിസ്റ്റ് ശ്രമിക്കുന്നു. ചർച്ചകൾക്കും ആശയ സംഗ്രഹത്തിനും ശേഷം പ്രഥമ സായാഹ്നത്തിന്റെ ആഖ്യാന സവിശേഷതയെക്കുറിച്ച് പ്രബന്ധം തയാറാക്കാം.

# പഞ്ചവർണ്ണക്കിളി

## പാഠാപഗ്രഥനം

മലയാള നോവലിന്റെ വഴിത്തിരിവായി പരിഗണിക്കുന്ന കൃതിയാണ് ഒ. വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം'. ഈ നോവലിലെ ഒരു സവിശേഷ കഥാപാത്രമായ അപ്പുക്കിളിയെക്കുറിച്ചും ആ കഥാപാത്രം തന്റെ മനസ്സിൽ രൂപം കൊള്ളാനിടയായ സാഹചര്യത്തെക്കുറിച്ചുമാണ് ഇതിഹാസത്തിന്റ ഇതിഹാസം എന്ന കൃതിയിലെ 'പഞ്ചവർണ്ണക്കിളി' എന്ന ലേഖനത്തിൽ നോവലിസ്റ്റ് പറയുന്നത്.

ഖസാക്കിലെ ഏകാധ്യാപക വിദ്യാലയത്തിൽ അധ്യാപകനായെത്തുന്ന രവിയുടെ കാഴ്ചയിലേക്ക് തുടക്കത്തിൽത്തന്നെ അപ്പുക്കിളിയെത്തുന്നുണ്ട്. "അപ്പോഴാണ് ആ കുതിരത്തലയനെ രവി കണ്ടത്. കുട്ടിയോ മുതിർന്ന മനുഷ്യനോ എന്നു നിർണ്ണയിക്കാൻ വയ്യ. ഒരു പച്ചത്തുമ്പിയെ നൂലിൽ കെട്ടിപ്പറപ്പിച്ചുകൊണ്ട് അവൻ കുട്ടികളുടെ നടുവിൽ നിന്നു. ഉന്തിനിന്ന ചുണ്ടുകൾ, പിഞ്ഞാണം പോലെ മങ്ങിയ കണ്ണുകൾ, ഒരു മുക്കാൽ മനുഷ്യന്റെ ഉടല്, പക്ഷേ കൈകാൽ നന്നെ മുരടിച്ചുപോകയാൽ  ഒരു കുട്ടിയുടെ വലുപ്പമേ തോന്നിച്ചുള്ളു. ബാല്യമോ യൗവനമോ വാർദ്ധക്യമോ ആ മുഖത്ത് തെളിഞ്ഞില്ല". 'ഖസാക്കിന്റെ ഇതിഹാസം' മനസ്സിൽ രൂപം കൊള്ളുന്നതിന് എത്രയോ മുമ്പുതന്നെ അപ്പുക്കിളി എഴുത്തുകാരന്റെ മനസ്സിൽ രൂപംകൊണ്ടിരുന്നു. തന്റെ മുത്തച്ഛന്റെ പഠനകാലത്ത് വിക്ടോറിയ കോളേജിൽ തോട്ടപ്പണി നോക്കിയിരുന്ന കുടുംബത്തിലെ അംഗമാണ് അപ്പുക്കിളി. നോവലിലെ അപ്പുക്കിളിയെപ്പോലെ അഞ്ചമ്മമാരുടെ മകൻ. പൊട്ടനും കൊഞ്ഞനുമാണ്. ഖസാക്കിലെ അപ്പുക്കിളിയിൽ നിന്നും വ്യത്യസ്തമാണ് രൂപവും പ്രകൃതവും. നോവലിൽ ആദ്യം ഒരു ഫലിത കഥാപാത്രമായി പ്രത്യക്ഷപ്പെടുന്ന അപ്പുക്കിളി പിന്നീട് ഒരു ദാർശനിക കഥാപാത്രമായി വികസിക്കുന്നു. അപ്പോഴൊക്കെ എഴുത്തുകാരന്റെ മനസ്സിൽ കുട്ടിക്കാലത്ത് താൻ കേട്ടുവളർന്ന ആ പഞ്ചവർണ്ണക്കിളി ഉണ്ടായിരുന്നു. കാരണം വളർച്ചയെത്തിയ മനുഷ്യന്റെ ദർശനങ്ങളെക്കാൾ ഗൂഢവും സമ്പന്നവുമാണ് കുട്ടിയുടെ ദർശനങ്ങൾ.

ഖസാക്കിലെ അപ്പുക്കിളിയുടെ രൂപഭാവങ്ങൾക്ക് അടിസ്ഥാനം ഒ. വി. വിജയന്റെ സമകാലീനനായ ഒരു വ്യക്തിയാണ്. തന്റെ വീട്ടിൽ വേലക്കാരിയായിരുന്ന കല്യാണിയച്ചിയുടെ മകൻ വേലാണ്ടി. അങ്ങനെ വ്യത്യസ്തമായ രണ്ടുപേരുടെ സമന്വയമാണ് ഖസാക്കിന്റെ  ഇതിഹാസത്തിലെ അവിസ്മരണീയനായ അപ്പുക്കിളി. ഒരു എഴുത്തുകാരൻ തന്റെ കഥാപാത്രങ്ങളെ ശൂന്യതയിൽനിന്നു സൃഷ്ടിച്ചെടുക്കുന്നതായിരിക്കണമെന്നില്ല. പലപ്പോഴും തന്റെ അനുഭവ പരിസരങ്ങളിൽ നിന്നുള്ള കാഴ്ചകളിൽ നിന്ന് അറിഞ്ഞോ അറിയാതെയോ രൂപം കൊള്ളുന്നതായിരിക്കും. അതിനു പിന്നിലെ രസതന്ത്രം വെളിപ്പെടുത്തുകയാണ് 'പഞ്ചവർണ്ണക്കിളി' യിലൂടെ

ഒ. വി. വിജയൻ.

പരിചയമുള്ള നോവൽ കഥാപാത്രങ്ങളിൽ നിന്നും അപ്പുക്കിളിക്കുള്ള വ്യത്യാസം കുട്ടികൾ വിശദീകരിക്കട്ടെ. അപ്പുക്കിളി മനസ്സുകൊണ്ട് എപ്പോഴും ബാല്യത്തിലാണ്. മന്ദബുദ്ധി എന്നു തോന്നിക്കുമെങ്കിലും അവന് അവന്റേതായ ചില വെളിപാടുകൾ ഉണ്ട്. പ്രകൃതിയിലാണ് അവന്റെ കണ്ണും കാതും ഒരക്ഷരത്തിൽ തന്നെ എല്ലാ അറിവുമുണ്ടെന്ന് അപ്പുക്കിളി കരുതുന്നു.

### പഠനപ്രവർത്തനങ്ങൾ

ഖസാക്കിന്റെ ഇതിഹാസം എന്ന നോവൽ വായിച്ച അനുഭവത്തിൽ നിന്ന്

കുട്ടികൾ അപ്പുക്കിളിയെക്കുറിച്ച് നേടിയ അറിവുകൾ വച്ച് വ്യത്യസ്ത മായ ഒരു കഥാപാത്രം എന്ന നിലയിൽ അപ്പുക്കിളിയെ വിശകലനം ചെയ്ത് ഒരു കുറിപ്പ് തയാറാക്കട്ടെ.

അപ്പുക്കിളി എന്ന കഥാപാത്രത്തിന്റെ പിറവി എഴുത്തുകാരൻ വിശദീകരിക്കുന്ന തെങ്ങനെയെന്ന് പരിശോധിക്കാം.

ഖസാക്കിന്റെ ഇതിഹാസത്തിൽ അപ്പുക്കിളിയെ പരിചയപ്പെടുത്തുന്ന ഭാഗം കുട്ടി കളുടെ ശ്രദ്ധയിൽപ്പെടുത്തുക.

“അപ്പോഴാണ് ആ കുതിരത്തലയനെ രവികണ്ടത്. കുട്ടിയോ മുതിർന്ന മനുഷ്യനോ എന്നു നിർണ്ണയിക്കുവാൻ വയ്യ. ഒരു പച്ചത്തുമ്പിയെ നൂലിൽ കെട്ടിപ്പറപ്പിച്ചുകൊണ്ട് അവൻ കുട്ടികളുടെ നടുവിൽ നിന്നു.

ഒരു മുക്കാൽ മനുഷ്യന്റെ ഉടല്, പക്ഷേ കൈകാൽ നന്നെ മുരടിച്ചുപോകയാൽ ആകെ മൊത്തം ഒരു കുട്ടിയുടെ വലുപ്പമേ തോന്നിച്ചുള്ളൂ. ബാല്യമോ യൗവനമോ വാർദ്ധക്യമോ ആമുഖത്ത് തെളിയുന്നില്ല.

പഞ്ചവർണ്ണക്കിളിയിൽ തെളിയുന്ന അപ്പുക്കിളിയുടെയും വേലാണ്ടിയുടെയും പ്രകൃ തവുമായി നോവലിലെ അപ്പുക്കിളിയെ താരതമ്യപ്പെടുത്തി നോക്കൂ എന്തൊക്കെ സാദൃശ്യങ്ങൾ കാണാം.

- ഖസാക്കിലെ അപ്പുക്കിളിയുടെ രൂപഭാവങ്ങൾക്ക് അടിസ്ഥാനം വേലാണ്ടി യാണ്.
- അപ്പുക്കിളിയെന്ന പേരും ചില സ്വഭാവവിശേഷണങ്ങളും സ്വീകരിച്ചിരിക്കു ന്നത് നോവലിസ്റ്റിന്റെ മുത്തച്ഛന്റെ പരിചയത്തിൽപ്പെട്ട മാനസികവളർച്ച

ഇല്ലാത്ത ഒരാളുടെതാണ്.

ഈ സൂചനകളിൽ നിന്ന് അപ്പുക്കിളി എന്ന കഥാപാത്രം പിറവികൊള്ളുന്നതെങ്ങനെയെന്നു വിശദീകരിക്കാം.

എം. ടി. യുടെയും ഒ. വി. വിജയന്റെയും രചനാനുഭവങ്ങളിലെ സമാനതകളും വ്യത്യസ്തതകളും താരതമ്യംചെയ്ത് കുറിപ്പ് തയാറാക്കാം.

പഞ്ചവർണ്ണക്കിളി എന്ന ലേഖനവും കുട്ട്യേടത്തി എന്ന കഥാരചനയ്ക്ക് പിന്നിൽ എം. ടി. വെളിപ്പെടുത്തുന്ന കാഥികന്റെ പണിപ്പുരയിലെ തെരഞ്ഞെടുത്ത ഭാഗവും വിശദമായി കുട്ടികൾ വായിക്കട്ടെ. എന്തു സമാനതകളും വ്യത്യസ്തതകളുമാണ് കുട്ടികൾക്ക് ഇതിൽ നിന്ന് കണ്ടെത്താൻ സാധിക്കുന്നത്.

- പരിചയസീമയിൽപ്പെട്ട ആളുകൾ കഥാപാത്രങ്ങളാവുന്നു.
- കുട്ട്യേടത്തി ആത്മനിഷ്ഠമാണ്.
- കുട്ട്യേടത്തിയുടെ പിറവി ഒരൊറ്റ വ്യക്തിയിൽ നിന്നാണ്.
- അപ്പുക്കിളിയിൽ ഒന്നിൽക്കൂടുതൽ വ്യക്തികളുടെ സമ്മേളനമുണ്ട്.
- കഥാകൃത്തിന്റെ പരിചയവൃത്തത്തിൽ വ്യക്തികളെ ചില ചില്ലറമിനുക്കു പണികളോടെ കഥാപാത്രമാക്കിമാറ്റുന്നു.
- സമൂഹത്തിന്റെ വ്യത്യസ്ത തുറകളിലെ വ്യത്യസ്ത വ്യക്തികളെ ചേർത്തുവെച്ചുകൊണ്ട് കഥാപാത്രസൃഷ്ടി നടത്തുന്നു.

ഈ സൂചനകൾവച്ചുകൊണ്ട് താരതമ്യക്കുറിപ്പ് തയാറാക്കുന്നു. ഇത്തരം സമാനമായ അനുഭവക്കുറിപ്പുകൾ ശേഖരിച്ച് ക്ലാസ്സിൽ അവതരിപ്പിക്കാവുന്നതാണ്.

മൂന്നാമത്തെ യൂണിറ്റിനെ ഒന്നായിക്കണ്ടുവേണം പഠനാനുബന്ധപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്.

ഇന്ദുലേഖ, കൂമൻകൊല്ലി, വൃദ്ധസദനം എന്നീ നോവലുകൾ മലയാളനോവൽ സാഹിത്യത്തിലെ വ്യത്യസ്തകാലഘട്ടങ്ങളെ പ്രതിനിധീകരിക്കുന്ന നോവലുകളാണ്. അവയുടെ ഇതിവൃത്തം, ആഖ്യാനരീതി, ഭാഷ എന്നിവ നോവലുകളെ എങ്ങനെ ശ്രദ്ധേയമാക്കുന്നു എന്ന് വ്യക്തമാക്കുന്ന പ്രബന്ധമാണ് തയാറാക്കേണ്ടത്.

കുട്ടികളെ മൂന്നു ഗ്രൂപ്പുകളായി തിരിക്കുന്നു. ഓരോ ഗ്രൂപ്പിനും യഥാക്രമം ഇന്ദുലേഖ, കൂമൻകൊല്ലി, വൃദ്ധസദനം എന്നീ നോവലുകൾ നൽകുന്നു.

ഓരോ ഗ്രൂപ്പും അവർക്ക് കിട്ടിയ നോവലുകൾ വിശദമായി വായിച്ച് ഇതിവൃത്തം,

ഭാഷ ആഖ്യാനരീതി എന്നിവയിൽ എന്തൊക്കെ സവിശേഷതകളാണ് പുലർത്തുന്നതെന്ന് കണ്ടെത്തി പ്രബന്ധം തയാറാക്കേണ്ടതാണ്. തയാറാക്കിയ പ്രബന്ധം ക്ലാസ്സിൽ അവതരിപ്പിക്കണം.

**സൂചനകൾ**

**ഇതിവൃത്തപരിണാമം**

- നായർ, നമ്പൂതിരി സമുദായങ്ങൾക്കിടയിൽ നിലനിന്നിരുന്ന അനാചാരങ്ങളെ യാഥാർത്ഥ്യബോധത്തോടെ തുറന്നുകാണിക്കുന്ന സാമൂഹ്യ നോവലാണ് ഇന്ദുലേഖ. ആദ്യകാല സാമൂഹിക നോവലിന്റെ ഗണത്തിൽപെടുത്തുന്നു.
- ആധുനികനോവലാണ് കൂമൻകൊല്ലി. പാർശ്വവത്കരിക്കപ്പെട്ട ഒരു ജനവിഭാഗത്തിന്റെ കഥയാണ് ഇതിൽ വിഷയമാകുന്നത്.
- തിരസ്കൃതമാകുന്ന വാർദ്ധക്യമാണ് വൃദ്ധസദനത്തിന്റെ പ്രമേയം.

**ഭാഷയും ആഖ്യാനരീതിയും**

- ലളിതമായ ഭാഷയാണ് ഇന്ദുലേഖയുടേത്.
- വിവരണാത്മകമാണ്.
- സംഭാഷണത്തിന് വളരെയധികം പ്രാധാന്യമുണ്ട്
- കഥാപാത്രങ്ങളുടെ വൈകാരിക അവസ്ഥകളെ ചിത്രീകരിക്കുന്നതാണ് കൂമൻകൊല്ലി.
- സംഭാഷണത്തിനുപകരം ഓർമ്മ, സങ്കല്പം, മനോഗതം എന്നിവ കൂമൻകൊല്ലിയിലും വൃദ്ധസദനത്തിലും കാണുന്നു. ആധുനിക, ഉത്തരാധുനിക നോവലുകളുടെ സവിശേഷതയാണിത്.
- വൃദ്ധസദനത്തിൽ ആധുനിക ലോകത്തിന്റെ കാപട്യം ആക്ഷേപഹാസ്യത്തിലൂടെ ചിത്രീകരിക്കുന്നു.

ഈ സൂചനകളെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് സെമിനാർ പ്രബന്ധം തയാറാക്കാം.

സമകാലിക സമൂഹത്തിൽ വൃദ്ധജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച സംഘടിപ്പിക്കാം.

ഇതിനു സഹായകമായ ചാനൽ വാർത്തകളും പത്രവാർത്തകളും പ്രയോജനപ്പെടുത്താവുന്നതാണ്.

- അവഗണിക്കപ്പെടുന്ന വാർദ്ധക്യം.
- പെരുകിവരുന്ന വൃദ്ധസദനങ്ങൾ.

- കേരളത്തിന്റെ മാറിവരുന്ന കുടുംബജീവിത സമ്പ്രദായങ്ങൾ
-
-

വിദ്യാർത്ഥി എന്ന നിലയിൽ ഇത്തരം പ്രശ്നങ്ങളിൽ എന്ത് ഇടപെടലുകളാണ് നടത്താനാവുക എന്നൊരു ചോദ്യം കുട്ടി ഉന്നയിക്കാവുന്നതാണ്.

ചർച്ചയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കാം. റിപ്പോർട്ട് വ്യക്തിഗതമായിരിക്കണം.



മാധവനെയും കുങ്കനെയും താരതമ്യം ചെയ്ത് മാറിവരുന്ന നോവൽ സങ്കല്പത്തെക്കുറിച്ച് പ്രബന്ധം തയാറാക്കാൻ രണ്ടു കഥാപാത്രങ്ങളെയും താരതമ്യം ചെയ്യേണ്ടതുണ്ട്. ഗ്രൂപ്പടിസ്ഥാനത്തിൽ ഇത് ചെയ്യാവുന്നതാണ്.

ഒന്നാമത്തെ ഗ്രൂപ്പ് മാധവന്റെ സവിശേഷതകളും രണ്ടാമത്തെ ഗ്രൂപ്പ് കുങ്കന്റെ സവിശേഷതകളും ചർച്ചചെയ്യുന്നു.

- മാധവൻ സമൂഹത്തിലെ ഏറ്റവും ഉയർന്ന തട്ടിനെ പ്രതിനിധീകരിക്കുന്നു.
- വിദ്യാസമ്പന്നനും സുന്ദരനുമാണ്.
- നിലവിലുള്ള വ്യവസ്ഥിതിയെ തുറന്നെതിർക്കാനും പുതിയ പാതയിലൂടെ സഞ്ചരിക്കാനും തയാറാവുന്നു.
- കുങ്കൻ പാർശ്വവത്കരിക്കപ്പെട്ട ഒരു ജനവിഭാഗത്തിന്റെ പ്രതിനിധിയാണ്.
- നിരക്ഷരനാണ്.
- അധ്വാനംതന്നെയാണ് സൗന്ദര്യം
- നിലവിലുള്ള വ്യവസ്ഥിതിയോട് അമർഷമുണ്ട്. തന്റേതായ രീതിയിൽ പ്രതികരിക്കാൻ ശ്രമിക്കുന്നു.
- പ്രകൃതിയുമായി അടുത്തബന്ധം പുലർത്തുന്നു.

ആദ്യകാല സാമൂഹിക നോവലായ ഇന്ദുലേഖയിൽ നിന്ന് ആധുനിക നോവലായ കൂമൻകൊല്ലിയിലെത്തുമ്പോൾ മലയാളനോവൽ സങ്കല്പം തന്നെ മാറിവരുന്നു.

- മലയാളനോവൽ സാമൂഹികജീവിതത്തിൽ നിന്ന് വ്യക്തി ജീവിതത്തിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെല്ലുന്നു.
- സാമൂഹ്യപ്രശ്നങ്ങളെ അവഗണിക്കുന്നില്ല.
- സമൂഹത്തിൽ ഏറ്റവും താഴേക്കിടയിൽ നില്ക്കുന്നവർപോലും നോവൽ കഥാപാത്രമായിമാറുന്നു.

ഇത്തരം സൂചനകൾ ഉൾക്കൊണ്ടുവേണം പ്രബന്ധം തയാറാക്കേണ്ടത്.

പാഠഭാഗത്തിനൊപ്പം നോവലിലെ മൂന്നാം അധ്യായംകൂടി വായിക്കാൻ കുട്ടികളോ ടാവശ്യപ്പെടണം. മൂന്നാം അധ്യായത്തിൽ നിന്ന് കാടുവിളിക്കുന്നു എന്ന പന്ത്രണ്ടാം അധ്യാത്തിലേക്കെത്തുമ്പോൾ കുങ്കനെന്ന കഥാപാത്രത്തിന് എന്തൊക്കെ മാറ്റങ്ങൾ സംഭവിക്കുന്നു? ചർച്ചചെയ്യാം.

- ആദ്യഘട്ടത്തിൽ കുങ്കൻ വെറുമൊരു കാലിച്ചെറുക്കൻ മാത്രമാണ്.
- സ്വന്തമായ നിലയിൽ അഭിപ്രായങ്ങൾ ഇല്ല.
- കാടുവിളിക്കുന്നു എന്ന ഭാഗത്തെ കുങ്കൻ വ്യത്യസ്തനാണ്.
- പുതിയ ചുറ്റുപാടുകളുമായി ഇണങ്ങാൻ കുങ്കന് കഴിയുന്നില്ല.
- ബ്രാഹ്മണിയമ്മയുടെയും ഗംഗാധരമാരാരുടെയും നിർദ്ദേശങ്ങൾ കുങ്കൻ തിരസ്ക്കരിക്കുന്നു.
- കാടാണ് തന്റെ വീടെന്ന് തിരിച്ചറിഞ്ഞ് ഊരിലേക്ക് മടങ്ങിപ്പോകുന്നു. ഊരിലേക്ക് തിരിച്ചുപോകാൻ കുങ്കനെ പ്രരിപ്പിക്കുന്ന മനോഭാവം എന്താവാം. കഥാപാത്രത്തിന്റെ ആന്തരിക പ്രേരണകൾ വിശകലനം ചെയ്യട്ടെ.
- പൂങ്കുന്നത്ത് തറവാട്ടിൽ നടക്കുന്ന പുതിയ സംഭവ വികാസങ്ങൾ അംഗീകരിക്കാൻ കുങ്കന് കഴിയുന്നില്ല.
- എല്ലാം ലാഭാധിഷ്ഠിതമായ പുതിയ വ്യവസ്ഥയ്ക്കെതിരെ അയാൾ പ്രതികരിക്കുന്നു.
- മണ്ണിന്റെ അധിപൻ താനാണെന്ന് അയാൾ തിരിച്ചറിയുന്നു.
- തന്റേതായ പുതിയ ഒരു ലോകം സൃഷ്ടിക്കാൻ അയാൾ ശ്രമിക്കുന്നു.
- കാട് അയാൾക്ക് അമ്മയും പ്രിയതമയുമാണ്.

സൂചനകൾ കൂടി ഉൾക്കൊണ്ട് കുങ്കൻ എന്ന കഥാപാത്രത്തിന്റെ ഒരു കഥാപാത്ര നിരൂപണം തയാറാക്കട്ടെ.

ഞാനതു പറഞ്ഞു

ഞാനതു പറഞ്ഞുപോയി

ഈ രണ്ടു വാക്യങ്ങളും ഒരേ അർത്ഥം തന്നെയാണോ സൃഷ്ടിക്കുന്നത്?

കുട്ടികൾ അർത്ഥവ്യത്യാസം കണ്ടെത്തട്ടെ. 'ഞാനതു പറഞ്ഞു' എന്നുള്ളത് കാര്യമായ ഭാവവ്യത്യാസമൊന്നുമില്ലാത്ത പ്രസ്താവനയാണ്. 'ഞാനതു പറഞ്ഞുപോയി'

എന്നാകുമ്പോൾ 'പറഞ്ഞു കൂടായിരുന്നു അതു സംഭവിച്ചുപോയി' എന്ന കുറ്റബോധം ധ്വനിക്കുന്നുണ്ട്. ഒരു ക്രിയയ്ക്കു ശേഷം മറ്റൊരു ക്രിയ ചേരുമ്പോൾ വാക്യാർത്ഥത്തിന് കാര്യമായ ഭാവഭേദമുണ്ടാകുന്നു. പോയ എന്നുള്ള വാക്ക് ഇവിടെ പോവുക (യാത്രയാവുക) എന്ന ക്രിയാർത്ഥത്തിലല്ല. ഇങ്ങനെ ക്രിയയ്ക്ക് ശേഷം മറ്റൊരു ക്രിയ വന്ന് വാക്യാർത്ഥം വ്യത്യാസപ്പെടുത്തുന്നുണ്ടെങ്കിൽ രണ്ടാമത്തെ ക്രിയയെ അനുപ്രയോഗം എന്ന് പറയുന്നു.

പ്രവർത്തനത്തിൽ ചേർത്ത ഇരട്ട വാക്യങ്ങളുടെ അർത്ഥവ്യത്യാസങ്ങൾ കുട്ടികൾ കണ്ടെത്തട്ടെ. ചെറിയ വ്യത്യാസങ്ങൾകൊണ്ട് അർത്ഥത്തിലും ഭാവത്തിലും വലിയ മാറ്റങ്ങൾ വരുത്താനുള്ള ഭാഷയുടെ സവിശേഷ സിദ്ധിക്ക് ഒരു നിദർശ്ശനമാണ് അനുപ്രയോഗം.

# 4

# സിദ്ധാന്തപർവം

**ആമുഖം**

എന്താണ് സാഹിത്യം? എന്തിനാണ് സാഹിത്യം? ഇവ പുരാതനകാലം മുതലുള്ള ചോദ്യങ്ങളാണ്. സാഹിത്യമെന്ത് എന്ന അന്വേഷണത്തിന്റെ തുടക്കം ആദികവിയുടെ ശോകം ശ്ലോകമായിത്തീർന്ന സന്ദർഭത്തിലാണെന്നു കരുതാം. ആദ്യകാല സാഹിത്യത്തിൽ കവിതയ്ക്ക് പ്രാമുഖ്യമുണ്ടായിരുന്നതിനാൽ സാഹിത്യമെന്ത് എന്ന അന്വേഷണം കവിതയെന്ത് എന്ന അന്വേഷണത്തിലേക്കു നയിച്ചു. അനേകം സാഹിത്യ പണ്ഡിതരിലൂടെ ചിന്തകരിലൂടെ നിരൂപകരിലൂടെ കിഴക്കും പടിഞ്ഞാറും ഈ അന്വേഷണം തുടർന്നു.

സാഹിത്യത്തെക്കുറിച്ചും അതിന്റെ ലാവണ്യാംശങ്ങളെക്കുറിച്ചും പൗരസ്ത്യ കാവ്യശാസ്ത്രം ആഴത്തിലുള്ള ചർച്ചകളും പഠനങ്ങളും നടത്തിയപ്പോൾ കവിതയ്ക്കും നാടകത്തിനും ഇതരസാഹിത്യ രൂപങ്ങൾക്കും മനുഷ്യമനസ്സുകളിൽ സ്വാധീനം ചെലുത്താൻ കഴിയുന്നതെങ്ങനെ എന്നതായിരുന്നു പാശ്ചാത്യ കാവ്യമീമാംസകർ അന്വേഷിച്ചത്.

പദനിഷ്പത്തി മുൻനിർത്തിയുള്ള ലളിതചിന്തകൾ മുതൽ കവിയുടെ ആത്മസംഘർഷങ്ങളെയും അതിരുകളില്ലാത്ത സ്വാതന്ത്ര്യത്തെയും സ്പർശിക്കുന്ന ഗഹന വിചാരങ്ങൾ വരെ സാഹിത്യ നിരൂപണത്തിലുണ്ടായി.

ഭാരതീയ കാവ്യമീമാംസ പല ദർശനങ്ങളുടെ സ്വാധീനമേറ്റാണ് വളർന്നത്. ഭാരതീയ ദർശനം മനുഷ്യസത്തയെ ശരീരം, ആത്മാവ് എന്നിങ്ങനെ വേർതിരിക്കുന്നു. അതിനാൽത്തന്നെ കാവ്യത്തിന്റെ ശരീരമെന്ത്? ആത്മാവെന്ത്? എന്നീ ചോദ്യങ്ങൾ ഉയർന്നു വന്നു. കാവ്യശരീരത്തെക്കുറിച്ചുള്ള ചിന്ത "നനുശബ്ദാർത്ഥൗ കാവ്യം" (രുദ്രടൻ) "ശബ്ദാർത്ഥന സഹിതൗകാവ്യം" (ഭാമഹൻ) എന്നിങ്ങനെ നിരവധി നിർവചനങ്ങളിലേക്കും വിശദീകരണങ്ങളിലേക്കും നീണ്ടു. ഈ നിർവചനങ്ങളിൽ നിന്ന് കാവ്യത്തിന്റെ രമണീയതയിലേക്ക് ചിന്ത പരിണമിച്ചു. "രമണീയാർത്ഥ പ്രതിപാദക ശബ്ദഃകാവ്യം" എന്ന ജഗന്നാഥപണ്ഡിതരുടെ നിർവചനം ശ്രദ്ധേയമാണ്.

ഈ രമണീയതയുടെ ഹേതു എന്ത്? എന്ന അന്വേഷണം കവിതയുടെ ആത്മാവെന്ത് എന്നതു കൂടിയായി. ഇതിന്റെ അടിസ്ഥാനത്തിൽ ഭാരതീയ കാവ്യശാസ്ത്രത്തിൽ അനേകം സിദ്ധാന്തങ്ങളുണ്ടായി. രസം, അലങ്കാരം, വക്രോക്തി, രീതി, ധ്വനി, ഔചിത്യം, അനുമാനം, സൗന്ദര്യം ഇങ്ങനെ തുടർന്ന് കാവ്യസൗന്ദര്യത്തിന്റെ അടിസ്ഥാനമെന്ത് എന്ന അന്വേഷണത്തിലെത്തിച്ചേർന്നു.

ഇവയിൽ ഏറ്റവും പ്രാചീനം ഭരതമുനിയുടെ നാട്യശാസ്ത്രത്തിലെ രസസിദ്ധാന്ത മാണ്. രസപദ്ധതിയെ ഏതാണ്ട് എല്ലാ പണ്ഡിതന്മാരും അംഗീകരിച്ചിട്ടുണ്ട്. ഈ സിദ്ധാന്തങ്ങളെല്ലാം പരസ്പരവിരുദ്ധങ്ങളല്ല. പരസ്പരപൂരകങ്ങളാണ് എന്നു കാണാം. ഉദാഹരണമായി ഔചിത്യത്തെ കാവ്യത്തിന്റെ ആത്മാവായി ക്ഷേമേന്ദ്രൻ വ്യവസ്ഥാപനം ചെയ്യുന്നു. എന്നാൽ കാവ്യത്തിൽ ഔചിത്യത്തിനുള്ള സ്ഥാനം ഭര തമുനിയുടെ കാലം മുതൽക്കുതന്നെ അംഗീകരിച്ചിട്ടുണ്ട്. ഇങ്ങനെനോക്കുമ്പോൾ കാവ്യസൗന്ദര്യം അനന്തവും അവർണ്ണനീയവുമായതിനാൽ കാവ്യത്തെ ഏതെങ്കിലും ഒരു നിർവചനത്തിലൊതുക്കാൻ കഴിയില്ല.

ഈ കാവ്യസമ്പ്രദായങ്ങൾ പരിശോധിക്കുമ്പോൾ അവയിൽ രസം, ഔചിത്യം, വക്രോ ക്തി, അലങ്കാരം, രീതി, ഗുണം എന്നിവയെല്ലാം കവിയുടെ അപ്രമാദിത്യത്തെയാണ് എടുത്തുകാട്ടുന്നത്. അതായത് കാവ്യം കവിയുടെത് മാത്രമാണ് എന്ന് ഈ സിദ്ധാ ന്തങ്ങൾ പറയുന്നു. അവിടെ സഹൃദയന് രണ്ടാം സ്ഥാനം മാത്രമേ കല്പിക്കുന്നു ള്ളൂ. എന്നാൽ കവിയുടെ ഈ അപ്രമാദിത്തത്തെ തകർക്കുന്ന സിദ്ധാന്തമാണ് ധ്വനി സിദ്ധാന്തം. ആനന്ദവർദ്ധനാചാര്യൻ അവതരിപ്പിച്ച ധ്വനിസിദ്ധാന്തം ആസ്വാദകന്റെ പ്രാധാന്യത്തെ വിളംബരം ചെയ്യുന്നു. പ്രാചീനകാവ്യങ്ങളിലെ ധ്വനിയെക്കുറിച്ച് ധാരാളം അന്വേഷണങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് ധ്വനിയുടെ പ്രാധാന്യത്തെയാണ് കാണിക്കുന്നത്. സമകാലിക സാഹിത്യത്തിലും അത് കവിതയിൽ മാത്രമല്ല നോവൽ, ചെറുകഥ തുടങ്ങിയ സാഹിത്യ വിഭാഗങ്ങളിലെല്ലാമുള്ള ധ്വന്യാത്മകമായ സൃഷ്ടി കൾ ഇന്നും ധ്വനിക്കുള്ള പ്രാധാന്യം കാലഹരണപ്പെട്ടിട്ടില്ല എന്നതിനു തെളിവാ ണ്. അതുകൊണ്ടുതന്നെ ധ്വനിയുടെ പഠനവും ധ്വനിയെ ആസ്പദമാക്കിയുള്ള പഠ നവും ഈ യൂണിറ്റിലുണ്ട്. കുട്ടികൃഷ്ണമാരാരുടെ 'ധ്വനി - ധ്വനി' എന്ന പഠനം ധ്വനി സിദ്ധാന്തത്തെ ലളിതമായി അവതരിപ്പിക്കുന്നു. സിസ്റ്റർ മേരി ബനീഞ്ഞയുടെ വിഭാതവിഭൂതി ധ്വനിയെ ആസ്പദമാക്കിയുള്ള പഠനമാണ് ലക്ഷ്യമാക്കുന്നത്.

ഭാരതത്തിൽ കാവ്യമീമാംസ ശക്തിപ്രാപിച്ചതുപോലെ പാശ്ചാത്യരാജ്യങ്ങളിലും കാവ്യകലാപരമായ ചിന്തകളും നിരൂപണപദ്ധതികളും ഉണ്ടായിട്ടുണ്ട്. സോക്രട്ടീ സ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഗ്രീസിലാണ് പാശ്ചാ ത്യസാഹിത്യനിരൂപണം ആരംഭിച്ചത്. കാവ്യലക്ഷ്യത്തെക്കുറിച്ചും കാവ്യഭാഷയെ ക്കുറിച്ചും പ്ലേറ്റോ തുടങ്ങിവച്ച ചർച്ചയുടെ ആധുനികമുഖമാണ് വേഡ്സ്വർത്തും സാമുവൽ കോള്‍റിഡ്ജും തമ്മിലുള്ള സംവാദത്തിൽ കാണാൻ സാധിക്കുന്നത്. സമകാലിക സാഹിത്യലോകത്തും സാഹിത്യഭാഷയെക്കുറിച്ചുള്ള ചർച്ച സക്രിയ മായി നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ വേഡ്സ്വർത്തും കോള്‍റിഡ്ജും തമ്മി ലുള്ള സംവാദത്തിന് ഇന്നും പ്രസക്തിയുണ്ട്.

## പ്രവേശക പ്രവർത്തനം

കുട്ടികൾക്ക് ഏറെ ഇഷ്ടമുള്ള ഒരു കവിതയെക്കുറിച്ച് ചോദിക്കാം. വ്യത്യസ്തങ്ങളായ കവിതകളെക്കുറിച്ച് അവർ പറയും. അവർ ആ കവിത ഇഷ്ടപ്പെടുന്നതെന്തുകൊണ്ടാണെന്ന് രണ്ടോ മൂന്നോ പേരോട് വിശദീകരിക്കാൻ ആവശ്യപ്പെടാം. കുട്ടികൾ വിശദീകരിക്കട്ടെ. കവിതയുടെ താളം, വാക്കുകളുടെ മനോഹാരിത, ലാളിത്യം, ഇതിവൃത്തം, സവിശേഷപ്രയോഗങ്ങൾ ഇവയെക്കുറിച്ചെല്ലാം കുട്ടികൾ പറയാം. അവ ബോർഡിൽ ക്രോഡീകരിക്കുക. അധ്യാപകന് വിശദീകരണം നൽകാം. തുടർന്ന് വരികൾ അവതരിപ്പിക്കാം.

ഈ വല്ലിയിൽ നിന്ന് ചെമ്മേ
പൂക്കൾ പോകുന്നിതാ പറന്നമ്മേ

വരികളുടെ സവിശേഷതകൾ കണ്ടെത്താൻ കുട്ടികളോട് ആവശ്യപ്പെടാം. ചർച്ച ചെയ്ത് അവതരിപ്പിക്കട്ടെ. വല്ലിയിൽ നിന്ന് പൂക്കൾ പറന്നുപോകുന്നതായി കുട്ടി പറയുന്നതെന്തുകൊണ്ടാകാം?

- പൂക്കളുടെ ആകർഷണീയത പൂമ്പാറ്റയിൽ കുട്ടി കണ്ടെത്തുന്നു.
- പൂമ്പാറ്റകളെ പറക്കുന്ന പൂക്കളായി കുട്ടി കാണുന്നു.
- 

പൂക്കൾ പറക്കുക എന്നത് നിത്യജീവിതത്തിൽ അസംഗതമാണ്. എന്നാലിവിടെ ആശയത്തിന്റെ ഒരു പുതിയലോകം വിരിയുകയാണ്.

പ്രവേശക പ്രവർത്തനത്തിലെ ശ്ലോകം വായിക്കാൻ കുട്ടികളോട് ആവശ്യപ്പെടാം. അപാരമായ കാവ്യസംസാരത്തിൽ കവി പ്രജാപതിയാണോ എന്നതിനെക്കുറിച്ച് കുട്ടികൾ ചർച്ചചെയ്ത് രണ്ടോ മൂന്നോ പേർ അവതരിപ്പിക്കട്ടെ. കവികൾ ക്രാന്തദർശികളാണ്. അവർക്ക് തങ്ങളുടെ സല്ങ്കപമനുസരിച്ചുള്ള ലോകം തീർക്കാൻ കഴിയുമെന്ന് വിവിധ ഉദാഹരണങ്ങൾ വച്ചുകൊണ്ട് വിശദീകരിക്കാം. വാല്മീകിയുടെയും വ്യാസന്റെയും കാളിദാസന്റെയും കൃതികളെ ഉദാഹരിച്ചുകൊണ്ട് ഇത് വിശദീകരിക്കാം. അഭിജ്ഞാന ശാകുന്തളത്തെക്കുറിച്ചുള്ള ഗയ്ഥേയുടെ അഭിപ്രായവും തന്റെ ആദർശ സാമ്രാജ്യത്തിൽ നിന്ന് പ്ലേറ്റോ കവികളെയും സാഹിത്യകാരന്മാരെയും പുറത്താക്കിയതുമെല്ലാം ഉദാഹരണമായി വിശദീകരിക്കാം.

നിയതികൃത നിയമരഹിതാം
ഹ്ലാദൈകമയീമനന്യ പരതന്ത്രാം
നവരസ രുചിരാം നിർമ്മിതി-
മാദധീ ഭാരതീ കവേർ ജയതി (മമ്മടൻ)

ബ്രഹ്മാവിനെക്കാൾ മികച്ച സ്രഷ്ടാവായാണ് മമ്മടൻ കവിയെ കാണുന്നത്. ബ്രഹ്മാവിന്റെ നിർമ്മാണങ്ങൾക്ക് ചില നിയമങ്ങളുണ്ട്. എന്നാൽ കവിസൃഷ്ടിക്ക് നിയമങ്ങളുടെ അതിർവരമ്പുകളില്ല. ബ്രഹ്മാവുണ്ടാക്കിയലോകം സുഖദുഃഖ സമ്മിശ്രമാണെങ്കിൽ കാവ്യലോകത്തിൽ ആഹ്ലാദം മാത്രമേയുള്ളൂ. അത് അനന്യ പരതന്ത്രയല്ല. ബ്രഹ്മസൃഷ്ടിതമായ ലോകത്ത് മധുരം കയ്പ് തുടങ്ങിയ ആറുരസങ്ങൾ മാത്രമുള്ളപ്പോൾ കവിയുടെ ലോകത്ത് നവരസങ്ങളുമുണ്ട്. ഇങ്ങനെ നോക്കുമ്പോൾ സ്രഷ്ടാവ് എന്ന നിലയിലുള്ള കവിയുടെ സ്ഥാനവും കവിയ്ക്കുള്ള അപാരമായ സ്വാതന്ത്ര്യവും സംശയത്തിന് ഇടയില്ലാത്തവിധം വ്യക്തമാണ്.

ഒരു കവിത അവതരിപ്പിച്ച് ചർച്ചയാകാം

കാക്ക പാറി വന്നു
പാറമേലിരുന്നു
കാക്ക പാറിപ്പോയി
പാറ ബാക്കിയായി

കവിത കുട്ടികൾസംഘമായി വിശകലനം ചെയ്ത് അവതരിപ്പിക്കട്ടെ. ഏതൊക്കെ ആശയങ്ങൾ കുട്ടികളിൽ നിന്നു ലഭിക്കാം

- പാറയുടെ ഏകാന്തത
- കാക്ക പാറിവന്നപ്പോൾ പാറയ്ക്കുണ്ടായ ആശ്വാസം
- തനിച്ചായ പാറയുടെ നിരാശ

ക്രോഡീകരിച്ച് അവതരിപ്പിക്കാം. പാറയെ മനുഷ്യാവസ്ഥയുടെ പ്രതീകമായി കണക്കാക്കിയാൽ കവിതയ്ക്ക് കിട്ടുന്ന അധികമാനമെന്തായിരിക്കും. കുട്ടികൾ ചർച്ച ചെയ്ത് കവിതയുടെ ധ്വനിപരമായമൂല്യം കണ്ടെത്തി കുറിപ്പെഴുതി അവതരിപ്പിക്കട്ടെ.

- പാറ മനുഷ്യജീവിതത്തിന്റെ പ്രതീകമാണ്.
- പാറ ഏകാന്തനായ മനുഷ്യനാണ്.
- കാക്ക അയാൾക്ക് ആശ്വാസമായി എത്തിച്ചേരുന്നയാളാണ്.
- അത് കുറച്ച് നേരത്തേക്കുള്ള സൗഹൃദമാണ്.
- ആത്യന്തികമായി നിസ്സഹായമാണ് ജീവിതം
- 

ഈ കവിത വളരെ ലളിതമാണ്. ഇതിലെ പദങ്ങൾ ലളിതവും സുപരിചിതവുമാണ്. വാക്കുകളേയും വാക്കുകളുടെ ബന്ധത്തിലൂടെ രൂപപ്പെട്ടുവരുന്ന ആശയത്തേയും പിൻതുടർന്ന് വ്യാഖ്യാനിച്ചാൽ ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന ഒരു വലിയ കാവ്യലോകം സൃഷ്ടിക്കാൻ ഈ നാലുവരികൾക്ക് സാധിക്കുന്നു. വാക്കുകളുടെ അർത്ഥത്തിനുമപ്പുറത്ത് വിശാലമായ ആശയം ഉദിക്കുന്നുണ്ട്. ആ ആശയം സാഹചര്യം, ഭാവം തുടങ്ങിയ ചില സവിശേഷതകളാൽ ഉണ്ടാവുകയാണ്. ഇങ്ങനെയാണ് ധ്വനി

രൂപപ്പെടുന്നത്.

ധ്വനിയുടെ സവിശേഷതകളെ ആധികാരികമായി പരിചയപ്പെടുത്തുന്ന കുട്ടികൃഷ്ണ മാരാരുടെ പഠനമാണ് ധ്വനി - ധ്വനി.

# ധ്വനി - ധ്വനി.

### പാഠവിശകലനം

വ്യാകരണത്തിൽ പാണിനിയ്ക്കും രസസിദ്ധാന്തത്തിൽ ഭരതമുനിയ്ക്കുമുള്ള സ്ഥാനം സംസ്കൃതഭാഷാകാവ്യമേഖലകളിലും ധ്വനിസിദ്ധാന്തത്തിലും ആനന്ദവർദ്ധനാചാര്യനുണ്ട്. അദ്ദേഹത്തിനുമുൻപുതന്നെ കവികൾക്കും ആലങ്കാരികന്മാർക്കും ധ്വനിയെക്കുറിച്ച് ബോധമുണ്ടായിരുന്നു. എങ്കിലും ധ്വന്യാലോകത്തിലൂടെ കാവ്യത്തിന്റെ ആത്മാവായി ധ്വനിയെ കല്പിച്ച് (കാവ്യസ്യാത്മാധ്വനി) ശാസ്ത്രീയമായി വിശകലനം ചെയ്ത് ഇതൊരു സിദ്ധാന്തമായി ഉറപ്പിച്ചത് ആനന്ദവർദ്ധനനാണ്. ധ്വനിപദ്ധതിയുടെ ആവിർഭാവത്തോടുകൂടിയാണ് സംസ്കൃതത്തിൽ സമഗ്രമായൊരു നിരൂപണപദ്ധതി രൂപംകൊണ്ടതെന്നു പറയാം.

കാവ്യത്തിന്റെ ഉപാധി ഭാഷയാണ്. ഭാഷയ്ക്ക് - ശബ്ദത്തിന് ധ്വനികാരൻ അഭിധ, ലക്ഷണ, വ്യഞ്ജന എന്നിങ്ങനെ മൂന്നു ഭിന്നവൃത്തികൾ കല്പിക്കുന്നു. ഒരേ ഭാഷ സംസാരിക്കുന്ന ആളുകളുടെ പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ ഇന്ന പദത്തിന് ഇന്ന അർത്ഥമാണ് ഗ്രഹിക്കേണ്ടത് എന്ന ഒരു സങ്കേതമുണ്ടായിരിക്കും. സാങ്കേതികമായ ഈ ശബ്ദങ്ങളെ വാചകം എന്നു പറയുന്നു. അവയുടെ അർത്ഥമാണ് 'വാച്യം'

ഉദാ:- 'ഉപ്പിന്' 'ഉപ്പെന്നും' 'കടലിന്' 'കടലെന്നും' കിട്ടുന്ന അർത്ഥം

ചിലപ്പോൾ ചില വാക്യങ്ങളുടെ വാച്യാർഥം അതേപടി മനസ്സിലാക്കാൻ പറ്റാതെ മുഖ്യാർത്ഥത്തിന് തടസ്സം (ബാധ) വരുന്നു. ഇവിടെ മുഖ്യാർഥവുമായി ബന്ധമുള്ള മറ്റൊരർത്ഥം വരുന്നു. ഈ അർത്ഥമാണ് ലക്ഷ്യാർത്ഥം. ലക്ഷ്യാർഥത്തെ ഉണർത്തുന്ന ശബ്ദത്തിന് 'ലക്ഷകം' എന്നു പറയുന്നു. ഈ വ്യാപാരമാണ് 'ലക്ഷണ'

ഉദാ:- നിന്റെ തലചെത്തി ഉപ്പിലിടണം

മറ്റുചിലപ്പോൾ ഒരു വാക്യം അതിന്റെ വാച്യവും ലക്ഷ്യവുമായ അർത്ഥങ്ങൾ ഗ്രഹിപ്പിച്ച് വിരമിച്ചശേഷം അവയ്ക്കുപരി ചില അർത്ഥങ്ങൾകൂടി പ്രതീതമാനമാവുന്നതായി അനുഭവപ്പെടുന്നു. ഇങ്ങനെയുള്ള ശബ്ദങ്ങൾക്ക് 'വ്യഞ്ജകം' എന്നും ആ അർത്ഥത്തിന് 'വ്യംഗ്യം' എന്നും പറയുന്നു.

"ശബ്ദം മൂന്നാം വാചകാഖ്യം
ലക്ഷകം വ്യഞ്ജകം തഥാ
വാച്യം ലക്ഷ്യം വ്യംഗ്യം എന്ന

മുറയ്ക്കർഥവുമങ്ങനെ
വ്യാപാരവും മൂന്ന് അഭിധ-
ലക്ഷണവ്യഞ്ജനാഖ്യയായത് (ഭാഷാഭൂഷണം- ഏ. ആർ)

| **ശബ്ദം** | **അർത്ഥം** | **ശബ്ദവ്യാപാരം** |
|---|---|---|
| വാചകം | വാച്യം | അഭിധ |
| ലക്ഷകം | ലക്ഷ്യം | ലക്ഷണ |
| വ്യഞ്ജകം | വ്യംഗ്യം | വ്യഞ്ജന |

"മോളേ അന്ത്യാവാറായീട്ടോ" എന്ന വാക്യം അതിന്റെ വാച്യാർത്ഥത്തിൽ നിന്ന് എങ്ങനെ വ്യത്യസ്ത അർത്ഥങ്ങൾ കൈക്കൊള്ളുന്നു എന്ന് വിശദീകരിക്കുകയാണ് ധ്വനി ധ്വനിയുടെ ആദ്യഭാഗത്ത് കുട്ടികൃഷ്ണമാരാർ ചെയ്യുന്നത്. ഒരേ വാക്യം വ്യത്യസ്ത സാഹചര്യങ്ങളിൽ വ്യത്യസ്ത പ്രതികരണങ്ങൾ സൃഷ്ടിക്കുന്നു. അത് ധ്വനിയുടെ ലളിതമായ ഉദാഹരണമാണ്.

കവിതയെ ചൈതന്യമയമാക്കുന്നത് ധ്വനിയാണ്. ശബ്ദത്തിൽ പരിമിതാർത്ഥത്തിനുമപ്പുറത്ത് സൂക്ഷ്മഭാവഭംഗികൾ കവിത അനുഭവപ്പെടുത്തുന്നതെങ്ങനെയെന്ന് ധ്വനികാരൻ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ധ്വനിയെക്കുറിച്ച് ആധികാരികമായി പ്രസ്താവിച്ച ആനന്ദവർദ്ധനന് സംഭവിച്ച ഒരു അപര്യാപ്തത ചൂണ്ടിക്കാണിക്കുകയാണ് ധ്വനി ധ്വനി എന്ന പഠനത്തിലൂടെ കുട്ടികൃഷ്ണമാരാർ.

പേടിക്കാതെ നടക്കാം ധാർമ്മിക എന്ന ധ്വന്യാലോകത്തിലെ ആദ്യ ഉദാഹരണം നന്നായില്ല എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ധ്വനി എങ്ങനെ ആസ്വാദകരിൽ പ്രവർത്തിക്കുന്നു എന്ന് ഒരു നാടൻ പാട്ടിന്റെ ഈരടിയിലൂടെ അദ്ദേഹം വിശദീകരിക്കുന്നു.

ധ്വന്യാലോകത്തിലെ പ്രസ്തുത ഉദാഹരണത്തിൽ തന്റെ പൂർവ്വികന്മാരുടെ അഭിപ്രായത്തെ ഖണ്ഡിച്ച് തന്റെ വാദം സമർത്ഥിക്കാനുള്ള ആനന്ദവർദ്ധന്റെ വെമ്പലാണ് കാണാൻ കഴിയുന്നത്. അതായത് വാച്യത്തിൽ നിന്ന് വ്യത്യസ്തമാണ് ധ്വനി എന്ന് ഈ ഉദാഹരണത്തിലൂടെ വെളിപ്പെടുത്താനാണ് അദ്ദേഹം ശ്രമിക്കുന്നത് എന്നു മാരാർ കണ്ടെത്തുന്നു. ധ്വനിയുടെ മേന്മ കാണിക്കുന്നതിന് ഈ ശ്ലോകം അനുയോജ്യമല്ല. കാരണം പുഴവക്കത്തെ കാമസങ്കേതത്തിലേക്ക് പോകുന്ന പെൺകിടാവ് അങ്ങോട്ടു പൂപറിക്കാൻ പോകുന്ന ശ്വഭീരുവായ (നായയെ പേടിയുള്ള) ധാർമ്മികനെ പിൻതിരിപ്പിക്കാൻ പറയുന്ന ശ്ലോകം ഒരു കൗതുകം മാത്രമാണ് ആസ്വാദകന് സമ്മാനിക്കുക. ചിന്തകളും ചിത്രങ്ങളും വൈകാരികതകളും ഈ കവിത ഉണ്ടാക്കുന്നില്ലെന്ന് മാരാർ കണ്ടെത്തുന്നു. അതുകൊണ്ട് വടക്കൻപാട്ടിൽ ധ്വനിയുടെ മുറ്റും മുഴുപ്പുമുള്ള

കുന്ന്മ്മന്നുണ്ടൊരു ചൂട്ടാണുന്നൂ
കുഞ്ഞമ്പൂന്റ്ച്ചനോ പിന്ന്യാരാനോ?

എന്ന ഈരടിവച്ചുകൊണ്ട് അദ്ദേഹം അത് വിശദീകരിക്കുന്നു. ചൂട്ടിന്റെ ഗതിഭേദങ്ങളെ ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന കുഞ്ഞമ്പൂന്റമ്മയിൽ നിന്ന് വലിയൊരു ക്യാൻവാസിലെഴുതിയ ഒരു മധുരചിത്രം ലഭിക്കും. ഇത് വസ്തുധ്വനിയാണ്. ഈ വസ്തുധ്വനി ചർവ്വിതചർവ്വണംചെയ്യുമ്പോൾ ആസ്വാദകൻ കുഞ്ഞമ്പൂന്റമ്മയോട് തന്മയീഭവിക്കുന്നു. തത്സമയം സഹൃദയഹൃദയത്തിൽ അവളുടെ ഉത്കണ്ഠാശങ്കകൾ ആസ്വാദ്യമാകും ഇത് ഭാവധ്വനി. രസധ്വനിയിൽനിന്നാണ് ഭാവധ്വനി ഉണ്ടാകുന്നത്. അത് ഉരുത്തിരിഞ്ഞു വരുന്നതിന് നേരിയ സമയം ആവശ്യമാണ്. അത് ശതപത്രീന്യായത്തിന്റെ ഒരു ഭേദപ്പെടുത്തലിലൂടെ മാരാർ അവതരിപ്പിക്കുന്നു.

### പഠനപ്രവർത്തനങ്ങൾ

### വസ്തുധ്വനി

വസ്തുധ്വനി എന്താണെന്ന് നമുക്ക് നോക്കാം 'കുന്ന്മേന്നുണ്ടൊരു'.... എന്ന ഈരടിയിൽ നിന്ന് വടക്കേമലബാറിലെ കുന്ന് കയറിയിറങ്ങി വരേണ്ടുന്ന നാട്ടിൻപുറവും രാത്രിനേരവും ഭർത്താവിന്റെ വരവും പ്രതീക്ഷിച്ചിരിക്കുന്ന പ്രൗഢയുവതിയും കുന്നുംപുറത്തെ വഴിയിലൂടെ വരുന്ന ആളിന്റെ ചൂട്ടുവീശലുമെല്ലാം ചേർന്ന് വലിയ ക്യാൻവാസിലെഴുതിയപോലെയുള്ള ഒരു വാങ്മയചിത്രം ലഭിക്കും. ഇത്തരത്തിൽ കാവ്യഭാഗത്തുനിന്ന് ലഭിക്കുന്ന സമഗ്രമായ വാങ്മയ ചിത്രമാണ് വസ്തുധ്വനി.

### രസധ്വനി

പ്രസ്തുത കാവ്യത്തിലെ മധുരവാങ്മയ ചിത്രത്തോടൊപ്പം സഹൃദയൻ കുഞ്ഞമ്പൂന്റമ്മയോട് താദാത്മ്യം പ്രാപിക്കുന്നു. അതോടെ ആ ഗൃഹനാഥ അനുഭവിക്കുന്ന ആകാംക്ഷ, ഉത്കണ്ഠ, ഭയം, പ്രതീക്ഷ, നിരാശ തുടങ്ങിയ വൈകാരികാനുഭവങ്ങൾ ആസ്വാദകനിൽ അനുഭൂതമാകുന്നു. ഇത്തരത്തിൽ തന്മയീഭാവത്തിലൂടെ ആസ്വാദ്യമാകുന്ന വൈകാരിക ഭാവമാണ് രസധ്വനി.

ഉടൻമഹാദേവിയിടത്തുകൈയാ-
ലഴിഞ്ഞവാർപൂങ്കുഴലൊന്നൊതുക്കി
ജ്വലിച്ചകൺകൊണ്ടൊരു നോക്കുനോക്കി
പാർശ്വസ്ഥനാകും പതിയോടുരച്ചു (ശിഷ്യനും മകനും - വള്ളത്തോൾ)

ഈ ശ്ലോകം ക്ലാസ്സിൽ അവതരിപ്പിക്കാം. സന്ദർഭം വിശദീകരിക്കണം. ശേഷം കുപിതയായ പാർവതീദേവിയുടെ വാങ്മയചിത്രം ഗദ്യരൂപത്തിൽ എഴുതാൻ പറയാം. എഴുതി കുറച്ചുപേർ അവതരിപ്പിക്കട്ടെ. മികച്ചതേതെന്ന് കുട്ടികൾ തന്നെ വിലയിരുത്തട്ടെ. കവിതയിൽ നിന്നു കണ്ടെത്തിയ പാർവതീദേവിയുടെ രൂപചലനങ്ങൾ തന്നെ

യാണ് വസ്തുധ്വനി.

തുടർന്ന് ഈ ശ്ലോകത്തിൽ നിന്നു മറ്റെന്തെല്ലാം കണ്ടെത്താൻ കുട്ടികൾക്ക് കഴിയും. സംഘമായി ചർച്ചനടത്തി ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തി പൊതു അവതരണം നടത്തട്ടെ. പാർവ്വതീദേവിയുടെ ദേഷ്യം, മാതൃവാത്സല്യം, പരശുരാമനോടുള്ള ദേഷ്യം മകനോടുള്ള അനുകമ്പ, ഭർത്താവിന്റെ നിസ്സംഗതയിലുള്ള അതൃപ്തി ഇവയെല്ലാം കവിതയിൽ  വ്യഞ്ജിക്കുന്നുണ്ട്. ഇതുതന്നെയാണ് ഭാവധ്വനി. ഇതിനുമപ്പുറം ദേവിയെപ്പോലും പുത്രവാത്സല്യം ഒരു സാധാരണ സ്ത്രീയായി മാറ്റുമെന്നുള്ള കവിയുടെ നിരീക്ഷണവും കവിതയുടെ ധ്വനികളിലൊന്നായി പരിഗണിക്കാം.

ശ്ലോക പഠനത്തിലൂടെ കുട്ടികൾ നേടിയ ധാരണവച്ചുകൊണ്ട് മറ്റേതെങ്കിലും കാവ്യഭാഗത്തെ അപഗ്രഥിച്ച് വസ്തുധ്വനിയും ഭാവധ്വനിയും വിശകലനം ചെയ്തു കുറിപ്പു തയാറാക്കി അവതരിപ്പിക്കട്ടെ. ഇത്തരത്തിലുള്ള ആസ്വാദന കുറിപ്പുകളുടെ പതിപ്പും തയാറാക്കാം.

തലമുറകളായി കൈമാറിവരുന്നവയാണ് പഴഞ്ചൊല്ലുകളും കടങ്കഥകളും. ഒരു സമൂഹത്തിലുണ്ടായ അനുഭവങ്ങളെ ഓർത്തിരിക്കാൻ പാകത്തിൽ കാവ്യാത്മകമായി ചിത്രീകരിക്കുകയാണ് അവ. പഴഞ്ചൊല്ലുകളുടെയും കടങ്കഥകളുടെയും കാലാതിവർത്തിത്വത്തിനു സഹായകമായത് അതിന്റെ അർത്ഥത്തിനപ്പുറത്ത് അത് നല്കുന്ന ആശയലോകമാണ്. ആ ലോകത്തിലേക്ക് ആസ്വാദകനെ നയിക്കുന്നത് ധ്വനിതന്നെയാണ്. പഴഞ്ചൊല്ലുകളുടെയും കടങ്കഥകളുടെയും പ്രാധാന്യത്തെക്കുറിച്ച് കുട്ടികളോട് പറയാം. പരിചയമുള്ള പഴഞ്ചൊല്ലുകൾ കുട്ടികൾ കുറിക്കട്ടെ. അവയിൽ നിന്ന് ഒന്നോ രണ്ടോ എണ്ണം വിശകലനക്കുറിപ്പാക്കാൻ കുട്ടികളോട് ആവശ്യപ്പെടാം.

'അച്ഛന്റെച്ഛന് പാളേലെങ്കിൽ
എന്റച്ഛനും പാളേല്'

അപ്പൂപ്പൻ മരിച്ച് ശവസംസ്കാരചടങ്ങുകളെല്ലാം കഴിഞ്ഞു. വളരെ വയസ്സുണ്ടായിരുന്ന ആ വൃദ്ധനെ അവസാനകാലത്ത് വീട്ടിലെ വൃത്തിഹീനമായ വരാന്തയിലാണ് കിടത്തിയിരുന്നത്. ഭക്ഷണം കൊടുത്തിരുന്നതാകട്ടെ പാളപ്പാത്രത്തിലും. വീടും പാത്രങ്ങളും വൃത്തികേടാകരുതല്ലോ  മരണശേഷം വൃദ്ധൻ ഉപയോഗിച്ചിരുന്ന വസ്തുക്കളെല്ലാം മകൻ പറമ്പിലുപേക്ഷിച്ചു. അതിൽനിന്നും പാളപാത്രമെടുത്ത് കൊച്ചുമകൻ കഴുകി വയ്ക്കുകയാണ്. അതെന്തിനാണെന്നന്വേഷിച്ചഅച്ഛനോട് മകൻ പറയുന്നതാണ് പ്രസ്തുത വാക്യം.

ഇവിടെ  എന്തെല്ലാമാണ് കണ്ടെത്താൻ കഴിയുക. ചർച്ചയ്ക്കു നല്കാം. കുട്ടികൾ സംഘമായി ചർച്ചചെയ്ത് മെച്ചപ്പെടുത്തിയത് അവതരിപ്പിക്കട്ടെ. കുഞ്ഞുമകൻ പറമ്പിൽനിന്നും പാത്രമെടുത്ത് കഴുകി സൂക്ഷിച്ചു വയ്ക്കാൻ പോകുന്നതുമായി ബന്ധപ്പട്ട വാങ്മയ ചിത്രമാണ് വസ്തുധ്വനി.

എന്തുകൊണ്ടാകാം കുഞ്ഞുമകൻ അത് സൂക്ഷിച്ചുവയ്ക്കുന്നത്.

- അപ്പൂപ്പനോടുള്ള സ്നേഹം.
- വാർദ്ധക്യത്തിൽ മുതിർന്നവർ അദ്ദേഹത്തോടു കാണിച്ച അവഗണനയിലുള്ള വെറുപ്പ്
- ഈ പ്രവൃത്തിയിൽ അച്ഛനോടുള്ള ദേഷ്യം
-
-

തുടങ്ങിയ വികാരങ്ങളാണ് കുട്ടിയോട് താദാത്മ്യം പ്രാപിക്കുമ്പോൾ ഉണ്ടായിവരുന്നത്. ഇതാണ് ഭാവധ്വനി.

ധ്വനിയുടെ സാധ്യത കടങ്കഥകളിലുണ്ട്

- ഇരുട്ടുകാട്ടിൽ കുരുട്ടുപന്നി - പേൻ
- അടിപാറ നടുവടി മോളിൽ കുട - ചേന
- മുറ്റത്തെ ചെമ്പിനടപ്പില്ല - കിണർ

കടങ്കഥകളുടെ ഉത്തരത്തിലേക്ക് ആസ്വാദകർ എത്തുന്നത് എങ്ങനെയാണ്. പുറമേയുള്ള അർത്ഥത്തേക്കാൾ മറഞ്ഞിരിക്കുന്ന ആശയത്തിന് പ്രാധാന്യമുള്ളതുകൊണ്ട് അവിടെക്കെത്തിച്ചേരുന്നതെങ്ങനെ എന്ന ചോദ്യമാകാം. പുറമേയുള്ള ആശയത്തിനേക്കാൾ വ്യംഗ്യത്തിനാണ് പ്രാധാന്യം. അതാണ് ധ്വനി. കുട്ടികൾ ധ്വനി പ്രധാനമായ കൂടുതൽ കടങ്കഥകൾ കണ്ടെത്തി പട്ടികയാക്കി പ്രദർശിപ്പിക്കട്ടെ.

ധ്വനി പ്രധാനമായ പ്രയോഗങ്ങൾ ഭാഷയിലുണ്ട്

- അതാ കുന്തം വരുന്നു
- കാശീനഗരം ഗംഗയിലാകുന്നു.
- എന്റെ വീട് നടുറോഡിലാണ്.

'അതാകുന്തം വരുന്നു' എന്ന ആദ്യ വാക്യത്തിന്റെ വാച്യാർത്ഥം വ്യക്തമാണ് എന്നാൽ ആ അർത്ഥത്തിന് ബാധയുണ്ടാകുന്നു. കുന്തം തനിയേ വരില്ലല്ലോ അപ്പോൾ കുന്തവും പിടിച്ചുകൊണ്ട് ആൾവരുന്നു എന്ന ലക്ഷ്യാർത്ഥം കൈവരുന്നു.

"കാശീനഗരം ഗംഗയിലാകുന്നു" എന്ന രണ്ടാം വാക്യത്തിൽ വാച്യാർത്ഥത്തിന് ബാധസംഭവിക്കുന്നുണ്ട് കാരണം നല്ല ഒഴുക്കുള്ള ഗംഗാനദിയിൽ ഒരിക്കലും നഗരം നിലനിൽക്കില്ലല്ലോ. അപ്പോൾ ഗംഗാനദിയുടെ തീരത്താണ് കാശീ നഗരം എന്ന ലക്ഷ്യാർത്ഥത്തിലേക്ക് പോകുന്നു. ഗംഗാനദി ശൈത്യാദിപാവനതകളോടു കൂടിയ നദിയാണ്. അതിനാൽ ആ ശൈത്യാദിപാവനതകൾ സമീപസ്ഥമായ കാശീനഗരത്തിലുമുണ്ടാകാം, എന്ന വ്യഞ്ജനാർത്ഥം വ്യംഗ്യാർത്ഥത്തിൽ നിന്ന് ധ്വനിക്കുന്നു.

സമാനമായ വാക്യമാണ് “എന്റെ വീട് നടുറോഡിലാണ്” എന്നതും. എന്റെ വീട് നടുറോഡിലാണ് എന്നത് പ്രധാനറോഡിന് സമീപസ്ഥമാണ് വീട് എന്ന ലക്ഷ്യാർത്ഥത്തിലേക്കും, അത് നഗരത്തിലാണ് അതിനാൽ ആ നഗരമാലിന്യങ്ങൾ എല്ലാം എന്നിലുമുണ്ട് എന്ന വ്യഞ്ജനാപ്രധാനമായ ധ്വന്യാർത്ഥത്തിലേക്കും എത്തുന്നു.

ശബ്ദാർത്ഥത്തിന്റെ ഏതൊക്കെതലങ്ങളിലേക്ക് ധ്വനിപോകുന്നുണ്ട് എന്ന് കുട്ടികൾ വിശകലനം ചെയ്യട്ടെ. ചില വാക്യങ്ങൾ വാച്യാർത്ഥത്തിൽ നിന്ന് വ്യംഗ്യാർത്ഥത്തിലേക്കും മറ്റുചിലത് വാച്യാർത്ഥത്തിൽ നിന്ന് വ്യംഗ്യത്തിലേക്കും തുടർന്ന് വ്യഞ്ജനാവ്യാപാരത്തിലൂടെ ധ്വനിയിലേക്കും എത്തുന്നു. ഇത്തരത്തിൽ നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രയോഗങ്ങൾ കുട്ടികൾ കണ്ടെത്തി വിശദീകരിക്കട്ടെ.

ധ്വനിയുടെ സാധ്യതകൾ നാടൻപാട്ടുകളും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഈരീതിയിലുള്ള നാടൻ പാട്ടുകൾ ശേഖരിച്ച് പതിപ്പാക്കട്ടെ. ഈ നാടൻ പാട്ടുകളുടെ ആലാപനവും സംഘടിപ്പിക്കാം

**മുള്ളും പൂവും**

ഒരു മുള്ളെൻ കാലിൻമേൽത്തറച്ചാലൊരായിരം
കരിമുള്ളുകൾ മുളയ്ക്കുന്നിതെൻ കരൾക്കൂമ്പിൽ
പ്രകൃതിയിതാണെങ്കിൽ മറ്റൊന്നായ് മാറ്റാനേതു
സുകൃതത്തിനും കൽപില്ലെന്നു ഞാൻ ഖേദിയ്ക്കുമ്പോൾ
എന്മുറ്റത്തിളംവെയിലിൽ ചാഞ്ചാട്ടും പനിനീർപ്പൂ-
വെന്തൊരു സമാശ്വാസ സൗരഭം ചുരത്തുന്നു

മുള്ളൊരിയ്ക്കലേ പൊന്തുനുള്ളുക, പൂത്താൽപ്പിന്നെ
നുള്ളിടും തോറും പൊട്ടിവിടരും പുതുപൂക്കൾ.

*(ഇടശ്ശേരിഗോവിന്ദൻനായർ)*

കവിത ഗൗരവപൂർവം വായിക്കാനും വിശദീകരിക്കാനും അവസരമുണ്ടാവട്ടെ.

കവിതയടെ സാമാന്യാർത്ഥം ഇതാവാം. കാലിൽ മുള്ളു തറയ്ക്കുമ്പോൾ വേദനിക്കുന്ന മനുഷ്യനു പൂക്കൾ ആശ്വാസം പകരുന്നു.

ഇതിലപ്പുറമെന്തൊക്കെ അർത്ഥസാധ്യതകൾ ഈ കവിതയിൽ കണ്ടെത്താം.

- ലോകത്തു സുഖാനുഭവങ്ങളും ദുഃഖാനുഭവങ്ങളുമുണ്ട്.
- ദുഃഖത്തിനു പിറകെ സുഖവുമുണ്ടാകും.
- ചെറിയ ഒരു വിപരീതാനുഭവമുണ്ടാകുമ്പോഴേയ്ക്കും പലരും ജീവിതത്തെ പഴിയ്ക്കും.
- അതിനപ്പുറം നില്ക്കുന്ന ആഹ്ലാദങ്ങൾക്കാണാനുള്ള കണ്ണും ക്ഷമയുമുള്ളവന് ജീവിതം അഭിശപ്തമെന്നു തോന്നില്ല.

- കരളിലാണ് മുള്ള് മുളയ്ക്കുന്നത്. അതൊന്നു നുള്ളിക്കളഞ്ഞാൽ ആഹ്ലാദത്തിന്റെ നറുംപൂക്കൾ ധാരാളം കാണാം.
- മുള്ളൊരിക്കൽ നുള്ളിയാൽ പിന്നീടു മുളയ്ക്കില്ല. പൂക്കൾ നുള്ളുംതോറും അധികമായി വിടർന്നുപൊന്തിവരും. ആഹ്ലാദാനുഭവങ്ങൾ ഒന്നിനു പിറകെ ഒന്നായി വിരിഞ്ഞുവരുന്നതപ്പോഴറിയാം.
- മുള്ളും പൂവുമെല്ലാം മനുഷ്യനു നേരെ പ്രകൃതി നീട്ടുന്ന ജീവിത പാഠങ്ങളാണ്.
- അഭിമത ചിന്തകൾ (positive thinking) ജീവിതസ്നേഹം എന്നിവയൊക്കെ ഇവിടെ പ്രമേയങ്ങളാണ് ഇത്തരം പല വിധ വ്യാഖ്യാനങ്ങളിലേക്കും ഈ കൊച്ചു കവിത നമ്മെ നയിക്കുന്നു. മുള്ളിനെയും പൂവിനെയും കുറിച്ചുള്ള കവിത ജീവിതാനുഭവങ്ങളെ വ്യഞ്ജിപ്പിക്കുന്നു. ജീവിതം ആത്യന്തികമായി പ്രസന്നമായ ഒരു പ്രതിഭാസമാണെന്ന് കവി പറയാതെ തന്നെ പറയുന്നു.

# വിഭാത വിഭൂതി

### പാഠവിശകലനം

വിഭാത വിഭൂതി എന്ന സിസ്റ്റർ മേരീബനീഞ്ഞയുടെ കവിത പേര് സൂചിപ്പിക്കുന്നതുപോലെ പ്രഭാതത്തിന്റെ ഐശ്വര്യത്തെ വർണ്ണിക്കുകയാണ്. അത് പ്രകൃതിഭാവ ചിത്രീകരണത്തോടൊപ്പം ധ്വന്യാത്മകമായി മനുഷ്യഭാവ ചിത്രീകരണം കൂടി നടത്തുന്നു. എങ്ങനെ ഒരാൾക്ക് നല്ല മനുഷ്യനാകാൻ സാധിക്കുമെന്നു പ്രകൃതിയിലെ പ്രഭാതവർണ്ണനയിലൂടെ ഉപദേശരൂപത്തിൽ കവയിത്രി അവതരിപ്പിക്കുന്നു. വേഡ്സ്വർത്ത് അവതരിപ്പിക്കുന്ന, 'വിഷയം സാധാരണക്കാരുടെ ജീവിതത്തിൽ നിന്നു തെരെഞ്ഞെടുക്കുക, കഴിയുന്നത്ര അവരുടെ ഭാഷയിൽ നിന്നു തെരഞ്ഞെടുത്ത ഭാഷ ഉപയോഗിക്കുക, ഒട്ടൊരസാധാരണത്വം നല്കി ആകർഷകമാക്കുക' ഈ ശൈലിയാണ് വിഭാതവിഭൂതിയിൽ കാണാൻ കഴിയുന്നത്.

**ആശയ വിശദീകരണം**

പൂർവാശയാം മങ്ക മുഖം തെളിച്ചു

പൂന്തേൻതൊഴും പുഞ്ചിരിതൂകിടുന്നു

"പൂമങ്ക" സിംഹാസനമേറിയപ്പോൾ

പൂവേണിമാർ "വഞ്ചി"യിലെന്നപോലെ

വഞ്ചീരാജ്യത്തിൽ ഐശ്വര്യദേവത (മഹാറാണി) അധികാരമേറ്റപ്പോൾ ആ നാട്ടിലെ സ്ത്രീജനങ്ങൾക്ക് മുഖം തെളിഞ്ഞതുപോലെ കിഴക്കുദിക്കാകുന്ന സ്ത്രീ മുഖം

തെളിച്ച് മധുരമായി പുഞ്ചിരിക്കുന്നു.

ചെന്തീനിറം ചേർന്നൊരുപട്ടുവസ്ത്രം
ചാർത്തുന്നിതാമേദിനിയാം വധൂടി;
ചെമ്മേ മണാളന്റെ സമാഗമത്തിൽ
ചമഞ്ഞുനിൽക്കും സതിയെന്നപോലെ

ഭർത്താവിന്റെ ആഗമനസമയത്ത് ചമഞ്ഞു നിൽക്കുന്ന പതിവ്രതയെപ്പോലെ ചെന്തീ നിറമാർന്ന പട്ടുവസ്ത്രം ചാർത്തി ഭൂമി സൂര്യോദയത്തിൽ ഒരുങ്ങിനിന്നു

വിയത്തിലോരോ വികിരങ്ങൾ പാട്ടാൽ
വിപഞ്ചികയ്ക്കും വ്യഥയേകിടുന്നു;
വിദ്വൽകുലം സദ്വചനങ്ങളാലെ
വീണന്റെ ഹൃത്തിന്നഴലേകിടുംപോൽ

പണ്ഡിതന്മാരുടെ (ജ്ഞാനികളുടെ) വാക്കുകൾ വീണന്റെ (പതിതന്റെ) ഹൃദയത്തിന് ദുഃഖം നല്കുന്നതുപോലെ പ്രഭാതത്തിൽ ആകാശത്തിലെ പക്ഷികളുടെ പാട്ട് വീണയ്ക്ക് ദുഃഖമേകുന്നു.

വിദ്വാന്മാരുടെ വാക്കുകൾ പതിതന്മാർക്ക് തിരിച്ചറിവും വിവേകവും നല്കും. അത് ദുഃഖത്തിനും പശ്ചാത്താപത്തിനും ഇടയാക്കും. അത് അവരെ ശുദ്ധീകരിക്കും. അതു പോലെ പക്ഷികളുടെ നൈസർഗ്ഗികമായ പാട്ട് മനുഷ്യനിർമ്മിതമായ വീണയുടെ നാദത്തിന് ദുഃഖം നല്കുന്നു. വീണാനാദത്തെക്കാൾ മധുരതരമാണ് പ്രകൃതിയുടെ നൈസർഗ്ഗിക സംഗീതം എന്നാണിവിടെ സൂചിതമാകുന്നത്.

## പഠനപ്രവർത്തനങ്ങൾ

കവയിത്രി ജീവിത സന്ദർഭങ്ങൾ ധ്വനിപ്പിക്കുന്നതിന് പ്രകൃതിവർണ്ണന ഉപയോഗിച്ചത് എന്തുകൊണ്ടാകാം. കുട്ടികൾ ഈ കവിതയുടെ സവിശേഷതകൾ എന്തെല്ലാമെന്ന കുറിപ്പ് തയാറാക്കി അവതരിപ്പിക്കട്ടെ.

- കവിതയുടെ പേരിന്റെ അർത്ഥം - പ്രഭാതത്തിലെ ഐശ്വര്യം എന്നാണ്.
- പ്രഭാതത്തിന്റെ മനോഹരമായ വർണ്ണന നടത്തുന്നുണ്ട്.
- പ്രഭാതവർണ്ണനയോടൊപ്പം മാനുഷികഭാവങ്ങൾ കൂടി അവതരിപ്പിക്കുന്നുണ്ട്.
- ലളിത പദങ്ങളാണ് പ്രയോഗിച്ചിരിക്കുന്നത്.

ക്രോഡീകരിച്ച് വിശദീകരിക്കാം. വള്ളത്തോളിന്റെ 'പ്രഭാതഗീതം'എന്ന കവിതയിലെ വരികൾ ഉപയോഗപ്പെടുത്താം. പ്രഭാത വർണ്ണന നടത്തുമ്പോൾ മാനുഷികഭാവങ്ങളെ ചേർത്ത് അവതരിപ്പിക്കുന്നത് എന്തുകൊണ്ടായിരിക്കുമെന്ന് ചർച്ച ചെയ്യാം. ശാന്തം കരുണത്തിലെ പഠനപ്രവർത്തനങ്ങളിൽ ഇത് വിശദീകരിച്ചിട്ടുണ്ടല്ലോ.

- പ്രഭാതം മനോഹരമാണ്
- അതു ശാന്തമാണ്
- പ്രഭാതം പല ഭാവമുള്ളതാണ്

പ്രകൃതിയിൽ നിന്നു വിഭിന്നനല്ല മനുഷ്യൻ, പ്രഭാതത്തിലെ പ്രകൃതിയുടെ

പല അവസ്ഥകളും പ്രവർത്തനങ്ങളും മനുഷ്യനുള്ള ഉപദേശങ്ങളായിക്കാണാം. സൂര്യൻ ഉദിക്കുമ്പോൾ ഗുഹക്കകത്ത് കൂരിരുൾ ഓടിയൊളിക്കുന്നത് അറിവുദിക്കുമ്പോൾ മനസിലെ ഇരുട്ട് (അജ്ഞത) അകലുന്നതുപോലെയാണ്.

മന്ദപവനൻ തഴുകവേ കൂരിരുൾ-
ഗ്രന്ഥി ഭേദിച്ചു വിരിയുന്നു കോരകം.
ദേവൻ ദിനേശൻ തൊടുമ്പോൾ തമിസ്രമാം
രാവു വെളിച്ചം വിതറും പ്രഭാതമാം (കളിയച്ഛൻ - പി. കുഞ്ഞിരാമൻ നായർ)

പുൽനാമ്പിലെ വെൺമുത്തിനെ തോല്പിക്കുന്ന മഞ്ഞുതുള്ളികൾ യോജിച്ച നിലയ്ക്കുനിന്നാൽ നിസ്സാരനുപോലും തേജസ്സുണ്ടാകുമെന്ന് കാണിച്ചുതരുന്നു. സമാനാശയങ്ങൾ മറ്റു കവിതകളിൽ നിന്നു കൂടി കുട്ടികൾ കണ്ടെത്തി ആസ്വാദനക്കുറിപ്പ് തയാറാക്കട്ടെ.

ചെമ്മേമണാളന്റെ സമാഗമത്തിൽ

ചമഞ്ഞു നിൽക്കും സതിയെന്നപോലെ എന്ന വരികൾ കുട്ടികൾ വായിക്കട്ടെ. എന്താണ് ഈ വരികളിൽ ഉൾക്കൊള്ളുന്നത്.

- ഇതൊരു പ്രഭാതവർണ്ണനയാണ്
- സൂര്യനാണ് ഇവിടെ മണവാളൻ
- ഭൂമിയാണ് വധു

സൂര്യനെയും ഭൂമിയെയും വധുവരന്മാരായിട്ടാണ് ഇവിടെ സങ്കല്പിച്ചിരിക്കുന്നത്. ഇതു പ്രാചീനമായ ഒരു കല്പനയാണ്. പ്രഭാതം ഭൂമിയ്ക്ക് നല്കുന്ന ഉണർവിനെ മനോഹരമായി ആവിഷ്കരിക്കാൻ ഈ കല്പനയിലൂടെ കഴിഞ്ഞിരിക്കുന്നു.

വിഭാത വിഭൂതി എന്ന ശീർഷകം കവിതയ്ക്ക് എത്രത്തോളം അനുയോജ്യ

മാണ്. കവിത കുട്ടികൾ വായിക്കട്ടെ. കവിതയിൽ അവതരിപ്പിച്ചിരിക്കുന്ന പ്രഭാതത്തിലെ പ്രകൃതി വർണ്ണനകൾ എന്തെല്ലാമാണ്? ചർച്ചചെയ്യാം.

- പൂർവ്വദിങ്മുഖത്തു തെളിയുന്ന പുഞ്ചിരി
- പ്രഭാതത്തിൽ ഭൂമി ചെന്തീനിറം ചേർന്ന പട്ടുവസ്ത്രം ധരിച്ച് വധൂടിയാകുന്നു.
- പക്ഷികളുടെ മധുരഗാനം
- പുൽക്കൊടിത്തുമ്പിലെ തുഷാരബിന്ദു.

പ്രകൃതി ചിത്രങ്ങൾ തികച്ചും ആഹ്ലാദകരമായ അനുഭവമാണ് ആസ്വാദകന് സമ്മാനിക്കുന്നത്. അവയിലൊന്നുപോലും അശുഭകരമോ വിഷാദാത്മകമോ അല്ല. 'വിഭാത വിഭൂതി' എന്നാൽ പ്രഭാതത്തിലെ ഐശ്വര്യം എന്നാണ് അർത്ഥം. മാനവ പ്രകൃതിയിലെ ദൗർബല്യങ്ങളും പരിമിതികളും പരാമർശ്ക്കപ്പെടുന്ന കവിതയിൽ പ്രകൃതിയെ പ്രസാദപൂർണ്ണവും ഉത്സാഹപ്രദവുമായ അനുഭവമായാണ് ചിത്രീകരിച്ചിരിക്കുന്നത്.

ചർച്ചയ്ക്കും വിശകലനത്തിനുമൊടുവിൽ വിഭാത വിഭൂതി എന്ന ശീർഷകത്തിന്റെ ഔചിത്യം കുട്ടികൾ തന്നെ കണ്ടെത്തട്ടെ.

# വേഡ്സ്വർത്ത് - കോള്റിഡ്ജ് സംവാദം

### പാഠവിശകലനം

പാശ്ചാത്യസാഹിത്യ വിമർശന തത്ത്വങ്ങൾ പരിചയപ്പെടുത്തുന്ന ഡോ. എം. അച്യുതന്റെ കൃതിയാണ് പാശ്ചാത്യസാഹിത്യ ദർശനം. പ്രസ്തുത പുസ്തകത്തിലെ വേഡ്സ് വർത്തും കോള്റിഡ്ജും തമ്മിലുള്ള സംവാദം പാശ്ചാത്യകാല്പനിക പ്രസ്ഥാനത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ വ്യക്തമാക്കുന്നു. കാല്പനിക കാവ്യഭാഷയുടെയും കാവ്യസങ്കല്പത്തിന്റെയും സവിശേഷതകൾ ഈ സംവാദത്തിൽ നിന്നു മനസ്സിലാക്കാം.

വില്യംവേഡ്സ്വർത്തും സാമുവൽ കോള്റിഡ്ജും കാല്പനിക പ്രസ്ഥാനത്തിന്റെ ഉദ്ഘാടകരും നിരൂപകരുമാണ്. ഇംഗ്ലീഷ് കാല്പനിക പ്രസ്ഥാനത്തിന്റെ പ്രകടനപത്രികയായാണ് വേർഡ്സ്വർത്തിന്റെ നിരൂപണങ്ങളെ പരിഗണിക്കുന്നത്. മഹാനായ ഒരു നിരൂപകനല്ലെങ്കിലും 1798-ൽ അദ്ദേഹം പ്രസിദ്ധീകരിച്ച ലിറിക്കൽ ബാലഡ്സിന്റെ അവതാരിക ഇംഗ്ലീഷ് സാഹിത്യദർശന ചരിത്രത്തിലെ നാഴികക്കല്ലാണ്. കവിതയിലെ പരമ്പരാഗത ശീലങ്ങളോട് സന്ധിചെയ്യുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ആ കാലഘട്ടത്തിൽ സ്വന്തം കവിതയ്ക്ക് നേരിടേണ്ടിവന്ന നിശിത

വിമർശനങ്ങളോടുള്ള പ്രതികരണം കൂടിയായിരുന്നു ലിറിക്കൽ ബാലഡ്സിന് അദ്ദേഹമെഴുതിയ മുഖവുര. ചുരുക്കത്തിൽ നിയോക്ലാസിക് പ്രസ്ഥാനത്തിന്റെ ദുഷിച്ച പ്രവണതകൾക്കെതിരെ റൊമാന്റിക് മനസ്സുള്ള ഒരു കവി നടത്തിയ പ്രതിഷേധ മാണ് അദ്ദേഹത്തിന്റെ കാവ്യസിദ്ധാന്തങ്ങൾ.

ലിറിക്കൽ ബാലഡ്സിന്റെ ആദ്യ അവതാരികയിൽ "കരുത്തുറ്റ വികാരങ്ങളുടെ നൈസർഗ്ഗികമായ ബഹിർഗമനമാണ് എല്ലാ നല്ല കവിതയും" എന്ന് അദ്ദേഹം കവിതയെ നിർവ്വചിക്കുന്നു. വികാരവായ്പുകൊണ്ടാണ് സ്വന്തം കവിതകളിൽ ക്രീയ കൾക്കും സന്ദർഭങ്ങൾക്കും പ്രാധാന്യം വർദ്ധിക്കുന്നതെന്നും മറിച്ച് സന്ദർഭങ്ങളോ ക്രിയകളോ അല്ല കവിതയിലെ വൈകാരികതയ്ക്ക് കാരണമെന്നും അദ്ദേഹം പറ യുന്നു. ആ കാലഘട്ടത്തിലെ കവിത ദൂഷിതവും (vicious) വ്യഭിചരിക്കപ്പെട്ടതും (Adulterated) വികലവും (distorted) പുറം പകിട്ടുള്ളതും (glossy) നിർവി കാരവും (unfeeling) ആകയാൽ കൃത്രിമമാണെന്നാണ് അദ്ദേഹത്തിന്റെ അഭി പ്രായം ആ ദുർമ്മേദസ്സുറ്റ ഭാഷയിൽ വർണ്ണിച്ചുകൂട്ടുന്നതിനോടുള്ള പ്രതിഷേധമാണ് പുതിയ കാവ്യസരണി രൂപപ്പെടുത്തുന്നതിന് അദ്ദേഹത്തിന് പ്രേരണയായത്. അതോ ടൊപ്പം ശാസ്ത്രവും വ്യാവസായിക വിപ്ലവവും നഗരജീവിതത്തിൽ കലർത്തിയ കൃത്രിമത്വവും അദ്ദേഹത്തെ ഗ്രാമീണ കാമുകനാക്കുന്നതിൽ പങ്കുവഹിച്ചു. ഗ്രാമീണ ജീവിതത്തിന്റെ നൈസർഗ്ഗികത്വം, ലാളിത്യം, അകൃത്രിമത്വം, ശാശ്വതമായ പ്രകൃ തിഘടകങ്ങളോട് അതിനുള്ള ആഴമേറിയ ബന്ധം, സംവേദനത്വം സാർവ്വജനീനത സ്വാഭാവികത എന്നിവയെല്ലാം വേഡ്സ്വർത്തിനെ ലഹരിപിടിപ്പിച്ചു. കവി എന്ന നിലയിലുള്ള പ്രകൃതിസ്നേഹം കൂടിയായപ്പോൾ അദ്ദേഹം ഗ്രാമീണ ജീവിതത്തിന്റെ ആരാധകനായിത്തീർന്നു. അതുകൊണ്ടാണ് അദ്ദേഹം റൂസ്സോവിനെപ്പോലെ പ്രാകൃ തികതാവാദിയായത്.

ജീവിതവും കലയും ഒന്നല്ല അതിനാൽ കലയിൽ ഒരു പരിധിവരെ കൃത്രിമത്വമു ണ്ടെ ലിറിക്കൽ ബാലഡ്സിന്റെ രണ്ടാം പതിപ്പിന്റെ മുഖവുരയിൽ വേഡ്സ്വർത്ത് വ്യക്തമാക്കുന്നു. ഇക്കാര്യം മിൽട്ടന്റെ ലിസിഡസിനെ വിമർശിച്ചുകൊണ്ട് ഡോക്ടർ ജോൺസൺ മുൻപുതന്നെ വ്യക്തമാക്കിയിട്ടുണ്ട്. കവിത നൈസർഗ്ഗിക വികാര പ്രകാശനമാണെന്ന് ജോൺസൺ അംഗീകരിക്കുന്നില്ല. എന്നാൽ വേർഡ്സ്വർത്ത് അത് അംഗീകരിച്ച് സിദ്ധാന്തിക്കുന്നു.

കവിത കരുത്തുറ്റ നൈസർഗ്ഗിക വികാരങ്ങളുടെ ബഹിർഗമനമാണെന്നും പ്രശാന്തതയിൽ അനുസ്മരിക്കപ്പെടുന്ന വികാരത്തിൽ നിന്നാണതിന്റെ ഉത്ഭവമെന്നും വേഡ്സ്വർത്ത് പറയുന്നു. വികാരങ്ങൾ പ്രാകൃതാവസ്ഥയിൽ ഹൃദയത്തെ കീഴട ക്കുമ്പോഴല്ല കവിത ഉത്ഭവിക്കുന്നത്. അത്തരം സന്ദർഭങ്ങൾ പിന്നീട് പ്രശാന്താവ സ്ഥയിൽ പുനരാലോചനയ്ക്ക് വിധേയമാവുമ്പോഴാണ് കവിയുടെ വികാരം എങ്ങനെ കവിതയായി പരിവർത്തിക്കപ്പെടുന്നു എന്ന് ഇവിടെ വ്യക്തമാകുന്നു.

യഥാർത്ഥ ജീവിത വികാരത്തെ അനുസ്മരണത്താൽ വീണ്ടും ഉണർത്തി തത്തുല്യമായ വികാരം അന്യഹൃദയത്തിൽ ഉണ്ടാക്കാൻ ദൈനംദിന വ്യവഹാരഭാഷകൊണ്ടു കഴിയുമോ എന്ന ചോദ്യം ഉയരുന്നുണ്ട്. ഇതിനു വേഡ്സ്വർത്ത് നല്കുന്ന മറുപടി വിഷയം സാധാരണക്കാരുടെ ജീവിതത്തിൽ നിന്ന് തെരഞ്ഞെടുത്ത് സാധാരണക്കാരുടെ ഭാഷയിൽ എഴുതുക. ഒട്ടൊരസാധാരണത്വം നല്കി ആകർഷകമാക്കാനായി വസ്തുതകളിൽ ഭാവനയുടെ വർണ്ണം പൂശുക എന്നതാണ്. ലിറിക്കൽ ബാലഡ്സിന്റെ അവതാരികയിലൂടെ ഇതാണ് അദ്ദേഹം ലക്ഷ്യമാക്കുന്നത്. ഇതിനുദാഹരണമായി we are seven എന്ന കവിത അദ്ദേഹം അവതരിപ്പിച്ചു.

വേർഡ്സ്വർത്തിന്റെ ശൈലി അതിലളിതമല്ലെന്നും അത് സംഭാഷണഭാഷയിൽ നിന്നും ഗദ്യത്തിൽ നിന്നും വിഭിന്നമാണെന്നും പലരും വിമർശിച്ചിട്ടുണ്ട്. എങ്കിലും കാവ്യശൈലിയുടെ ലാളിത്യം, ആത്മാർത്ഥത അകൃത്രിമമായ സ്വാഭാവികത എന്നിവയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ശ്രദ്ധേയമാണ്.

**കോള്റിഡ്ജിന്റെ മറുപടി**

പാശ്ചാത്യ സാഹിത്യ വിമർശനത്തിലെ ഏറ്റവും വലിയ കാല്പനിക വിമർശകനാണ് സാമുവൽ ടെയ്‌ലർ കോള്റിഡ്ജ്. സെയ്ന്റ്ബറി തന്റെ സാഹിത്യ വിമർശന ഗ്രന്ഥത്തിൽ കോള്റിഡ്ജിനെ അരിസ്റ്റോട്ടിലിനും ലോംഗിനസിനും സമശീർഷനായിട്ടാണ് വിശേഷിപ്പിച്ചിരിക്കുന്നത്. കാവ്യഭാഷയെപ്പറ്റി വേഡ്സ്വർത്ത് പറഞ്ഞ കാര്യങ്ങളുടെ ഗുണദോഷ വിചിന്തനമെന്ന നിലയ്ക്കാണ് കോളിറിഡ്ജ് തന്റെ വാദങ്ങൾ അവതരിപ്പിക്കുന്നത്.

ഭാഷയുടെയും വികാരത്തിന്റെയും നൈസർഗ്ഗികതയിലാണ് വേഡ്സ്വർത്ത് ശ്രദ്ധിക്കുന്നതെങ്കിലും അദ്ദേഹത്തിന്റെ പലകവിതകളിലും ആ നിയമം അനുസരിക്കുന്നില്ല എന്ന് കോള്റിഡ്ജ് അഭിപ്രായപ്പെടുന്നു. പ്രകൃതിവിചാരങ്ങളെ ഉത്തേജിപ്പിക്കണമെങ്കിൽ വിദ്യാഭ്യാസവും സംവേദനക്ഷമതയും വേണം എന്നാണ് അദ്ദേഹത്തിന്റെ നിലപാട്. കവിത ആദർശാത്മക ജീവിതാവിഷ്കാരമായിരിക്കണമെന്ന അരിസ്റ്റോട്ടിലീയൻ തത്ത്വത്തെയാണ് അദ്ദേഹം പിൻതാങ്ങുന്നത്. കവിതയിൽ ഗ്രാമീണ ജീവിതം മാത്രമേ വിഷയമാക്കാവൂ എന്ന വാദം അർത്ഥശൂന്യമാണെന്ന് അദ്ദേഹം പറയുന്നു.

കോള്റിഡ്ജിന്റെ അഭിപ്രായത്തിൽ ഗ്രാമീണർക്കാവശ്യമായ ഭാഷ അവർക്കുണ്ട് എന്നല്ലാതെ അവരുടേത് ഉത്കൃഷ്ടഭാഷയല്ല. അവരുടെ ആശയലോകം ചെറുതായതിനാൽ വിപുല ആശയലോകത്തിന്റെ അധിപതിയായ കവിക്ക് ആ ഭാഷ മതിയാകില്ല. വൈയക്തികതയ്ക്കും വ്യക്തി ഉൾപ്പെട്ടു നിൽക്കുന്ന വർഗ്ഗത്തിന്റെ സവിശേഷതകൾക്കും പദങ്ങളുടെ സാർവലൗകികതയ്ക്കും അനുസരിച്ചാണ് മനുഷ്യഭാഷ രൂപപ്പെടുന്നത്. ഇങ്ങനെ രൂപപ്പെടുന്ന ഭാഷ എല്ലായിടത്തും എന്നപോലെ ഗ്രാമീരുടെ ഇടയിലുമുണ്ട്.

ഗദ്യത്തിലെയും പദ്യത്തിലേയും ഭാഷയ്ക്ക് തമ്മിൽ സാരമായ വ്യത്യാസമില്ല എന്ന വേഡ്സ്വർത്തിന്റെ വാദത്തെയും കോള്റിഡ്ജ് ഖണ്ഡിക്കുന്നുണ്ട്. ഗദ്യരചനയ്ക്കെന്നപോലെ കവിതയുടെയും മാധ്യമം വാക്കുകളാണ്. എന്നാൽ ഉദ്ദേശ്യത്തിൽ സംഭവിക്കുന്ന വ്യത്യാസംമൂലം, പദപ്രയോഗത്തിൽ സംഭവിക്കുന്ന വ്യത്യാസമാണ് ഗദ്യത്തെയും കവിതയെയും വേർതിരിക്കുന്നതെന്ന് അദ്ദേഹം പറയുന്നു.

ഛന്ദസ്സിനെക്കുറിച്ചും കോള്റിഡ്ജ് അഭിപ്രായപ്പെടുന്നുണ്ട് ഛന്ദസ്സ് വികാരതീവ്രമായ മനസ്സിൽ നിന്നാണ് ഉണ്ടാകുന്നത്. വികാരത്തിന്റെ അനിയന്ത്രിത പ്രവാഹത്തെ യഥോചിതം നിയന്ത്രണവിധേയമാക്കി ആവിഷ്ക്കരിക്കുന്നതിനുള്ള മനസ്സിന്റെ നൈസർഗ്ഗികമായ പരിശ്രമത്തിന്റെ ഫലമാണ് ഛന്ദസ്സ്. അത് ആസ്വാദകന്റെ ശ്രദ്ധയെ ഉത്തേജിപ്പിക്കുന്നു. എന്നാൽ വികാരത്തിന്റെ ഭാഷയായ കവിതയ്ക്ക് ഛന്ദസ്സ് കൃത്രിമമോ ബാഹ്യമോ ആയ ആകർഷകതയല്ല. ആശയത്തിന്റെയും വികാരത്തിന്റെയും അംഗോപാംഗങ്ങളുടെ സ്വാഭാവികമായ പൊരുത്തത്തിൽ നിന്നാണ് ആനന്ദം ഉണ്ടാകുന്നത്. ആനന്ദം നല്കുക എന്ന പ്രധാന ലക്ഷ്യത്തിന് അനുകൂലമായ ആഭ്യന്തര ഘടകമാണ് ഛന്ദസ്സ്. ഛന്ദസ്സില്ലാതെയും കവിതയുണ്ടാകാമെന്ന് പ്ലേറ്റോയുടെ കാവ്യഭാഷ ഉദാഹരിച്ചുകൊണ്ട് അദ്ദേഹം സമർത്ഥിക്കുന്നു.

കാവ്യഭാഷയെക്കുറിച്ചുള്ള കോള്റിഡ്ജിന്റെ ചിന്തകൾക്ക് എക്കാലത്തും പ്രസക്തിയുണ്ടെന്ന് കാണാൻ കഴിയും. കാവ്യത്തിലെ അനുഭവങ്ങൾ ജീവിതത്തിൽ നിന്നും വരുന്നു എന്നും അതിന്റെ പ്രകാശനം ജീവൽഭാഷയിൽ (ഗ്രാമീണ ഭാഷയിൽ) ആയിരിക്കണമെന്നും വേഡ്സ്വർത്ത് പറയുന്നു. ഈ വാദത്തിന്റെ പ്രായോഗിക തലത്തിലുള്ള ദോഷങ്ങളെടുത്തുകാട്ടുകയും കാവ്യഭാഷാശൈലിയെപറ്റി കുറേക്കൂടി മൗലികമായ തത്ത്വങ്ങളിലേക്ക് വിരൽ ചൂണ്ടുകയുമാണ് ഈ സംവാദത്തിലൂടെ കോള്റിഡ്ജ്.

**ലിറിക്കൽ ബാലഡ്സ്**

ഇംഗ്ലീഷ് കാല്പനിക പ്രസ്ഥാനത്തിന്റെ വക്താക്കളായ കവികളും നിരൂപകരുമാണ് വില്യം വേഡ്സ്വർത്തും സാമുവൽ ടെയ്ലർ കോള്റിഡ്ജും. 1795-ൽ ഇവർ തമ്മിലുള്ള കൂടിക്കാഴ്ചയും കാവ്യചർച്ചയും ഒരു കാലഘട്ടത്തിന്റെ കാവ്യദർശനത്തെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കു വഹിച്ചു. ഇരുവരുടെയും കവിതകൾ 1798-ൽ Lyrical Ballads എന്ന പേരിൽ പ്രസിദ്ധീകരിച്ചു. ഇത് കാല്പനിക പ്രസ്ഥാനത്തിന്റെ വിളംബരമായി കണക്കാക്കപ്പെടുന്നു.

ആദ്യപതിപ്പിൽ വേഡ്സ്വർത്ത് എഴുതിച്ചേർത്ത സംക്ഷിപ്തകുറിപ്പാണ് Advertisement to the Lyrical Ballads 1800-ൽ പ്രകാശനം ചെയ്ത രണ്ടാം പതിപ്പിൽ വിശദമായ മുഖവുര അദ്ദേഹം എഴുതിചേർത്തു. ഇത് Preface to the Lyrical' Ballads എന്ന് അറിയപ്പെടുന്നു. 1802-ൽ

പുറത്തിറക്കിയ പതിപ്പിൽചേർത്ത കാവ്യഭാഷയെക്കുറിച്ചുള്ള അനുബന്ധക്കുറിപ്പാണ് Appendix on poetic Diction. 1815-ലെ പതിപ്പിൽ 'Supplementary to preface' കൂട്ടിച്ചേർത്തു. ഈ പതിപ്പിലെ മുഖവുരയിൽ 'Imagination and fancy' എന്ന വിഷയത്തിൽ ചില നൂതനാശയങ്ങൾ അദ്ദേഹം അവതരിപ്പിക്കുന്നു.

നിരന്തരമായ ചിന്തയുടെയും പരിഷ്കരണത്തിന്റെയും സുഹൃത്കവിയുടെ ധൈഷണിക സഹകരണത്തിന്റെയും പരിണിത ഫലമാണ് 'Lyrical Ballads' ന്റെ ആമുഖത്തിലൂടെ പ്രത്യക്ഷപ്പെടുന്ന വേർഡ്സ്വർത്തിന്റെ കാവ്യദർശനം.

**We are Seven**

ഗ്രാമീണ ജീവിതവും ഭാഷയും ഗ്രാമീണ ഇതിവൃത്തവും കവിതയിൽ വേണം എന്ന് സിദ്ധാന്തിച്ച വില്യം വേഡ്സ്വർത്ത് അതിനുദാഹരിച്ച കവിതയാണ് We are Seven . ഗ്രാമത്തിലെ ഒരു കുട്ടിയുമായി കവി നടത്തുന്ന സംഭാഷണരൂപത്തിലുള്ള കവിതയാണ് ഇത്. അവളുടെ വീട്ടിൽ എത്ര അംഗങ്ങളാണുള്ളത് എന്ന കവിയുടെ ചോദ്യത്തിന് ഞങ്ങളേഴുപേരാണെന്ന് അവൾ മറുപടി നല്കുന്നു. അവളുടെ വിശദീകരണത്തിൽ നിന്ന് അവൾ മരണപ്പെട്ട രണ്ടു സഹേദരന്മാരെ ഇപ്പോഴും അംഗങ്ങളായി കണക്കാക്കുന്നുവെന്ന് കവി തിരിച്ചറിയുന്നു. അതിനെക്കുറിച്ച് കവി സംശയമുന്നയിക്കുമ്പോൾ അവൾ തന്റെ മറുപടിയിൽ ഉറച്ചുനിൽക്കുകയാണ്.

മരണം എന്ന സത്യത്തെ വിശ്വാസത്തിലൂടെ മറികടക്കുവാൻ ശ്രമിക്കുന്നത് ഈ കവിതയിൽ പ്രതിഫലിക്കുന്നു. അതീന്ദ്രിയമായ, പവിത്രമായ സ്നേഹം എന്ന ആശയത്തെ ഗ്രാമീണമായ ഭാഷയിലൂടെ ഇതിവൃത്തത്തിലൂടെ വേഡ്സ്വർത്ത് ഈ കവിതയാൽ ആവിഷ്ക്കരിക്കുന്നു.

"ആരും തോഴീ ! യുലകിൽ മറയു-
ന്നില്ല; മാംസം വെടിഞ്ഞാൽ
തീരുന്നില്ലീ പ്രണയജടിലം
ദേഹിതൻ ദേഹബന്ധം"

എന്ന കുമാരനാശാന്റെ വരികളുടെ സമാനാശയം ഈ കവിതയിൽ കാണാം

## പഠനപ്രവർത്തനങ്ങൾ

വേഡ്സ്വർത്ത് - കോളിറിഡ്ജ് സംവാദമാതൃകയിൽ ഉത്തമകലാസൃഷ്ടിക്ക് ഗ്രാമീണ ജീവിതാനുഭവങ്ങൾ അനിവാര്യമാണോ എന്ന വിഷയത്തെ മുൻനിർത്തി സംവാദം സംഘടിപ്പിക്കാം.

പാഠഭാഗം വായിച്ച് കുട്ടികൾ ആശയങ്ങൾ കുറിപ്പാക്കട്ടെ. പ്രധാനാശയങ്ങൾ അവതരിപ്പിക്കട്ടെ. ഏതൊക്കെ ആശയങ്ങൾ അവർ അവതരിപ്പിക്കാം.

- കരുത്തുറ്റ വികാരങ്ങളുടെ നൈസർഗ്ഗികമായ വികാരമാണ് കവിത എന്ന് വേഡ്സ്വർത്ത് പറയുന്നു.
- നിലവിലുള്ള ദുർമ്മേദസ്സുറ്റ കാവ്യഭാഷയോടുള്ള എതിർപ്പാണ് വേർഡ്സ്വർത്തിന്റെ കാവ്യനിരൂപണത്തിലുള്ളത്. വേഡ്സ്വർത്തിന്റെ നിലപാടുകളെ അദ്ദേഹം തന്നെ അംഗീകരിക്കുന്നില്ലെന്ന് കോള്റിഡ്ജ് പറയുന്നു.
- കവിത ആദർശാത്മക ജീവിതമായിരിക്കണം എന്നാണ് കോള്റിഡ്ജിന്റെ വാദം.
- 
- 

കൂടുതൽ ചർച്ചയും കൂട്ടിച്ചേർക്കലുകളുമാകാം. പ്രാധാന്യക്രമത്തിൽ ചാർട്ടുചെയ്യുക. ഒരേ കാലഘട്ടത്തിലെ കവികൾക്ക് കവിതയെകുറിച്ചുള്ള അഭിപ്രായങ്ങളിലെ വ്യത്യാസങ്ങൾ എന്തെല്ലാമാണ്. കുട്ടികൾ എഴുതി അവതരിപ്പിക്കട്ടെ.

- ഗ്രാമീണ ഭാഷയാണ് കാവ്യഭാഷയ്ക്കുചിതമെന്ന് വേഡ്സ്വർത്ത് പറയുന്നു.
- കാവ്യഭാഷയിൽ കൃത്രിമത്വം വർജ്ജിക്കണം എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.
- ഗ്രാമീണരുടെ ആശയലോകം ചെറുതായതിനാൽ ഗ്രാമീണഭാഷ ഉത്കൃഷ്ട ഭാഷയെന്ന് പറയാൻ കഴിയില്ലെന്ന് കോള്റിഡ്ജ്.
- കോള്റിഡ്ജിന്റെ അഭിപ്രായത്തിൽ കവിതയുടെ പ്രധാനലക്ഷ്യം ആനന്ദം ഉണ്ടാക്കുകയാണ്.
- 
- 

ഇതിൽ ഏതാണ് കൂടുതൽ യുക്തിഭദ്രമായ അഭിപ്രായം. കുട്ടികൾ നിരീക്ഷണങ്ങൾ അവതരിപ്പിക്കട്ടെ. ചർച്ചയാകാം.

കുട്ടികളെ നാലു ഗ്രൂപ്പുകളാക്കിത്തിരിക്കാം. രണ്ടു ഗ്രൂപ്പുകൾക്ക് വേഡ്സ്വർത്തിന്റെ വാദങ്ങളും മറ്റു രണ്ടു ഗ്രൂപ്പുകൾ കോള്റിഡ്ജിന്റെ വാദങ്ങളും സംഗ്രഹിക്കട്ടെ. ഗ്രൂപ്പിൽ അവതരിപ്പിച്ച് മെച്ചപ്പെടുത്തിയത് ഒന്നോ

രണ്ടോ പേർക്ക് സ്വന്തം ഭാഷയിൽ പ്രഭാഷണരൂപത്തിൽ ക്ലാസ്സിൽ അവതരിപ്പിക്കുന്നതിന് അവസരം നല്കാം. ഇതിനുശേഷം കാവ്യഭാഷ, പ്രമേയം എന്നിവയെക്കുറിച്ചുള്ള വേഡ്സ്വർത്തിന്റെയും കോള്ഡ്ജിന്റെയും അഭിപ്രായങ്ങളിൽ ആരുടേതാണ് കൂടുതൽ സമുചിതമെന്നതിനെക്കുറിച്ച് ചർച്ച നടത്താം.

എൻ. എൻ. പിള്ളയുടെ അഞ്ഞൂറാൻ സ്വരത്തിൽ
വയസ്സൻ പറഞ്ഞു; മക്കളേ
കൊണ്ടു വരിനെടാ ജെ. സി. ബി
വെട്ടിമാറ്റാം നമുക്കീ മല
മലപോയാ ഈ തിണ്ണേന്നുകാണാം
ഉദയം,
നമ്മടെ വാഴക്കണ്ടം
ചവിട്ടിയൊടിക്കാൻ വരുന്ന
ബൂട്ടിട്ട കാട്ടാനേം
* * * * * * * * *
നിരത്തിന്റെ അർത്ഥമാ അപ്പൻ പഠിച്ചേ;
ഞങ്ങള് പൊക്കത്തിന്റേം.
അല്ലെങ്കിൽ ഇവിടെ ഹോങ്കോങ്ങിലെയൊക്കെപ്പോലെ
ഹിൽവ്യൂ / പീക്ക്വ്യൂ അപ്പാർട്ട്മെന്റ്സ് കെട്ടാൻ
എന്നേ പറഞ്ഞേനെ അപ്പൻ.
ഇത്തവണ ഞങ്ങളങ്ങ്
കൊണ്ടുപോവ്വാ അപ്പനെ;
എവിടാ അപ്പനിഷ്ടമെന്നു വെച്ചാ അവിടേക്ക്.
മടി സഞ്ചിയിൽ മലയുമായ് പറന്ന
കങ്കാരുവുണ്ടപ്പാ ആസ്ട്രേലിയക്കാരുടെ
പഴങ്കഥയിൽ; സൂപ്പർ ഹനുമാൻ.
മനസ്സുറാഞ്ചി പക്ഷിയുണ്ട്
അമേരിക്കക്കാരുടെ കഥയിൽ,
ആന റാഞ്ചീം
ആത്മാവുറാഞ്ചീമൊക്കെപണ്ട്
നമുക്കുണ്ടാരുന്നപോലെ.
അപ്പൻ തന്നെ തീരുമാനിച്ചാ മതി
എവിടേയ്ക്കെന്ന്

*(പർവ്വതങ്ങളെ നീക്കം ചെയ്യാൻ മോഹിച്ച*
*നാടൻ വൃദ്ധൻ - കെ. ജി. ശങ്കരപ്പിള്ള)*

ഈ കവിതയ്ക്ക് ഒരാസ്വാദനം കുട്ടികൾ തയ്യാറാക്കട്ടെ. സംഘമായി തയ്യാറാക്കി മെച്ചപ്പെടുത്തി അവതരിപ്പിച്ചാലും മതിയാകും. ഗ്രാമീണജീവിതവും അവരുടെ ഭാഷയിൽ നിന്ന് തെരെഞ്ഞെടുത്ത ഭാഷയുമാണ് കവിതയിൽ വേണ്ടത് എന്ന വേഡ്സ്വർത്തിന്റെ വാദം പൂർണ്ണമായും ശരിയാണെന്ന് പറയാമോ. മുകളിൽ ചേർത്ത കവിതയുടെ ആസ്വാദനത്തിന്റെ വെളിച്ചത്തിൽ കുട്ടികൾ നിരീക്ഷണങ്ങൾ പങ്കുവയ്ക്കട്ടെ.

- ഗ്രാമഭാഷ ആപേക്ഷികമാണ്
- നഗരത്തിലുള്ളതും മനുഷ്യരാണ്. അവർക്കും ജീവിതമുണ്ട്.
- ആ ജീവിതവും വൈകാരികമായി ആവിഷ്കരിക്കപ്പെടേണ്ടതുതന്നെയാണ്.
- സവിശേഷ മനുഷ്യ ജീവിതാവസ്ഥ ആവിഷ്കരിക്കാൻ സമർത്ഥമായതെന്തോ അതാണ് കാവ്യഭാഷ

അങ്ങനെ നോക്കുമ്പോൾ ഗ്രാമീണഭാഷയും, ഗ്രാമീണമായ വികാരാവിഷ്കരണങ്ങളും മാത്രമാണ് കാവ്യഭാഷയും കവിതയും എന്ന ആശയത്തിനുമപ്പുറമുള്ളതാണ് കാവ്യഭാഷ എന്നുകാണാം. കുട്ടികൾ കൂടുതൽ കവിതകൾ വിശകലനം ചെയ്ത് നിരൂപണം തയ്യാറാക്കട്ടെ.

കവിതയിലെ ഛന്ദസ്സിനെക്കുറിച്ചുള്ള കോള്റിഡ്ജിന്റെ അഭിപ്രായം സമകാലിക കവിതയുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യാം. കുട്ടികൾ പരിചയമുള്ള ഒരു കവിത ചൊല്ലട്ടെ. കവിതയുടെ ആശയങ്ങളും ഉള്ളടക്കവും മാത്രമാണോ നമ്മെ കവിതയോടടുപ്പിക്കുന്നത്. കുട്ടികൾ അഭിപ്രായം പറയട്ടെ.

- ഈണം
- താളം
- ശബ്ദാവർത്തനം
-
-

ഇവയെല്ലാം സാധാരണ അനുവാചകനെ കവിതയോടടുപ്പിക്കുന്നുണ്ട്. ഈ ആശയത്തോട് കോള്റിഡ്ജിന്റെ ആശയം എത്രത്തോളം പൊരുത്തപ്പെടുന്നുണ്ട്. കുട്ടികൾ വിശദീകരിക്കട്ടെ. കവിതയിൽ നിങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുന്ന ഘടകങ്ങൾ എന്തെല്ലാം? കുട്ടികൾ കണ്ടെത്തട്ടെ.

- ജീവിത പ്രതിപാദനം
- ഇതിൽ പരാമർശിക്കുന്ന സാമൂഹ്യപ്രശ്നങ്ങൾ
- ബിംബങ്ങൾ

- കാവ്യകല്പനകൾ

ഇങ്ങനെയാണെങ്കിൽ, കവിതയ്ക്ക് ഛന്ദസ്സ് നിർബന്ധമാണോ. ഈ വിഷയത്തെക്കുറിച്ച് ഇതുവരെ ഉയർന്നുവന്ന വാദങ്ങളുടെ പശ്ചാത്തലത്തിൽ കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കട്ടെ.

- കവിതയുടെ സ്വഭാവമാണ് ഛന്ദസ്സ് വേണോ വേണ്ടയോ എന്ന തീരുമാനത്തിനടിസ്ഥാനം.
- ഭാവാത്മക കവിതയ്ക്ക് ഛന്ദസ്സ് അനുകൂല ഘടകമാകാം.
- കവിതകളെല്ലാം ഭാവാത്മകമാകണമെന്നില്ല അതുകൊണ്ടുതന്നെ ഛന്ദസ്സ് നിർബന്ധമാണെന്ന് പറയാൻ കഴിയില്ല.

പാശ്ചാത്യ പൗരസ്ത്യ കാവ്യമീമാംസയുടെ അടിസ്ഥാനത്തിൽ കവിതകൾ വിശകലനം ചെയ്യാം. വേഡ്സ്വർത്തിന്റെയും ആനന്ദവർദ്ധന്റെയും സാഹിത്യസിദ്ധാന്തങ്ങളെയും അവയുടെ നിർവ്വചനങ്ങളെയും കുറിച്ച് കുട്ടികളോട് പറയാം. ആനന്ദവർദ്ധനന്റെ ധ്വനി സിദ്ധാന്തവും വേഡ്സ്വർത്തിന്റെ കാവ്യപുനർനിർവചനവും കുട്ടികൾ പാഠഭാഗങ്ങളിലൂടെ പരിചയപ്പെട്ടിട്ടുണ്ട്. സിദ്ധാന്തങ്ങളുടെ പ്രധാനാശയങ്ങൾ കുട്ടികൾ കുറിപ്പാക്കട്ടെ.

തുടർന്ന് നിർവചനങ്ങൾക്കനുസൃതമായി കുട്ടികൾക്ക് പരിചയമുള്ള കവിതകൾ അവർ ഉദാഹരിക്കട്ടെ. ധാരാളം കവിതകൾ അവർ ഉദാഹരിക്കാം. അവയിൽ നിന്ന് രണ്ടു സിദ്ധാന്തങ്ങൾക്കും അനുയോജ്യമായ രണ്ട് കവിതകൾവീതം അധ്യാപകന് തെരെഞ്ഞെടുക്കാം. കുട്ടികളെ നാലു ഗ്രൂപ്പുകളാക്കിത്തിരിച്ച് ഓരോ സംഘത്തിനും ഓരോകവിത വിശകലനത്തിനായി നല്കാം. രണ്ടുഗ്രൂപ്പുകൾക്ക് വികാരങ്ങളുടെ പ്രവാഹമായ കവിത. രണ്ടു ഗ്രൂപ്പുകൾക്ക് ധ്വന്യാത്മകമായ കവിത ഗ്രൂപ്പിൽ വിശലനം നടത്തി ഒരാൾ വിശകലനക്കുറിപ്പ് അവതരിപ്പിക്കട്ടെ. വിശകലനത്തിൽ എന്തെല്ലാം ആശയങ്ങൾ ലഭിക്കാം.

- കവിതയുടെ ഉള്ളടക്കം
- പദപ്രയോഗത്തിലുള്ള സവിശേഷതകൾ
- പ്രതിഫലിക്കുന്ന സാമൂഹിക ജീവിതം
- അവതരണരീതി
- താളത്തിന്റെ പ്രത്യേകത

മറ്റു ഗ്രൂപ്പുകൾക്ക് കൂട്ടിച്ചേർക്കൽ നടത്താം. ഓരോ കവിതയുടെയും സവിശേഷതകൾ ക്രോഡീകരിച്ച് സിദ്ധാന്ത പരിചയവും വിശകലനവും കൃത്യമാക്കണം.

തുടർന്ന് ഓരോ ഗ്രൂപ്പിനും മുൻപ് വിശകലനം നടത്തിയ അതേ സിദ്ധാന്തത്തിൽപ്പെടുന്ന ഓരോ കവിതകൾകൂടി നല്കാം. കരുത്തുറ്റ വികാരങ്ങളുടെ നൈസർഗ്ഗികപ്രവാഹം - പാടുന്ന പിശാച്, മണിനാദം.

**മണിനാദം.**

മണിമുഴക്കം! മരണദിനത്തിന്റെ
മണിമുഴക്കം മധുരം! - വരുന്നു ഞാൻ!
ചിരികൾ തോറുമെൻ പട്ടടത്തീപ്പൊരി
ചിതറിടുന്നോരരങ്ങത്തുനിന്നിനി,
വിടതരൂ, മതി പോകട്ടെ ഞാനുമെൻ-
നടനവിദ്യയും മൂക സംഗീതവും!
വിവിധരീതിയിലൊറ്റനിമിഷത്തിൽ
വിഷമമാണെനിക്കാടുവാൻ, പാടുവാൻ;
നവരസങ്ങൾ സ്ഫുരിക്കണമൊക്കെയു-
മവരവർക്കിഷ്ടമായിട്ടിരിക്കണം!
അരുതരുതെനിക്കീ രീതി തെല്ലുമി-
ച്ചരിതമെന്നുമപൂർണമാണെങ്കിലും
അണിയലൊക്കെക്കഴിഞ്ഞു ഞാൻ പിന്നെയു-
മണിയറയിലിരുന്നൂ നിഗൂഢമായ്
പല ദിനവും നവനവരീതികൾ
പരിചയിച്ചു, ഫലിച്ചില്ലൊരല്പവും
തവിടുപോലെ തകരുമെൻ മാനസ-
മവിടെയെത്തിച്ചിരിച്ചു കുഴയണം!
ചിരിചൊരിയുവാനായിയെൻ ദേശികൻ
ശിരസി താഡനമേറ്റീ പലപ്പൊഴും.
ഹ!ഹ!ഹ! വിസ്മയം, വിസ്മയം, ലോകമേ!
അതിവിചിത്രമീ നൃത്തശിക്ഷാക്രമം!
കളരിമാറി ഞാൻ കച്ചകെട്ടാമിനി;
കളിയരങ്ങൊന്നു മാറിനോക്കാമിനി;
പ്രണയനാടകമെന്നുമിതുവിധം
നിണമണിച്ചിലിലെത്താതിരുന്നിടാ!

മണിമുഴക്കം മരണദിനത്തിന്റെ
മണിമുഴക്കം മധുരം! - വരുന്നു ഞാൻ!
ഉദയമുണ്ടിനിമേലിലതെങ്കിലെ-
ന്നുദകകൃത്യങ്ങൾ ചെയ്യുവാനെത്തിടും.
സ്ഥിരതയില്ലാത്ത ലോകത്തിലെന്തിനായ്

ചിരവിരഹി ഞാൻ മേലിലും കേഴണം?
മധുരചിന്തകൾ മാഞ്ഞുപോയീടവേ,
മരണമാണിനിജ്ജീവിച്ചിരിക്കുവാൻ;
ഇരുളിലാരുമറിയാതെയെത്രനാൾ
കരളു നൊന്തു ഞാൻ കേഴുമനർഗളം?
ഹൃദയമില്ലാത്ത ലോകമേ, യെന്തിനാ-
യതിനു കാരണം ചോദിപ്പു നീ സദാ?
പരസഹസ്രം രഹസ്യമുണ്ടെന്നുമെൻ-
പുറകിൽനിന്നിദം വിങ്ങിക്കരയുവാൻ
സ്മരണയായിപ്പറന്നുവന്നെന്നുമെൻ-
മരണശയ്യയിൽ മാന്തളിർ ചാർത്തുവാൻ-
സമയമായി, ഞാൻ - നീളം നിഴലുകൾ
ക്ഷമയളന്നതാ നില്ക്കുന്നു. നീളവേ.

**- ഇടപ്പള്ളി രാഘവൻപിള്ള**

**പാടുന്ന പിശാച്**

ദേവനായ്ത്തെറ്റിദ്ധരിച്ചു പിശാചിനെ-
ജ്ജീവേശനായ് വേട്ടു, ദേവതേ, നീ!
അപ്സരസ്സെത്തിപ്പിശാചുമയ്ച്ചേരുന്നൊ-
രത്ഭുതരംഗമാണിപ്രപഞ്ചം!
യക്ഷികളോടൊത്തു ദേവന്മാർ കൂടുന്ന
ശിക്ഷാനികേതമാണി പ്രപഞ്ചം!
ക്ഷുത്തടങ്ങാതെത്രകാലമാ മാന്തോലിൽ
ക്ഷുദ്രമാം ചെന്നായടങ്ങി നില്ക്കും?
കണ്ടില്ലതിൻമുനകൂർത്ത നഖങ്ങൾ നീ
ചെണ്ടുകൾകൊണ്ടു പൊതിഞ്ഞതിനാൽ!
ഇന്നവയിങ്കൽനിന്നിറ്റിറ്റുവീഴുന്നു
ചെന്നിണത്തുള്ളികൾ നിന്റെ മുമ്പിൽ!
ഉൾക്കിതപ്പോടുഴന്നോടിയൊളിക്കുന്നി-
തക്കാഴ്ച കണ്ടു നീ,യപ്സരസ്സേ!
വീർപ്പിട്ടു നില്പു നീ - യെങ്കിലും നിന്നോടു
മാപ്പു ചോദിക്കില്ലൊരിക്കലും ഞാൻ.
അത്രയ്ക്കുപോലും മഹിമയ്ക്കിടമെന്റെ
ചിത്തത്തിലില്ല - ഞാനെന്തു ചെയ്യും?

മുല്ലമൊട്ടേ, നീ, മുറിപ്പെടാനെന്തിനി-
ക്കള്ളിമുള്ളിന്മേലടർന്നു വീണു?
അത്രയ്ക്കസഹ്യമാമത്തലാൽ നീ പെയ്യു-
മശ്രുവർഷത്തിലെൻ കൈ കഴുകി,
അക്കയ്യിൽ മദ്യചഷകവുമേന്തി നി-
ന്നത്ഭുതനൃത്തം നടത്തുവോൻ ഞാൻ!

**- ചങ്ങമ്പുഴ കൃഷ്ണപിള്ള**

- കവിയുടെ വൈയക്തിക അനുഭവങ്ങൾ പരാമർശിക്കുന്നു.
- കവിഞ്ഞൊഴുകുന്ന വികാരം ഉണ്ട്.
- ലളിതമായ ഭാഷ
- നൈരാശ്യം പ്രതിഫലിക്കുന്നു.
- 
- 

ധ്വന്യാത്മകമായ കവിത - ഒന്ന് രണ്ട് മൂന്ന്, അമ്മൂമ്മ.

**ഒന്ന്, രണ്ട്, മൂന്ന്,**

പിന്നെയും തൻ ചെറുവിരൽ തൊട്ടെണ്ണീ-
'ഒന്ന്, രണ്ടു, മൂന്നെന്നന്നാ വയോധിക

അപ്പുകവണ്ടിയ്ക്കുള്ളുള്ളിലിരിപ്പവ-
രത്ഭുതപരിഹാസദരിതരായ്

പുഞ്ചിരിയൊട്ടടക്കീ പട്ടാളക്കാർ,
വൺചിരിയാൽ പതഞ്ഞൂ യുവതികൾ

ഏറ്റുചൊല്ലീ വയസ്സനൊരാ "ളെന്റെ
കൂട്ടരേ ദയചെയ്തു ചിരിയ്ക്കൊലാ

അമ്മയായ് ഭാഗ്യകെട്ടൊരീ മാന്യയാം
പെൺപിറന്നവർക്കുറ്റ ഭർത്താവു ഞാൻ

പോയ മാസമിവളുടെയാണ്മക്കൾ
പോരിലൊന്നൊന്നായ് വീണുപോയ് മൂവരും

ഞാൻ തുനിവി, തിവളെയടുത്തൊരു
ഭ്രാന്താശാലയിൽക്കൊണ്ടുപോയാക്കുവാൻ"

അമ്മുറി മൗനരംഗംമാ, യൊന്നുതൊ-
ട്ടമ്മ പിനന്നെയുമെണ്ണിത്തുടങ്ങിനാൾ **- വൈലോപ്പിള്ളി ശ്രീധരമേനോൻ**

**അമ്മൂമ്മ**

എന്റെ അമ്മൂമ്മയ്ക്കു കിറുക്കായിരുന്നു.
കിറുക്കു മൂത്ത് മരണമായി.
എന്റെ ലുബ്ധനായ അമ്മാമൻ അവരെ
വയ്ക്കോലിൽ പൊതിഞ്ഞു കലവറയിൽ സൂക്ഷിച്ചു.
പഴുത്തുണങ്ങിയപ്പോൾ അമ്മൂമ്മ
വിത്തുകളായി പൊട്ടിച്ചിതറി
കലവറജനലിലൂടെ പുറത്തുചാടി
അതിലൊരു കുരു പടുമുള മുളച്ച്
എന്റെ അമ്മയായി
വെയിലും മഴയും വന്ന്
അമ്മയുടെ കിറുക്കു മുളച്ച് ഞാനും
പിന്നെ ഞാനെങ്ങിനെ
സ്വർണ്ണപ്പല്ലുള്ള കുരങ്ങന്മാരെക്കുറിച്ച്
കവിതയെഴുതാതിരിക്കും? - **സച്ചിദാനന്ദൻ**

- കവിതകളുടെ സാമാന്യാർത്ഥത്തിൽ കവിഞ്ഞ മറ്റൊരാശയലോകം കവിതകളിലുണ്ട്.
- ആശയം, സാഹചര്യം, ഭാവം തുടങ്ങിയവയുടെ സ്വാധീനം മൂലമാണ് ഈ ആശയലോകം ഉണ്ടാകുന്നത്.
- വസ്തുധ്വനിയും, ഭാവധ്വനിയും ഉണ്ട്.
- 
- 

കുട്ടികൾ സിദ്ധാന്തപരിചയത്തിന്റെ അടിസ്ഥാനത്തിൽ കവിതകൾ വിശകലനം ചെയ്യട്ടെ. ടീച്ചർ ആവശ്യമായ ഇടപെടലുകൾ നടത്തണം. സംഘചർച്ചയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തമുണ്ടാകാൻ ശ്രദ്ധിക്കണം. കവിതാവിശകലനം ഗ്രൂപ്പിൽ വായിച്ചു മെച്ചപ്പെടുത്തി പൊതു അവതരണമാകാം.

ഇതര ഗ്രൂപ്പുകളുടെ നിർദ്ദേശങ്ങൾ കൂടി സ്വീകരിച്ച് ആസ്വാദനക്കുറിപ്പ് പൂർത്തിയാക്കാം.

കരുത്തുറ്റ വികാരങ്ങളുടെ നൈസർഗ്ഗിക പ്രവാഹമാണ് കവിത എന്ന വേർഡ്സ്വർത്തിന്റെ നിർവചനത്തിന്റെ അടിസ്ഥാനത്തിൽ വിഭാതവിഭൂതി എന്ന കവിത വിശകലനം ചെയ്യാം.

വേർഡ്സ്വർത്തിന്റെയും കോളിറിഡ്ജിന്റെയും ആനന്ദവർദ്ധനന്റെയും സിദ്ധാന്തങ്ങളുടെ ഓർമ്മപ്പെടുത്തലാവാം. ഈസിദ്ധാന്തങ്ങളുടെ ഏതെല്ലാം ഘടകങ്ങൾ വിഭാതവിഭൂതിയിലുണ്ട്. ഏത് ആശയമാണ് ഈ കവിതയിൽ കൂടുതൽ അനുയോ

ജ്യമാവുക. കുട്ടികൾ ചർച്ചചെയ്യട്ടെ. വിഭിന്നാഭിപ്രായങ്ങൾ ഉണ്ടാകാം. ഏതെല്ലാം അഭിപ്രായങ്ങൾ ലഭിക്കാം.

- പ്രഭാതം വീക്ഷിച്ച കവിക്കുണ്ടായ ആഹ്ലാദാതിരേകം കവിതയിൽ കാണാം.
- മനുഷ്യസ്വഭാവ വിമർശം കവിതയിലുണ്ട്.
- ധ്വന്യാത്മക പ്രയോഗങ്ങൾ കവിതയിലുണ്ട്.
- പ്രാസം, സവിശേഷപ്രയോഗങ്ങൾ എന്നിവ കവിതയെ മനോഹരമാക്കുന്നു.
- ആലാപന സുഖം നൽകാൻ കഴിയുന്നതാണ്

ആശയങ്ങൾ ക്രോഡീകരിച്ച് കൂടുതൽ ചർച്ചയാകാം. പ്രഭാതത്തിന്റെ മനോഹാരിത മനുഷ്യസ്വഭാവസവിശേഷതകളുമായി കവിയ്ക്ക് കൂട്ടിച്ചേർക്കാൻ കഴിയുന്നത് വൈകാരിക ഭാവങ്ങൾ കൂടിച്ചേർന്നതിനാലാണ്. വേഡ്സ്വർത്ത് നിർവചിക്കുന്ന ഗ്രാമീണജീവിതവും ഗ്രാമീണഭാഷയും കാവ്യഭാഷയിൽവേണം എന്ന ആശയം വിഭാത വിഭൂതിയിൽ എത്രത്തോളം പ്രതിഫലിക്കുന്നു. ഇവിടെ കരുത്തുറ്റ വികാരങ്ങളുടെ നൈസർഗ്ഗികമായ കവിഞ്ഞൊഴുകലല്ല മറിച്ച് പ്രശാന്തതയിൽ അനുസ്മരിക്കപ്പെടുന്ന തത്തുല്യവികാരത്തിന്റെ ആവിഷ്കരണമാണ് കാണാൻ കഴിയുന്നത്. ഈ സൂചന ഉൾക്കൊണ്ട് കുട്ടികൾ കൂടുതൽ ചർച്ച ചെയ്യട്ടെ. സൂചനാകുറിപ്പ് തയാറാക്കട്ടെ. ഇതിനുശേഷം വിഭാത വിഭൂതിയുടെ വൈശിഷ്ട്യം എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കാം.

കുട്ടികൾ കവിതവായിച്ച് കവിതയിൽ സൂചിപ്പിക്കപ്പെട്ട നീ ആരായിരിക്കാനിടയുണ്ടെന്ന് ചർച്ച ചെയ്യട്ടെ. കവിതയുടെ മറ്റു വിശദതലങ്ങളും ചർച്ചയ്ക്ക് വിഷയമാവട്ടെ. 'നീ' ബാല്യകാലത്ത് കവിയുടെ കളിക്കൂട്ടുകാരിയും പിന്നെ കാമുകിയുമായിരിക്കാം. പ്രണയം വിഷയമാകുന്നതുകൊണ്ടാണ് ഇത്തരം വാക്കുകളും പ്രയോഗങ്ങളും കവിതയിൽ വരുന്നത്. ഇറവെള്ളം, പുഴ സമുദ്രം, ഇവയെല്ലാം വെള്ളത്തിന്റെ വകഭേദങ്ങളാണ്. ഒരേ ഭാവമാണ് കവിതയിലൂടെ ഒഴുകുന്നത് എന്നർത്ഥം. ആ ഭാവമാകട്ടെ ആർദ്രതനിറഞ്ഞതുമാണ്. ജീവിതത്തിന്റെ ഏതൊക്കെ ഘട്ടങ്ങളെ ഈ കവിതയിൽ ധ്വനിപ്പെടുത്തുന്നുണ്ട്.

- വെള്ളാരങ്കല്ല് എറിയുന്ന ബാല്യം
- ജീവിതം സമുദ്രതുല്യം അനുഭവ ബഹുലമാകുന്ന യൗവനം

പ്രണയത്തിന്റെ ഭാവപരമായ വളർച്ച എത്രത്തോളം ധ്വന്യാത്മകമായി കവിതയിൽ സൂചിതമാകുന്നുണ്ട് എന്നു പരിശോധിക്കട്ടെ.

ഇറവെള്ളത്തിൽ വെള്ളാരങ്കല്ല് എറിയുക എന്ന പ്രയോഗം നനുത്ത ബാല്യകൗമാര പ്രണയത്തിന്റെ സൂചന തരുന്നു. അതു കാല്പനികമാണ്. 'പുഴയിലെത്തുക' എന്നത് ജീവിതത്തിന്റെ തിരക്കുനിറഞ്ഞ മറ്റൊരു ഘട്ടത്തെ ഓർമ്മിപ്പിക്കുന്നു. അവി

ടെയും കൂട്ടായി തൊഴിയുണ്ട്.

സമുദ്രത്തെ സ്വപ്നം കാണുമ്പൊഴും അത് നിന്നിലൂടെ തന്നെയാവണമെന്നാണ് കവിയുടെ ആഗ്രഹം ജീവിതം കലുഷവും സങ്കീർണ്ണവുമാകുമ്പൊഴും പ്രണയത്തിന്റെ വെളിച്ചമാണ് തുണയാവുന്നത് എന്ന ആശയം ഇവിടെ ധ്വനിക്കുന്നു.

ജീവിതത്തിന്റെ കൂടെത്തന്നെ അതിന്റെ ഒഴുക്കായി പ്രണയം ഇടതടവില്ലാതെ ഒഴുകി നീങ്ങുന്നതിന്റെ അനുഭവം ഈ ചെറിയ കവിത നല്കുന്നു. കവിതാവിശകലനത്തിനുശേഷം കവിതയുടെ ധ്വന്യാത്മകത വിശദീകരിക്കുന്നു ഒരു കുറിപ്പ് കുട്ടികൾ തയാറാക്കട്ടെ.

**സ്തംഭനങ്ങൾ**

*അതിരാവിലെ എഴുന്നേറ്റ് മുറ്റമടിച്ച്, ചായയിട്ട്, പ്രാതലൊരുക്കി, കുഞ്ഞുങ്ങളെ കുളിപ്പിച്ചിറക്കി ഒരുക്കി, സ്കൂളിലേക്കയച്ച്, അടിച്ചുനനച്ച്, ഉച്ചയൂണൊരുക്കി, വിരുന്നുകാർക്കു വിളമ്പി, ഭർത്താവിനെ കാണാനെത്തിയ കാനേഷുമാരി കണക്കെടുപ്പുകാർക്കു ചായയുമായിചെല്ലുമ്പോൾ മൂരിനിവർന്ന്, ഭർത്താവ്, ഭാര്യ, വയസ്സ് മുപ്പത്തഞ്ച്, ജോലി ഇല്ല എന്നു പറയുന്നതുകേട്ട് ഹൃദയം ഒരു ബലൂൺ കണക്കെ പൊട്ടി, അവൾ മരിച്ചുവീണു.*

*- ഒരു പാവം ഹൃദയത്തെ സ്തംഭിപ്പിക്കാൻ ജീവിതത്തിന്റെ കൈയിൽ നിരവധി ഉപായങ്ങളുണ്ടാകാം.* **അഷിത**

അഷിതയുടെ സ്തംഭനങ്ങൾ എന്ന ചെറുകഥ കുട്ടികൾ വായിക്കട്ടെ. ഈ കഥയുടെ പ്രമേയമടക്കമുള്ള സവിശേഷതകൾ ചർച്ചചെയ്യാം എന്തെല്ലാമാണ് സവിശേഷതകൾ.

- ലാളിത്യം ശ്രദ്ധേയമാണ്.
- ഹ്രസ്വമായ കഥ
- പല കഥാപാത്രങ്ങളെക്കുറിച്ച് സൂചന തരുന്നു.
- ജോലിയില്ല എന്ന പ്രയോഗമാണ് കഥയുടെ 'ഗുരുത്വകേന്ദ്രമായി നിൽക്കുന്നത്.

മുറ്റമടിച്ചുള്ള തൊട്ട് ചായയുമായി ചെല്ലുമ്പോൾവരെയുള്ള ആ സ്ത്രീയുടെ തീർത്താൽ തീരാത്ത ജോലികളെക്കുറിച്ചാണ് പറയുന്നത്. അതിനുശേഷം 'ജോലിയില്ല' എന്ന ഭർത്താവിന്റെ അഭിപ്രായം വരുമ്പോൾ വൈരുദ്ധ്യത്തിൽ നിന്ന് ധ്വനിയുടെ സ്ഫോടനം സംഭവിക്കുന്നു. കവിതയിൽ മാത്രമല്ല കഥയിലും ധ്വനിപ്രവർത്തിക്കാം എന്ന തിരിച്ചറിവ് കുട്ടികൾക്കുണ്ടാവട്ടെ.

# 5

# മാധ്യമപർവം

**ആമുഖം**

ഒരൊറ്റയുപകർത്താവാ-
രൂഴിക്കെന്നുര ചെയ്യുവാൻ
ലേശവും സംശയം വേണ്ടാ
ലിപി കണ്ടുപിടിച്ചവൻ

മഹാകവി ഉള്ളൂർ ഈ വരികളിലൂടെ അക്ഷരങ്ങളുടെ മഹത്വത്തെയാണ് ഉദ്ഘോഷിക്കുന്നത്. ലിപി കണ്ടുപിടിച്ചവൻ, വാക്കുകൾക്കു രേഖാരൂപം നൽകിയവൻ അവനാണ് ലോകത്തിന്റെ സ്രഷ്ടാവ്. ഇത് നമ്മുടെ സാമാന്യ യുക്തിചിന്തയെ ഉല്ലംഘിക്കുന്ന ഒന്നാണെങ്കിലും, ഭാഷയുടെ പ്രാധാന്യത്തെ നമുക്ക് ഒരിക്കലും തിരസ്കരിക്കാനാവില്ല. സംസ്കാരസമ്പത്തിന്റെ വൈപുല്യവും മഹാത്മ്യവും തലമുറയ്ക്കു പകരാൻ അച്ചടിവിദ്യ സഹായകമായി. ഇതുവഴി വിജ്ഞാന വിതരണം എളുപ്പമായി. വിനോദത്തിനും പ്രബോധനത്തിനും അച്ചടി ഉപകരിച്ചു. സാമൂഹിക പരിഷ്കരണ സംരംഭങ്ങൾ ത്വരിതഗതിയിലാക്കുന്നതിന് അച്ചടി മാധ്യമങ്ങളായിരുന്നു മുന്നിൽ നിലകൊണ്ടത്. മാധ്യമലോകത്തിന്റെ വികാസത്തിന് അടിത്തറപാകിയ അച്ചടിമാധ്യമങ്ങൾ (print media) ഇന്ന് വൈവിധ്യവത്കരണത്തിന്റെ പാതയിലാണ്. സാങ്കേതിക വിദ്യയുടെ വളർച്ചയാണ് ഇലക്ട്രോണിക് മാധ്യമങ്ങളുടെ പ്രചാരത്തിന് വഴിയൊരുക്കിയത്. രണ്ടു ധാരകളായി സഞ്ചരിച്ച അച്ചടിമാധ്യമങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും കൈകോർക്കുന്ന കാഴ്ച ഇന്ന് സാധാരണമാണ്. ഇത് ആശയ പ്രസരണത്തിന്റെ വേഗവും വ്യാപ്തിയും വളർച്ചയും വർദ്ധിപ്പിച്ചു.

സാമൂഹിക ജീവിതത്തിന്റെ ഗതി നിയന്ത്രിക്കുന്നതിൽ മാധ്യമങ്ങൾ ഇന്ന് സുപ്രധാന പങ്കു വഹിക്കുന്നു. ഇന്ന് ജനജീവിതവുമായി ബന്ധപ്പെടുന്ന സമസ്ത മേഖലകളിലും മാധ്യമ സ്വാധീനം ദർശിക്കാം. വാർത്തകളുടെ മുഖ്യസ്രോതസായ മാധ്യമങ്ങളെ അതേപടി ഉൾക്കൊള്ളുന്നതിനു പകരം വ്യവച്ഛേദിച്ചറിയുക എന്ന നിലപാടാണ് സ്വീകരിക്കേണ്ടത്. ഉപഭോഗ സംസ്കാരത്തിന്റെ സൃഷ്ടിയായ പരസ്യങ്ങൾ പ്രത്യക്ഷപ്പെടുന്നത് മാധ്യമങ്ങളിലാണ്. ഇന്ന് വിവരവിനിമയലോകത്തിലും പരസ്യങ്ങൾ അതിന്റെ വ്യക്തമായ സാനിധ്യം ഉറപ്പിച്ചുകഴിഞ്ഞു. പരസ്യങ്ങളെ കണ്ണടച്ച് വിശ്വസിക്കുന്നതിനുപരി വിവേചനബുദ്ധിയോടെ നോക്കിക്കാണണം. വിവരസാങ്കേതിക വിദ്യയുടെ വളർച്ചയാണ് സൈബർ സാഹിത്യത്തിനു മേൽവിലാസമുണ്ടാക്കിയത്. യാഥാർത്ഥ്യത്തിന്റെ പ്രതീതിയുണർത്തിയാണ് സൈബർലോകം നില

നില്ക്കുന്നത്. വിവരവിനിമയ സാങ്കേതിക വിദ്യ പ്രമേയമാക്കുന്ന സാഹിത്യരൂപ ങ്ങളെയാണ് സൈബർ സാഹിത്യം എന്നു വിളക്കുന്നത്. സൈബർലോകം ഉണ്ടാക്കിയ സ്വാധീനവലയം മിക്കവാറും യൗവ്വനത്തിന്റേതാണ്. ഭ്രമിപ്പിക്കുന്ന ജാലകങ്ങളാണ് സൈബർലോകം തുറന്നിടുന്നത് ഇത്തരമൊരു സാഹചര്യത്തിൽ സൈബർ ഇടങ്ങളിലെ കള്ളനാണയങ്ങളെ കൂടി തിരിച്ചറിയണം. മാധ്യമലോകവും സൈബർ ഇടങ്ങളും നിരവധി തൊഴിൽ സാധ്യതയുള്ള മേഖലകൂടിയാണ്. കേവലം വിനോദോപാധി എന്ന നിലയിൽ നിന്നും ഭിന്നമായി ഇവയെ സമീപിക്കണം. പൊതുജീവിതത്തിൽ ദൃശ്യമാകുന്ന നവമാധ്യമ പ്രവണതകളെ തിരിച്ചറിയുകവഴി അതിന്റെ തൊഴിൽപരമായ സാധ്യതയെക്കൂടി ബോധ്യപ്പെടുത്തും വിധമാണ് ഈ യൂണിറ്റ് വിനിമയം ചെയ്യേണ്ടത്. ഉപഭോഗസംസ്കാരത്തിന്റെ പ്രതീകമായ പരസ്യങ്ങളെ സമഗ്രമായി വിശകലനം ചെയ്യുകയാണ് സി. ഗൗരീദാസൻനായരുടെ പരസ്യവും ഉപഭോഗത്വരയും എന്ന ലേഖനം. മാധ്യമവിമർശനത്തിലൂന്നിയ പഠനമാണ് ഇത് ലക്ഷ്യമാക്കുന്നത്. വരമൊഴിയിൽ നിന്നും മനുഷ്യൻ തിരയെഴുത്തിലേക്കു കടക്കുന്ന പരിണാമഘട്ടത്തെ അടയാളപ്പെടുത്തുന്നതാണ് ചന്ദ്രമതിയുടെ വെബ്സൈറ്റ് എന്ന കഥ. സൈബർലോകം ഒരുക്കുന്ന പ്രത്യാഘാതങ്ങളെ കഥ തുറന്നുകാട്ടുന്നു. ഈ പാഠഭാഗങ്ങൾ സംവേദനം ചെയ്യുമ്പോൾ വിവരവിനിമയ ലോകത്തെ നവീന പ്രവണതകൾ ക്ലാസ്മുറി ചർച്ചയിലേക്കു കൊണ്ടുവരണം. മാധ്യമങ്ങളുടേത് അവസാനവാക്കല്ല എന്നു മനസിലാക്കി അതിനെ വിമർശനാത്മകമായി വിലയിരുത്തണം.

## പ്രവേശകം

അഞ്ചാം യൂണിറ്റിന്റെ പ്രവേശകം കുട്ടികൾ വായിച്ചതിനുശേഷം അധ്യാപകൻ പൊതുവായ ചില ചോദ്യങ്ങൾ ഉന്നയിക്കുന്നു.

- സാങ്കേതിക വളർച്ചയുടെ ഏറ്റവും വലിയ ഉദാഹരണമായി നിങ്ങൾ കണക്കാക്കുന്ന ചില ഉപകരണങ്ങളെക്കുറിച്ച് പറയാമോ?

കുട്ടികളുടെ പ്രതികരണം

  - കമ്പ്യൂട്ടർ
  - മൊബൈൽ ഫോൺ
  - ക്യാമറ

- എങ്ങനെയെല്ലാമാണ് ഇവ നമുക്ക് ഉപകരിക്കുന്നത്?
  - ആശയവിനിമയത്തിന്
  - ചിത്രങ്ങൾ പകർത്താൻ
  - വിവരശേഖരണത്തിന്
  - വിജ്ഞാനം പകരുന്നതിന്
  - വിവരങ്ങൾ സൂക്ഷിക്കാൻ
- മനുഷ്യന്റെ ഏതേതു ശേഷികളുടെ വികാസമാണ് ക്യാമറയും കമ്പ്യൂട്ടറും?
  - ക്യാമറ കണ്ണിനു പകരം നില്ക്കുന്നു
  - കമ്പ്യൂട്ടർ തലച്ചോറിനു പകരം നില്ക്കുന്നു

- കണ്ണിനും ക്യാമറയ്ക്കുമുള്ള പൊതുവായ ഗുണങ്ങൾ എന്തെല്ലാം?
  - കാഴ്ചയുടെ സാധ്യതതന്നെയാണ് ഇവയുടെ പൊതുഗുണം
- ക്യാമറ കണ്ണിന്റെ വ്യാപനമാണ് എന്നു പറയാൻ കാരണം?
  - ദൃശ്യങ്ങൾ ദീർഘകാലം സൂക്ഷിച്ചുവെക്കാൻ കഴിയുന്നു.
  - കൃത്യതപാലിക്കുന്നു.
  - ഒരുപാടു പേർക്കു ദൃശ്യങ്ങൾ പങ്കുവെക്കാം
  - തിരഞ്ഞെടുക്കപ്പെട്ട ദൃശ്യങ്ങൾ മാത്രം സ്വീകരിക്കുന്നു.
- അങ്ങനെയാണെങ്കിൽ തലച്ചോറിന്റെ വ്യാപനമാണ് കമ്പ്യൂട്ടർ എന്ന പറയുന്നത് എന്തുകൊണ്ട്?
  - ഭാഷ ഗണിതം എന്നിവ ഉപയോഗിക്കുന്നു.
  - വിജ്ഞാനം ശേഖരിച്ചുവയ്ക്കുന്നു.
  - ഉചിതമായ സന്ദർഭത്തിൽ കൈമാറുന്നു.
- തലച്ചോറിനേക്കാൾ ഉപരിയായി കമ്പ്യൂട്ടറിന്റെ സാധ്യതകൾ എന്തെല്ലാം?
  - നിമിഷനേരംകൊണ്ട് അറിവുകൾ ചികയാനും ശേഖരിക്കാനും കഴിയുന്നു.
  - വസ്തുനിഷ്ഠമായ വിവരങ്ങൾ ലഭിക്കുന്നു.
  - കമ്പ്യൂട്ടർ ശൃംഖലയിലുള്ള ആശയവിനിമയം ഇന്ന് സമൂഹത്തെ ആകമാനം നിയന്ത്രിക്കുന്നു. അതിന്റെ അഭിരുചികളെ നിശ്ചയിക്കാനുള്ള സിദ്ധി കമ്പ്യൂട്ടറിനുണ്ട്.

# പരസ്യവും ഉപഭോഗത്വരയും

**പാഠാപഗ്രഥനം**

മാധ്യമങ്ങൾക്കുള്ള പൊതുജന സ്വീകാര്യത നിസ്തർക്കമായ ഒരു കാര്യമാണ്. വിശ്വാസ്യതയാണ് മാധ്യമങ്ങളുടെ നിലനില്പിനടിസ്ഥാനം. (ഈ വിശ്വാസ്യതയിലാണ് വാർത്തകളും വിവരങ്ങളും മാധ്യമങ്ങളിലൂടെ വിനിമയം ചെയ്യപ്പെടുന്നത്) പൊതുവെ എല്ലാ മാധ്യമങ്ങളും വിശ്വാസ്യത കാത്തുസൂക്ഷിക്കാൻ ശ്രമിക്കുന്നു. സത്യസന്ധമായ വിവരങ്ങൾ മാധ്യമങ്ങളിൽ നിന്നും ലഭിക്കുമ്പോൾ പൊതുസമൂഹം അവയെ എല്ലാം മറന്ന് ഉൾക്കൊള്ളുന്നത് സ്വാഭാവികമാണ്. മാധ്യമങ്ങളും സമൂഹവും തമ്മിലുള്ള ബന്ധത്തെയാണ് പരസ്യങ്ങൾ ഉപയോഗപ്പെടുത്തുന്നത്. ഉത്പന്നാധിഷ്ഠിത ലോകത്ത് പരസ്യങ്ങളുടെ വിഭിന്നവശങ്ങൾ സമഗ്രമായി വിശകലനം ചെയ്യുന്നതാണ്

ഗൗരീദാസൻ നായരുടെ പരസ്യവും ഉപഭോഗത്വരയും എന്ന ലേഖനം. പ്രൊഫസർ പന്മന രാമചന്ദ്രൻനായർ എഡിറ്റു ചെയ്ത മാധ്യമപഠനങ്ങൾ എന്ന ഗ്രന്ഥത്തിലെ ഒരു പഠനമാണ് ഈ ലേഖനം.

ആധുനിക മനുഷ്യന്റെ ഉപഭോഗത്വരയാണ് പരസ്യങ്ങൾക്കു പുതിയമാനം നല്കിയത്. പരസ്യം എന്നതിന്റെ കേവലയുക്തി "ഉപഭോക്താവിന്റെ അജ്ഞതയെ ഇല്ലാതാക്കുകയാണ്" എന്നാൽ ഇന്ന് അവിടം കൊണ്ടുമാത്രം അവസാനിക്കുന്ന ആവിഷ്കാര തന്ത്രമല്ലപരസ്യങ്ങൾ പ്രയോഗിക്കുന്നത്. പരസ്യങ്ങൾ ജീവിതത്തിന്റെ സമസ്തമേഖലകളിലും ചെലുത്തുന്ന സ്വാധീനത്തെ അടിസ്ഥാനമാക്കി ആഴത്തിലുള്ള പഠനങ്ങൾ നടക്കുന്നുണ്ട്. സാമൂഹിക ശാസ്ത്രത്തിന്റെയും അർത്ഥശാസ്ത്രത്തിന്റെയും മനോവിജ്ഞാനീയത്തിന്റെയും വിശകലനോപകരണങ്ങൾ ഉപയോഗിച്ചാണ് ഈ പഠനങ്ങൾ നടക്കുന്നത്. ആവശ്യങ്ങൾ ഇല്ലാത്തിടത്ത് കൃത്യമായി അത് സൃഷ്ടിക്കുകയും ആവശ്യങ്ങൾക്ക് പുതിയ മാനം നല്കുകയുമാണ് പരസ്യതന്ത്രം. പരസ്യങ്ങൾ പ്രത്യക്ഷപ്പെടുന്ന പ്രധാന ഇടം മാധ്യമങ്ങൾ ആയതുകൊണ്ടാണ് പരസ്യങ്ങളെക്കുറിച്ചുള്ള പഠനം മാധ്യമപഠനത്തിന്റെ സുപ്രധാന ശാഖയാണെന്ന് ലേഖകൻ നിരീക്ഷിക്കുന്നത്. മനുഷ്യന്റെ ആഗ്രഹങ്ങളെ മനശാസ്ത്രപരമായി വിശകലനം ചെയ്ത് എങ്ങനെ ഒരു ഉത്പന്നത്തിന്റെ ഉപഭോക്താവാക്കി മാറ്റാം എന്ന ചിന്ത മാത്രമാണ് പരസ്യനിർമ്മാതാക്കൾക്കുള്ളത്. അതിനുവേണ്ടി ആചാരം അനുഷ്ഠാനം ആഘോഷം എന്നിവയെല്ലാം പരസ്യങ്ങളുടെ സംവാദവിഷയമാകുന്നു. ഇതുവഴി വാങ്ങുന്നയാൾപോലും അറിയാതെ ഉത്പന്നത്തിന്റെ വക്താവായിമാറുകയാണ്.

ഉത്പന്നം എന്ന സങ്കല്പത്തിന് തന്നെ വ്യതിയാനം സംഭവിച്ചതായി ലേഖകൻ നിരീക്ഷിക്കുന്നു. ഇൻഷ്യുറൻസ് പദ്ധതികളും, ക്രെഡിറ്റ്കാർഡും പെൻഷൻ ഫണ്ടും ബാങ്കിങ് മേഖലയുമെല്ലാം ഇന്ന് ഉത്പന്നത്തിന്റെ ഗണത്തിലാണ് ഉൾപ്പെടുത്തുന്നത്. ഉത്പന്നങ്ങളെ ആകർഷണീയമായി സമൂഹമധ്യത്തിൽ അവതരിപ്പിക്കുകയും അതിന് ഒരു തനതു വ്യക്തിത്വം ഉണ്ടാക്കിയെടുക്കുകയും ചെയ്യുന്നു. ഇതാണ് പിന്നീട് ബ്രാൻഡിങ് എന്ന പ്രക്രിയയിലേക്ക് നയിക്കുന്നത്. പരമ്പരാഗതമായ സ്വത്വത്തെ പാടെ അട്ടിമറിക്കുന്നവിധമുള്ള ഇടപെടലുകൾ പരസ്യങ്ങൾക്കുണ്ട്. അടിസ്ഥാന ആവശ്യങ്ങളും ആർഭാടങ്ങളും തമ്മിലുള്ള അന്തരം ഇല്ലാതാക്കിയാണ് ഇത് സാധ്യമാക്കുന്നത്. ഭക്ഷണം, പാർപ്പിടം, കുടിവെള്ളം എന്നിവയെല്ലാം ആർഭാടത്തിന്റെ വേദിയായിമാറുന്നു. ഉപഭോഗസംസ്കാരത്തിന്റെ ആപ്തവാക്യമായ "ഉപയോഗിക്കുക വലിച്ചെറിയുക" എന്ന നിലയിലേക്ക് അത് പരിണമിക്കുന്നു. മനുഷ്യ ശരീരത്തെ പോലും അത്തരത്തിൽ നോക്കികാണുവാൻ പ്രേരിപ്പിക്കുന്ന വിധം പരസ്യങ്ങൾക്ക് രൂപമാറ്റം സംഭവിക്കുന്നു. ഒട്ടുമിക്ക പരസ്യങ്ങളിലും സ്ത്രീശരീരം പ്രദർശന വസ്തുവാക്കപ്പെടുന്നു. പുരുഷസമാനമായ സ്വത്വബോധമുള്ള സ്ത്രീസ്വാതന്ത്ര്യത്തിന്റെ കാലത്താണ് ഇത്തരം വികലമായ കാഴ്ചകൾ പരസ്യങ്ങളിലൂടെ വിനിമയം ചെയ്യപ്പെടു

ന്നത്. സ്ത്രീശരീരത്തിന്റെ തുടർച്ചതന്നെയായി ഉത്പന്നങ്ങളെ അവതരിപ്പിക്കുന്ന പ്രവണത ഇന്ന്കാണുന്നുണ്ട്. ഇത്തരം പരസ്യങ്ങൾ സ്വീകരണവും വിമർശനവും ഒരുപോലെ ഏറ്റുവാങ്ങുകയാണെന്ന് ലേഖകൻ നിരീക്ഷിക്കുന്നു. തുടർന്ന് ഫലി താംശമുള്ള പരസ്യങ്ങളെ പരാമർശിക്കുന്ന ലേഖകൻ ഉത്പന്നങ്ങളെക്കുറിച്ചുള്ള ഓർമ്മ നിലനിർത്തുവാൻ ഹാസ്യപ്രധാനമായ പരസ്യങ്ങൾക്ക് സാധിക്കുന്നുണ്ടെന്ന് സൂചിപ്പിക്കുന്നു. ഉപഭോഗം എന്നത് നിവൃത്തികേടിൽനിന്നോ സങ്കടങ്ങളിൽനിന്നോ ഉണ്ടാകുന്ന പ്രക്രിയ അല്ലാത്തിനാൽ നല്ല ഓർമ്മയ്ക്ക് വാങ്ങൽ തീരുമാനത്തിൽ വലിയ പങ്കുവഹിക്കാനുണ്ട് എന്ന ഒരു അനുമാനത്തിലേക്ക് ലേഖകന്റെ വാദം നമ്മെ നയിക്കുന്നു.

മാറുന്ന മാധ്യമലോകത്ത് പരസ്യങ്ങൾ വ്യക്തമായ സ്ഥാനമുറപ്പിച്ചുകഴിഞ്ഞു. പൊതു ഇടങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടുന്ന പരസ്യങ്ങൾ ഇന്നത്തെ വിവരവിനിമയലോ കത്ത് വ്യക്തികളുമായി നേരിട്ട് സമ്പർക്കം പുലർത്തുന്നു. നിലവിലുള്ള പരസ്യഭാ ഷയിൽനിന്നും ഭിന്നമായ പരസ്യഭാഷയ്ക്ക് ഇത് തുടക്കം കുറിക്കുന്നു. ഇങ്ങനെ പുതിയസംവേദനരീതികൾ സ്വീകരിക്കുന്ന പരസ്യം പുതിയതരം ഉപഭോക്താക്ക ളെയും സൃഷ്ടിക്കും പരസ്യം ചെയ്യുന്ന ഉത്പന്നങ്ങൾ കമ്പ്യൂട്ടർ സ്ക്രീനിൽ നിര ത്തിവച്ച് തെരഞ്ഞെടുപ്പ് നടത്തുന്നരീതിയാണ് അവരുടെത്. വെർച്വൽ കടയിലൂടെ സഞ്ചരിച്ച് സാധനങ്ങൾ കണ്ട് സന്ദശം വാങ്ങൽ തീരുമാനവും പണമിടപാടും നട ത്തുന്ന തലമുറയാണ് ഇന്നത്തേത്. ഇത്തരം കാര്യങ്ങൾക്കൂടി പരാമർശിക്കുന്ന ലേഖ കൻ ഉപഭോക്താക്കൾ ഉള്ളിടത്തോളം കാലം പരസ്യങ്ങൾ നിലനില്ക്കും എന്ന പ്രസ്താവനയോടെ ലേഖനം അവസാനിപ്പിക്കുന്നു. മാധ്യമങ്ങളെപ്പറ്റിയുള്ള വിമർനാ ത്മക അവബോധം സൃഷ്ടിക്കുംവിധമാണ് പാഠഭാഗം വിനിമയം ചെയ്യേണ്ടത്. ആരം ഭദശയിലുള്ള മലയാള മാധ്യമവിമർശനത്തിന് വ്യക്തമായ ദിശാബോധം സൃഷ്ടി ക്കുന്ന സമീപനമാണ് ഇവിടെ സ്വീകരിക്കേണ്ടത്.

**കമോഡിറ്റി ഫെറ്റിഷിസം (Commodity Fetishism)**

മാന്ത്രികമായ അദ്ഭുത ശക്തിയുണ്ടെന്ന് വിശ്വസിക്കപ്പെടുന്ന വസ്തു വിനെ കുറിക്കുന്നതാണ് ഫെറ്റിഷ്. വ്യാപാരചരക്കുകളിൽ ഈ ശക്തി ആരോപിക്കപ്പെടുന്ന പ്രവണതയാണ് കമോഡിറ്റി ഫെറ്റിഷിസം. ഈ വസ്തുക്കൾ അവയുടെ തനതായ വൈഭവം കൊണ്ടുതന്ന നമ്മളക പ്പെട്ട പ്രശ്നങ്ങളിൽനിന്നും വിഷമതകളിൽ നിന്നും നമ്മെ രക്ഷപ്പെടു ത്തിക്കൊള്ളും എന്ന അന്ധവിശ്വാസമാണിത്. വസ്തുവിൽ കപടമായ ചിലമൂല്യങ്ങൾ ആരോപിച്ചുകൊണ്ട് മനഃശാസ്ത്രപരമായ പരിവർത്തനം തന്നെ നടത്തുന്നു. അവതരിപ്പിക്കപ്പെടുന്ന വസ്തുവിന് തനതായ മൂല്യം ഉണ്ടെന്ന് ജനങ്ങൾ വിശ്വസിച്ചു തുടങ്ങുന്നു. ഇങ്ങനെ ബോധപൂർവ്വം നടത്തുന്ന മായക്കാഴ്ചയിൽ അകപ്പെട്ട് തെറ്റിധരിക്കപ്പെട്ടത് അറിയാതെ വ്യക്തികൾ ഉത്പന്നം വാങ്ങുന്നു. കമോഡിറ്റി ഫെറ്റിഷിസത്തിന്റെ പ്രധാന സവിഷേഷതയാണിത്.

## പഠനപ്രവർത്തനങ്ങൾ

### കുങ്കുമസ്സോപ്പ്

(പരസ്യകവികളോട് മാപ്പ്)

വാങ്ങുവിൻ, കുങ്കുമസ്സോപ്പു
വാങ്ങുവിൻ, സ്ത്രീജനങ്ങളേ!
അതിൻ ഗുണങ്ങളീ നിങ്ങ-
ളറിയുന്നവരല്ലയോ?

അസ്സോപ്പിൻ പത ചേർന്നുള്ള
വെള്ളമൊട്ടൊന്നു തട്ടിയാൽ
കാകൻ കൊറ്റി; കരിക്കട്ട
കളഭക്കട്ട കാൽക്ഷണാൽ!

അതിൻ സുഗന്ധം വ്യാപിക്കു-
മയൽ വീടുകളിൽദൃഢം;
വാസന്തശ്രീ പുണർന്നുള്ള
പൂന്തോപ്പീസ്സോപ്പോടൊക്കുമോ?

അഴുക്കും മെയ്യിലാർന്നുള്ള
മെഴുക്കും പോക്കുവാൻ ഭൂവി,
ഇതിനൊട്ടില്ല മറ്റൊന്നു-
മിതു സമ്മതമാർക്കുമേ.

നിദ്രയില്ലായ്മയും, പ്രാതഃ
കാലത്തുള്ളൊരു ഛർദ്ദിയും,
അഗ്നിമാന്ദ്യവു, മേറുന്ന
തലനോവും തളർച്ചയും

പിത്തഗുന്മനു, മെന്നല്ല
മറ്റു രോഗങ്ങളൊക്കെയും
ക്രമാലകന്നു നിന്നീടും
കുങ്കുമസ്സോപ്പു തേയ്ക്കുകിൽ

വിലയോ, വളരെത്തുച്ഛം:
കട്ടയൊന്നിന്നു മുന്നണ;
പെട്ടിയിൽ സോപ്പു മൂന്നെണ്ണം
കിട്ടുമെട്ടണ നല്കിയാൽ

**- സഞ്ജയൻ**

ഈ കവിത കുട്ടികൾ വിശകലനം ചെയ്യട്ടെ. കവിതയുടെ സവിശേഷതകൾ എന്തെല്ലാമാണ്.

- ലളിതമായ ആഖ്യാനം
- അലങ്കാരങ്ങളോ ചമയങ്ങളോ ഇല്ല
- കാര്യം നേരിട്ടു പറയുന്നു

ഈ കവിതയുടെ പ്രമേയമെന്താണ്? കുട്ടികൾ ചർച്ചചെയ്യട്ടെ.

- പരസ്യങ്ങളെക്കുറിച്ചുള്ള വിമർശനം
- പരസ്യങ്ങൾ ജനങ്ങളെ കബളിപ്പിക്കുന്നതെങ്ങനെ എന്ന് തുറന്നു കാട്ടുന്നു.
- ഉത്പന്നത്തിന് ഇല്ലാത്ത മേന്മ ആരോപിക്കുന്നു
-

1937 ൽ സഞ്ജയൻ എഴുതിയ ഈ ഹാസ്യ കവിത ഇന്ന് എത്രത്തോളം പ്രസക്തമാണ്?

പഠനപ്രവർത്തനത്തിൽ ചേർത്ത വാക്യങ്ങളുടെ ആശയങ്ങളും കവിതയുടെ ആശയങ്ങളും കുട്ടികൾ ചർച്ചചെയ്യട്ടെ. കവിതയിലെയും ലേഖനത്തിലെയും ആശയങ്ങൾ താരതമ്യം ചെയ്ത് പരസ്യങ്ങൾ അന്നും ഇന്നും എന്ന ശീർഷകത്തിൽ പ്രബന്ധം തയാറാക്കാം. (കമോഡിറ്റി ഫെറ്റിഷിസം എന്ന കുറിപ്പും ഉപയോഗപ്പെടുത്തണം)

നവമാധ്യമങ്ങളിൽ പരസ്യങ്ങൾ നേടുന്ന മേൽകൈയെക്കുറിച്ച് ചർച്ച സംഘടിപ്പിക്കാം. ചർച്ചയിൽ താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിക്കപ്പെടേണ്ടതുണ്ട്.

- പരസ്യങ്ങൾക്കനുവദിക്കപ്പെടുന്ന സമയം
- പരസ്യങ്ങളുടെ ആഖ്യാന സ്വഭാവം
- പരസ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ഇനങ്ങൾ
- പരസ്യങ്ങളെ ആകർഷകമാക്കുന്ന മറ്റു ഘടകങ്ങൾ

ഇഷ്ടപ്പെട്ട പരിപാടികൾക്കിടയിൽ ഏതൊക്കെ പരസ്യങ്ങൾ എത്ര തവണ ആവർത്തിക്കപ്പെടുന്നുണ്ട്. കുട്ടികൾ കണ്ടെത്തട്ടെ. ആവർത്തിക്കപ്പെടുമ്പോൾ അവ അറിയാതെ മനസ്സിൽ പതിയുകയാണ്.

- പല പരസ്യങ്ങളും ചെറിയ കഥാചിത്രങ്ങൾ തന്നെയാണ്. കുട്ടികൾ ഉദാഹരണങ്ങൾ നല്കട്ടെ.

പ്രശസ്തരായ സിനിമാതാരങ്ങളും കായികതാരങ്ങളും പ്രത്യക്ഷപ്പെടുന്നതുവഴി നാനാതുറകളിലുമുള്ള കാണികൾക്കുമേൽ പ്രത്യേകിച്ച് യുവജനങ്ങളുടെമേൽ പരസ്യങ്ങൾ ആധിപത്യം നേടുന്നു. നാടൻകലകളെ, കഥകളിപോലുള്ള ക്ലാസിക് കലകളെ, പരസ്യക്കരുവാക്കുന്നു. ലൈംഗിക ചുവയുള്ള പരസ്യങ്ങൾ ഏറി വരുന്നു. ചർച്ചക്കൊടുവിൽ 'പരസ്യങ്ങളിലെ രഹസ്യം' എന്ന വിഷയത്തെ അധികരിച്ച് ഒരു വിശകലനക്കുറിപ്പ് തയാറാക്കട്ടെ.

ഫലിതരസപ്രധാനങ്ങളായ പരസ്യങ്ങൾ കുട്ടികൾ ഓർത്തെടുക്കട്ടെ. ഈ പരസ്യങ്ങൾ പ്രിയപ്പെട്ടതാകാനുള്ള കാരണങ്ങൾ എന്തൊക്കെയാവാം.

- എളുപ്പം രസിക്കുന്നത്
- ജീവിതത്തെ ഉപരിപ്ലവമായി അവതരിപ്പിക്കുന്നു.
- അതിശയോക്തി കലർന്നത്.
- യാഥാർത്ഥ്യവുമായി അകലം സൂക്ഷിക്കുന്നത്.

പരസ്യങ്ങൾ ഫലിതത്തെ പരസ്യവസ്തുവിന്റെ പ്രചാരണത്തിനുവേണ്ടി സമർത്ഥമായി ഉപയോഗിക്കുന്നുണ്ട്. ഇവയിൽ നിന്നു വ്യത്യസ്തമായി നല്ല സാമൂഹ്യ സന്ദേശങ്ങൾ ഫലിതരസപ്രധാനങ്ങളായ പരസ്യങ്ങളിലൂടെ വിനിമയം ചെയ്യാൻ കുട്ടികൾ ശ്രമിക്കട്ടെ. ഉദാഹരണമായി റോഡ് സുരക്ഷിതത്വം, മയക്കുമരുന്നുപയോഗത്തിന്റെ ദുരന്തഫലങ്ങൾ, ഊർജ്ജത്തിന്റെ ദുരുപയോഗം മുതലായ സാമൂഹ്യ വിഷയങ്ങൾ രസപ്രദങ്ങളായി പരസ്യങ്ങളാക്കി മാറ്റാൻ നിർദ്ദേശിക്കാം.

(നാല് ആറ് പ്രവർത്തനങ്ങൾ ഒരേമാനമുള്ളതായതിനാൽ ഒരുമിച്ച് സംഘടിപ്പിക്കാവുന്നതാണ്.)

ദൃശ്യ മാധ്യമങ്ങളിൽ സ്ത്രീകൾക്ക് ലഭിക്കുന്ന പ്രാധാന്യത്തെക്കുറിച്ച് അഭിപ്രായം പറയട്ടെ. സ്ത്രീ മാധ്യമലോകത്ത് എവിടെയൊക്കെ പ്രത്യക്ഷപ്പെടുന്നത്.

- അവതാരകരായി
- സീരിയൽ കഥാപാത്രങ്ങളായി
- സിനിമയിൽ
- പരസ്യങ്ങളിൽ

സ്ത്രീകൾക്ക് ദൃശ്യമാധ്യമലോകത്ത് ധാരാളം അവസരങ്ങൾ കൈവരുന്നത് എങ്ങനെയാണ് വിലയിരുത്തപ്പെടേണ്ടത്?

സാമൂഹ്യബോധമുള്ള പുതുചിന്ത പുലർത്തുന്ന സ്ത്രീസമൂഹത്തെ രൂപപ്പെടുത്തിയെടുക്കാൻ ദൃശ്യ മാധ്യമങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. മാധ്യമ പ്രവർത്തകരാകുന്ന സ്ത്രീകൾ സ്ത്രീ സ്വാതന്ത്ര്യത്തിന്റെ പുതുമുഖങ്ങൾ കാഴ്ച വയ്ക്കുന്നു. പക്ഷേ സിനിമകളിലും സീരിയലുകളിലും പരസ്യങ്ങളിലും സ്ത്രീ എങ്ങനെയാണുപയോഗിക്കപ്പെടുന്നത്?

- സിനിമകളിലും സീരിയലുകളിലും വ്യക്തിത്വമറ്റ പാവകളായാണ് മിക്കവാറും സ്ത്രീകഥാപാത്രങ്ങൾ പ്രത്യക്ഷപ്പെടുന്നത്.
- പരസ്യങ്ങളിലാകട്ടെ സ്ത്രീകളുടെ ശരീര സൗന്ദര്യപ്രദർശനമാണ് പ്രധാനമായി നടക്കുന്നത്.
- ലൈംഗിക ചുവയുള്ള പരസ്യങ്ങളിൽ സ്ത്രീകൾ ഉപയോഗിക്കപ്പെടുന്നു.
- പുരുഷന്റെ ഉപഭോഗവസ്തുവാണ് സ്ത്രീയെന്ന ചിന്തയാണ് പരസ്യങ്ങളിൽ പ്രസരിപ്പിക്കുന്നത്.

ദൃശ്യമാധ്യമ ലോകത്തെ സ്ത്രീകളുടെ പ്രാതിനിധ്യം കൂടുന്നത് ഗുണപരമായ ഒരു മുന്നേറ്റമായി പരിഗണിക്കാം. പക്ഷേ പരസ്യങ്ങളിൽ സ്ത്രീ വിപണി താൽപര്യങ്ങൾക്ക് വിധേയമായി ചൂഷണം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്.

**പരസ്യങ്ങൾ വാർത്താസ്ഥലം കവരുന്നുവോ**

വികസിത സമൂഹങ്ങളിൽ ഇന്ന് അച്ചടി മാധ്യമങ്ങളുടെ അസ്തമയ കാലമാണ്. പരസ്യ വരുമാനത്തിൽ വന്ന ഇടിവാണ് ഇതിനുകാരണം. പത്രങ്ങളിൽ നിറഞ്ഞു കവിഞ്ഞൊഴുകുന്ന പരസ്യങ്ങളെക്കുറിച്ച് വിമർശിക്കുന്ന പലരും ഓർക്കാതെ പോകുന്ന ഒരു കാര്യമുണ്ട്. പത്രത്തിന്റെ മുഖവില സാധാരണക്കാരന് പ്രാപ്യമായ നിലയിൽ നിർത്താൻ സഹായിക്കുന്നത് പരസ്യങ്ങളാണ്. ഏകദേശം പത്ത് രൂപ ഉല്പാദന ചെലവ് വരുന്ന ഒരു പ്രസിദ്ധീകരണത്തെ മൂന്നര രൂപയ്ക്ക് വായനക്കാർക്ക് ലഭ്യമാക്കുന്നതിന് പ്രസാധകരെ സഹായിക്കുന്നത് പരസ്യങ്ങളാണ്. എന്നാൽ അവിടംകൊണ്ടും പ്രസാധകരുടെ ലാഭേച്ഛ അവസാനിക്കുന്നില്ല എന്നു വരുന്നിടത്താണ് പരസ്യങ്ങൾ വാർത്താസ്ഥലം കവരുന്നു എന്ന പരാതി ഉയരുന്നത്.

* * *

പരസ്യങ്ങൾ എല്ലാകാലത്തും പറയാൻ ശ്രമിച്ചിട്ടുള്ളതും പറയാൻ ഇടയുള്ളതും ഒരേകാര്യമാണ്. ഏതെങ്കിലുമൊരു ഉത്പന്നമോ സേവനമോ ഉപയോഗിക്കുമ്പോൾ വർദ്ധിക്കുന്ന സൗന്ദര്യത്തിന്റെയും ശക്തിയുടെയും സാഹസികതയുടെയും കീർത്തിയുടെയും വ്യക്തമായ സൂചനകൾ നല്കുന്ന സന്ദേശഭാഷയാണത്. പുത്തൻ ഉത്പന്നങ്ങളുടെ വിപണിയിലേക്കുള്ള വരവിനെക്കുറിച്ചുള്ള അറിയിപ്പും മിനുക്ക് പണികളിലൂടെ രൂപപരിണാമം വരുത്തി മടങ്ങിവരുന്ന ഉത്പന്നങ്ങളെക്കുറിച്ചുള്ള വാഗ്ദാനങ്ങളുമാണ് അവയുടെ ഉള്ളടക്കം. ഉത്പന്ന ബാഹുല്യം സ്ഥിരസ്വഭാവമായ കമ്പോളത്തിൽ തങ്ങളുടെ ഉത്പന്നത്തെ വേറിട്ട് നിർത്താനും പരസ്യമായ ഒരിടം ഉറപ്പിക്കാനുമാണ് പരസ്യങ്ങൾ എപ്പോഴും ശ്രമിക്കുന്നത്. ഇതിനായി പരസ്യനിർമ്മാതാക്കൾ സ്വീകരിക്കുന്ന തന്ത്രം ഉത്പന്നത്തിന്റെ പേരിൽത്തന്നെ ആരംഭിക്കുന്നു.

– ഗൗരീദാസൻ നായർ

# വെബ്സൈറ്റ്

**പാഠാപഗ്രഥനം**

ഒരു വിശാലമായ ലോകത്തെ അഭിമുഖീകരിക്കുകയാണ് ഇന്ന് സാഹിത്യം. സൈബർ ഇടമാണത്. പ്രതീതിയാഥാർത്ഥ്യത്തിന്റെ അന്തരീക്ഷം കൂടിയാണത്. മലയാളത്തിൽ അത്തരമൊരു സാഹിത്യസംസ്കാരം സജീവമായിനിലകൊള്ളുന്നത് ചെറുകഥയിലാണ്. യന്ത്രവും മനുഷ്യചേതനയും അഭിമുഖമായി നില്ക്കുന്ന വിവരവിനിമയാന്തരീക്ഷം സാഹിത്യഭാവനയുടെ ഉറവിടമായിട്ട് അധികകാലമായിട്ടില്ല. മിക്ക സാഹിത്യമേഖലകളിലും സൈബർ സാഹിത്യം ഭാവനയുടെ നവീന വാതായനങ്ങളായി മാറുന്നു. ഉത്തരാധുനിക ജീവിതാവസ്ഥയുടെ ഭാഗമായ വിവരസാങ്കേതിക വിദ്യയുടെ പശ്ചാത്തലത്തിൽ രൂപപ്പെടുന്ന പുതിയ എഴുത്തിനെ സൈബർസാഹിത്യം എന്നു വിളിക്കാം. weblokam.com പ്രസിദ്ധീകരിച്ച ഏറ്റുമാനൂർ ശിവകുമാറിന്റെ 'ദേവദുന്ദുഭി' എന്ന ജനപ്രിയ മാന്ത്രിക നോവലാണ് ഇന്റർനെറ്റിൽ പ്രസിദ്ധീകരിച്ച ആദ്യനോവൽ. ഇത്തരം വിവരങ്ങൾ നല്കിയശേഷം സൈബർ സാഹിത്യവും നവമാധ്യമങ്ങളുമായി ബന്ധപ്പെട്ട് ക്ലാസ്സ്തല ചർച്ചകൾ ആമുഖമായി സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും. ചർച്ചയിൽ വിവരവിനിമയ സാങ്കേതിക വിദ്യകളെ സവിസ്തരം പ്രതിപാദിക്കേണ്ടതാണ്. തുടർന്ന് ഇ. മെയിലിലൂടെ വികസിപ്പിക്കുന്ന ആഖ്യാനശൈലിയിലുള്ള കഥയെ പരിചയപ്പെടുത്താവുന്നതാണ്.

സമകാലിക ലോകത്തിലെ ദശാസന്ധികളെയും പ്രതിസന്ധികളെയും കൈയ്യടക്കത്തോടെ ഭദ്രമായി അവതരിപ്പിക്കുന്ന കഥകളാണ് ചന്ദ്രമതിയുടെത്. പാരമ്പര്യത്തിന്റെ തുടർച്ചയും നവീനമായ പരീക്ഷണോന്മുഖതയും അവരുടെ കഥകളിൽ പ്രതിഫലിക്കുന്നു. പ്രമേയങ്ങളിൽ പുലർത്തുന്ന വ്യത്യസ്തതയും ലളിതവും അനനുകരണീയവുമായ ആഖ്യാനശൈലിയുമാണ് ചന്ദ്രമതിയുടെ കഥകളെ ശ്രദ്ധേയമാക്കുന്നത്. ഇത്തരത്തിലുള്ള ഒരു കഥയാണ് ചന്ദ്രമതിയുടെ കഥകൾ എന്ന സമാഹാരത്തിലെ വെബ്സൈറ്റ്.

പരസ്യങ്ങളുടെ പൊള്ളത്തരങ്ങളും അവ ചൂണ്ടക്കൊളുത്തുകളുമാകുന്നതെങ്ങനെയെന്ന് ധ്വനിപ്പിച്ചുകൊണ്ടാണ് വെബ്സൈറ്റ് ആരംഭിക്കുന്നത്. പ്രാരംഭവാക്യംപോലെ ഒരു പരസ്യത്തിൽതുടങ്ങി കഥ ഒരു നടുക്കത്തിലവസാനിക്കുന്നു. യുവതികളുടെ ശുദ്ധസൗഹൃദം കാംഷിച്ച് പത്രപ്പരസ്യം നല്കി കാത്തിരിക്കുന്ന സുന്ദരനും അവിവാഹിതനും ബിരുദാനന്തരബിരുദധാരിയും ഏകാകിയുമായ 39 വയസ്സുകാരൻ വിനോദ്കൃഷ്ണയാണ് കഥാനായകൻ. യാഥാസ്തികത്വത്തിൽ വേരുകളാഴ്ത്തി എന്നാൽ അസ്തിത്വമുറപ്പിക്കാൻ വിട്ടുവീഴ്ചകൾക്ക് തയാറാകുന്ന യൂണിവേഴ്സിറ്റി അസിസ്റ്റന്റായ സ്മിതയാണ് കഥാനായിക. ഏകാന്തത, ശുദ്ധസൗഹൃദം എന്നീ

വാക്കുകളാണ് പരസ്യത്തിലേക്ക് അവളെ അടുപ്പിക്കുന്നത്. ആധുനിക കാലഘട്ട ത്തിലെ ഏകാന്തതയാണ് ശുദ്ധസൗഹൃദം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്ന തിന് കത്തെഴുതാൻ അവളെ പ്രേരിപ്പിച്ചത്.

നാലുദിവസത്തിനുശേഷം ലഭിക്കുന്ന അയാളുടെ മറുപടി അവളെ പ്രകോപിപ്പി ക്കുന്നു. കഷ്ടിച്ച് SSLC കടന്നുകൂടി കമ്പ്യൂട്ടർ കീബോർഡ് മാത്രം വഴങ്ങുന്ന വിനോദ്കൃഷ്ണ കോടീശ്വരനായ ഒരു സുഖലോലുപനാണ് എന്ന ചിന്തയാണ് അവ ളിൽ സൃഷ്ടിക്കുന്നത്. 'ഒറ്റ ജീവിതമേയുള്ളൂ അത് ആസ്വദിച്ചു തീർക്കണം' 'ദരിദ്ര നാരായണന്മാരുടെ നാടുതന്നെയാണല്ലോ', 'അനേകം ഇ - മെയിൽ വിലാസങ്ങൾ' എന്നീ പ്രയോഗങ്ങൾ ഇത്തരത്തിൽ ശ്രദ്ധേയങ്ങളാണ്. 'അഹങ്കാരി' എന്ന പ്രയോഗം അവളെ വിറളിപിടിപ്പിക്കുന്നു. ആദ്യമറുപടിയോടെ രണ്ടുപേരും ഇരുധ്രുവങ്ങളിലേക്ക കലുന്നു. അയാളോടുള്ള വെറുപ്പും പ്രതിഷേധവും കൊണ്ടാണ് അയാളുടെ ഇ - മെയിൽ വിലാസങ്ങൾ അവഗണിച്ചുകൊണ്ട് അവൾ 'ഒച്ച്' തപാലിലെഴുതുന്നത്. ആ കത്തിൽ നിന്ന് സ്മിതയുടെ വ്യക്തിത്വത്തിനു വേണ്ടിയുള്ള പോരാട്ടവും, സൗഹൃ ദങ്ങൾക്ക് അവൾ കല്പിക്കുന്ന മൂല്യവും, അവളുടെ ചിന്തകളും നിലപാടുകളും മനസിലാക്കാം. ശരീരമില്ലാത്ത, ശബ്ദമില്ലാത്ത, വികാരരഹിതമായ, വാക്കുകൾമാത്ര മായി ബന്ധങ്ങളും സൗഹൃദങ്ങളും ചുരുങ്ങുന്ന സൈബർലോകത്ത് അവളുടെ ആത്മാഭിമാനം എത്രത്തോളം വ്രണപ്പെടുത്തിയെന്ന് തുടർന്നുള്ള അവളുടെ ചെയ്തികൾ വെളിപ്പെടുത്തുന്നു. "കത്തുന്ന തീയുടെ മനോഭാവമായിരുന്നു അവൾക്ക്" എന്ന് കാവ്യാത്മകമായി കഥാകാരി അത് ചിത്രീകരിക്കുന്നു.

അടുത്ത ഇ - മെയിലിൽ ഭൂതാവേശിതയെന്നും ക്രൂരനായ സാഡിസ്റ്റെന്നും വിശേ ഷിപ്പിക്കപ്പെടുന്ന അവൾ ഒരു വീക്ഷണത്തിലും പൊരുത്തമില്ലാത്ത സൗഹൃദം അവസാനിപ്പിച്ചുകൊണ്ട് വിനോദ്കൃഷ്ണയ്ക്ക് മറുപടിയെഴുതി. മുറിവുണക്കാൻ തിരക്കുകൾ സ്വയം സ്വീകരിച്ചു. അപ്പോഴാണ് സ്മിതയുടെ മൗനം തന്നിലേക്ക് തറ ഞ്ഞുകയറുന്നു എന്ന മറുപടിയുമായി അയാളുടെ കത്തുവരുന്നത്. അയാളോടൊരു സൗഹൃദവും പുലർത്തുകയില്ലെന്ന ദൃഢനിശ്ചയത്തെ മറന്നുകൊണ്ട് അവൾ അയാളുടെ വെബ്സൈറ്റ് സന്ദർശിച്ചു.

ഇവിടെയാണ് കഥ പുതിയൊരു തലത്തിലേക്ക് കടക്കുന്നത്. അയാളുടെ സുഖ ലോലുപത അയാൾവെട്ടിപ്പിടിച്ചതാണെന്നും അത് പൈതൃകമല്ലെന്നുമുള്ള തിരിച്ച റിവ് ആ ഭൂതാവേശിതയ്ക്ക് വല്ലാത്തൊരടുപ്പം വിനോദിനോടുണ്ടാക്കി. "ബ്രയിനു ണ്ട്, സമ്മതിച്ചു പക്ഷേ ഹൃദയമോ? അതുകൂടി വേണ്ട തന്റെ സ്വരം മൃദുലമാകുന്ന തിൽ സ്മിത അതിശയിച്ചു. എന്ന വാക്യത്തെ തുടർന്നുള്ള ഭാഗം ഏത് ബൗദ്ധിക ഔന്നത്യത്തിന്റെ ലോകത്ത് ജീവിക്കുമ്പോഴും മനുഷ്യന് അടിസ്ഥാന ചോദനകളിൽ നിന്ന് അകന്നുനിൽക്കാൻ കഴിയില്ല എന്ന യഥാർത്ഥ്യമാണ് വെളിപ്പെടുത്തുന്നത് വെബ്സൈറ്റിലെ വിനോദ്കൃഷ്ണയുടെ ഫോട്ടോയിലെ കണ്ണുകളിലെ വേട്ടക്കാ രന്റെ നോട്ടത്തിന് തടയിടാൻ കഴിയാതെ വിരൽ സങ്കോചത്തോടെ പിൻവലിക്കുന്ന

സ്മിത ഇത് ശരിവയ്ക്കുന്നു ആൽബത്തിൽ നിന്ന് ഡൗൺലോഡ് ചെയ്തുവന്ന ചിത്രത്തിലൂടെ അരയ്ക്കുതാഴെ തളർന്നവനാണ് വിനോദ്കൃഷ്ണ എന്ന തിരിച്ചറിവ് അവളിലെ എല്ലാ ധാരണകളെയും തകിടംമറിക്കുന്നു. അവളുടെ പിടിവാശികളും, നിലപാടുകളും, പ്രതിരോധവും തകർന്നുവീഴുന്നു. വെബ്സൈറ്റിന്റെ വലക്കണ്ണികളിൽ നിന്ന് പുറത്തുചാടി രക്ഷപ്പെടാൻ കഴിയാത്ത സ്മിതയെ കഥാകാരി അവതരിപ്പിക്കുമ്പോൾ, 'വെബ്സൈറ്റ്' വിനോദിന്റെ ചിത്രം മായ്ക്കാൻ കഴിയാതെ ഉഴലുന്ന സ്മിതയുടെ മനസ്സെന്ന ബിംബമായി പരിവർത്തനം ചെയ്യുന്നു.

'വ്യക്തിജീവിതത്തിലെ കുഴഞ്ഞുമറിയലുകൾ' ആണ് കഥയുടെ പ്രമേയം. അസ്തിത്വസംരക്ഷണത്തിനായുള്ള പോരാട്ടം യാന്ത്രികജീവിതത്തിലും അടിസ്ഥാനകാമനകളിൽ നിന്ന് മോചനം നേടാൻ കഴിയാത്ത മനുഷ്യൻ, സ്ത്രീ സ്വാതന്ത്ര്യം, ഇന്റർനെറ്റിലൂടെയുള്ള സ്ത്രീപുരുഷബന്ധം എന്നീ തലങ്ങളിലും 'വെബ്സൈറ്റിനെ' ചർച്ച ചെയ്യാം.

സമകാലിക ലോകം നവമാധ്യങ്ങളുടെയും അത് സൃഷ്ടിക്കുന്ന വികാരരഹിതമായ നിശബ്ദബന്ധങ്ങളുടെയും വലകണ്ണികൾക്കുള്ളിലാണ് ഈ സൈബർ ഇടത്തിൽ അസ്തിത്വം നിലനിർത്താനും എന്നാൽ കാലത്തിനൊപ്പം ഓടിയെത്താനുള്ള മനുഷ്യന്റെ തത്രപ്പാട് ഈ കഥയിലുണ്ട്. യാന്ത്രികലോകത്തിൽ ജീവിക്കുമ്പൊഴും മനുഷ്യന് മനുഷ്യരോട് സംവദിക്കാതെ കഴിയില്ലെന്ന യാഥാർത്ഥ്യവും ഈ കഥ പകർന്നു നല്കുന്നു.

### പഠനപ്രവർത്തനങ്ങൾ

വെബ്സൈറ്റ് എന്ന ശീർഷകത്തിന്റെ സവിശേഷത കുട്ടികൾ വിശദീകരിക്കട്ടെ.

- വാക്ക് മലയാളമല്ല
- പുതിയൊരു ലോകശീലത്തിന്റെ പ്രതീകം

  കഥ പറച്ചിലിൽ ആഖ്യാനത്തിൽ കഥാകാരിവരുത്തിയിട്ടുള്ള പുതുമകൾ കുട്ടികൾ ചർച്ചചെയ്യട്ടെ.
- കഥയുടെ ആദ്യവാക്യത്തിൽതന്നെ കഥാഗതിയുടെ സംഗ്രഹംവരുന്നു.
- 'വെബ്സൈറ്റി'ൽ പരസ്യങ്ങളും എസ്. എം. എസുകളും കഥയുടെ പ്രധാന ഭാഗങ്ങളാണ്.
- പലയിടങ്ങളിലും കഥയെന്നതിലുപരി ഒരനുഭവവിവരണത്തിന്റെ ഛായയാണുള്ളത്.

- കഥാന്ത്യത്തിൽ ഒരു പരിണാമഗുപ്തി ഉണ്ട്.
- പുതിയൊരു ഭാഷ രൂപീകരിക്കാൻ എഴുത്തുകാരി ശ്രമിക്കുന്നു.
- ആധുനിക സാങ്കേതിക സംജ്ഞകൾ, അക്കമിട്ട് വസ്തുതകൾ സൂചിപ്പിക്കുന്ന രീതി.

ഇവയൊക്കെ മലയാള ചെറുകഥയെ സംബന്ധിച്ചിടത്തോളം പുതുമയുള്ള ആഖ്യാന വഴികളാണ്.

മുൻക്ലാസിൽ പഠിച്ച ഒരു പഴയ തലമുറ കഥയുമായി സാദൃശ്യപ്പെടുത്തി വെബ്സൈറ്റ് എന്ന കഥയുടെ ആഖ്യാനത്തിലെ പുതുമകളെക്കുറിച്ച് ഒരു ഉപന്യാസം തയാറാക്കട്ടെ (ഉദാ:- കാരൂരിന്റെ മോതിരം)

സ്മിത എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ എന്തൊക്കെയാണെന്ന് കുട്ടികൾ അഭിപ്രായം രേഖപ്പെടുത്തട്ടെ.

- തന്റേടം
- ഏകാന്തത അനുഭവിക്കുന്നവൾ
- സൗഹൃദത്തിന്റെ പിൻതുണയാഗ്രഹിക്കുന്നവൾ
- ദരിദ്രജീവിതാവസ്ഥയിൽ അല്പം ആത്മനിന്ദ ഉണ്ട്
- ആത്മാഭിമാനമുള്ളവൾ

വിനോദ്കൃഷ്ണ എന്ന കഥാപാത്രത്തോട് സ്മിതയ്ക്ക് തോന്നുന്ന വൈകാരിക ബന്ധത്തിന്റെ മാനങ്ങൾ എന്തൊക്കെ എന്ന കണ്ടെത്തട്ടെ.

- സുഹൃദ്ബന്ധം
- അഹന്ത അംഗീകരിക്കാൻ കഴിയുന്നില്ല
- വിട്ടുപോരാൻ പറ്റുന്നില്ല.
- പ്രണയസ്പർശം

കഥാപാത്രങ്ങളുടെ ബന്ധസങ്കീർണ്ണതകളുടെ പശ്ചാത്തലത്തിൽ പ്രവർത്തനത്തിൽ ചേർത്ത വാക്യം കുട്ടികൾ വിശദീകരിക്കട്ടെ.

വിനോദ്കൃഷ്ണയുടെ ദുരന്തമുണ്ടാക്കിയ നടുക്കം.

- തന്നേക്കാൾ ഏകാകിയാണ് വിനോദ്കൃഷ്ണ എന്ന തിരിച്ചറിവ്
- സാങ്കേതിക വികാസം സ്വാതന്ത്ര്യത്തിന്റേതല്ല ബന്ധനത്തിന്റെ സാധ്യതകളാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന ആശങ്ക.
- എല്ലാ വളർച്ചകൾക്കുമപ്പുറം ജീവിതം ദുരന്തമുനമ്പിലാണെന്ന ഭീതി.

ഇവയൊക്കെ ചർച്ചചെയ്യപ്പെടട്ടെ. അതിനുശേഷം സ്മിത എന്ന കഥാപാത്രത്തിന്റെ നിലപാടുകളോടുള്ള പ്രതികരണങ്ങൾ കുട്ടികൾ രേഖപ്പെടുത്തട്ടെ.

കുട്ടികൾക്ക് മുൻ പരിചയമുള്ള ഏതെങ്കിലും കഥകളുടെ ആരംഭവാക്യം അവരുടെ ശ്രദ്ധയിൽ കൊണ്ടുവരാം. കഥയോട് വാക്യത്തിനുള്ള ബന്ധം വിശദീകരിക്കപ്പെടട്ടെ.

ആരംഭവാക്യങ്ങളുടെ സ്വഭാവം താഴെപ്പറയുന്ന ഏതെങ്കിലും ഒന്നാവാം.

- കഥാപാത്രത്തെ പരിചയപ്പെടുത്തൽ
- പരിസര വർണ്ണന
- കഥാകൃത്തിന്റെ നിരീക്ഷണം
- സന്ദർഭ വിശദീകരണം
- 

വെബ്സൈറ്റ് എന്ന കഥയുടെ ആരംഭഭാഗം ഇവയിൽനിന്നൊക്കെ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു.

- പുതുമയുള്ള ഹ്രസ്വവാക്യങ്ങൾ
- കഥയുടെ സംഗ്രഹം ഉൾക്കൊള്ളുന്നു.
- കഥാഗതിയുടെ വികാസം സൂചിപ്പിക്കുന്നു.
- സാധാരണ കഥാകൃത്ത് മുൻകൂട്ടി വെളിപ്പെടുത്താത്ത പരിണാമഗുപ്തിയെക്കുറിച്ചുപോലും സൂചനതരുന്നു.

എന്തുകൊണ്ടായിരിക്കാം ഇങ്ങനെയൊരു വാക്യത്തിൽ കഥയാരംഭിച്ചത്?

- ആധുനിക ലോകത്തിന്റെ ഇഷ്ടവിഭവമായ പരസ്യവാക്യങ്ങളുടെ ഛായയുണ്ട്.
- കഥയ്ക്ക് കൗതുകകരമായ ഒരു തുടക്കമാകുന്നു.
- സാങ്കേതിക ലോകത്തേയും മനുഷ്യഭാവങ്ങളേയും ഒരുമിപ്പിക്കുന്ന കഥയെന്ന സൂചന.
- എല്ലാ ജീവിതങ്ങളും ചില നടുക്കങ്ങളിലേക്ക് നീങ്ങുകയാണെന്ന കഥാകാരിയുടെ ദർശനം.

സൈബർ ലോകത്തെ സംബന്ധിക്കുന്ന എന്തൊക്കെ സംജ്ഞകളും ആശയങ്ങളുമാണ് കഥയിൽ നിന്നു കണ്ടെത്താനാവുക. പട്ടികപ്പെടുത്തട്ടെ.

- വെബ്സൈറ്റ്
- ഇ - മെയിൽ സന്ദേശം
- സർഫിങ്ങ്
- ഈ - മെയിൽ ഐഡി

- ചാറ്റ്റൂം

കഥയുടെ ആഖ്യാനപരമായ സവിശേഷതകൊണ്ടും ഭാഷകൊണ്ടും സൈബർ ലോകത്തിന്റെ അന്തരീക്ഷം കഥയിൽ നിറയുന്നുണ്ട്. ഇതിനപ്പുറം കഥാപാത്രങ്ങളുടെ മാനസിക ലോകത്തെക്കുറിച്ച് എന്തൊക്കെയാണ് കഥ നമുക്ക് പറഞ്ഞുതരുന്നത്.

- മനുഷ്യന്റെ ഏകാന്തത
- മറ്റുള്ളവരുമായി ബന്ധം സ്ഥാപിക്കാനുള്ള ആഗ്രഹം
- പ്രണയസ്പർശമുള്ള സ്ത്രീപുരുഷ ബന്ധം
- പരസ്പരമുള്ള ഇഷ്ടാനിഷ്ടങ്ങൾ
- അടുക്കുമ്പോൾ അകലാനും അകലുമ്പോൾ അടുക്കാനുമുള്ള തോന്നൽ
- ദുരന്തത്തിനു മുന്നിലുള്ള ഒറ്റപ്പെടൽ

അപഗ്രഥനങ്ങൾക്കുശേഷം കാലവും ലോകവും മാറുമ്പോഴും മനുഷ്യബന്ധങ്ങൾ അതിന്റെ വൈചിത്ര്യത്തോടെ നിലനിൽക്കുന്നു എന്ന ബോധ്യമാണ് കുട്ടികൾക്ക് ലഭിക്കേണ്ടത്. സാഹിത്യം പിൻതുടരുന്നത് ഇത്തരം വിചിത്രമായ മനുഷ്യജീവിത ബന്ധങ്ങളേയും മാനസികലോകത്തെയുമാണെന്ന അടിസ്ഥാന തത്ത്വം വിശദീകരിച്ചുകൊണ്ട് ഒരു കുറിപ്പെഴുതട്ടെ



നാലുവാക്യങ്ങൾ സൂക്ഷ്മാർത്ഥത്തിൽ എങ്ങനെ വ്യത്യാസപ്പെടുന്നുവെന്ന് കുട്ടികൾ കണ്ടെത്തട്ടെ.

- പറയട്ടെ എന്നിടത്ത് ഒരു തീരുമാനമുണ്ട്.
- പറയാം എന്നാവുമ്പോൾ വേണമെങ്കിലാകാം എന്ന അയവാണുള്ളത്.
- പറയണം എന്നാവുമ്പോൾ അത് നിർബന്ധമാകുന്നു.
- അവൾ പറഞ്ഞു എന്നതാവട്ടെ അധിക വ്യാഖ്യാനങ്ങൾക്കൊന്നും വകയില്ലാത്ത വെറും പ്രസ്താവനയാണ്.

> അട്ടേ നിയോജകത്തിങ്കൽ
> അണമെന്നു വിധായകേ
> ആമനുജ്ഞായകത്തിന്നു
> പ്രത്യയം ഭാവി രൂപജം

ധാതുവിന്റെ കൂടെ ചില പ്രയോഗങ്ങൾ ചേരുമ്പോൾ വാക്യത്തിന്റെ അർത്ഥത്തിന് പലദിശകളിലേക്കും വികാസമുണ്ടാകുന്നു. ഇത് ഭാഷയുടെ സർഗ്ഗാത്മകതയ്ക്ക് തെളിവാണ്. പഠന പ്രവർത്തിനിടയിൽ പ്രകാരത്തിന്റെ വകഭേദങ്ങളെക്കുറിച്ചുള്ള സാങ്കേതിക ധാരണകൾ കുട്ടികളിലെത്തിക്കാം.